# ധിക്കാരിയുടെ കാതൽ

സി.ജെ.തോമസ്

894-8124
THO

# ധിക്കാരിയുടെ കാതൽ

10-00

(Malayalam)

**DHIKKARIYUTE KATHAL**

Essays

BY C. J. THOMAS

First Published May 1955

Third Impression 1982

Printed at

AKSHARA PRINTERS, CALICUT

Price Rs. 10. 00

Copyright by

Mrs. C. J. Thomas

Publishers:

Poorna Publications Calicut.

445-III-2-82 (2) P 1000 A

# ധിക്കാരിയുടെ കാതൽ

3241

സി. ജെ. തോമ്മസ്

PC Library & Research Center

പ്രസാധകർ
പൂർണ്ണാ പബ്ളിക്കേഷൻസ്, കോഴിക്കോട്

## സി. ജെ. തോമ്മസിൻെറ കൃതികൾ

| | |
|---|---|
| അവൻ വീണ്ടും വരുന്നു | (നാടകം) |
| ആ മനുഷ്യൻ നീതന്നെ! | ,, |
| 1128_ൽ ക്രൈം 27 | ,, |
| അൻറിഗണി (തർജ്ജമ) | ,, |
| കീടജന്മം ,, | ,, |
| ഭൂതം | ,, |
| ശാലോമി | ,, |
| ഉയരുന്ന യവനിക | (നാടകശാസ്ത്രം) |
| ഇവൻ എൻെറ പ്രിയപുത്രൻ | (ലേഖനങ്ങൾ) |
| വിലയിരുത്തൽ | (നിരൂപണങ്ങൾ) |
| മതവും കമ്മ്യൂണിസവും | |
| സോഷ്യലിസം | |
| ജനുവരി ഒമ്പതു് (തർജ്ജമ) | |
| ധിക്കാരിയുടെ കാതൽ | (ഉപന്യാസങ്ങൾ) |

894.8124 Tho

## ഉള്ളടക്കം


1 നമ്പൂതിരിമാരെപ്പററി

2 ചത്തും കൊന്നും

3 ഗൊഗേ...

4 രാഷ്ട്രീയപ്രവത്തനവും ആഭാസസാഹിത്യവും

5 ഫാഷിസ്റ്റ് കമ്യൂണിസം

6 സാത്താൻ

7 സഖാവ് കത്തനാർ

8 ഓണം വേണ്ട

9 ഇടച്ചേരിയുടെ ഭാരം

10 ഒരത്ഭുതപ്പിറവി

11 ജനാധിപത്യത്തിനൊരു മാപ്പുസാക്ഷി

12 പ്രോക്രസ്റ്റസിന്റെ കട്ടിൽ

13 കലയും ബഹുജനങ്ങളും

14 ശവത്തിന്റെ വില

15 ഡാർവിന്നു് ഒരനുബന്ധം

16 ബൈബിൾ

17 തകർച്ചകളുടെ കാലം

18 നമ്മുടെ യജമാനന്മാർ


PG Library & Research Center

# നമ്പൂതിരിമാരെപ്പററി

പ്രിയപ്പെട്ട മി. നമ്പൂതിരി,

C. O. 33 എന്നാൽ എന്താണെന്നു് നിങ്ങൾക്കറിയാമായിരിക്കുമല്ലോ. ഇല്ലെങ്കിൽ പറയാം. അതൊരുതരം കരിമ്പാണ്. കരിമ്പുകൃഷിക്കാരുടെ മുമ്പിൽ ഒരു പ്രശ്നം് മുത്തുവിച്ചു. ഓരോ ചെറിയ കാററു വരുമ്പോഴും കരിമ്പൊടിഞ്ഞുവീഴും. അല്ലെങ്കിൽ അതിനെല്ലാം താങ്ങു കെട്ടണം. ഈ മുട്ടാപ്പണിയിൽനിന്നു രക്ഷപെടാൻ കരിമ്പിൻതണ്ടിനു ബലം കൊടുക്കുകയേ നിവൃത്തിയുള്ളു. അതിനുവേണ്ടി കോയമ്പത്തൂർ കരിമ്പു ഫാമിൽവെച്ച് കരിമ്പും ഞാങ്ങണയും കൂട്ടിച്ചേർത്ത് ഒരു പുതിതതരം കരിമ്പിനെ ജനിപ്പിച്ചു. അതാണ് C. O 33. ഇതിനു സാധാരണ കരിമ്പിനുള്ളത്ര നീരുണ്ട്; ഞാങ്ങണയുടെ ബലവും. ഈ പുതിയ കരിമ്പ് കാററത്തൊടിയുകയില്ല. കാഠിന്യം കൂടുതലായതുകൊണ്ടു് കുറുക്കൻ കടിക്കയുമില്ല. അങ്ങനെ കാരിമ്പുകൃഷി അഭിവൃദ്ധിപ്പെട്ടു. കൃഷിയെപ്പററിയല്ല ഞാൻ പറയാൻ വന്നതു്. എനിക്കു മനുഷ്യരെപ്പററിയാണ് കൂടുതൽ പറയാനുള്ളതു്.

ഇടയ്ക്കു കയറി ഒന്നു പറഞ്ഞുകൊള്ളട്ടെ. എനിക്ക് നിങ്ങളുടെ സംഘത്തെപ്പററി വളരെ മോശമായ അഭിപ്രായമാണുള്ളതു്. അതിൻെറ നടത്തിപ്പിനെപ്പററിയല്ല നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയുകയില്ലെന്ന ബോധം കൊണ്ടുമല്ല. നിങ്ങൾ എന്തു ചെയ്താലും നിങ്ങളുടെ സംഘം ഉണ്ടായിയെന്നതുതന്നെയാണ് നിങ്ങളുടെ പരാജയം. വർഗ്ഗങ്ങൾക്ക് പ്രത്യേകം സംഘടനയുണ്ടാകുന്ന കാലം കഴിഞ്ഞു. ഇനി സാമ്പത്തികവർഗ്ഗങ്ങൾ മാത്രമേ ഉണ്ടായിരിക്കു. നിങ്ങളുടെ സംഘം നിങ്ങളുടെ വീക്ഷണ

ഗതി കുത്സിതമാക്കാനേ സഹായിക്കൂ. ഇതുകൊണ്ടെല്ലാം കുറെ ഗുണമുണ്ടാവുന്ന ഒരു കാലമുണ്ടായിരുന്നിരിക്കാം. ഇനിയില്ല. എല്ലാ സാമൂഹ്യാചാരങ്ങൾക്കും സാമ്പത്തികാടിസ്ഥാനമുണ്ട്. അവയിലെ ഏതു മാററത്തിനും സാമൂഹ്യവ്യവസ്ഥിതി മാററാനുള്ള ഉപാധികളേ ഉതകൂ. അതിനായി പിന്നേയും വർഗ്ഗീയഘടനയിലേക്കിറങ്ങിയാൽ, അതെത്ര സദുദ്ദേശത്തോടുകൂടിയായാലും, ചെളിയിലിറങ്ങിനിന്നു കുളിക്കുന്നതുപോലെയേ ആകൂ. വീക്ഷണഗതിയിലാണ് മാററം വരേണ്ടതു്. അതു മററുള്ളവരുമായി ഇടപഴകി കഴിയുന്നതുകൊണ്ടു മാത്രമേ ഉണ്ടാകൂ. അതു് ഇന്നുവരെ യുവാക്കന്മാർക്കുപോലും ഉണ്ടായിട്ടില്ലെന്നു പറയാൻ എന്നെ അനുവദിക്കുക. ഒരു അന്യനാണു് അതറിയാൻ എളുപ്പം. പൂണുനൂലു് വിഴുങ്ങിയാൽ പോരാ, പൊട്ടിച്ചെറിയണം. പോരെങ്കിൽ നിങ്ങളുടെ സംഘങ്ങളിൽ പണമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സംഘട്ടനം അനിവാര്യമാണു്. കണ്ണടച്ചിരുട്ടാക്കലല്ല. അന്തർജ്ജനത്തെ പിടിച്ചു പ്രകാശത്തിലേക്കിറക്കാൻ അകത്തു കടന്ന നമ്പൂതിരികൂടി ആ ഇരുട്ടിൽത്തന്നെ കഴിയാതിരിക്കുവാനുള്ള ഒരു ഓർമ്മിപ്പിക്കൽ മാത്രമാണു്.

കരിമ്പിൻെറ കഥയാണല്ലോ പറഞ്ഞുവന്നതു്. കരിമ്പിനും ഞാണങ്ങൾക്കും പാരമ്പര്യമായിട്ടുണ്ടായിരുന്ന കുറവുകളെ അവ തമ്മിൽ ബന്ധിപ്പിച്ചു് പരിഹരിച്ചു. വെറും പരിചയമല്ല ഉല്പാദനപരമായ അടുപ്പം. ഇന്നു സസ്യശാസ്ത്രവും നരവംശശാസ്ത്രവും വളരെ അടുത്തു നില്ക്കുന്നു. C. O. 33 പോലെയുള്ള നരവംശങ്ങൾ ലോകത്തിലുണ്ടു്. അവ പൊതുവേ കൂടുതൽ കഴിവുള്ളതുമാണു് .ഇതു വെച്ചു് നമുക്കു് ചിലതൊക്കെ പരിശോധിക്കാം.

ആര്യന്മാർ ഇന്ത്യയിൽ രണ്ടു് തിരമാലകളായിട്ടാണു വന്നതു്. രണ്ടാമതു വന്നവർ ആദ്യം വന്നവരെ തെക്കോട്ടോടിച്ചു. ആ ഓടിയവരിൽ ഒരു വിഭാഗമാണു് നമ്പൂതിരി. ആര്യൻ കേരളത്തിൽ വന്നതുമുതൽ ഇന്നുവരെ പ്രയോജനകരമായ എന്തെങ്കിലും ചെയ്തിട്ടുള്ളതായി ചരിത്രം പറയുന്നില്ല. യാതൊരു സാമ്പത്തികോല്പാദന പ്രവർത്തന

ത്തിലും നമ്പൂതിരിയെ കാണുകയില്ല. ഇങ്ങനെ സഹ സ്രാബ്ദങ്ങളായി ഒരനാരോഗ്യകരമായ പാരമ്പര്യമാണ് നമ്പൂതിരിക്കു ലഭിച്ചത്. ഇതിനും പുറമെ തർക്കവും വേദവും ശാന്തിയുമായി കഴിച്ചകാലം ചൂഷണത്തിൻേറയും വഞ്ചനയുടേയും അലസതയുടേയും പര്യായമാണ്. ഇതുകൊണ്ടും നമ്പൂതിരി നശിക്കുകയില്ലായിരുന്നു, വർഗ്ഗശുദ്ധി കാക്കണമെന്ന നിർബ്ബന്ധമില്ലായിരുന്നെങ്കിൽ. സുഖഭോഗങ്ങൾക്ക് അബ്രാഹ്മണസ്ത്രീകളും പുത്രോല്പാദനത്തിനു മാത്രം സജാതീയസ്ത്രീകളും എന്ന ഏർപ്പാടാണ് വർഗ്ഗത്തെ നശിപ്പിച്ചത്. വേണ്ടത്ര ജനസംഖ്യാശക്തിയില്ലാതെ വന്നതുകൊണ്ട് സ്വാധീനശക്തി മതത്തിൻെറ അന്ധവിശ്വാസങ്ങളിന്മേൽമാത്രം ഉറച്ചുനിന്നു. അന്ധവിശ്വാസങ്ങൾ തകൎന്നു തുടങ്ങിയപ്പോൾ മണലിന്മേൽ പണിത വീടുപോലെയായി.

ഇനി ചിന്താഗതി ആകെയൊന്നു മാററിയേ തീരൂ. വർഗ്ഗത്തിൽ പുതിയ രക്തം കുത്തിവെയ്ക്കുകതന്നെ വേണം. മനുഷ്യൻ പരിതഃസ്ഥിതികളുടെമാത്രം സൃഷ്ടിയല്ല. പാരമ്പര്യവും അതിപ്രധാനമാണ്. ചെടികൾക്കും മൃഗങ്ങൾക്കും വർണ്ണസങ്കരം പ്രയോഗികമാണെങ്കിൽ മനുഷ്യനും അതു് ഉത്തമമാണ്. അറബികളുമായി വൻതോതിൽ മിശ്രവിവാഹം നടത്തുക. ഇന്നത്തെ പരിതഃസ്ഥിതിയിൽ അങ്ങനെയൊരു പ്രസ്ഥാനം തുടങ്ങാൻ നിങ്ങൾക്കു കഴിവുണ്ടാകുമോ എന്നു് ഞാൻ സംശയിക്കുന്നു. പക്ഷേ, ഒന്നു നിങ്ങൾക്കു കഴിയും: അതിനെപ്പററി ചിന്തിക്കുക, പഠിക്കുക, അതിനാരെങ്കിലും മുതിർന്നാൽ അതിൻെറമേൽ ചെളി വാരിയെറിയാനും സ്മാർത്തവിചാരം നടത്താനുംഉള്ള ആഗ്രഹം കുറയ്ക്കുക.

ഒന്നുകൂടി ചോദിക്കട്ടെ. ഇനി നിങ്ങളെ ആദ്യം 'തിരുമേനി' എന്നു വിളിക്കുന്ന ആളിനെ കരണത്തടിക്കാമോ? ആ വിളി ഇന്നു നിങ്ങളെ അധിക്ഷേപിക്കുകയാണ്.

തല്ക്കാലം നിറുത്തട്ടെ. പറഞ്ഞതൊന്നും തെററിദ്ധരിക്കുകയില്ലല്ലോ.

എന്നു്, നിങ്ങളുടെ
സി. ജെ. തോമസ്

## 'ചത്തും കൊന്നും'...

എല്ലാ ദുരന്തങ്ങളും ട്രാജഡിയല്ല. 'ട്രാജഡി'ക്കു നാടകശാസ്ത്രത്തിൽ പ്രത്യേകമായ ഒരർത്ഥമുണ്ടു്. വെറും നിർഭാഗ്യം നാടകവസ്തുവായിക്കൂടെന്നില്ല. പക്ഷേ, ഒരു നല്ല ദുരന്തനാടകത്തിനു ലൈലയുടേയോ ജൂലിയററിൻേറയോ നിർഭാഗ്യം മതിയാവുകയില്ല. ഇടിവെട്ടേററു മാതാപിതാക്കൻമാർ മരിച്ചുപോയ അനാഥക്കുട്ടികൾ കഷ്ടതയുടെ ദൃശ്യരൂപങ്ങളാണു്. പക്ഷേ, അക്കഥ നാടകീയമല്ല. പാശ്ചാത്യനാടകാദർശപ്രകാരം (ദുരന്തനാടകത്തെസ്സംബന്ധിച്ചിടത്തോളം പൗരസ്ത്യദർശത്തെ അവഗണിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു) ദുരിതമനുഭവിക്കുന്നവർക്കു് ആ ദുരിതം വരുത്തിക്കൂട്ടുന്നതിൽ ഒരു പങ്കുണ്ടായിരിക്കണം. എങ്കിൽമാത്രമേ നാടകത്തിന്നാവശ്യമായ സംഘട്ടനമുണ്ടാവാൻ വഴി തെളിയൂ. ലൈലയും ജൂലിയററും നിഷ്ഠൂരമായ വിധിയുടെ മുമ്പിൽ തകർന്നുവീഴുകയാണു ചെയ്യുന്നതു്. അതുകൊണ്ടു നാടകമെന്ന നിലയ്ക്കു 'ലൈലാമജ്നവും' 'റോമിയോ ജൂലിയററും' തരംതാഴുന്നു. നേരേമറിച്ചു ലീയറും, ഹാംലെററും, മാക്ബെത്തും സ്വയം വിന വരുത്തിക്കൂട്ടുന്നവരാണു്. വിധിക്കു് അവിടെ സ്ഥാനമില്ലെന്നല്ല. പക്ഷേ, ചെയ്ത തെററുമായി യാതൊരു പൊരുത്തവുമില്ലാത്ത ഭയങ്കരദുർവ്വിധിയാണവരുടെ മേൽ പതിക്കുന്നതെങ്കിൽ അതു കഷ്ടമാണല്ലോ. ശിക്ഷതന്നെയോ ദുർവ്വിധിമാത്രമോ പോരാ ട്രാജഡിക്കു്. നായകനും അന്യരുമായിട്ടുള്ള സംഘട്ടനത്തേക്കാൾ പ്രാധാന്യം നായകൻെറ ആത്മാവിൽത്തന്നെയുള്ള സംഘട്ടനത്തിനാണു്. മാക്ബെത്തു പ്രഭവി ദുഷ്ടസ്ത്രീയാണു്. പക്ഷേ, അവരുടെ ആത്മാവിൽ കോളിളക്കമൊന്നുമില്ല. ലക്ഷ്യം പരാജയപ്പെന്നെട്ടു കാണുമ്പോൾ അവർ വെറുതേ അങ്ങു ചത്തുകളയുന്നു. അങ്ങനെ ട്രാജഡിയിൽനിന്നു രക്ഷപെടുന്നു. അവരുടെ മരണം

പ്രേക്ഷകരിൽ വലിയ വേദനയുണ്ടാക്കുന്നില്ല. നേരേമറിച്ച്, മരിക്കാതിരിക്കുന്ന മാക്ബെത്തിന്റെ സ്ഥിതിയാണ് കഷ്ടം. പ്രഭ്വി മരിച്ചു. രാജാവാകാമെന്ന ആശയും തകർന്നു. ചെയ്ത പാതകം അങ്ങാടിപ്പാട്ടായിത്തീർന്നു. ഈ നിലയിൽ മരിക്കാൻ കഴിഞ്ഞിരുന്നെങ്കിലതൊരാശ്വാസമാകുമായിരുന്നു. പക്ഷേ, അത്തരമൊരു ഭീരുത്വംകൊണ്ടു രക്ഷപ്പെടാൻ അദ്ദേഹത്തിന്റെ അഭിമാനം സമ്മതിക്കുന്നില്ല. തനിക്കാവശ്യമില്ലാത്ത ഒരു ജീവിതവുംപേറി, തനിക്കിഷ്ടമില്ലാത്ത ഒരു സമരവും നടത്തി, ആത്മാവിൽ ഉമിത്തീയുമായി കഴിയുന്ന ആ ജീവിതം ആയിരം മരണങ്ങളേക്കാൾ കഷ്ടമാണ്. ഭ്രാന്തനായ ലീയറും, അസ്ഥിരചിത്തനായ ഹാംലെററും ഇതുപോലെ ദുരിതമനുഭവിക്കുന്നവരാണ്. ഭാര്യയും പുത്രനും മരിച്ചു, ഭാഗിനേയിയുടെ ഘാതകനായി, ജനങ്ങളാൽ വെറുക്കപ്പെട്ടു, ദേവകളാൽ ശപിക്കപ്പെട്ടു, മരിക്കാതെ ജീവിക്കുന്ന ക്രിയോൺരാജാവും ഇക്കൂട്ടത്തിൽ പെടും. ഈ വംശപാരമ്പര്യമവകാശപ്പെടുന്ന ഒരു മലയാളിയാണ് 'നീ മനുഷ്യനെ കൊല്ലരുത്' എന്ന നാടകത്തിലെ അധികാരി. ഇവിടെയെല്ലാം ഒരു കാര്യമാണ് മുന്നിട്ടുനില്ക്കുന്നത്: മരണത്തേക്കാൾ ഭീകരമായ ചിലതൊക്കെ ലോകത്തിലുണ്ടെന്നതു്. മരണം ഒരവസാനമായിട്ടാണ് സാധാരണ കണക്കാക്കപ്പെടാറുള്ളതു്; സുഖത്തിന്റെയെന്നതുപോലെ ദുഃഖത്തിന്റെയും. മിക്കവാറും അങ്ങനെയാണുതാനും. എങ്കിലും ചില ചില സന്ദർഭങ്ങളിൽ ഈ ധാരണയെ അപഹസിച്ചുകൊണ്ടും, തുടർന്നുള്ള ദുരിതങ്ങളുടെയെല്ലാം ഉറവിടമായി മരണം പ്രത്യക്ഷപ്പെടാറുണ്ട്. സ്വന്തം ജീവനേക്കാൾ വിലമതിക്കുന്ന ആദർശങ്ങളോ, അഭിമാനമോ, വിശ്വാസമോ, മററോ തകർന്നുപോവുകയും, അങ്ങനെ ജീവിതം ശൂന്യവും നിരർത്ഥകവുമായിത്തീരുകയും ചെയ്യുമ്പോൾ മരണം ഒരാശ്വാസമായിത്തീരുന്നു. അങ്ങനെയുള്ള ഒരിതിവൃത്തമാണ് ദുരന്തനാടകത്തിനു യോജിച്ചതു്.

മുമ്പു പറഞ്ഞ അധികാരി ആരെയും കൊല്ലുന്നില്ല. അദ്ദേഹം കൊല്ലപ്പെടുന്നുമില്ല. പുത്രന്റെ മരണം ധീര

മായി സഹിക്കാനുള്ള മനക്കരുത്തും അദ്ദേഹത്തിനുണ്ട്. പക്ഷേ, സംഭവഗതികൾ അദ്ദേഹത്തെ ഒരു കൊലപാതകിയേക്കാൾ നികൃഷ്ടനാക്കിത്തീർക്കുന്നു. പുത്രൻെറ മരണത്തെപ്പററി ഖേദിക്കേണ്ടിടത്തു് അദ്ദേഹം അതിൽ വെള്ളയടിക്കുന്നു. രണ്ടാമനേയും അദ്ദേഹം ചതിക്കുഴിയിലേക്കു തള്ളിവിടുന്നു. ഇതെല്ലാം ചെയ്തുകഴിഞ്ഞു്, തൻെറ പൊങ്ങച്ചത്തിൻെറപൊള്ളത്തരം മനസ്സിലാക്കി, ഇതികർത്തവ്യതാമൂഢനായി നില്ക്കുന്ന ആ ദയനീയപാത്രം തികഞ്ഞ ഒരു ദുരന്തനായകൻതന്നെ.

മേല്പറഞ്ഞ നാടകം ഒരു ഏകപാത്രനാടകമാണ്. ഇതരപാത്രങ്ങൾ അധികാരിയെ ശ്വാസംമുട്ടിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാനുള്ള പരമാണുക്കൾ മാത്രം. പ്രശ്നം അധികാരിയുടേതാണ്; അധികാരിയുടേതുമാത്രം. ആ പാത്രത്തിൻെറ സ്വഭാവവിശകലനത്തിൽ നാടകം അടങ്ങിയിരിക്കുന്നു. നാടകത്തിൻെറ വിജയത്തിന്നു് അധികാരിയുടെ ചിത്രീകരണമാണ് മുഖ്യോപാധി. മദിരാശിയിൽവച്ചു് ഈ നാടകം അരങ്ങേറിയപ്പോൾ അധികാരിയായി അഭിനയിച്ച ശ്രീ. ഗംഗാധരൻ കർത്താവ് നന്നായിട്ടഭിനയിച്ചു. എങ്കിലും ചില ഭാഗങ്ങളിൽ സദസ്യർ ഒരു ഫലിതമനോഭാവം പ്രകടിപ്പിച്ചു. അതു് അഭിനയത്തിൽ പററിയ എന്തെങ്കിലും പിശകുകൊണ്ടാണോ, പാത്രത്തിൻെറയഥാർത്ഥ സ്വഭാവം പ്രേക്ഷകർക്കു മനസ്സിലാകാഞ്ഞിട്ടാണോ എന്നു തീർത്തു പറഞ്ഞുകൂടാ. എന്തുതന്നെയായിരുന്നാലും അധികാരിയുടെ സ്വഭാവം വ്യക്തമായി മനസ്സിലാവുകയെന്നതു് അഭിനയത്തിനും ആസ്വാദനത്തിനും അനുപേക്ഷണീയമാണ്.

അധികാരി പരിഹാസ്യ പാത്രമല്ല, ദുരന്തനായകനാണ്. ഒരുകണക്കിൽ ഇന്നത്തെ സമുദായത്തിൻെറ ഒരു പ്രതീകം. എങ്ങനെ?

യുദ്ധവിരോധം പ്രഥമദർശനത്തിൽ വളരെ എളുപ്പമായിത്തോന്നുന്ന ഒരു വിഷയമാണ്. ബോംബുവർഷം, ഭാരിച്ച നികുതി, റേഷൻ ഇങ്ങനെ നിരവധിയായ യുദ്ധക്കെടുതികളെപ്പററി ഒരു പ്രബന്ധം തയ്യാറാക്കാനാണെങ്കിൽ അതു സമാധാനത്തിനുവേണ്ടി സമരം ചെയ്യുന്നവർക്കും,

സമാധാനംകൊണ്ടു സമരംചെയ്യുന്നവർക്കും എളുപ്പത്തിൽ സാധിക്കും. പക്ഷേ, ഇതൊരു കലാവസ്തുവായിട്ടെടുക്കുമ്പോഴാം പരാജയംവരാൻ എളുപ്പമാണ്". മനുഷ്യവർഗ്ഗത്തിലിന്നും അവശേഷിക്കുന്ന കാട്ടാളത്തമുണ്ട്. അതിൻെറ മുമ്പിൽ യുദ്ധവിരോധം ഒരുവക വങ്കത്തമായിത്തോന്നും. 'വിദേശി'കളോടും 'ശത്രു'ക്കളോടും 'മർദ്ദകവർഗ്ഗ'ത്തോടുമെല്ലാം യുദ്ധംചെയ്യുന്നതു നല്ലതാണെന്നൊരുപക്ഷം. യുദ്ധം നല്ലതുണ്ട്, ചീത്തയുമുണ്ട്; ആവശ്യമായതും അനാവശ്യമായതും ഉണ്ട്. 'നാം' തോല്ക്കുന്ന യുദ്ധങ്ങളെല്ലാം അനാശാസ്യമാണ്. അവയ്ക്കെതിരായി സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കണം. നാം ജയിക്കുന്ന യുദ്ധങ്ങളാകട്ടെ സൽകർമ്മങ്ങളാണ്. കൂട്ടക്കൊലയ്ക്കു പൂശുന്ന ഇത്തരം നിറപ്പകിട്ടുകളാണ് തുടച്ചുകളയേണ്ടതു്. ഇക്കാര്യം അത്ര എളുപ്പമായ ഒരു പ്രവൃത്തിയല്ല. വിശ്വസാഹിത്യത്തിൽ കൊലപാതകത്തെ അപഹസിക്കുന്ന ഓരോ കൃതിക്കും, അതിനെ പുകഴ്ത്തുന്ന പതിനായിരം കൃതികൾ ഉണ്ടാകും. കെർവാൻറീസിൻെറ ധീരവീരശൂരപരാക്രമിയായ കപിക്ക്ഷോട്ടുകഴിഞ്ഞു് അധികമാരും യുദ്ധത്തിൻെറ റൊമാൻറിക് പുറംതൊലി ഉരിഞ്ഞുകളയാൻ പരിശ്രമിച്ചിട്ടില്ല. കുട്ടികൾക്കു കളിക്കാൻ കൈത്തോക്ക്, ഭിത്തിയിലലങ്കരിക്കാൻ ഖഡ്ഗം, വായിക്കാൻ സ്കോട്ടിൻെറ നോവലുകൾ—ഇതാണ് നമ്മുടെ സംസ്കാരത്തിൻെറ രത്നച്ചുരുക്കം. ഇന്നുള്ള പതിവിതാണ്: സമരമെന്ന ആശയം വിശുദ്ധമായി കണക്കാക്കുക, സമരത്തിൻെറ എണ്ണമററ കെടുതികളെല്ലാം ഭടന്മാരുടെ മേൽ വച്ചുകെട്ടുക. മനുഷ്യനെ കൊന്നു പുലത്തേണ്ട ഏതെങ്കിലും മൂല്യം മനുഷ്യനുണ്ടാക്കിയിട്ടുണ്ടെന്നു ഗണിക്കുന്നവർ ആദ്യം ചെയ്യേണ്ടതു കാപാലികന്മാരെ സംരക്ഷിക്കുകയാണ്. അവരും ആത്മാർത്ഥമായി ഒരാദർശത്തിൽ വിശ്വസിക്കുന്നവരാണ്. അതോടൊപ്പംതന്നെ നരബലി നിറുത്താൻ വേണ്ടി ആസ്റ്റെക്കുവംശത്തെ മുഴുവനും കൂട്ടക്കൊല നടത്തിയ കോർട്ടസ്സിനെ നീതീകരിക്കയും വേണം. ഇത്തരം തലതിരിഞ്ഞ കാട്ടാളത്തത്തിൻെറ ഫലമാണ് ചത്തും

കൊന്നും പിടിച്ചടക്കാനുള്ള ആഹ്വാനം. ഇന്നു സമരം പാടില്ലെന്നു പറയുന്നവൻ കപിക്ലോട്ടായി അപഹസിക്കപ്പെടും. അത്രയ്ക്കുണ്ട് ഖഡ്ഗാരാധനയുടെ ശക്തി, ചത്തും കൊന്നും പിടിച്ചടക്കുകയെന്നതു് ഒരു വെറും സൈനികനിർദ്ദേശമല്ല, ഒരു മതമാണ്. വാളിനും പരിചയ്ക്കും പകരം ചട്ടകവും ദോശക്കല്ലും മാത്രമായിത്തീർന്ന ഇക്കാലത്തും പഴശ്ശി രാജാവിൻെറ ആത്മഹത്യയോർത്തു ഞെളിയുന്നവരാണ് നാം. ആ രോഗം പൊട്ടിയൊഴുകുന്ന വ്രണങ്ങളാണ് നമ്മുടെ വർഗ്ഗീയ ലഹളകളും, 'കീശയിലെ വിപ്ലവങ്ങൾ' എന്നറിയപ്പെടുന്ന ലഹളകളും. ഇതിനെല്ലാം ഒഴികഴിവുകളും നീതീകരണങ്ങളും കണ്ടുപിടിക്കുകയെന്നതു് അല്പം വാചാലതയുള്ളവർക്ക് എളുപ്പമാണ്. വേണ്ടിവന്നാൽ ''ധർമ്മക്ഷേത്രേ കുരുക്ഷേത്രേ'' ''ശ്രീ ഭഗവാനുവാച...''. പറയുന്ന ഭാഷ എന്തായിരുന്നാലും ഇവർ ചെയ്യുന്നതു് കൊലയ്ക്കു കുരവയിടുകയാണ്.

അങ്ങനെ ഗീതയും മാർക്സും കപിക്ലോട്ടും പെരുമാളും ആറ്റംബോംബും ആസിഡ് ബൾബും എല്ലാംകൂടി കെട്ടിമറിഞ്ഞ ഒരു തുലാമാലയാണ് ഇന്നത്തെ സാമൂഹ്യമനസ്സ്. നാം ഹൈഡ്രജൻബോംബ് നിരോധിക്കണമെന്നു പറയുമ്പോൾ, അതിനർത്ഥം അതു നമ്മുടെ രാജ്യത്തിടരുതെന്നു മാത്രമാണ്. 'വിദേശ'ത്തു് അതു പ്രയോഗിക്കുന്നതിനു നാമെതിരല്ല. അവർ 'നൊമ്മടെ ശത്രുക്കളാ'ണല്ലോ! ദീർഘകാലമായി നിലനിന്നുവരുന്ന ഒരു തെററിൻെറ മുമ്പിൽ ശരി മാപ്പു പറയേണ്ടിവരും. യാതൊരു സമരവും നീതീകരിക്കത്തക്കതല്ല എന്നു പറയുന്നവൻെറ അനുഭവവും അതാണ്. പക്ഷേ, 'രാജാവു് നഗ്നനാണ്' എന്നു പറയാനും ഒരു ബാലൻ വേണമല്ലോ. ആ ഭാഗം താനറിയാതെ അഭിനയിക്കുന്നയാളാണ് അധികാരി. മനുഷ്യനെ കൊല്ലുന്ന ഏർപ്പാടു്, ഏതെല്ലാം വിശദീകരണങ്ങൾകൊണ്ടു മൂടിപ്പൊതിഞ്ഞാലും, മനുഷ്യോചിതമല്ല എന്നാണ് അധികാരിയുടെ അനുഭവം. അനുഭവമെന്നു പറയാൻ കാര്യമുണ്ട്. ഇതു തർക്കിച്ചു സ്ഥാപിക്കാൻ കഴിയുന്ന കാര്യമല്ല. മനുഷ്യർ കാട്ടാളത്തത്തിൽനിന്നുയരണ

മെന്നു ന്യായവാദം ചെയ്യണമെങ്കിൽ കാട്ടാളത്തം മോശമാണെന്നൊരു ബോധം ഹൃദയത്തിലുണ്ടാകണമല്ലോ. ആ ബോധം അനുഭവങ്ങളിൽനിന്നു മാത്രമേയുണ്ടാകൂ. അധികാരിയുടെ അനുഭവം നാടകം മുഖേന നമ്മിലേയ്ക്കു പകരുന്നു. അധികാരിയിലുണ്ടാകുന്ന മാററത്തിൻെറ പഠനം ഒരു കണക്കിൽ നമ്മുടെ മനസ്സിൻെറതന്നെ ഒരു വിശകലനമായിരുന്നേക്കാം.

അധികാരി ഒരു ശുദ്ധനാണ്. അദ്ദേഹം ചില പഴങ്കഥകളുടെ പൊങ്ങച്ചംകൊണ്ടു ജീവിക്കുകയാണ്. വലിയമ്മാവൻെറ തോക്ക് അദ്ദേഹം സൂക്ഷിച്ചിട്ടുണ്ട്. മാനിച്ച വിക്രമന്മാർ ഒരു മാറാത്ത സ്വപ്നവുമാണ്. ഇതൊക്കെയാണെങ്കിലും അദ്ദേഹം രക്തം കണ്ടിട്ടില്ല. മൂത്തപുത്രനെ അദ്ദേഹം വീരസ്വർഗ്ഗത്തിനു പറഞ്ഞയച്ചു. ഇളയവനെ രക്ഷിച്ചാൽ കൊള്ളാമെന്നു മോഹമില്ലാഞ്ഞിട്ടല്ല അവനെയും യുദ്ധത്തിനയയ്ക്കുന്നത്. ആരെങ്കിലും 'തടിതപ്പി' എന്നു വിളിച്ചാലോ എന്നാണ് ഭയം. ഇത്തരം ഭീരുത്വംകൊണ്ടു കൊലപാതകികളായിത്തീർന്നവരുണ്ട്. ഒരു തരത്തിൽ അധികാരിയും അങ്ങനെതന്നെ. 'ഒരു യോഗം കലക്കി'യുടെ ചോദ്യത്തിൻെറ മുമ്പിൽ നല്ലവനായ ആ മനുഷ്യൻ ചൂളിപ്പോയി. മകനെ അദ്ദേഹം കൊലയ്ക്കുകൊടുക്കുന്നു. ഒരു മിത്ഥ്യാഭിമാനത്തിനുവേണ്ടി അദ്ദേഹം തറവാട്ട് മുടിക്കുകയാണ്. കൃഷി വെറും താഴ്ന്ന തൊഴിലാണെന്ന കണ്ടുപിടുത്തം! അമ്മയുടെ പുത്രസ്നേഹത്തെക്കൂടി അദ്ദേഹത്തിനിടിച്ചുതാഴ്ത്തേണ്ടതായി വരുന്നു. ഒരു മറയത്തരത്തെ നീതികരിക്കാൻവേണ്ടി അദ്ദേഹം ചെയ്യുകൂട്ടുന്ന തെററുകാരക്ക കണക്കില്ല. മാനിച്ച വിക്രമന്മാരുടെ പ്രേതം അദ്ദേഹത്തെ നരകത്തിലേയ്ക്കു വലിച്ചിഴയ്ക്കുകയാണ്. അദ്ദേഹം ചെയ്യുന്ന കൃത്യങ്ങളൊന്നുമല്ല ട്രാജഡിക്കു നിദാനം. അദ്ദേഹത്തിൻെറ ശപ്തമായ ആദർശമാണ് അദ്ദേഹത്തെ നശിപ്പിക്കുന്നത്. ശാന്തനായ അദ്ദേഹം ക്ഷുഭിതനാകുന്ന രംഗങ്ങരം നോക്കൂ. പുത്രൻെറ മരണത്തേക്കാളധികം അദ്ദേഹത്തെ വേദനിപ്പിക്കുന്നതു് അക്കാര്യം ഭാര്യയുടെ മുമ്പിൽവച്ചു സംസാരിക്കു

ന്നതാണ്. രണ്ടു പുത്രന്മാരുടെയും ജീവനെക്കാരം അദ്ദേഹത്തിനു വില വീരസ്വർഗ്ഗമെന്ന ആശയത്തിനാണ്. ആ വ്യാമോഹം തകരുന്നതാണ് അധികാരിക്കേററം ദുർവ്വഹമായ ദുരന്തം. അവസാനമായി മക്കളെക്കൊന്നു സ്വന്തപരാജയബോധത്തിൽനിന്നു മുക്തിനേടാമെന്നു ധരിച്ച അദ്ദേഹത്തിന്നു പിന്നെയും വരാനുണ്ട് വിനകരം. രണ്ടാമത്തെ പുത്രനും മരിച്ചിരുന്നെങ്കിൽ അത്രം സഹിക്കാമായിരുന്നു. പക്ഷേ, വിജയശ്രീലാളിതനായി മടങ്ങിയെത്തിയ ആ മുടന്തൻ 'ടൈമൂർ' അധികാരിയുടെ മരണംവരെ അദ്ദേഹത്തിനുനേരെ കോക്രികാട്ടുന്ന ഒരു രൂപമാണ്. ആ ഒററക്കാലനിൽ അധികാരിക്കുപോലും യാതൊരു വീരശ്രീയും ദർശിക്കാൻ കഴിയുന്നില്ല.

അധികാരിയിൽ നാം കാണുന്നതു് അടിക്കടി വളരുന്ന ഒരു സ്വഭാവത്തെയല്ല. അധികാരിയുടെ വ്യക്തിത്വം ഏതാണ്ട് സ്ഥിരമായ ഒന്നാണ്. സംഭവഗതികരം അതിൻെറ ഓരോ വശങ്ങളിൽ വെളിച്ചംവീശുന്നു. അവസാനമായി അദ്ദേഹം പരാജയപ്പെട്ടു തകർന്നു പോവുന്നതേയുള്ളു. അദ്ദേഹം ഒരുറച്ച വിശ്വാസിയാണ്. ചില്ലറ പരാജയങ്ങരം അദ്ദേഹത്തെ വിഷമിപ്പിക്കുകയില്ല. വളയാൻ കഴിയാത്ത ആ ആദർശശാലിക്കു് ഒടിയാനേ കഴിയൂ. പക്ഷേ, അനുവാചകനിലുണ്ടാവുന്ന ഫലമെന്താണ്? അധികാരിയോടു് അനുകമ്പയുണ്ടാകാതെ വയ്യാ. എങ്കിലും കുറെയൊക്കെ സ്വയംകൃതാനർത്ഥമാണ് എന്നേ നമുക്കു തോന്നൂ. എന്തെന്നാൽ നാടകാവസാനമാകുമ്പോഴേയ്ക്കും അധികാരിയുടെ ജീവിതദർശനത്തിൽനിന്നു നാം വളരെ അകന്നു കഴിഞ്ഞിരിക്കുന്നു.

ഇന്നത്തെ ലോകത്തിൽ സമരപ്രധാനമായ ഒരു ഇതിവൃത്തത്തിന് ഒരു ഫ്യൂഡൽപാത്രം വന്നുകൂടുന്നതിലെന്തുമാത്രം ഔചിത്യമുണ്ടു്? നിർഭാഗ്യവശാൽ അതാണ് നമ്മുടെ ശാപം. സാമൂഹ്യവ്യവസ്ഥിതിയുടെ മാററംകൊണ്ടു തെരുവുതെണ്ടികളായിത്തീർന്ന കുലീനന്മാരാണ് നമ്മുടെ രക്തസന്ദേശക്കാർ—നമ്മുടെ കവിക്ലോട്ടുമാർ. അവക്കാണ് നിലവിലുള്ള വ്യവസ്ഥിതിയോടു് അന്ധമായ വെറുപ്പും,

കഴിഞ്ഞുപോയ കാലങ്ങളെപ്പററി അന്ധമായ മതിപ്പും കാണാറുള്ളതു്. ഒന്നും നടന്നില്ലെങ്കിൽത്തന്നെയും അവക്കു മിശറുകടിച്ചു മരിക്കുന്നതുപോലെ പടവെട്ടി മരിക്കുന്നതിലുമുണ്ടു് ഒരു സുഖം. ഇതു മലനാട്ടിനു സ്വന്തമായിട്ടു വന്നുപെട്ട ഒരു കെടുതിയാണു്. തകർന്നഫ്യൂഡലിസത്തിൻെറ നിസ്സഹായമായ വാലുകരംക്കേ ഇത്തരം കാട്ടാളത്തം ഫിലോസഫിയായിത്തീരുകയുള്ളു. ഇന്നത്തെ ലോകത്തോടു് കുറെയെങ്കിലും പൊരുത്തപ്പെട്ട മുതലാളിക്കും തൊഴിലാളിക്കും ഇത്തരം വീരസാഹസികത്വത്തെ പുച്ഛമാണു്. അവക്കു് ഇത്തരം 'മഹത്വ'ങ്ങളൊന്നും പറയാനില്ല. ഈ ബലഹീനതയുടെ ഒരു വകഭേദമാണു് വടക്കേ ഇൻഡ്യയിലും മററും കണ്ടതു്. മുകിലസാമ്രാജ്യത്തിൻെറ മഹിമക്കും ഹൈന്ദവസംസ്കാരത്തിൻെറ നിലനില്പിനുംവേണ്ടി അവിടെ എത്ര ധീരസമരങ്ങളാണു് നടന്നതു്! അതിലെ രണധീരന്മാരെപ്പററി ചരിത്രം ഒന്നും പറയാത്തതെന്തു കഷ്ടമാണു്! എത്ര മ്ലേച്ഛന്മാരെയും, കാഫറുമാരെയും ഉത്തമവിശ്വാസത്തിനുവേണ്ടി അവർ കൊന്നു! എന്നിട്ടും നമ്മുടെ ചരിത്രകാരന്മാർ അവരെ മറക്കുകയാണു്! മതാന്ധതക്കുവേണ്ടി കൂട്ടക്കൊലചെയ്യുന്നതു ശരിയല്ലെന്നുള്ള ബോധം നമ്മിലുണ്ടാവാൻ തുടങ്ങിയിട്ടുണ്ടെന്നു സാരം. രാഷ്ട്രീയമായ കൊലപാതകങ്ങരം നിഷിദ്ധമായിത്തീരാത്തതുകൊണ്ടാണു് 'രക്തംകൊണ്ടു ചരിത്രമെഴുതുകയും' മററും തുടൎന്നുപോരുന്നതു്. ഈ രക്തത്തിൻെറ മനശ്ശാസ്ത്രത്തിൽനിന്നു് മലയാളി മുക്തിനേടുന്ന കാലത്തു്, നമുക്കുള്ള പരാക്രമം മുഴുവൻ കാട്ടിലെ കരിമ്പാറയുടെ നേരെ തിരിയുന്ന കാലത്തു്, മനുഷ്യൻ മനുഷ്യനായിത്തീരും. ഇന്നു പട്ടാളത്തിൽപ്പോയി വെയിലത്തു കവാത്തെടുത്തു് ഗോതമ്പുതിന്നാൻ നമുക്കു മടിയില്ല. വെയിലത്തു കൃഷിചെയ്തു കൊള്ളിക്കിഴങ്ങു തിന്നുന്നതു് അവമാനകരമാണു്. ആശുപത്രിയിലെ ഡോക്ടർ കള്ളനെയും യാചകനെയും ശസ്ത്രക്രിയ ചെയ്യുമ്പോരം സൂക്ഷ്മത പാലിച്ചില്ലെങ്കിൽ നാം പൊറുക്കുകയില്ല. യുദ്ധക്കളത്തിൽ ഭടന്മാർ മെഷീൻഗൺ പ്രവൎത്തനം നടത്തുമ്പോരം നാം ആർത്തട്ടഹ

സിക്കുന്നു.

എങ്കിലും മനുഷ്യനിന്നും വെറും മൃഗമായിട്ടില്ല. ഒരു പട്ടാളക്കാരനോടുതന്നെ ചോദിക്കൂ. വെടിവെയ്ക്കുന്നതിനോളം എളുപ്പമാണോ ബയണററുകൊണ്ടു കുത്തുന്നതെന്ന്. നാം കാട്ടാളത്തത്തെ പിന്നിട്ടു വഴി വളരെയധികം പോന്നിരിക്കുന്നു. ഇടയ്ക്കിടയ്ക്ക്, ആനയ്ക്കു മദം പൊട്ടുമ്പോലെ, അതു തിളച്ചുവരാറുണ്ടെന്നു മാത്രമേയുള്ളു. അത്തരം സന്ദർഭങ്ങളിൽ, മായാത്ത ഒരു ദർശനമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടട്ടെ, ശുദ്ധനും ധീരനുമായ ആ അധികാരി.

# ഗൊഗേ...

യുദ്ധം വൃത്തികെട്ട ഒരേർപ്പാടാണെന്നു പറഞ്ഞാൽ മിക്കയാളുകളും ഉടനെ സമ്മതം മൂളും, അടുത്ത നിമിഷത്തിൽ റിക്രൂട്ടിങ്ങാപ്പീസിൽ ചെന്നു പേരെഴുതിക്കുകയും ചെയ്യും. ഇതു് അതിശയോക്തിപരമായ പ്രസ്താവനയൊന്നുമല്ല. യുദ്ധത്തെ വെറുക്കുക എന്നതു് തൊലിപ്പുറമേയുള്ള ഒരു സെൻറിമെൻറു മാത്രമാണ് മനുഷ്യൻ ഇന്നും അടിസ്ഥാനപരമായി കാപ്പിരിയായതുകൊണ്ടാണോ, യുദ്ധമെന്ന ആശയത്തിലുൾക്കൊള്ളുന്ന എണ്ണമററ ദുരിതങ്ങളെ വിഭാവനം ചെയ്യുവാനുള്ള കഴിവില്ലായ്മകൊണ്ടാണോ എന്നെനിക്കു നിശ്ചയമില്ല. ഏതായാലും യുദ്ധത്തെപ്പററി വേണ്ടത്ര ഗൗരവമായി ചിന്തിക്കാത്തതുകൊണ്ടാണ് യുദ്ധങ്ങൾ ഉണ്ടാവുന്നതെന്നു വിചാരിക്കാൻ ന്യായമുണ്ടു്. പലരും യുദ്ധത്തെപ്പററി ചിന്തിച്ചിട്ടുണ്ടെന്നുള്ളതു സത്യമാണ്. അതിനെ തടയുവാനായി സാർവ്വലൗകികസംഘടനകളുമുണ്ടാകാറുണ്ടു്. തൽപ്രവർത്തകരിൽ പലരും വളരെ ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരുമാണ്. പക്ഷേ, ഇതൊക്കെ പ്രശ്നത്തിൻെറ സമീപത്തെങ്ങും എത്തുന്നില്ലെന്നു വളരെ വിനീതമായി അഭിപ്രായപ്പെട്ടുകൊള്ളട്ടെ. യുദ്ധം എന്നു കേൾക്കുമ്പോൾ ഇക്കൂട്ടർക്കു പലതരം തെററിദ്ധാരണകൾ തലയിൽ കടന്നുകൂടുന്നുണ്ടു്. അവയെല്ലാം എണ്ണിപ്പറയുക സാദ്ധ്യമല്ല. പൊതുവെ പറഞ്ഞാൽ കാണേണ്ടതൊന്നും കാണുന്നില്ലെന്നു മാത്രം പറയാം. അവരുടെ അഭിപ്രായത്തിൽ യുദ്ധം ഭയങ്കരമാണ്, വൃത്തികേടല്ല. യുദ്ധം ഗംഭീരമാണ്, ഭ്രാന്തല്ല. യുദ്ധം നീതീകരിക്കത്തക്ക ലക്ഷം സന്ദർഭങ്ങൾ അവർക്കു കണ്ടുപിടിക്കാൻ കഴിയും. സംഭവ്യമോ അസംഭവ്യമോ ആയ സകലസന്ദർഭങ്ങളിലും യുദ്ധം നിഷിദ്ധമാണ് എന്നവർ സമ്മതിച്ചുതരികയില്ല.

സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിന് യുദ്ധം ആകാം, ഒരു പുതിയ സാമൂഹ്യഘടനയെ കെട്ടിപ്പടുക്കുന്നതിനു യുദ്ധം ആകാം; അതാണവരുടെ പക്ഷം. സ്വന്തം രാജ്യമെന്ന വാക്കിന്റെ അർത്ഥമെന്ത്, അതിന്റെ അലംഘനീയമായ അതിർത്തിവരമ്പുകൾ ഏത് ഈശ്വരൻ നിയോഗിച്ചു എന്നൊന്നും ആലോചിക്കാൻ അവർ നിൽക്കുന്നില്ല. യുദ്ധംകൊണ്ട് സൃഷ്ടിക്കുന്ന നവ്യവ്യവസ്ഥിതി യുദ്ധത്തിന്റെ സന്താനമാകയാൽ അതിന് പൈതൃകസ്വഭാവമുണ്ടായിരിക്കുമെന്നും മററും അവർ കാണുന്നില്ല. മനുഷ്യനെ കൊന്നിട്ട് നിലനിറുത്തേണ്ടതായ എന്തോ മാനുഷികമൂല്യങ്ങൾ ഉണ്ടെന്നാണ് അവരുടെ ധാരണ. പിന്നെ ആർക്കുവേണ്ടിയാണ് ഈ മൂല്യം, മനുഷ്യനെക്കാൾ വലിയ മൂല്യമെന്താണ്, ഈ പ്രശ്നങ്ങളൊന്നും അവർക്കു തലവേദനയുണ്ടാക്കുന്നില്ല. കാര്യം മറിച്ചായിരുന്നെങ്കിൽ ഐക്യരാഷ്ട്രസംഘടനയുടെ മുക്കാൽ പങ്കും യുനെസ്കോ പ്രവർത്തനമായിരുന്നേനെ.

മനുഷ്യക്ക് യുദ്ധത്തെപ്പററി ഭയമല്ല വേണ്ടത്, ലജ്ജയാണ്. യുദ്ധംചെയ്യുക എന്നത് നാണിക്കേണ്ട അവമതിയാണ്. അതിനുപകരം ഇന്ന് അതൊരു മാനമായ തൊഴിലാണ്, മഹിമയേറിയ സാധനമാണ്. ചട്ടകാലൻ ടൈമൂറിനെ ഇന്നും നാം ഓർമ്മിക്കുന്നുണ്ട്. അക്കാലത്ത് കവിതയെഴുതിയവരുമുണ്ടായിരിക്കാം. പക്ഷേ, ചരിത്രകാരന്റെ ദൃഷ്ടിയിൽപ്പെട്ടത് ആ കശാപ്പുകാരൻ മാത്രമാണ്. ചരിത്രത്തിലെപ്പോഴും ഈ കൊലയാളികളെയാണ് പുകഴ്ത്തിയിരിക്കുന്നത്. നെപ്പോളിയനും അലക്സാണ്ടറുമെല്ലാം ചരിത്രത്തിലെ ഓടകളാണെന്നു മനസ്സിലാക്കാത്തിടത്തോളം കാലം മനുഷ്യൻ മൃഗമായിരിക്കും— അതും വളരെ താഴ്ന്നനിലയിലുള്ള ഒരു മൃഗം. പണ്ടത്തെ കൊലയാളികളെപ്പററി കഥയെഴുതിയാൽ ഒരിക്കലും അവസാനിക്കയില്ല. അതെഴുതാനും മനുഷ്യരുണ്ട്. വായിക്കാനുമുണ്ട്. എന്നിട്ടു പരാതി പറയുകയാണ്, യുദ്ധങ്ങൾ ഉണ്ടാകുന്നെന്ന്. മാർക്ട്വെയിൻ ഒരിക്കൽ പറഞ്ഞു സർ വാൾട്ടർസ്കോട്ട് അനേകം കുട്ടികളെ വഷളാക്കി

യെന്നു്. ലോകചരിത്രത്തിലെ മഹത്തായ സംഭവങ്ങളി ലൊന്നാണ് ആ പ്രസ്താവന. യുദ്ധത്തെപ്പററി അദ്ദേഹ ത്തിൻെറ അഭിപ്രായങ്ങാം അറിയാൻ "A Conneticut Yankee in King Arthur's Court" എന്ന പുസ്തകം വായിച്ചു നോക്കുക. ആ പുസ്തകത്തോളം മഹത്തായതാണ് 'ഡോൺ കവിക്സോട്ടിൻെറ വീരകൃത്യങ്ങാം.' ഈ പുസ്തകം എഴുതിക്കഴിഞ്ഞു ശതാബ്ദങ്ങളായിട്ടും പട്ടാള ഉദ്യോഗ സ്ഥന്മാക്ക് ലഭിക്കുന്ന ബഹുമതിയും ശമ്പളവും കെർവാൻറീസ് കാണാൻ ഇടവരുന്നെങ്കിൽ അദ്ദേഹം തൻെറ പുസ്തകത്തെ ശപിക്കും. ഒരു കൊച്ചുകുട്ടിക്കു കളി പ്പാട്ടമായി കളിത്തോക്കു വാങ്ങിച്ചുകൊടുക്കുന്ന പിതാവു് ആ കുട്ടിയെ ഞെക്കിക്കൊല്ലുകയാണ് ചെയ്യേണ്ടതു്. സ്വതേ കാപാലികന്മാർ നിറഞ്ഞ മനുഷ്യസമുദായത്തിൽ ഒരു നരഭോജിയെക്കൂടി ഉണ്ടാക്കുക! ഇതെല്ലാം പറയു മ്പോാം ഒരു ഉപദേശിപ്രസംഗത്തിൻെറ ഛായ തോന്നും. അത്രയധികം രൂഢമൂലമായിട്ടുണ്ടു്, മനുഷ്യരെ കൊല്ലുക എന്ന ആശയത്തിൻെറ സൗന്ദര്യം! സോവിയററുറഷ്യ യിലെ സാഹിത്യം കൂടുതൽകൂടുതൽ സമരസാഹിത്യമായി ത്തീൎന്നുകൊണ്ടിരിക്കുന്നുവെന്നത് അഭിമാനത്തോടെ യാണ് ചിലർ വീക്ഷിക്കുന്നതു്. ക്ഷാത്രവീര്യം, വീര സ്വർഗ്ഗം, സമരപാരമ്പര്യം, യുദ്ധവീരൻ അങ്ങനെ എത്ര മൗഢ്യങ്ങളാണ് മാന്യസ്ഥാനങ്ങളെ അപഹരിച്ചിരിക്കു ന്നതു്. 'ശിലാപുഷ്പം' എന്ന റഷ്യൻ ഫിലിമിൻെറ കൂടെ ഒരു ചിത്രം പ്രദർശിപ്പിക്കപ്പെട്ടു. പട്ടാളക്കാരും മററും ഡ്രിൽ ചെയ്യുന്നതും മററും കാണിക്കുന്നതായിരുന്നു അതു്. ഭീമാകാരമായ ഏതോ ഒരു വികൃതജന്തുവിൻെറ അംഗങ്ങളെപ്പോലെ മനുഷ്യർ കാണുന്നെന്നു കാണിക്കുന്ന ആ ബീഭത്സതയായിരുന്നു എൻെറ അടുത്തിരുന്ന സകല മനുഷ്യൎക്കും കൂടുതലായി രസിച്ചതു്. അമേരിക്കയുടേയും റഷ്യയുടേയും കടലാസുകളിൽ ഏററവും വിശിഷ്ട വസ്തുവായി ചിത്രീകരിക്കാറുള്ളതു് തോക്കുകളെയാണു്. ഒന്നല്ലെങ്കിൽ മറെറാരു മുഖംമൂടിയുടെ പുറകിൽ എപ്പോഴും യുദ്ധമനസ്ഥിതിയെ വാഴ്ത്തുന്ന സാഹിത്യമാണു് ഇന്നു

മിക്ക ഭാഷകളിലുമുള്ളതു്. ഒട്ടനവധി പ്രാവശ്യം യാതൊരു മറവുമില്ലാതെതന്നെ ഈ പൈശാചികത്വം അംഗീകരിക്കപ്പെട്ടന്നുമുണ്ടു്. യുദ്ധമെന്നു പറയുമ്പോൾ ഓരോരുത്തനും അവനവൻ ജയിക്കുകയും എതിരാളി തോല്ക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായത്തെയാണോക്കുന്നതു്. അതുകൊണ്ടാണു യുദ്ധത്തിൻെറ ഭീകരത ഓർമ്മിക്കാത്തതു്. ഇതിനെ നീതീകരിക്കാൻ ധീരത എന്നൊരു വാക്കിനെ അസ്ഥാനത്തെല്ലാം വലിച്ചുകൊണ്ടു വരികയും ചെയ്യും. സാഹിത്യകാരൻ വാളെടുക്കണമത്രെ. അല്ലെങ്കിൽ അവൻ ഭീരുവാണു്! വല്ലവൻെറയും ബയണററു വിഴുങ്ങാൻ കഴിയാതെ പോകുന്നതു് അത്ര ആഭാസമൊന്നുമല്ല. തൻെറ തോക്കു മററൊരു മനുഷ്യജീവിയുടെ ഹൃദയത്തിലേക്കു് നിറയൊഴിക്കാൻ കഴിയായ്ക അത്ര അവമാനമായ കാര്യവുമല്ല. ഒന്നുകൂടിയുണ്ടു്. മററൊരു തരത്തിലും അന്യരുടെമേൽ തനിക്കുള്ള മേന്മ കാണിക്കാൻ വഴിയില്ലാത്ത ബുദ്ധിശൂന്യരാണു് ഗുസ്തികൊണ്ടു് അങ്ങനെ ചെയ്യാമെന്നു വിചാരിക്കുന്നതു്. ആരാണു് സാധാരണയായി യുദ്ധത്തൊഴിൽകൊണ്ടു മിടുക്കന്മാരാകുന്നതു? സമുദായത്തിലെ ഏററവും താണവിഭാഗങ്ങൾക്കെ അവിടെ സ്ഥാനമുള്ളു. യുദ്ധരംഗത്തിലായാലും നാട്ടിലായാലും അതു ശരിയാണു്. നാട്ടിൽ കൊള്ളുകയില്ലാത്ത ചെറുപ്പക്കാർക്കു് ഉയന്ന ശമ്പളം കൊടുത്തു കൊമ്പത്തിരുത്തുന്ന ഒരു വ്യവസായമാണു് യുദ്ധം. പക്ഷേ, ഇക്കാര്യമെല്ലാം ശരിയാണെന്നു സമ്മതിക്കണമെങ്കിൽ മനുഷ്യനെ മനുഷ്യൻ കൊല്ലുന്നതു് ചീത്തയാണെന്നു് ആദ്യം സമ്മതിക്കണം. കൊലയുടെ എണ്ണം കൂട്ടിയാൽ കൊലക്കുററത്തിനു നീതീകരണം ലഭിക്കുമെന്നുള്ള ഒരവസ്ഥയാണിന്നുള്ളതു്. യുദ്ധം തർക്കശാസ്ത്രത്തിലെ ഒരംഗീകൃതശാഖയായിത്തീന്നിരിക്കുന്നു. അതുകൊണ്ടാണു് യുദ്ധം നിറുത്തുവാൻ പ്രാവു് സംഘടനകളും മററും കൊണ്ടു നടക്കുന്നതു്. ''സമരത്തിനുവേണ്ടി സമാധാനം,'' ''സമാധാനത്തിനുവേണ്ടി സമരം'' ഇവയാണു് നമ്മുടെ മുദ്രാവാക്യങ്ങൾ. സമാധാനം ഉണ്ടാക്കാൻ സമരം നടത്തുന്നവർ

കാണുന്നതു് ഓരോ യുദ്ധത്തിനുശേഷവും സമുദായം കുറെ ക്കൂടി വഷളായിരിക്കുകയാണെന്നാണ്. എന്നിട്ടവർ നോക്കിനിന്നു് അത്ഭുതപ്പെടുന്നു. അതു യുദ്ധത്തിന്റെ സ്വഭാവമാണെന്നു് മനസ്സിലാക്കാതെ പിന്നെയും അവർ സമാധാനമുണ്ടാക്കാൻവേണ്ടി യുദ്ധം ചെയ്യുവാൻ പുറപ്പെ ടുന്നു. ഒരിക്കൽക്കൂടി പറയട്ടെ. യുദ്ധത്തിന്റെ യഥാർത്ഥ സ്വഭാവത്തെ വ്യക്തമായി മനസ്സിലാക്കാത്തി ടത്തോളം കാലം യുദ്ധം അവസാനിക്കുകയില്ല.

യുദ്ധം അവസാനിപ്പിക്കുന്നതിനുവേണ്ടി ഇന്നു് നടത്തപ്പെടുന്ന സകല പരിശ്രമങ്ങളും പരാജയമടയും. കാരണം മേൽപ്പറഞ്ഞതുതന്നെ. നാം കൊല്ലപ്പെടുന്ന വെടി യുണ്ടയുടെ വലുപ്പം നിയന്ത്രിച്ചതുകൊണ്ടു നമുക്കെന്തെ ങ്കിലും പ്രയോജനമുണ്ടെന്നു് ഗണിച്ചുകൂടല്ലോ. ആററം ബോമ്പ് നിരോധിച്ചതുകൊണ്ടു് എന്തു ഗുണമാണുള്ളതു്? മനുഷ്യർ വ്യക്തികളായിട്ടാണ് മരിക്കുന്നതു്. രണ്ടുലക്ഷം ആളുകൾ മരിക്കുന്നതു് അന്യരെ സംബന്ധിച്ചിടത്തോളം ഒരു മരണത്തേക്കാൾ ഭയങ്കരമാണ്. പക്ഷേ, ആ രണ്ടു ലക്ഷത്തിലെ ഓരോ വ്യക്തിക്കും സ്വന്തമായി ഓരോ ജീവനുണ്ടു്. അവർ ഓരോരുത്തരായിട്ടോ ഒരുമിച്ചോ മരി ച്ചുവെന്നതു് അവരെ സംബന്ധിച്ചിടത്തോളം പ്രസക്ത മല്ല. മററൊരുതരം യുദ്ധനിയന്ത്രണമുണ്ടു്. ചിലരുടെ അഭി പ്രായത്തിൽ സോവിയററു് തോക്കുകൾകൊണ്ടു് നടത്തുന്ന കൊലയെല്ലാം നല്ലതാണ്. മററു ചിലർ അമേരിക്കൻ ആയുധങ്ങൾകൊണ്ടു് മരിക്കാൻ ഇഷ്ടപ്പെടുന്നു. ഇക്കൂട്ടർ യുദ്ധത്തെ നിയന്ത്രിക്കുന്നില്ലെന്നു മാത്രമല്ല, ലോകത്തിലെ ഏററവും ഭയങ്കരമായ യുദ്ധപ്രചരണം നടത്തുന്നുമുണ്ടു്. മനു ഷ്യനെ കൊല്ലുവാൻ /ഉത്തമന്യായങ്ങൾ അന്വേഷിച്ചു നടക്കുന്നവരാണ് ഏററവും ഭയങ്കരപിശാചുക്കൾ. സർവ്വ രാജ്യസംഘടനകൾ, സോഷ്യലിസം, അറോമിക്ശക്തി നിരോധനം മുതലായ കുറുക്കുവഴികളിലൂടെ സമാധാന ത്തിലെത്താമെന്നു് കരുതുന്നവർ, മൂഢന്മാരല്ലെങ്കിൽ, വഞ്ചകന്മാരാണ്. അവരവരുടെ സ്വന്തം യുദ്ധങ്ങൾ ജയി ക്കുവാൻവേണ്ടി ശത്രുവിനെ നിരായുധരാക്കുന്നതിനുവേണ്ടി

യുള്ള പ്രചരണം മാത്രമാണ് അവരുടെയൊക്കെ സമാധാനപ്രസ്ഥാനം. രാഷ്ട്രീയശക്തികളുടെ പ്രവൎത്തനം കൊണ്ട് സമാധാനം ഉണ്ടാവുകയെന്നതു് അസാദ്ധ്യമാണ്, സാധാരണ മനുഷ്യൻ കൂലിക്കു കൊല്ലാൻ തയ്യാറാവുന്നിടത്തോളം കാലം അവരെ വാടകയ്ക്കെടുക്കാൻ അധികാര ദുർമ്മോഹികളുണ്ടായിരിക്കും. (സകല രാഷ്ട്രീയവിഷത്തിൻേറയും അടിസ്ഥാനമായ, അധികാരപ്രമത്തതയെപ്പററി മറെറാരവസരത്തിൽ പറയാമെന്നു് വിചാരിക്കുന്നു.) യുദ്ധം, തൊഴിലല്ലാതായിത്തീരണമെങ്കിൽ മനുഷ്യവർഗ്ഗം ഒരു മാനസികപരിവൎത്തനം അനുഭവിക്കണം. അതിനു് കാലം കുറെ കഴിയേണ്ടിവരും പക്ഷേ, അതുവരെ കാക്കുകയല്ലാതെ ഗത്യന്തരമില്ല.

എങ്കിലും ആ കാലം മനുഷ്യപ്രയത്നംകൊണ്ട് കുറെക്കൂടി അടുത്തുകൊണ്ടു വരാൻ കഴിയുമെന്നു് തോന്നുന്നു. ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ, ചിന്തകന്മാർ എന്നിവരുടെ മേലാണു് ഈ ഭാരിച്ച ചുമതല വീഴുന്നതു്. ഇക്കൂട്ടരിൽ ഭൂരിപക്ഷവും ഇന്നു് വാടകവണ്ടികളാണെന്ന കാര്യം ഞാൻ മറന്നിട്ടില്ല. അവരിൽനിന്നു് ഇടയ്ക്കിടയ്ക്ക് റേറാംസ്റ്റോയിമാരും, ഷാമാരും ഉണ്ടാകാറുണ്ട്; യുദ്ധത്തെ വെറുത്ത ഒരൊററ രാഷ്ട്രീയനേതാവുപോലും ലോകചരിത്രത്തിലുണ്ടായിട്ടുമില്ല. ആ തൊഴിലിൻെറ നൈസൎഗ്ഗിക സ്വഭാവം തന്നെ യുദ്ധത്തിനു പ്രേരകമാണു്. വിഷവായു ഉണ്ടാക്കി ഭരണകൂടങ്ങൾക്കു് വില്ക്കുന്ന ശാസ്ത്രജ്ഞന്മാർ ഇനിയും ഉണ്ടായിരിക്കും. സമരഗാനങ്ങൾ എഴുതുന്ന കവികളും ഉണ്ടാകും. പക്ഷേ, മനുഷ്യവൎഗ്ഗത്തിൻെറ വളച്ച് അവക്കെതിരായിട്ടായിരിക്കുമെന്നു് നമുക്കാശിക്കാം. നാളെ അനേകമനേകം കെർവാൻറീസുമാർ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം. യുദ്ധമെന്നതു് പൊതുസ്ഥലങ്ങളിൽ വെച്ച് ഉച്ചരിക്കാൻ കൊള്ളാത്ത ഒരു പദമായിത്തീരട്ടെ. ഇതെല്ലാം സംഭവിക്കുമെന്നു യാതൊരുറപ്പും തരാൻ ഞാൻ തയ്യാറില്ല. മനുഷ്യൻ വളരുകയാണോ നശിക്കുകയാണോ എന്ന പ്രശ്നത്തിനു് ഉത്തരം പറയാൻ എനിക്കു് കഴിവില്ല. പെനിസിലിനും ആററംബോമ്പും ഒരുമിച്ചുണ്ടാക്കിയ

മനുഷ്യവൎഗ്ഗത്തെപ്പററി അങ്ങനെ എന്തെങ്കിലും തീൎത്തു പറയുവാനുള്ള അവിവേകം എനിക്കില്ല. എന്നുമാത്രമല്ല, വളരുകയോ തളരുകയോ എന്ന പ്രശ്നംതന്നെ യുക്തി വിരുദ്ധമാണെന്നും വരാം. അതുകൊണ്ടു്, നാളെ ഇന്നതു് സംഭവിക്കും എന്നു് ഇവിടെ പറയുന്നില്ല. ഇന്നതു സംഭവിച്ചാൽ കൊള്ളാമായിരുന്നു എന്നു് ആഗ്രഹിക്കുക മാത്രമാണു്. അതു സംഭവിപ്പിക്കാൻവേണ്ടി ചിലതെല്ലാം ചെയ്യാനും കഴിയും. ചെയ്യേണ്ട കാൎയ്യങ്ങളുടെ ഒരു പട്ടിക ഇവിടെ കൊടുക്കാൻ നിവൃത്തിയില്ല. യുദ്ധത്തെ മാനമായ ഒരേപ്പാടായി ഗണിക്കുന്ന സകല ചിന്തകളും മനുഷ്യവൎഗ്ഗത്തിൽനിന്നു മാററിക്കളയാൻ വേണ്ടതു സകലതും ചെയ്യുക എന്നു മാത്രം പൊതുവിൽ പറയാം. ഇന്നു് നാം വെറുക്കുന്നതു് ശത്രുവിനെയാണു്. അതിനു പകരം യുദ്ധത്തെ ത്തന്നെ വെറുക്കാൻ കഴിയണം എന്നു മാത്രം. യുദ്ധത്തെ വാഴ്ത്തുന്ന സാഹിത്യകാരന്മാരെപ്പോലും വെട്ടിക്കൊല്ലരുതെന്നാണെൻെറ പക്ഷം; അവരെ ഭ്രാന്താലയത്തിൽ പൂട്ടിയിട്ടാൽ മതി.

# രാഷ്ട്രീയപ്രവർത്തനവും ആഭാസസാഹിത്യവും

മനുഷ്യർ തെറിപറയുന്നതു് എപ്പോഴാണ്?

ഒരാൾക്കു് മററാരാളോടു് എന്തെങ്കിലും കാരണവശാൽ വിരോധമുണ്ടു്, എന്നിരിക്കട്ടെ. ഇവരിൽ ഒരാൾ ശക്തനും മറെറയാൾ ബലഹീനനുമാണ്. ബലം കൂടിയവൻ രണ്ടാമത്തെവനെ ഒന്നടിക്കുന്നു. എന്തായിരിക്കും ഫലം? അപൂർവ്വം ചിലർ തിരിച്ചടിക്കും, ഭവിഷ്യത്തുകളെ കൂട്ടാക്കാതെ. സാധാരണയായി കാണുന്ന കഥ അതല്ല. അടികൊണ്ടവൻ അപകടമേഖലയ്ക്കു പുറത്തുനിന്നുകൊണ്ടു് കുറെ ഭരണിപ്പാട്ടുകൾപാടി സംതൃപ്തനാകും. അതെ, അശക്തിബോധത്തിന്റെ തുറന്ന പ്രഖ്യാപനമാണു് തെറിപറയൽ.

ഈ പറഞ്ഞകാര്യം രാഷ്ട്രീയപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പരമാർത്ഥമാണ്. മറെറല്ലാ കാര്യങ്ങളിലും രാഷ്ട്രീയകക്ഷികൾ തമ്മിൽ കലഹിക്കും; പക്ഷേ, ഇക്കാര്യത്തിൽ അവയ്ക്കു് പൊതുഐക്യമുണ്ടു്. സ്ത്രീപുരുഷബന്ധത്തെപ്പററി രാഷ്ട്രീയക്കാരുടെ ഉത്തരവിനപ്പുറം കടന്നു് ഒരു സാഹിത്യകാരൻ എന്തെങ്കിലും എഴുതിപ്പോയാൽ ഈ രാഷ്ട്രീയക്കാരെല്ലാം ഒത്തുചേർന്നു് ആർത്തുവിളിക്കുകയായി, 'ആഭാസൻ!' ഈ പരിശുദ്ധന്മാരുടെ നിഘണ്ടുവിലെ പദങ്ങൾ കേട്ടാൽ പൂരപ്പാട്ടുകാർക്കുകൂടി ലജ്ജിച്ചു തലതാഴ്ത്തുകയും ചെയ്യും. യാതൊരു രാഷ്ട്രീയകക്ഷിയും ഈ ആരോപണത്തിൽനിന്നൊഴിവല്ല. അവരോരോരുത്തരും പറയും അവരുടെ എതിർകക്ഷിക്കാരാണു് പുലഭ്യക്കാർ എന്നു്. പക്ഷേ, ഇവരുടെയെല്ലാം പ്രസംഗം കേൾക്കേണ്ടിവരുന്ന ഒരു സാധാരണക്കാരനു് ചെവിപൊത്താതെ നിവൃത്തിയില്ല. എന്താണിതിനു കാരണം? അതു് ആദ്യം പറഞ്ഞതുതന്നെ—അശക്തിബോധം

അഥവാ പരാജയബോധം. ഒരു രാഷ്ട്രീയപ്രവത്തകനും ശരിയായ ഉത്തരം കൊടുക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഉണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ 'ഉത്തരംമുട്ടിയാൽ കൊഞ്ഞനംകാട്ടുക' എന്നാണല്ലോ പ്രമാണം. മററു സന്ദർഭങ്ങളും ഉണ്ടാകും. സ്ഥിരപ്രതിഷ്ഠ ലഭിച്ച ഒരു രാഷ്ട്രീയാശയത്തെ മറെറാരാൾ ചോദ്യംചെയ്യുന്നു വെന്നിരിക്കട്ടെ. ആ വിമർശനത്തിനു ഒന്നാമത്തെ യാൾക്കു് മറുപടിയില്ലെങ്കിൽ അയാൾ തെറിപറയാൻ തുടങ്ങും. ഇക്കാര്യത്തിൽ വിമർശകനും യോഗ്യനല്ല. അയാൾ തെറിപറയുന്ന ഒരു സന്ദർഭമുണ്ടു്. തൻെറ വിമർശനം ഫലിക്കുന്നില്ല എന്നു ബോധമുണ്ടാവുമ്പോഴാണതു്. 'വാദം മുട്ടിയാൽ എതൃവക്കീലിനെ ചീത്ത പറയുക' എന്നൊരു ഇംഗ്ലീഷ് പഴഞ്ചൊല്ലുണ്ടു്.

രാഷ്ട്രീയത്തിൽ മാത്രമാണീ സമ്പ്രദായം എന്നെനിക്കഭിപ്രായമില്ല. ഇന്നത്തെ വിവാഹനിയമങ്ങളെ ഒരാൾ ചോദ്യം ചെയ്താൽ നാമെന്താണു പറയുന്നതു്? അയാൾ മഹാ കീചകനായതുകൊണ്ടാണു് അങ്ങനെയൊരഭിപ്രായം പറഞ്ഞതെന്നു്. നിരീശ്വരവാദികളെപ്പററി സാധാരണയുള്ള ഒരാരോപണം, അവക്കു് ദുർമ്മാർഗ്ഗികളായി ജീവിക്കാൻവേണ്ടിയാണു് നാസ്തികത്വത്തിൽ വിശ്വസിക്കുന്നതെന്നാണു്. സാഹിത്യത്തിലെ കഥ പറയാനുമില്ല. അങ്ങനെ ജീവിതത്തിൻെറ എല്ലാ തുറകളിലും പുലഭ്യം പരാജയപ്പെട്ടവൻെറ ആയുധമാണു്. ഇവിടെ തല്ക്കാലം രാഷ്ട്രീയരംഗത്തെ മാത്രമേ എടുക്കുന്നുള്ളുവന്നുമാത്രം.

തിരുവിതാംകൂറിൽ പോലീസും ജനങ്ങളുമായി ഉണ്ടായ ഒരു സംഘട്ടനത്തെപ്പററി ഒരു നേതാവു് പ്രസംഗിച്ചതു്, ആ സ്ഥലത്തു ബലാൽസംഗം ചെയ്യപ്പെട്ടവരുടെ സ്ഥാനത്തു് താനായിരുന്നെങ്കിൽ പോലീസുകാരുടെ 'മററതു്' കടിച്ചുപറിച്ചുകളയുമായിരുന്നു വെന്നാണു്. ആ പ്രസംഗം കേട്ടിരുന്നവരിൽ ഭൂരിപക്ഷവും കൈയടിച്ചു. പക്ഷേ, ചില നേതാക്കന്മാർ പറഞ്ഞു: അപ്പറഞ്ഞതു തെറിയാണെന്നു്. ഒരു വർഗ്ഗത്തെ ന

ശേഷം ആ നേതാവുതന്നെ (കക്ഷിയൊന്നു മാറി) പ്രസംഗിച്ചു. ആ സംഘട്ടനം നടന്ന സ്ഥലത്തു് സ്ഥാനാർത്ഥിയായിനിന്ന സ്ത്രീ 'ദേശീയ'മാക്കപ്പെട്ടിരിക്കുകയാണെന്നു്. ഒരു വർഷം മുമ്പു് തെറിയെന്നു വിമർശിച്ചവർ കൈയടിച്ചു. കൈയടിച്ചവർ പറഞ്ഞു, 'അയാൾ കള്ളു കുടിച്ചു് തെറി പറയുകയാണു്', ഏതുകക്ഷിയുടെ തെറി ഇരുകൂട്ടരും മനസ്സിലാക്കി. സ്വന്തം തെറി കണ്ടുമില്ല.

ഈ പ്രസ്ഥാനത്തിൻെറ പാരമ്പര്യം വളരെ പഴയതാണു്. മുസ്ലിം ആക്രമണമുണ്ടായപ്പോൾ ഇന്ത്യയിലെ ഹിന്ദുരാജാക്കന്മാർ അവരെ മ്ലേച്ഛന്മാരെന്നു് വിളിച്ചു തൃപ്തിയടഞ്ഞു. ആഭ്യന്തരകലഹങ്ങളും ജീവിക്കാൻ കൊള്ളുകില്ലാത്ത ഒരു ജീവിതവീക്ഷണവുംകൊണ്ടു് അവർ സ്വന്തം നാടിനെ പരാജയപ്പെടുത്തി. ശത്രു അജയ്യനാണെന്ന ബോധം വന്നപ്പോൾ തെറിയെ ആശ്രയിക്കുകയാണു് ചെയ്തതു്. ഇംഗ്ലീഷുകാർ വന്നപ്പോഴും ഇതുതന്നെയുണ്ടായി. ആയുധവും ചുണയുമില്ലാതെ, അവരെ വെള്ളക്കുരങ്ങെന്നും വെള്ളപ്പട്ടിയെന്നും വിളിച്ചു തൃപ്തിപ്പെടുകയായിരുന്നു പതിവു്. ഈ ചിന്താഗതി സ്വാതന്ത്ര്യസമരത്തെ സഹായിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരുവനു ശക്തിയായ പ്രതിഷേധമുണ്ടാകാം. കോപംകൊണ്ടു നിഷ്കരുണം എന്തെങ്കിലും പ്രവർത്തിച്ചുവെന്നുംവരാം, ഭഗത് സിംഗിനെപ്പോലെ. പക്ഷേ, പട്ടിയെന്നും കുരങ്ങെന്നും വിളിക്കുന്നതുകൊണ്ടു് സ്വന്തം സംസ്കാരശൂന്യതയെ മാത്രമല്ല ബലഹീനതയെയുമാണു് കാണിക്കുന്നതു്. നാട്ടുരാജ്യസ്വാതന്ത്ര്യസമരങ്ങളിലും ഇതുതന്നെ കാണുവാനിടയായിട്ടുണ്ടു്. ഒരു പ്രജാപരിഷത്തും ദിവാനുമായിട്ടാണല്ലൊ സംഘട്ടനം. ആയുധമേന്തിയോ അല്ലാതെയോ ഒരു വിപ്ലവം നടത്തുന്നതിനു പകരം എന്താണു് പലയിടങ്ങളിലും ഉണ്ടായതു്. പഠിച്ചുവെച്ചിട്ടുള്ള വൃത്തികെട്ട വാക്കുകളെല്ലാം ദിവാൻെറ തലയ്ക്കെറിയുക. കോഴിക്കോട്ടു് രണ്ടു പത്രങ്ങൾ തമ്മിൽ പരസ്പരം പുലഭ്യം പറഞ്ഞുകൊണ്ടിരുന്ന കാലത്തു് ഇരുകൂട്ടരുടേയും ആരോപണം ഒന്നുതന്നെയായിരുന്നു. മററവൻ തെറിയനാ

ണെന്നു്. പുരോഗമനത്തിനും സദാചാരത്തിനും കുത്തക യെടുത്തിരിക്കുന്ന ഒരു വ്യക്തി നെഹ്റുവിനെ വിമർശിക്കാൻ കണ്ട പ്രധാന കാര്യം അദ്ദേഹം പാമിലാ മൗണ്ട് ബാററനെ ചുംബിച്ചുവെന്നതായിരുന്നു. ഇതുകേട്ടാൽ തോന്നും വർഗ്ഗസമരത്തിൻെറ അടിസ്ഥാനം ചുംബന മാണെന്നു്. യഥാർത്ഥകാരണമല്ലേ? അതെഴുതിയ ആളിന്നു് ബഹുജനങ്ങളിൽ ഒരു വിഭാഗത്തിൻെറ സ്വഭാവമറിയാം. ലേഡീവില്ലിംഗ്ഡനെപ്പററിയും. സി. പി. രാമസ്വാമി അയ്യരെപ്പററിയും അങ്ങനെ മററു പല ആളുകളെപ്പററിയും പറഞ്ഞിരുന്ന കഥകൾക്കു് എന്തു പ്രചാരമുണ്ടായിരുന്നെന്നു് ആ എഴുത്തുകാരൻ മനസ്സിലാക്കിയിട്ടുണ്ടു്.

ഈ സമ്പ്രദായം ഒട്ടും ഫലപ്രദമല്ലെന്നു പറയാനെ നിക്കു ധൈര്യമില്ല. ഒരു ചെറിയവിഭാഗം ജനങ്ങൾക്കു് അതു് രുചിച്ചെന്നുവരും. ഒരുഭാഗം അത്രയധികം പരി ശുദ്ധമാണെങ്കിൽ ശത്രുവിഭാഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തിനു മൂർച്ച കൂട്ടുകയും ചെയ്തേക്കാം. എങ്കിലും അങ്ങനെ സംഭവിക്കുമെന്നു തീർച്ചയാക്കാൻ പാടില്ല. സാധാരണയായി തെറി പറയുന്നതും തെറികേട്ടു രസി ക്കുന്നതും ഭീരുക്കളാണു്. അപശതാബോധമാണു് തെറി പറയിക്കുന്നതെന്നു നാം കണ്ടല്ലോ. എങ്കിലും ഇതു് എല്ലാ രാഷ്ട്രീയ കക്ഷികളും ഉപയോഗിക്കുന്ന ഒരായുധ മായതുകൊണ്ടു് അവരെല്ലാം അതിൻെറ വിജയത്തിൽ വിശ്വസിക്കുന്നുവെന്നുവേണം കരുതാൻ. അതുകൊണ്ടു് അതിൻെറ അനന്തര ഫലങ്ങളെന്തെന്നു് ഒന്നു പരിശോധി ക്കേണ്ടതാവശ്യമാണു്.

എന്താണു് തെറി ഒരായുധമാക്കുന്നതിൽ തെററു്? തെറി പറയുന്നതു് 'പാപ'മായതുകൊണ്ടാണോ, അല്ല. അതു മതപ്രചാരകന്മാരുടെ കാര്യമാണു്, (അവരാണെങ്കിൽ ഈ തൊഴിലിൽ ഒട്ടും പിന്നിലല്ലതാനും.) ഇവിടെ തെറിയെ ഒരു രാഷ്ട്രീയായുധമാക്കരുതെന്നു് പറയുന്ന തിൻെറ കാരണം രാഷ്ട്രീയമാണു്. രാഷ്ട്രീയസമര ങ്ങളിൽ ശത്രുവിനെ വിമർശിക്കുമ്പോൾ ദുർബ്ബലമായി

വിമർശിക്കണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്. ആത്മാർത്ഥമായി ഒരു പരിപാടിയിൽ വിശ്വസിക്കുന്നവൻ തൻെറ ശത്രുവിനെ വിമർശിക്കുമ്പോൾ ഒരു കരുണയും കാണിക്കുകയില്ല; കാണിക്കേണ്ടതുമില്ല. പക്ഷേ, തെറി ശക്തിയായ വിമർശനമാണെന്നു തെററിദ്ധരിക്കരുതെന്നു മാത്രം. തെറി ബലഹീനതയാണ്. "ശക്തിയായ ഭാഷയിൽ ഈശ്വരനെ വിമർശിച്ചു" എന്നാരും കൊടുങ്ങല്ലൂർ ഭരണിയെപ്പററി പറയാറില്ല. പോരെങ്കിൽ തെറിക്കൊരു പ്രത്യേക സ്വഭാവമുണ്ടു്, അതു തിരിഞ്ഞടിക്കും. സ്വന്തം മുഖത്തുതന്നെ അതു വന്നുവീഴും. കേട്ടുനിൽക്കുന്നവരിൽ ഒരു നല്ല വിഭാഗം തെറിപറയുന്നവനെ നോക്കി പുച്ഛമായി ചിരിക്കുകയായിരിക്കും. തൽക്കാലത്തേക്കു ജയം നേടാൻ തെറി സഹായിച്ചേക്കും. ഉദാഹരണമായി 'സ്കങ്കു്' എന്ന ജന്തുവിനെ നോക്കുക. ശത്രുക്കൾ സമീപത്തുണ്ടെന്നു കണ്ടാൽ അതു് ഒരു ഭയങ്കരദുർഗ്ഗന്ധം വമിച്ചുതുടങ്ങും. ആ ദുർഗ്ഗന്ധം സഹിച്ചുകൊണ്ടു് അടുത്തിരിക്കാൻ കഴിയുന്ന ജന്തുക്കൾ ചുരുങ്ങും. അങ്ങനെ 'സ്കങ്കു്' സ്വയം രക്ഷിക്കുന്നു. ഈ സ്വഭാവം മനുഷ്യൻ ചിലപ്പോഴൊക്കെ അനുകരിക്കുന്നതുകൊണ്ടായിരിക്കണം 'തുറി തോല്പിക്കുക' എന്ന പ്രയോഗം ഗ്രാമീണരുടെയിടയിൽ ഉണ്ടായതു് ചാത്തൻസേവയുടെ പ്രധാനകഴിവു് എന്താണെന്നും അന്വേഷിച്ചുനോക്കുക. ഇതൊന്നും ജയിക്കുന്നവൻെറയോ ആത്മവിശ്വാസമുള്ളവൻെറയോ പരിപാടികളല്ല, നിസ്സഹായനായ കോപിഷ്ഠൻെറയാണ്.

ഈ തെററായ രീതി രാഷ്ട്രീയപ്രവർത്തനത്തിൽ അംഗീകരിക്കുന്നതിൻെറ ഫലം തേടി വളരെ അകലെ പോകണ്ട. ഇന്ത്യാവിഭജനം കഴിഞ്ഞു് ഉണ്ടായ സംഭവം നോക്കുക. മുസ്ലീംകളും ഹിന്ദുക്കളും തമ്മിലുള്ള മൽസരത്തെ അടിസ്ഥാനപ്പെടുത്തി പറഞ്ഞ തെറികളുടെയെല്ലാം പരിണതഫലം അന്നാണനുഭവിച്ചതു്. ഒരു വർഗ്ഗക്കാർ മററുവർഗ്ഗക്കാരുടെ മൂക്കും മുലയും ഛേദിച്ചതും, ബലാൽസംഗം ചെയ്തതും എന്തു രാഷ്ട്രീയവിജയത്തിനുവേണ്ടിയായിരുന്നു, എന്തു വർഗ്ഗീയഗുണത്തിനുവേണ്ടി

യായിരുന്നു? സംഭവിച്ചതിതാണ്. ഇരുകൂട്ടരും ന്യായമായ അടിസ്ഥാനത്തിലല്ല നിന്നതു്. അവർക്കു ന്യായമായ യാതൊരു വാദഗതിയും ഇല്ലായിരുന്നു. അതുകൊണ്ടു മ്ലേച്ഛനെന്നും കാഫറെന്നും വിളിക്കുകയല്ലാതെ പരിപാടിയുണ്ടായിരുന്നില്ല. ഇത്തരമൊരു പ്രവർത്തനത്തിൽ പങ്കെടുക്കുന്നവരുടെ മനഃസ്ഥിതി അധഃപതിക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ. ഒരു ജനതയുടെ പുറത്തു കാണുന്ന നിയമങ്ങളും പരിപാടികളും എന്തുതന്നെയായിക്കൊള്ളട്ടെ അവരുടെ യഥാർത്ഥസംസ്ക്കാരമാണ് കാര്യങ്ങളെ നയിക്കുന്നതു്. ഈ വാസ്തവം മനസ്സിലാക്കാതെ തെറികൊണ്ടുമാത്രം ഒരു രാഷ്ട്രം കെട്ടിപ്പടുക്കാമെന്നോ, സാമൂഹ്യവിപ്ലവം നടത്താമെന്നോ വ്യാമോഹിക്കുന്നവരുണ്ടെങ്കിൽ അവക്ക് അവരുടെ ജോലി അറിഞ്ഞുകൂടാ. അവർ അവരുടെ പരീക്ഷണങ്ങൾ നടത്താൻ മനുഷ്യവർഗ്ഗത്തെ പരീക്ഷണശാലയാക്കുകയാണ്; മനുഷ്യനെ ഗിനിപന്നിയാക്കുകയാണ്. ഭീരുവിനു് വിപ്ലവമുണ്ടാക്കാൻ കഴിവില്ല. മനുഷ്യത്വമില്ലാത്ത ഇരുകാലിമൃഗം ഭൂലോകസ്വർഗ്ഗം സൃഷ്ടിക്കുകയുമില്ല. മനുഷ്യസമുദായത്തെ നന്നാക്കുവാൻ ചുമതലയേല്ക്കുന്നതിനു മുമ്പ് ഒന്നു് വ്യക്തമായി ധരിച്ചിരിക്കണം. സംസ്കാരത്തിന്റേയും മര്യാദയുടേയും ഒരു പൊടി നഷ്ടപ്പെടുത്തിയിട്ടു ലഭിക്കുന്ന സ്വർഗ്ഗം സ്വർഗ്ഗമായിരിക്കുകയില്ല.

രണ്ടു വർഷമായി ഇന്ത്യ ഒരു ഡൊമിനിയനായിട്ട്. ഇതിനിടയിൽ നമുക്കു കിട്ടിയ രാഷ്ട്രീയപ്രവർത്തനം അഞ്ചുശതമാനം വിമർശനവും തൊണ്ണൂറഞ്ചു ശതമാനം തെറിയുമായിരുന്നു. ഇങ്ങനെ രാഷ്ട്രം പണിതുണ്ടാക്കിയാൽ ഭാവി ശോഭനമല്ല. ഹിററ്ലർ നൂറുശതമാനം തെറിയുടെ മുകളിലാണ് രാഷ്ട്രം പണിതതു്. വെറുപ്പ്, വിദ്വേഷം വഞ്ചന, അസൂയ, കള്ളപ്രചരണം ഇതെല്ലാംകൊണ്ടു് ഹിററ്ലർ തന്റെ രാഷ്ട്രം അലങ്കരിച്ചു. നമുക്കും അതു കൂടിയേ തീരു എന്നുണ്ടോ?

ഇത്രയും പറഞ്ഞതിനു് എന്നെ തെറിപറഞ്ഞിട്ടു കാര്യമില്ല. കണ്ണാടി വലിച്ചെറിഞ്ഞാൽ മുഖത്തിന്റെ വൈകൃതം തീരുകയില്ലല്ലോ.

# ഫാഷിസ്റ്റ് കമ്യൂണിസം

സമൂഹത്തിൽ സാമ്പത്തികനീതി കൈവരുത്തുന്നതിനുള്ള നിരവധിയായ മാർഗ്ഗങ്ങൾക്ക പൊതുവായ പേരാണ് സോഷ്യലിസം. അതൊരു പഴയ പ്രസ്ഥാനമാണ്. അതിനെ ദാർശനികഘട്ടമെന്നും, ശാസ്ത്രീയഘട്ടമെന്നും ഒക്കെ തരംതിരിക്കുന്നതു് അസംബന്ധമാണ്, അതു് എന്നും ഒരു സ്വപ്നമാണ്; ആയിരിക്കയും വേണം. എല്ലാ ആദർശങ്ങൾക്കും ദാർശനികമായ ഒരു വശമുണ്ടായിരിക്കും. എല്ലാ ആദർശങ്ങൾക്കും ഭാഗികമായി പ്രായോഗികഫലവുമുണ്ടാകും. ദാർശനികമായിട്ടല്ലാതെ സമ്പൂർണ്ണമായി വിജയകരമാവുന്ന ലക്ഷ്യങ്ങളെ ആദർശങ്ങളെന്നു വിളിക്കാറില്ല. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ജീവചൈതന്യമായ ആദർശം ചരിത്രാതീതകാലം മുതൽക്കേ നിലനിന്നുവരുന്ന ഒന്നാണ്—സഹകരണാത്മകമായ ഒരു മനുഷ്യസമുദായം. സംഘം ചേർന്നു മനുഷ്യൻ ചെയ്ത എല്ലാ കർമ്മങ്ങൾക്കും പ്രചോദനം അതുതന്നെയായിരുന്നു. അതിനുവേണ്ടി വിപ്ലവങ്ങൾ ഉണ്ടായിട്ടുണ്ടു്, വ്യക്തികൾ ത്യാഗമനുഷ്ഠിച്ചിട്ടുണ്ടു്. പക്ഷേ, അതിലെല്ലാം പ്രധാനമായ കാര്യം ഈ ആദർശം മനുഷ്യവർഗ്ഗം പൊതുവെ അംഗീകരിക്കയും ചിലപ്പോഴൊക്കെ പ്രയോഗികമാക്കുകയും ചെയ്തു എന്നതാണ്. വചനം രൂപമായി. എല്ലാ നിർമ്മാണപ്രവർത്തനത്തിന്റെയും പുറകിൽ ഒരാശയത്തിന്റെ പിറവിയുണ്ടു്— ഒരു സ്വപ്നത്തിന്റെ; ഒരു വിശ്വാസത്തിന്റെ. ആ മാനസികശക്തിയാണ് സൃഷ്ടിക്കടിസ്ഥാനം. ആദർശത്തെ ഉൾക്കൊള്ളുക, എന്ന ആ മഹാസംഭവമാണ് മനുഷ്യപുരോഗതിയുടെ അന്തരാത്മാവു്. ഇന്നു് സോഷ്യലിസം ജനാധിപത്യത്തോടൊപ്പം ഒരേകീകൃതസാമൂഹ്യാദർശമായിത്തീർന്നുകഴിഞ്ഞിരിക്കുന്നു. ജനാധിപത്യത്തിലെന്നപോലെ അതിലും മാർഗ്ഗാന്തര

ങ്ങളും ഉൾപിരിവുകളും ഉണ്ടു്. വിവേകപൂർവ്വമായ യാതൊരു രാഷ്ട്രീയചർച്ചയിലും ജനാധിപത്യത്തെ മറന്നു സംസാരിക്കുവാൻ നിവൃത്തിയില്ലാത്തതുപോലെ, ഇന്നു സാമ്പത്തികനീതിയെ മറന്നുള്ള രാജ്യതന്ത്രം സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. സോഷ്യലിസം മനുഷ്യസംസ്കാരത്തിൻെറ ഇഴകളിലൊന്നായിക്കഴിഞ്ഞു. മനുഷ്യോചിതമായ സാമൂഹ്യജീവിതം സാധിതപ്രായമാക്കുന്ന സഹകരണമനോഭാവം എന്ന ഉജ്ജ്വലാദർശംകൂടി മനുഷ്യവർഗ്ഗം മുതൽക്കൂട്ടി. അത്രയും നന്നു്.

പക്ഷേ, കഥ അവിടെ അവസാനിക്കുന്നില്ല. മൃഗീയതത്വത്തെക്കാൾ ഭയങ്കരമാണ് ദുഷിച്ചുനാറിയ ആദർശങ്ങളുടെ വിഷം. മനുഷ്യൻ കണ്ടെത്തിയ, അല്ലെങ്കിൽ നിർമ്മിച്ച മററാദർശങ്ങളെപ്പോലെതന്നെ സോഷ്യലിസവും അധഃപതിച്ചെന്നുവരാം. സോഷ്യലിസം ഒഴിഞ്ഞുമാറേണ്ട പഴുകുഴികൾ അനവധിയാണ്. അവയിലേററവും ആപല്ക്കരമായതു് അതിനെ കുത്തകാവകാശമാക്കുകയെന്നതാണ്.

ഈ ആശയം മനുഷ്യൻെറ ദൈനംദിനാവശ്യങ്ങളിൽ നിന്നുത്ഭവിച്ചതായാലും. പ്രതിഭാശാലികളുടെ ഭാവനയിലുദിച്ചതായാലും ഇന്നതു് ജനസാമാന്യത്തിൻെറ അന്തർഗ്ഗതത്തിൻെറ ഒരു ഘടകമായിത്തീർന്നിട്ടുണ്ടു്. അതിന്നു് നിലനില്ക്കുന്നതു് പണ്ഡിതന്മാരുടെ പ്രബന്ധങ്ങളിലോ, ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ പ്രകടനപത്രികയിലോ അല്ല; നീതി എന്ന കേവലാദർശം പുലർത്തിപ്പോരുന്ന മനുഷ്യഹൃദയത്തിലാണ്. അങ്ങനെയുള്ള ഒരു സംസ്കാരവിശേഷത്തിനു്, ഏതെങ്കിലും സംഘക്കാർ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതു് നിരത്ഥകമാണ്— പ്രത്യേകിച്ചും ഗൂഢാലോചനാസ്വഭാവമുള്ള ഒരു രഹസ്യക്കൂട്ടുകെട്ടിൻെറ ഉടമ. സോഷ്യലിസം ഒരു മുദ്രാവാക്യമോ മന്ത്രമോ അല്ല, അതുകൊണ്ടതിന്നു് കോപ്പിറൈററുണ്ടാകാനും വയ്യാ. നമ്മുടെ നിർഭാഗ്യമെന്നു പറയട്ടെ, വസ്തുക്കൾക്കുമാത്രമല്ല, കണ്ടുപിടുത്തങ്ങൾക്കും കലാസൃഷ്ടികൾക്കും സ്വകാര്യസ്വത്തവകാശം നിഷേധിക്കുന്നവർ

ത്തന്നെയാണ്, ആ നിഷേധിക്കലിനു് കുത്തക അവകാശ പ്പെടുന്നതും അതിർത്തിവേലി കെട്ടുന്നതും. ഭൗതിക സമ്പത്തിനു് കുത്തകക്കാരും വിതരണാവകാശികളും ഉണ്ടായിക്കുടെങ്കിൽ വിശ്വവ്യാപകമായ ആദർശ ങ്ങൾക്കു് അതെങ്ങനെ സാദ്ധ്യമാകും? ആദ്യത്തെ മൂന്നു നൂററാണ്ടുകളിലെ ക്രൈസ്തവാദർശവും ഇന്നത്തെ കത്തോ ലിക്കാസഭയും താരതമ്യപ്പെടുത്തി പഠിച്ചിട്ടുള്ളവക്കു് ആദർശകുത്തകയുടെ ഭവിഷ്യത്തു് മനസ്സിലാകും. മനുഷ്യ മനസ്സിൻെറ വ്യാപ്തിയും വാസനയുമനുസരിച്ചു് വികസി ക്കുകയും പ്രായോഗികമാക്കുകയും ചെയ്യേണ്ടവയാണ് ആദ ശ്ശങ്ങൾ. അവയ്ക്കു അതിർവരമ്പുകൾ കെട്ടി കടിഞ്ഞാണിട്ടു് കുരങ്ങാട്ടം കളിപ്പിക്കുന്നതു് ആദർശത്തിൻെറ മൂടുപടമിട്ടു് മുതലെടുക്കുന്ന വിദ്യയാണ്. ഒരാദർശത്തിൻെറ വ്യാപ്തി മുഴുവനും തൻെറ ഉള്ളംകയ്യിൽ ഒതുങ്ങുന്നു എന്നു് വ്യാമോഹി ക്കുന്ന മൂഢൻ മാത്രമാണു് ജനതയ്ക്കും കാലത്തിനും റെയിൽ പ്പാളമിടുന്നതു്.

സോഷ്യലിസത്തിൻെറ വിതരണാവകാശത്തിലെ തക്കം ഒന്നും രണ്ടും മൂന്നും നാലും ഇൻറർനാഷനലുകൾ തമ്മിലാണ് നടന്നതു്. ഇവയിൽ സത്യസഭ ഏതാണെന്ന തക്കം അനേകലക്ഷം രക്തസാക്ഷികളെ ഉണ്ടാക്കി യിട്ടുണ്ടു്. യഥാത്ഥബൈബിൾ ഏതാണെന്നും, വിശുദ്ധ മാർക്സിൻെറ പ്രവചനങ്ങളുടെ കൃത്യമായ വ്യാഖ്യാനം ഏതാണെന്നും, ഏതു നായ്‌വഴിക്കാരാണ് കൈവെപ്പുള്ള വരെന്നും, ഇന്നും വാദവിഷയമാണ്. അക്കായ്യം ഒരു കാലത്തും തീരുമാനിക്കപ്പെടുകയുമില്ല.

ഒന്നാമത്തെ ഇൻറർനാഷനൽ ഒരു പരീക്ഷണ മായിട്ടേ എല്ലാവരും ഗണിക്കുന്നുള്ളു. തൊഴിലാളിപ്രസ്ഥാ നത്തിലെ സാർവ്വലൗകിക സമിതികളുടെ വേരു് ഇവി ടെയാണ്. എങ്കിലും സ്ഥാപകയോഹന്നാൻെറ ഗർജ്ജന ത്തെക്കാൾ ആ പ്രസ്ഥാനത്തിനു ഗുരുത്വമില്ല. തുടർന്നു വന്ന എല്ലാവരും അതിനെ ഉല്പത്തിയായി ഗണിക്കുന്നതു കൊണ്ടുള്ള പ്രാധാന്യമേ അതിനുള്ളു. രണ്ടാമത്തെ ഇൻറർ നാഷനൽ ഇന്നില്ല, ഈ നാട്ടിൽ അറിയപ്പെടുന്നില്ല.

ഏങ്കിലും അതിൻെറ പാരമ്പര്യം വളരെ പ്രചാരമുള്ള ഒന്നാണ്. നോർവേയിലും, സ്വീഡനിലും, ഇംഗ്ലണ്ടിലും, ഫ്രാൻസിലും മററനേകം രാജ്യങ്ങളിലും രണ്ടാം ഇൻറർനാഷനലിൻെറ പ്രചോദനം പ്രയോഗികഫലങ്ങളെ ഉളവാക്കുന്നുണ്ട്. അമേരിക്കയിലെ ന്യൂഡീലും, ബർമ്മയിലെ പരിഷ്കാരങ്ങളും ഇന്ത്യയിലെ നികുതിസമ്പ്രദായവുമെല്ലാം അങ്ങനെയുണ്ടായതാണ്. കുറെയധികം ജനങ്ങളെ ഒരുമിച്ചുചേർത്തു ഭീകരമായ യുദ്ധമുണ്ടാക്കി ലോകത്തെ ഭീഷണിപ്പെടുത്താത്തതുകൊണ്ടു് ഈ പ്രസ്ഥാനത്തെ ആരും ഓർമ്മിക്കുന്നില്ല. കമ്യൂണിസ്ററുകാരുടെ എതിർപ്പൊഴിച്ചു അതിനു് അംഗീകാരമൊന്നും ഇല്ല എന്നുതന്നെ പറയാം. ഉള്ളതു പറഞ്ഞാൽ സാമൂഹ്യനീതിയെന്ന ആദർശം (ഗവണ്മെൻറ് നയമല്ല) പരത്തിയതും പരത്തുന്നതും അവരാണ്. സാധാരണക്കാരനു് 'ഭയത്തോടും വിറയലോടും' അവ നോക്കുവാനുള്ള ഒരു ഗംഭീര സൗധം അവർ പണിതിട്ടില്ലാത്തതുകൊണ്ടു്; അവരുടെ സിദ്ധികൾ ഗൗനിക്കപ്പെട്ടിട്ടില്ലെന്നു വന്നേക്കാം. അവരുടെ പരിപാടികൾ ഒന്നും നൂതനമാനമല്ല. അവയിപ്പോഴും ഭാഗികം മാത്രമാണ്. അവർ പരാജയപ്പെടാറുമുണ്ടു്. പക്ഷേ, അവർ ആ വക പരാജയങ്ങളെ മൂടിവെയ്ക്കുവാൻ ശ്രമിക്കാറില്ല. അതിനുത്തരവാദിത്വമേൽക്കാൻ കുരുതിയാടുകളെ കണ്ടുപിടിക്കാറുമില്ല. ഉറച്ച ഒരു മതമായി അവർ സോഷ്യലിസത്തെ കെട്ടിപ്പടുത്തില്ല. അതൊരു കുറവായി ഗണിക്കുന്നവർക്കു് അവരുടെ പ്രസ്ഥാനത്തെ അംഗീകരിക്കാൻ വയ്യ. പക്ഷേ, അതുകൊണ്ടവർ ആ ലക്ഷ്യത്തിൽ നിന്നു പോയി എന്നു ഗണിക്കേണ്ടതില്ല. അവർ മനുഷ്യരെ മാററിത്തീർക്കാൻ ശ്രമിക്കുകയാണ്, യന്ത്രങ്ങളാക്കിയിട്ടല്ല. അവരുടെ പരാജയം മൂന്നാം ഇൻറർനാഷനലിൻെറ സമ്പാദ്യങ്ങളോടു തട്ടിച്ചു നോക്കേണ്ടതാണ്. കുറെയൊക്കെ സാധിക്കുകയും അതിലേറെ പെരുമ്പറയടിക്കുകയും ചെയ്ത മൂന്നാം ഇൻറർനാഷനൽ മനുഷ്യവർഗ്ഗത്തിനു കൊടുത്ത സംഭാവന സ്നേഹപൂർണ്ണമായ ഒരാദർശത്തെ മാരകമായ ഗൂഢതന്ത്രമാക്കിത്തീർക്കുക എന്നതായിരുന്നു.

മൂന്നാം ഇൻററർനാഷനൽ റഷ്യൻരാഷ്ട്രത്തിൻെറ സൃഷ്ടിയാണ്. അതോടുകൂടി സോഷ്യലിസ്റ്റ് തത്വസംഹിതയെ വ്യാഖ്യാനിക്കാനുള്ള അവകാശം ലോകത്തിലെ അനൗദ്യോഗിക ചിന്തകന്മാരുടെ കൈയിൽനിന്ന് ഒരു രാഷ്ട്രം ഏറെറടുത്തു. അവിടത്തെ വിദേശവകുപ്പും ആഭ്യന്തരവകുപ്പും അതു പങ്കിട്ടനുഭവിച്ചു. ഒരു രാജ്യത്തിൻെറ (അതു സോഷ്യലിസ്റ്റായാലും അല്ലെങ്കിലും) അന്തർദ്ദേശീയനയങ്ങൾ എപ്പോഴും വിപ്ലവതത്വത്തിനു യോജിച്ചിരിക്കയില്ല. ഹിററ്ലറും റഷ്യയുമായുള്ള സഖ്യം തത്വദൃഷ്ട്യാ നിഷിദ്ധമാണ്. പക്ഷേ, റഷ്യയുടെ രാഷ്ട്രീയാവശ്യമായിരുന്നു; അതു നടക്കുകയും ചെയ്തു. എന്നുവെച്ചാൽ രാജ്യതാല്പര്യങ്ങളും തത്വസംഹിതയും തമ്മിൽ വൈരുദ്ധ്യം വരുമ്പോഴൊക്കെ ആദ്യം പറഞ്ഞതിനു മുൻഗണന നൽകേണ്ടിവരുമെന്നർത്ഥം. അതേകാരണംകൊണ്ടുതന്നെയാണ് മൂന്നാം ഇൻറർനാഷനൽ പിരിച്ചുവിട്ടതു്. മററു രാജ്യങ്ങളിലെ വിപ്ലവപ്രവർത്തനമെല്ലാം റഷ്യയുടെ രക്ഷയ്ക്കു വേണ്ടി നിറുത്തിവെയ്ക്കേണ്ടതാണെന്നു വന്നാൽപ്പോലും ഇൻററർനാഷനൽ പിരിച്ചുവിടാൻ സ്റ്റാലിന്നധികാരമുണ്ടായിരുന്നില്ല. അതുകൊണ്ടു് അതിനു് ഒരു താത്വികമൂടുപടം കൊടുത്തു. അതാണ് റൊഹററാൻ തത്വസംഹിത—അഥവാ സഹവർത്തിത്വം. ഈ വിശദീകരണത്തെ നീതികരിച്ച അതേ ശാസ്ത്രംതന്നെയാണ് അതിനെ തെററെന്നു തള്ളി രണ്ടടിവെപ്രസ്ഥാനം ആരംഭിച്ചതു്. അതിനു് അനുഗ്രഹംകൊടുത്ത കോമിൻഫോം (അഞ്ചാം ഇൻറർനാഷനൽ എന്നു വിളിക്കാം) നിലവിൽ വന്നതും അതേ ശാസ്ത്രം (മാർക്സിൻേറതല്ല റഷ്യൻ വിദേശശാസ്ത്രം) അനുസരിച്ചാണ്. അങ്ങനെ തെററ് രണ്ടാംപ്രാവശ്യവും തിരുത്തി. തിരുത്തിയതിനെ മധുരയിൽവച്ച് ഒന്നുകൂടി തിരുത്തി പാർലിമെൻറി ഡെമോക്രസി അംഗീകരിക്കുക എന്ന പതനത്തിലെത്തി. ഈ ഓരോ തെററിനും തിരുത്തലിനും അനേകർ ബലിയായി. ഒരു ശതാബ്ദം മുമ്പ് അരോ എഴുതിയ വാചകത്തിൻെറ വ്യാഖ്യാനത്തെപ്പററിയുള്ള വിവാദം രക്തപ്പുഴകളിലവസാനിക്കുന്നെങ്കിൽ

ആദർശങ്ങാം അക്കൂട്ടത്തിലൊഴുകിപ്പോകാതിരിക്കയില്ല. അല്ലെങ്കിൽ സ്പാനിഷ് ഇൻക്വിസിഷനാണ് ക്രിസ്തുവിൻെറ യഥാർത്ഥ അവകാശി എന്നു വരും. സംഘടനയോ സംരക്ഷണമോ ആവശ്യമില്ലാത്ത തരത്തിൽ വിശാലമായിത്തീൎന്ന ഒരാശയത്തെ ഗൂഢാലോചനയാക്കിത്തീൎത്തതാണവരുടെ തെററ്. റോമയും അന്ത്യോഖ്യയും കൊൻസ്റ്റൻറിനോപോലീസുമെല്ലാം നടത്തിയ വടംവലിയുടെ പ്രതിദ്ധ്വനികളാണ് മോസ്കോ വിചാരണകളും, മാവോയുടെ മുടക്കം, യൂഗോസ്ലോവിയൻ വേദവിപരീതവും. ഹാവായ്ദ്വീപിൽ മര്യാദക്കാരനായി ജീവിക്കുന്ന ഒരു കാപ്പിരിക്ക് മോക്ഷം ലഭിക്കണമെങ്കിൽ റോമയിൽനിന്നു് ഏച്ചുകെട്ടി, ഏച്ചുകെട്ടി അവിടെയെത്തിയ ഒരു പുരോഹിതസ്പർശം കൂടിയേ തീരൂ എന്നു വന്നാൽ കയ്യാഫാസ് ജയിച്ചു. ഇന്ത്യയിലെ പഞ്ചവത്സരപദ്ധതികാം അംഗീകൃതമാവണമെങ്കിൽ മോസ്കോയുടെ ഇമ്പ്രിമാത്തൂർ വേണമെന്നു വന്നാൽ, സംഘടിതസോഷ്യലിസം ഒരാദർശമല്ലാതായിത്തീൎന്നിരിക്കുന്നുവെന്നാണു തെളിയുന്നതു്. ഇതാണ് മൂന്നാം ഇൻറർനാഷനലിൻെറ വിജയം—സോഷ്യലിസത്തെ യുദ്ധപ്രചരണത്തിനുള്ള മുദ്രാവാക്യമായും നാട്ടുകാരെ വഞ്ചിക്കുന്നതിനുള്ള ഉപാധിയായും അധഃപതിപ്പിച്ചുവെന്നതു്. 'സോഷ്യലിസ്ററ് രാഷ്ട്ര'ത്തിൽനിന്നു് സോഷ്യലിസത്തെ രക്ഷിക്കാനുത്ഭവിച്ച ഒരു സംഘടനയാണ് നാലാമത്തെ ഇൻറർനാഷനൽ. സമർത്ഥനായ ഒരു വ്യക്തിയുടെ വഴിപിഴച്ച പരിശ്രമം എന്നതിൽ കവിഞ്ഞു് അതിനു് ചരിത്രത്തിൽ സ്ഥാനമില്ല. ഗൂഢാലോചനയിൽനിന്നു് മുക്തിനേടാൻ, അതിലും ഗൂഢമായ ഒരു ഗൂഢാലോചന! രണ്ടാം ഇൻറർനാഷനലിൻെറ അസംഘടിതാവസ്ഥയും മൂന്നാം ഇൻറർനാഷനലിൻെറ ഭീകരസ്വഭാവവും നാലാം ഇൻറർനാഷനലിൻെറ പരാജയവും സോഷ്യലിസ്ററാദർശത്തെ നശിപ്പിച്ചു എന്നു ഗണിക്കുന്നവരുണ്ടു്; അതു ശരിയല്ല. സാമൂഹ്യനീതി എന്നതു മനുഷ്യസംസ്കാരത്തിൽനിന്നു് ഇനി പറിച്ചുകളയാനാവില്ല. അതു നമ്മുടെ

പൊതുസ്വത്തായിക്കഴിഞ്ഞിരിക്കുന്നു. ആവശ്യമില്ലാത്ത രക്ഷാധികാരത്വം അതിന്മേൽ വെച്ചുകെട്ടാൻ ഇറങ്ങിത്തിരിക്കുന്നവർ ഒന്നുകിൽ പരാജയപ്പെടും അല്ലെങ്കിൽ മനുഷ്യദ്രോഹികളായിത്തീരും എന്നുമാത്രമേ തെളിഞ്ഞിട്ടുള്ളു.

സോഷ്യലിസ്റ്റാദർശത്തിന്റെ നിർഭാഗ്യകരമായ ഈ അനുഭവത്തെ അല്പംകൂടി വ്യക്തമായി മനസ്സിലാക്കാം. ഒരു നൂററാണ്ടിനുമുമ്പു, കാറൽമാർക്സ് എന്നൊരു ജർമ്മൻ ചിന്തകനും, എംഗെൽസ് എന്നൊരു വ്യവസായിയും ചേർന്നു യൂറോപ്യൻ ജനതയുടെ കെടുതികൾക്കു് ഒരു പ്രതിവിധി നിർദ്ദേശിച്ചു. രാഷ്ട്രീയാധികാരമെന്നതു സാമ്പത്തികാധികാരത്തിന്റെ പ്രതിഫലനം മാത്രമാണെന്നും, ഫ്യൂഡൽവർഗ്ഗത്തിൽനിന്നു് അധികാരം മുതലാളി വർഗ്ഗത്തിലേക്കു സംക്രമിച്ചതുപോലെ അതു് അവരിൽനിന്നു തൊഴിലാളികളിലേക്കു സംക്രമിച്ചാൽ മനുഷ്യവർഗ്ഗത്തിന്റെ യാതനകൾ എല്ലാം അവസാനിക്കുമെന്നതുമായിരുന്നു അതു്. സ്വകാര്യസ്വത്തവകാശമാണു് അനീതിയുടെ ഉറവിടം. ഒരു തൊഴിലാളി സർവ്വാധിപത്യംകൊണ്ടു് ആ അവകാശം അടിച്ചുടയ്ക്കണം. അപ്പോൾ മററു നയതന്ത്രമായ ഭരണകൂടവും ക്ഷയിച്ചു മനുഷ്യൻ സ്വതന്ത്രനാകും. ഈ ചിന്താഗതിക്കു പ്രചോദനം നൽകിയതു ഫ്രഞ്ചു് സോഷ്യലിസ്റ്റു് പ്രസ്ഥാനമാണെന്നവർ പറഞ്ഞു. അതിന്റെ സാമ്പത്തികവശം ഇംഗ്ലണ്ടിൽ വളർന്നുവന്നധനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണു് പാകപ്പെടുത്തിയതു്. അതിനെല്ലാം പൊതുവായ തത്വശാസ്ത്രം ജർമ്മൻചിന്തയിൽനിന്നും എടുത്തു. നിഷ്കൃഷ്ടമായ ഗവേഷണങ്ങൾക്കുശേഷം 'മൂടക്കുമുതൽ' എന്നൊരു ഗ്രന്ഥം രചിക്കപ്പെട്ടു. അതിലാണ് 'മിച്ചവില'യുടെ തത്വം ആവിഷ്കരിക്കപ്പെട്ടതു്. ഈ തത്വമനുസരിച്ചു് ഏതെങ്കിലും ഒരു വസ്തു ഉല്പാദിപ്പിക്കുന്നയാൾക്കു തന്റെ ഉല്പന്നത്തിന്റെ ഒരംശം മാത്രമേ ലഭിക്കുന്നുള്ളു. ശിഷ്ടമുള്ളതെല്ലാം മുതൽ മുടക്കിയ മുതലാളി കൈവശപ്പെടുത്തുന്നു. മുടക്കുമുതൽതന്നെ ഇത്തരം ചൂഷണത്തിൽനിന്നുണ്ടായതാണു്. ഈ മുടക്കുമുതൽ അവരിൽനിന്നു ബലമായി

ട്ടേടത്തു സമുദായത്തിൻെറ പൊതുസ്വത്താക്കണം. അതങ്ങനെയായിത്തീരുമെന്നതു് അനിവാര്യവുമാണ്. കാരണം, ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികഠം സംഘടനയുടെ ബലം മനസ്സിലാക്കി ഒടുവിൽ അവർ ഭൂരിപക്ഷത്തിൻെറ ശക്തിയുപയോഗിച്ചു് അധികാരം കൈവശപ്പെടുത്തും. ഈ സംഭവത്തിനു വിപ്ലവമെന്നു പേർ.

ആവശ്യവും അനിവാര്യതയും അങ്ങനെ തെളിയിച്ചു് വിശ്വാസവും പ്രത്യാശയും നൽകുന്ന ഒരാഹ്വാനം അദ്ദേഹം നൽകി. ഈ പുതിയ വഴിത്തിരിവിനു 'ശാസ്ത്രഘട്ടം' എന്നു പേരും കൊടുത്തു.

വളർന്നുവരുന്ന യൂറോപ്യൻ വ്യവസായയുഗത്തിൽ, യൂറോപ്പിനു പുറമേ കണ്ണു പോകാൻ വിഷമമായിരുന്ന ഒരു കാലത്തു്, ഫാക്ടറികളിലെ തൊഴിലാളികളുടെ ദയനീയാവസ്ഥ കണ്ടു വേദനിച്ച ആദർശശാലികഠംക്കു് ഈ സന്ദേശം വളരെ ഉന്മേഷം നൽകി; അതു പ്രചരിച്ചു. അനന്തരമുണ്ടായ അന്താരാഷ്ട്രീയതൊഴിലാളിസംഘടനയുടെ (ഒന്നാം ഇൻറർ നാഷനൽ) ജീവനാഡി ഈ 'സുവിശേഷ'മായിരുന്നു. ഏതു പ്രസ്ഥാനത്തിനും ചില അടിസ്ഥാനപ്രമാണങ്ങഠം ഉണ്ടായിരിക്കുന്നതു നല്ലതുതന്നെ. പക്ഷേ, അത്തരമൊരു രേഖയെ ബൈബിളാക്കി മാററിയതാണു കൊള്ളരുതായ്ക.

യാതൊരു സാമൂഹ്യശാസ്ത്രത്തിലും അച്ചട്ടായ നിയമങ്ങഠം നിലനിൽക്കുകയില്ല. ഭൗതികശാസ്ത്രത്തിൽ സ്വബുദ്ധിയില്ലാത്ത വസ്തുക്കളുടെ രാസവിശേഷങ്ങഠം വിഷയമായിരിക്കുന്നു. അതല്ലെങ്കിൽ പ്രപഞ്ചത്തിലെ ശക്തിവിശേഷങ്ങഠം, ഇവയ്ക്കൊന്നിനു സ്വാതന്ത്ര്യമായി പ്രവർത്തിക്കാനുള്ള കഴിവില്ല. മനുഷ്യനാകട്ടെ എത്രമാത്രം പരിതഃസ്ഥിതികളുടെ അടിമയായിരുന്നാലും, കുറച്ചു സ്വാതന്ത്ര്യമായി പ്രവർത്തിക്കാം. അതുകൊണ്ടു് ഒരുകാലത്തുണ്ടാവുന്ന നിയമങ്ങഠം അപൂർണ്ണമെന്നു വന്നു കൂടാനിടയുണ്ടു്. മാർക്സിൻെറ കാലത്തെ പല അനുമാനങ്ങളും ഇന്നു നിലവിലില്ല. ഉദാഹരണമായി 'സാമ്പത്തികമനുഷ്യൻ' എന്ന സങ്കല്പം. എങ്കിലും പഴയ അനുമാനങ്ങഠം വിശ്വസത്യ

ങ്ങളെന്ന മട്ടിൽ തുടരുകയാണ്. മാർക്സിൻെറ തത്വസംഹിതയനുസരിച്ചാണെങ്കിൽ വ്യവസായം പുരോഗമിക്കുന്ന നാടുകളിലാണ് തൊഴിലാളിവിപ്ലവം നടക്കേണ്ടതു്. പക്ഷേ, കാർഷികപ്രധാനങ്ങളായ റഷ്യ, ചൈന, ഹങ്കറി, പോളണ്ട്, യൂഗോസ്ലാവിയാ മുതലായ രാജ്യങ്ങളിലാണ് അതു വിജയിച്ചതു്. (ചെക്കോസ്ലാവാക്കിയായിൽ വിപ്ലവമേ ഉണ്ടായില്ല.) സാമ്രാജ്യത്വകാലഘട്ടത്തെപ്പററി മാർക്സിന്നു് എന്തെങ്കിലും പറയാനുണ്ടായിരുന്നെങ്കിൽ ലെനിൻെറ പ്രസിദ്ധമായ ഗ്രന്ഥം എഴുതേണ്ടിവരുമായിരുന്നില്ല. പുത്തജധാധിപത്യവാദവും മാർക്സിൻെറ തത്വങ്ങാംക്കു വിരുദ്ധമാണ്. ഏക രാഷ്ട്രസോഷ്യലിസവും 'മൂഢന്മാർ' എന്നു മാർക്സ് നാമകരണംചെയ്ത കൃഷിക്കാരുടെ അവകാശവാദങ്ങളും, മതത്തിനുകൊടുക്കുന്ന സ്വാതന്ത്ര്യവും ഒന്നും 'തൊഴിലാളിസർവ്വാധിപത്യ'ത്തോടു പൊരുത്തപ്പെടുന്നവയല്ല. എങ്കിലും അതുപോലെ പലതും മാർക്സിനോടൊപ്പം സ്വീകരിക്കുന്നു. സാമ്രാജ്യയുദ്ധവിരുദ്ധം, ജനകീയയുദ്ധം, പാക്കിസ്ഥാൻ സ്ഥാപനം, റേഷൻ കമ്യൂണിസം, ഫാഷിസ്ററ് വിരുദ്ധനിസം, സോവ്യററു സുഹൃത്പ്രസ്ഥാനം, തൊഴിലാളി മുതലാളി സഹകരണം, ഉൽപ്പാദനസമരം, സഹവർത്തിത്വം, ഇൻററർ നാഷനൽപിരിച്ചുവിടൽ, കോമിൻഫോം നട്ടുവളർത്തൽ, ബ്രൗഡറിസം, ആസിഡ്ബാംബ്, ശബരിമല ക്കേസ്, നെഹ്രുവിൻെറ വിദേശനയം ഇവയെല്ലാം അവസരമനുസരിച്ച് ഒരുപോലെ 'ശാസ്ത്രീയ'മാണെന്നു വന്നാൽ 'ശാസ്ത്രീയ'പ്രയോഗത്തിൻെറ അർത്ഥമെന്താണാവോ. ശാസ്ത്രം അവസരത്തിനനുസരിച്ച്, അതു ഏതു രാഷ്ട്രത്തിൻെറ വിദേശനയമനുസരിച്ചായാലും, വ്യക്തിയുടെ അധികാരമത്സരമനുസരിച്ചായാലും ഉരുളുന്ന ഒരു ചക്രമല്ല. അവർ പറയുന്നതെല്ലാം ശാസ്ത്രമാണ്! ശാസ്ത്രമെന്നു പറഞ്ഞാൽ മാർക്സ് എന്നർത്ഥം. മാർക്സിനു തെററാൻ പാടില്ലാതാനും. തെററായ ഒരു ധാരണ വെച്ചുപുലർത്തുന്നു എന്നതല്ല ഇവിടെ കുഴപ്പം. ഒരു മനുഷ്യദൈവത്തെ സൃഷ്ടിച്ചു സാധാരണ ബുദ്ധിക്കുപോലും തെറെറന്നു ബോധ്യ

മായിട്ടുള്ള അനുമാനങ്ങൾ സനാതനസത്യമെന്നു വച്ചു പുലർത്തുക എന്നതാണ് തെററ്. അതു സമുദായത്തോടു ചെയ്യുന്ന വഞ്ചനയാണ്. ഉത്തരവാദപ്പെട്ട യാതൊരു തത്വജ്ഞാനിയും മാർക്സിനെ ഫിലോസഫറായിട്ടെണ്ണുന്നില്ല. അദ്ദേഹമാണ് മനുഷ്യചിന്തയുടെ ആരംഭമെന്നു സ്ഥാപിച്ചേ അടങ്ങു എങ്കിലോ! ധനശാസ്ത്രവും രാജ്യതന്ത്രവും മനശ്ശാസ്ത്രവുമെല്ലാം കഴിഞ്ഞ നൂറുവർഷംകൊണ്ടു് എത്രമാത്രം പുരോഗമിച്ചു എന്നറിയുന്നവർക്കു്, അതിനും മുമ്പ് കല്പാന്തകാലംവരേക്കുമുള്ള സാമൂഹ്യജാതകം എഴുതാൻ കഴിയുമെന്നു പറയുന്നതിനപ്പുറം മൗഢ്യമുണ്ടോ? ഡാർവ്വിനു മുമ്പാണ് മാർക്സ് എന്നു് എത്രപേക്കറിയാം. കഴിഞ്ഞ ഒരു നൂററാണ്ടിലെ സകല ശാസ്ത്രീയവളർച്ചയും (പരിണാമവാദം, പരമാണുശാസ്ത്രം, ഉപബോധമനസ്സ്, സഹകരണതത്വം മുതലായതെല്ലാം) അതിനുമുമ്പുള്ള ഒരു മുദ്രാവാക്യത്തിലന്തർഭവിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ ആ വാദവും 'ഓം' എന്നതിലെല്ലാം അടങ്ങുന്നു എന്ന വാദവും തമ്മിൽ എന്താണു വ്യത്യാസം?

മാർക്സിൻെറ വാദങ്ങൾ ദിവ്യമായി അംഗീകരിച്ചിട്ടില്ലെന്നു ചില സമയങ്ങളിൽ പറയും. (പക്ഷേ, മാർക്സിൽ എന്തെങ്കിലും പിശകു വന്നിട്ടുണ്ടെന്നോ വരാമെന്നോ സമ്മതിക്കുകയില്ല.) അതിനു പുതുജനാധിപത്യവും മററും തെളിവായി ചൂണ്ടിക്കാണിക്കും. 'മാർക്സ് കാണിച്ച വഴിയിൽക്കൂടി മാർക്സിസത്തെ വളർത്തി' എന്നാണതിനു വിശ്വാസികളുടെ ഭാഷ. മാർക്സ് കാണിച്ച വഴിതന്നെ വിശ്വസത്യമാണെന്നാരു പറഞ്ഞു? ചിന്ത ആ മനുഷ്യനോടുകൂടി അവസാനിച്ചിട്ടില്ല. അതു വളരും. അതിനെന്തിനു കടിഞ്ഞാണിടുന്നു? പുതിയ തത്വങ്ങളും പരിപാടികളും അംഗീകരിക്കുന്നതു ശരിയാണെങ്കിൽ കൂട്ടത്തിലാരും വായിക്കാറില്ലാത്ത ഈ ബൈബിൾ പിടിച്ചാണയിടുന്നതെന്തിന്? വിശ്വാസികളുടെ ഉത്തരം എന്തെങ്കിലുമാകട്ടെ. യഥാർത്ഥമിതാണ്: സുവിശേഷത്തിനു ഭാഷയെഴുതാൻ ചുമതലപ്പെട്ടവരുണ്ടു്. ആ തൊഴിൽ ശൂദ്രൻെറ കൈയിൽ ചെന്നുചാടിയാൽ വളർന്നുവരുന്ന

കമ്യൂണിസ്റ്റ് ബ്രാഹ്മണ്യത്തിൻെറ അധികാരം ചോദ്യം ചെയ്യപ്പെട്ടേക്കാം. ഏതധികാരയന്ത്രത്തിനും വിശ്വാസ പ്രമാണമുണ്ടായിരിക്കണം. സാക്ഷിയിൻപെട്ടകത്തിന്ന തെരഞ്ഞെടുത്ത വാഹകരും വേണം.

വേണ്ടേ? വേണം. തീച്ചയായും വേണം. വ്യക്തമല്ലാത്തതു വ്യാഖ്യാനിക്കാനാളു വേണം! പക്ഷേ, ഈ നേതൃത്വം ഒരു പൗരോഹിത്യമായിത്തീരാമെന്ന കഥ മറന്നുകൂടാ. ജനങ്ങൾക്ക് സ്വയം എല്ലാക്കാര്യവും ചെയ്യാൻ കഴിവില്ലെന്ന വാസ്തവമാണല്ലോ നേതൃത്വത്തിൻെറ നീതീകരണം. അതുകൊണ്ടുതന്നെ, ജനതയെ ഭ്രമിപ്പിച്ച് ചട്ടമ്പിത്തരത്തിനുപയോഗിക്കാനുള്ള സൗകര്യവും ലഭിക്കുന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ. ആദർശം നടപ്പിലാക്കാനുള്ള നേതാക്കളെ അംഗീകരിച്ചുകൊള്ളൂ. പക്ഷേ, ആദശം അവരുടേതു മാത്രമല്ല. ആദശങ്ങൾ ജീവിക്കുന്നതും പുഷ്പിക്കുന്നതും മനുഷ്യഹൃദയങ്ങളിലാണ്. കേന്ദ്രക്കമ്മററികളിലല്ല. ജനതയാണവയെ വളത്തേണ്ടതു്. ആദർശങ്ങൾ വളത്തുവാൻ സംഘടനകൾ ഉണ്ടാവാം. പക്ഷേ, സംഘടനയുടെ നിലനില്പിനുവേണ്ടിയുള്ള പരസ്യപ്പലകകളായി അവ അധഃപതിക്കരുതെന്നുമാത്രം. അങ്ങനെയായാൽ ആദർശം മനുഷ്യനിൽനിന്നു് അകന്നു വെറും കൂടാശകളായിത്തീരും. മററു മതങ്ങളും ആചാരമാത്രങ്ങളായിത്തീന്നതു് ഇങ്ങനെയാണ്. അയൽക്കാരനെ സ്നേഹിക്കുന്നില്ല, ശത്രുവിനോടു പൊറുക്കുന്നില്ല, ഇല്ലാത്തവനു കൊടുക്കുന്നില്ല; പക്ഷേ, മാമ്മോദീസായുണ്ടു്, കർബാനയുണ്ടു്, കുമ്പസാരമുണ്ടു്. ക്രിസ്തു ഒരു സംഘടനയുടെ അഗ്രത്തിരിക്കുന്ന വില്പനച്ചരക്കായിത്തീന്നു.

ബുദ്ധിയും അറിവുമെല്ലാം കൈവെപ്പു സിദ്ധിച്ച ഒരു ന്യൂനപക്ഷത്തിൻെറ കൈയിലിരിക്കുന്ന രാഷ്ട്രീയത്തിൻെറ പേർ ഫാഷിസമെന്നാണ്—'ഫൂറ'റും അസിസ്റ്റൻറു ഫൂറർമാരുമാണ് അവിടെ മനുഷ്യരെ ഭരിക്കുന്നതു്. മുകളിൽനിന്നു് അധികാരം, താഴെനിന്നു് അനുസരണം എന്നാണു തത്വം. അങ്ങനെ ചോദ്യം ചെയ്യാതെ അനുസരിച്ചാൽ അതുകൊണ്ടു് ബുദ്ധിയും ലഭിക്കുമത്രേ.

സർവ്വവിജ്ഞാനവും അങ്ങനെ കൈക്കലാക്കാം. ജന്നിംഗ്സിനേക്കാൾ രാജ്യതന്ത്രം, കീൻസിനേക്കാൾ ധനശാസ്ത്രം, റസ്സലിനേക്കാളധികം തത്വശാസ്ത്രം! എത്ര എളുപ്പമായ മാർഗ്ഗം. കണ്ടമാനം ധൂർത്തടിച്ച് ദീപാളികുളിച്ച് 'ദുഷിച്ചു നാറിയ സമുദായഘടന'യെ തെറിപറഞ്ഞു് രക്തസ്നാനം ഏററുകഴിഞ്ഞ ഒരുവൻ ഞെളിഞ്ഞുനിന്നു് ലോകത്തിനു ജ്ഞാനമോതുകയാണ്: റോളണ്ട് അസ്ഥിരബുദ്ധിയാണ്, ഫ്രോയിഡ് ഞരമ്പുരോഗിയാണ്, ഗാന്ധി ഒററുകാരൻ ബനിയനാണ്, , ഇവരുടെ കൈയിലിരിക്കുന്നതു് ശാസ്ത്രമല്ല. സൂപ്പർ ശാസ്ത്രമാണു്—ശാസ്ത്രങ്ങളുടെയെല്ലാം തക്കോൽശാസ്ത്രം. അതറിഞ്ഞുകഴിഞ്ഞാൽ പിന്നെ സകലതുമറിയാം. അറിയുവാനുള്ള മാർഗ്ഗവും വളരെ ലളിതമാണ്—മാനസാന്തരം മാത്രം.

ജനായത്തത്തെ നിഷേധിക്കുന്ന ഏതു രാഷ്ട്രീയവും, ലേബലെന്തൊട്ടിച്ചാലും. ഫാസിസം തന്നെ. വിശദീകരണം, വ്യാഖ്യാനം, ടിപ്പണി മുതലായവ ലക്ഷ്യത്തെ മൂടിക്കളയരുതു്. സോവിയററുയൂണിയൻ അപകടത്തിലാവുമ്പോൾ മാർക്സിസം ജീവകാരുണ്യത്തെ ആദരിക്കും, റേഷൻ വിതരണത്തിനു് പ്രസംഗിക്കും, പട്ടാളത്തിലേക്കു് ആളുപിടിക്കും. ദേശീയവിമോചനസമരവും വിപ്ലവവും നീട്ടിവെയ്ക്കും. യുദ്ധം കഴിഞ്ഞാൽ ഭാഷ്യം മാറി, ജീവകാരുണ്യത്തെ പുച്ഛമായി. ആസിഡ് ബോംബുകൾ ശേഖരിക്കുന്നു. അതു പരാജയപ്പെടുമ്പോൾ പിന്നെയും ഭാഷ്യം മാറും. സമാധാനപ്രസ്ഥാനമായി, വോട്ടുപിടുത്തമായി: ഇങ്ങനെ യാതൊരു സത്യദീക്ഷയുമില്ലാതെ രാഷ്ട്രീയ തോന്ന്യാസം കാണിക്കുന്നതെല്ലാം ഒരാദർശത്തിനുവേണ്ടിയാണത്രേ. എല്ലാം സോഷ്യലിസത്തിനുവേണ്ടി! പക്ഷേ, അക്കൊടിയുമേന്തി നടന്നിരുന്നവരിൽനിന്നാണു് മുസ്സോളിനിക്കും ഹിററ്ലറിനും സഖാക്കളെ കിട്ടിയതെന്നു് ചരിത്രം പറയുന്നു. ഫാഷിസം മുതലാളിത്തശാസ്ത്രമല്ല. നിരാശരായ ഇടത്തരക്കാരുടെ പ്രതികാരപ്രസ്ഥാനമാണ്. സോഷ്യലിസ്ററ്പ്രസ്ഥാനം (പ്രത്യേകിച്ചും അതു് ഇടത്തരക്കാരുടെ നേതൃത്വത്തിലായിരിക്കുമ്പോൾ)

ഫാഷിസ്ററായി തിരിയുക എന്നതു് അസാദ്ധ്യമല്ല, അസാധാരണവുമല്ല. ഫാഷിസ്ററുകാർ ജീവിതസൗകര്യങ്ങൾക്കുവേണ്ടി വാദിക്കുന്നു. മുതലാളിത്തത്തെ എതിർക്കുന്നു. ദിവ്യ വെളിപാടു് അവകാശപ്പെടുന്നു. സർവ്വജ്ഞഭാവം അഭിനയിക്കുന്നു. ഭിന്നചിന്താഗതിക്കാരെ രക്തത്തിലൊഴുക്കുന്നു. ജനാധിപത്യമെന്ന പ്രധാനകാര്യം അപ്രായോഗികമായി തള്ളുന്നു. ആദർശധീരതയില്ലാത്ത സോഷ്യലിസ്ററുകാർ ഫാഷിസ്ററായിത്തീരാൻ സമയമധികം വേണ്ട. ഇന്ത്യയിലിന്നു് സംഭവിച്ചുകൊണ്ടിരിക്കുന്നതു് അതുതന്നെയാണ്. ഒരു വശത്തു് അവർ സ്വയം ഫാഷിസ്ററായി തീരുക, മറുവശത്തു് ഗവൺമെൻറിനെയും പൊതുജനങ്ങളെയും ഫാഷിസ്ററു് മനോഭാവത്തിലേക്കു് പിടിച്ചുതള്ളുക, ഇതാണ് നമ്മുടെ കമ്യൂണിസ്ററുകാരം ചെയ്യുകൊണ്ടിരിക്കുന്നതു്. മതത്തിൻെറയും ജാതിയുടെയും അന്തരീക്ഷത്തിൽ വളന്ന ഒരു ജനതയ്ക്കു അന്ധമായ അനുസരണത്തിൻെറയും ശൂന്യമായ നിഷേധത്തിൻെറയും ആത്മാവുണ്ടായിരിക്കും. ആ മണ്ണിലാണ് നമ്മുടെ സോഷ്യലിസ്ററു് ഫാഷിസ്ററുകാരം അവരുടെ കൃഷി നടത്തുന്നതു്. മുളച്ചുവരുന്നതു് ഗോാരംവൽക്കറുടെ കമ്യൂണിസം.

# സാത്താൻ

സർവ്വശക്തനായ ഒരീശ്വരനും, നിരന്തരം അദ്ദേഹത്തിനു സ്തുതിഗീതങ്ങൾ പാടിക്കഴിയുന്ന അമർത്ത്യരായ ദേവന്മാരും—ഇതാണ് സെമിററിക്ക് ഭാവനയിലെ സ്വർല്ലോകം. കീർത്തനാഞ്ജലിയിലാനന്ദിക്കുന്നതൊഴിച്ചാൽ പ്രവൃത്തിരഹിതനാണു ദൈവം. മാലാഖമാർക്കാകട്ടെ, പ്രസംശിക്കുകയല്ലാതെ യാതൊന്നും ചെയ്യേണ്ടതായിട്ടില്ല. സൃഷ്ടിസ്ഥിതിസംഹാരത്തിനൊന്നും അവിടെയിടമില്ല. സ്വർല്ലോകമല്ലാതെ പ്രപഞ്ചമില്ലെങ്കിൽ, അവിടെ സകലതും പരിപൂർണ്ണമാണെങ്കിൽ, ഇല്ലാത്ത കുറവുകൾ നികത്താനും, ഇല്ലാത്ത തിന്മ സംഹരിക്കാനും എങ്ങനെയാണ് കഴിയുക? ഈ തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടായ കഥയാണ് സെമിററിക്ക് പുരാണേതിഹാസാദികളുടെ മുഖ്യപ്രവാഹം.

അധികാരമോഹംകൊണ്ടോ വെറും മുഷിവുകൊണ്ടോ എന്തോ, മാലാഖമാരിൽ പ്രമാണിയായ ലൂസിഫർ അഹങ്കരിച്ച് സ്വർഗ്ഗീയമര്യാദയെ ലംഘിച്ച് ദൈവത്തോടു മല്ലടിച്ചു. ഈ ധിക്കാരത്തിൽ ഒരു വിഭാഗം മാലാഖമാർ ലൂസിഫറിന്റെ പക്ഷത്തു ചേർന്നു. ഈശ്വരൻ കോപിച്ചു, ഈ നിയമഭ്രഷ്ടരെയെല്ലാം നിത്യശിക്ഷാരംഗമമായ നരകത്തിലേക്കു ബഹിഷ്കരിച്ചു. ലൂസിഫർ അവിടെയും തന്റെ നിഷേധം തുടർന്നു. ഈശ്വരപക്ഷവുമായി ഉണ്ടായ സമരങ്ങളിലെല്ലാം പരാജയപ്പെട്ടെങ്കിലും, മനുഷ്യവർഗ്ഗത്തെ പിഴപ്പിക്കുന്നതിൽ ലൂസിഫർ കൃതാർത്ഥത നേടി. അവൻ ആ തൊഴിൽതന്നെ യുഗയുഗാന്തരങ്ങളായി തുടർന്നു വരുന്നു. ഈശ്വരശത്രുവും, അനശ്വരപാപഹേതുവുമായ ഈ ദുഷ്ടപാത്രം ആണ് സാത്താൻ.

## ഈശ്വരന്റെ അനുജൻ

പൗരാണികകാലത്തെ ഈ സാത്താനു പാപത്തിന്റെ മൂർത്തീകരണം എന്നതിൽക്കവിഞ്ഞൊരു

വ്യക്തിത്വമില്ല. സെമിററിക് സാത്താനും സെമിററിക് ദൈവവും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന പാത്രങ്ങളാണ്. സിദ്ധാന്തപരമായി അഗാധമോ സങ്കീർണ്ണമോ അല്ലെങ്കിലും, അകൃത്രിമസുന്ദരമായ ഒരു കലാസൃഷ്ടിയാണ് സാത്താൻ. ഒരു തമോഗുണതേജസ്സ്; നാടോടിക്കഥയിൽ ചീത്തയെക്കുറിക്കുന്ന ഒരു ബീജഗണിത ചിഹ്നംമാത്രം. ഓരോ ജനതയുടേയും സംസ്കാരത്തിൻെറ സങ്കീർണ്ണതയാണല്ലോ അവർ സൃഷ്ടിക്കുന്ന ഭാവനാചിത്രങ്ങൾ പ്രതിഫലിപ്പിക്കുന്നത്. നാരദൻെറയും കുന്തീദേവിയുടെയും സ്വഭാവവൈചിത്ര്യം അവരെ നിർമ്മിച്ച സംസ്കാരത്തിൻെറ അഗാധവൈചിത്ര്യത്തെ കാണിക്കുന്നു. പുരാതനചീനയോടും ഭാരതത്തോടും താരതമ്യപ്പെടുത്തിനോക്കുമ്പോൾ സെമിററിക്കുകാർ വളരെ പിന്നിലാണു നില്ക്കുന്നത്. ശിശുമനസ്സിനുമാത്രം വൈരുദ്ധ്യരഹിതമായി സങ്കല്പിക്കവുന്ന ഒന്നാണു തമോഗുണമാത്രമായ ഒരു പാത്രം. എങ്കിലും തിന്മയുടെ ചിത്രീകരണമെന്ന നിലയിൽ സാത്താനെന്ന സൃഷ്ടി അനന്യാദൃശമാണ്. ഇതരസംസ്കാരങ്ങളിലെങ്ങും അങ്ങനെയൊരു പാത്രത്തെ കാണുകയില്ല. പിശാചവർഗ്ഗം ഉൾക്കൊള്ളുന്നത് ആസുരപ്രഭാവത്തേക്കാൾ ശക്തിയേറിയ എന്തോ ഒന്നാണ്. പാതാളരക്ഷസ്സുകൾ വെറും പ്രാകൃതരൂപങ്ങളാണ്. സന്മാർഗ്ഗശാസ്ത്രപരമായിട്ടും വേദശാസ്ത്രപരമായിട്ടും സാത്താൻ ഈശ്വരനോടു ബന്ധപ്പെട്ടവനാണ്. ഇരുട്ടും വെളിച്ചവുമെന്നപോലെ ഏകകാലത്തിൽ പരസ്പരവിരുദ്ധവും പരസ്പരസാപേക്ഷവുമാണ് ഐശ്വരപൈശാചശക്തികൾ. 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷ'മൂലമാണ് സാത്താൻെറ ഈററില്ലം—ചുഴിഞ്ഞാലോചിച്ചാൽ ഈശ്വരൻേറയും. സാത്താനു് ഈശ്വരനോടു ബന്ധപ്പെട്ടല്ലാതെ നിലനില്പില്ല. ഈശ്വരോത്ഭവത്തോടെ സാത്താനും ജനിച്ചു. ലോകങ്ങളുടെ സ്രഷ്ടാവിനു വിരുദ്ധമായി നിഷേധത്തിൻെറ ആത്മാവു്, സർവ്വവ്യാപിയെ നിരന്തരം വെല്ലുവിളിക്കുന്ന ശൂന്യതയുടെ കാതൽ, ഈശ്വരശക്തിയായ

നന്മയുടെ പ്രതിസ്വഭാവമായ ചീത്തയുടെ സത്ത , വൈരുദ്ധ്യത്തിൻെറ ഹേതു, പ്രപഞ്ചഗതിയുടെ എതിർഗതി. വിശ്വവ്യാപകമായ ഈ സാപേക്ഷവൈരുദ്ധ്യത്തിനു് മനുഷ്യമനസ്സു് ഒരു രൂപവിശേഷം കല്പിച്ചുകൊടുത്തു.

ഇതരസംസ്കാരങ്ങളെ അപേക്ഷിച്ചു്, മനുഷ്യപാപവും മുക്തിമാർഗ്ഗവും മുഖ്യഭാരമായിട്ടുള്ള ഒന്നാണു് സെമിററിക് സംസ്കാരം. ഭൂമി ഈശ്വരൻെറ ഒരു സന്മാർഗ്ഗപരീക്ഷണശാല മാത്രമാണു്. അച്ചടക്കലംഘനത്തിനു് ഒഴിവുവന്ന സ്ഥാനത്തേക്കു് ആളെടുക്കാനുള്ള ഒരു റിക്രൂട്ടിംഗ് ആഫീസ്. ആ നിലയ്ക്കു തിന്മയുടെ ഒരു പൂർണ്ണകായപ്രതീകം അവിടെയുണ്ടായിരിക്കുക ന്യായമാണു്. പക്ഷേ, ഈ പ്രതീകത്തിനു ജീവനും മാംസവും നല്കിയതു മഹാകാവ്യകർത്താക്കളാണു്.

മനുഷ്യൻ തൻെറ രൂപത്തിൽ ദൈവത്തെ സൃഷ്ടിച്ചു എന്നു വോൾട്ടയർ പറഞ്ഞു. സാത്താൻെറ സൃഷ്ടിയും മററൊരു മാർഗ്ഗത്തിലല്ല. മിൽട്ടനും ഗെഥേയും ബർണാഡ്ഷായും അവരവരുടെ ദർശനമനുസരിച്ചു സാത്താന്മാരെ സൃഷ്ടിച്ചു—ചീത്തയുടെ മൂർത്തി എന്ന ആശയത്തിനു കവിഭാവനയാകുന്ന ഹിരണ്യഗർഭത്തിൽ ജനിച്ച സന്തതികരം. സാത്താൻെറ ആദ്യസ്രഷ്ടാവായ ഈശ്വരൻ നല്ലതായിട്ടൊന്നും ആ പാത്രത്തിൽ ചേർക്കാനുദ്ദേശിച്ചിരുന്നില്ലെങ്കിലും പുനർജ്ജന്മം സിദ്ധിച്ച സാത്താൻ ഒരു ഗംഭീരപുരുഷനാണു്—പ്രത്യേകിച്ചും മിൽട്ടൻെറ മഹാകാവ്യത്തിലെ പ്രതിനായകൻ.

### മിൽട്ടൻെറ സാത്താൻ

ധിക്കാരത്തിനു ബഹിഷ്കൃതരാക്കപ്പെട്ട ദേവദൂതന്മാരുടെ സ്ഥാനം നിറയ്ക്കുവാൻവേണ്ടിയാണു മനുഷ്യവർഗ്ഗം സൃഷ്ടിക്കപ്പെട്ടതു്. ഒരഗ്നിപരീക്ഷയ്ക്കുശേഷം മാത്രമേ അവക്കു് ആ സ്ഥാനം കൊടുക്കാനാവൂ. ദൈവം ആദിമനുഷ്യനായ ആദമിനേയും ഭാര്യ ഹവ്വായേയും വൃന്ദാവനസമാനമായ ഏദൻ തോട്ടത്തിലാക്കി. അവിടെ അവർ ജയിക്കേണ്ട പരീക്ഷയ്ക്കുള്ള അഗ്നിയും ആരാ

ച്ചാരും സാത്താനായിരുന്നു. ആകെഒയാരു നിയമമേ ഉണ്ടായിരുന്നുള്ളു അവിടെ. നന്മതിന്മകളെക്കുറിച്ചു മനു ഷ്യനു ജ്ഞാനംകൊടുക്കുന്ന ഒരു പഴം തിന്നരുതെന്നു്. സൎപ്പരൂപത്തിൽ അവിടെ ഇഴഞ്ഞുകയറിയ ലൂസിഫറി ൻെറ പ്രേരണയിൽ കുടുങ്ങി അവർ ആ നിയമം ലംഘിച്ചു. അവർ ശിക്ഷിക്കപ്പെട്ടു. ആ വൃന്ദാവനത്തിൽ നിന്നു നിഷ്കാസിതരുമായി. ഇങ്ങനെ മാലാഖമാരും മനു ഷ്യനും മോക്ഷം നഷ്ടപ്പെട്ടതിൻെറ കഥയാണു മിൽട്ടൻെറ മഹാകാവ്യത്തിൻെറ ഇതിവൃത്തം. ഈ ദുരന്തദുരിതത്തി നെല്ലാം കാരണക്കാരനെന്ന നിലക്കു സാത്താൻ തന്നെ യായിരിക്കുമല്ലോ ആ ഇതിഹാസത്തിൽ മുഖ്യഭാഗമഭിന യിക്കുക. പ്രഫസർ എ. ജെ. എ. വാൽഡോക്ക് പറയു ന്നതുപോലെ, അവിടെ പല പാത്രങ്ങൾ തമ്മിൽ ഒരു മത്സരത്തിനു വകയില്ല. ഒരു പാത്രമേ അവിടെയുള്ളു. സർവ്വശക്തൻെറ പ്രതിയോഗി, സ്രഷ്ടാവിനെ ചോദ്യംചെയ്യുന്ന സൃഷ്ടി, സ്വാതന്ത്ര്യത്തിൻെറ പട നായകൻ, സ്വർഗ്ഗത്തിൽ സേവിക്കുന്നതിനേക്കാൾ ഭേദം നരകത്തിൽ ഭരിക്കുകയാണെന്ന തത്വത്തിൻെറ പ്രയോ ക്താവു്, ജയത്തിനു വഴിയൊന്നുമില്ലെങ്കിലും അഭിമാന ത്തിനുവേണ്ടി മാത്രം ഭയങ്കരസമരത്തിലേർപ്പെടുന്ന സംഗ്രാമധീരൻ, അനന്ധ്യനായ സാഹസി, ഈശ്വരസൃഷ്ടി കളിൽ എല്ലാവരെക്കാളും ശക്തനെന്നു തെളിയിക്കപ്പെട്ട വൻ—ആകെക്കൂടി മനുഷ്യമനസ്സിനു ഭാവനചെയ്യാവുന്ന തിലേററം വിശിഷ്ടനായ ഒരു പാത്രമായി സാത്താൻ പരിണമിച്ചിരിക്കുന്നു. പുരാണം ഗംഭീരമായ മഹാകാവ്യ മായി അവതരിച്ചപ്പോൾ, വചനം രൂപമായി; സാത്താൻ മനുഷ്യനായി—അത്ഭുതസിദ്ധികളുള്ള മനുഷ്യൻ. എങ്കിലും പരിപൂർണ്ണമനുഷ്യത്വമുള്ള ഒരു മനുഷ്യൻ.

പ്രതിഭാശാലിയായ ഒരു പടനായകനാണു് സാത്താൻ. ദേവാസുരസമരരംഗങ്ങളിലെല്ലാം സാത്താൻ ഒരു കർണ്ണനായി കാണപ്പെടുന്നു. പരാജയപ്പെടുന്നതുകൊണ്ടു സാത്താൻെറ മഹിമക്കു് ഒരു കുറവും വരുന്നില്ല. വീര ശ്രീക്കു മാററു കൂടുന്നതേയുള്ളു. കർണ്ണനും പരാജയപ്പെടുക

യാണല്ലോ ചെയ്യുന്നതു്.

"പടക്കളത്തിൽ തോററാലെന്തു്? എല്ലാം നഷ്ടപ്പെട്ടിട്ടില്ല. അജയ്യമായ ഇച്ഛാശക്തി, പ്രതികാരം, അനശ്വരമായ വെറുപ്പു്, ഒരിക്കലും തലകുനിക്കാത്ത ആത്മവീര്യം, ഇതൊന്നും കീഴടക്കപ്പെട്ടിട്ടില്ല", എന്നാണു് സാത്താൻ പറയുന്നതു്. സ്വർല്ലോകവാസിയായിരുന്ന ലൂസിഫറിനു് ഈശ്വരൻെറ അജയ്യതയെ ശരിക്കറിയാം. മാലാഖമാരിൽ മൂന്നിലൊന്നു മാത്രമേ തൻെറക്കൂടെയുള്ളു. ദുര്യോധനനാണെങ്കിൽ കൃഷ്ണഭഗവാൻെറ സൈന്യം മുഴുവനും ലഭിച്ചിരുന്നു. സമരത്തിൽ പരാജയപ്പെട്ടുമെന്നു നിശ്ചയവുമില്ലായിരുന്നു. സാത്താൻ മുന്നണിയിൽനിന്നു സമരംചെയ്യുന്ന ഒരു യോദ്ധാവു മാത്രമല്ല. കണ്ണടച്ചു പടവെട്ടി വീരസ്വർഗ്ഗം വരിക്കുന്നതിനേക്കാൾ ശ്രമസാദ്ധ്യമായ കാര്യമാണു നിരാശനിറഞ്ഞ ഒരു കൂട്ടത്തിനു ജീവൻ കൊടുത്തു് അവരെക്കൊണ്ടു സ്മരംചെയ്യിക്കുക എന്നതു്. പടത്തലവനായ സാത്താന്നു് അതും കഴിയുന്നുണ്ടു്. ഏററവും അപകടകരമായ ജോലികൾ സസന്തോഷം ഏറെറടുക്കുക, പരാജയമെല്ലാം സ്വയം ശിരസാവഹിക്കുക—ഇതാണു് ലൂസിഫർ. അന്ധകാരപ്രപഞ്ചത്തിലൂടെ ആപല്ക്കരമായ ആ യാത്ര ചെയ്യാൻ തൻെറ സംഘത്തിലാരും മുതിരുന്നില്ല. വേദനയെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ ശപ്തദേവത ആദ്യമായി അനുഭവിക്കേണ്ടിവരുന്നതു് ഈശ്വരകോപത്തിനുണ്ടാക്കാവുന്നതിൽ ഏററവും കഠിനമായ വേദനയാണു്. പക്ഷേ, മിൽട്ടൻെറ വാക്കുകളിൽ സാത്താൻ അതു് "ഒന്നു രുചിച്ചുനോക്കി: അതുപടി അവഗണിക്കുകയും ചെയ്തു."

ദേവന്മാരിലാർക്കും സാത്താനെ തോല്പിക്കുവാൻ കഴിയുമായിരുന്നില്ല. ഈ സമരത്തിൽ ഈശ്വരൻ ജയിക്കുന്നുണ്ടെങ്കിലും അദ്ദേഹം നേരിടേണ്ടിവരുന്നതു് ഒരു വല്ലാത്ത പ്രശ്നമാണു്. അദ്ദേഹം സർവ്വശക്തനാണു്, ശരിതന്നെ. പക്ഷേ, തൻെറ യാതൊരു സൃഷ്ടിക്കും സാത്താനെ ജയിക്കാൻ കഴിയുന്നില്ല. നിത്യമായി തുടന്നുപോകാമായിരുന്ന ആ സമരത്തെ ഈശ്വരൻതന്നെ ഇടപെട്ടാണവസാനിപ്പിക്കുന്നതു്. തൻെറ സൃഷ്ടികളിലേററവും ശക്തൻ ലഹള

ത്തലവനാണെന്നു വരുന്നതു സ്രഷ്ടാവിനൊരു ഭൂഷണമല്ല. ഇത്തരത്തിലൊരു സമരവീരനെ എങ്ങനെ മാനിക്കാതിരിക്കും? യുദ്ധത്തിൽ സാത്താൻ തോററു. പക്ഷേ, അനുവാചകഹൃദയങ്ങൾക്കുവേണ്ടിയുള്ള മത്സരത്തിൽ നിർവ്വിവാദം വിജയം വരിച്ചു.

പറുദീസാനഷ്ടത്തിലെ സാത്താൻ ഒരു സ്വാതന്ത്ര്യഭക്തനാണ്. അനിവാര്യമായ ആവശ്യം ആദർശമായി മാററിയതാണെന്നു വാദിക്കുന്നവരുണ്ടാകാം. എങ്കിലും സാത്താൻെറ പെരുമാററം അതു കാണിക്കുന്നില്ല. നരകം സാത്താനെ ഭയപ്പെടുത്തുന്നില്ല. നരകത്തിൽത്തന്നെ സ്വർഗ്ഗം പണിയുവാനാണു സാത്താൻെറ ശ്രമം.

''അധഃപതിച്ചതായാലും, അനശ്വരവീര്യത്തെയാതൊരു പാതാളത്തിനും ഒതുക്കിനിർത്തുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു സ്വർഗ്ഗം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടുവെന്നു ഞാൻ ഗണിക്കുന്നില്ല. ഈ അഗാധതയിൽ നിന്നു ദൈവികഗുണങ്ങൾ ഉയരും—മഹിമയേറിയതും ഭയാനകവുമായ ഗുണങ്ങൾ.''

ഏതു പരിതഃസ്ഥിതിയിലും നിരാശപ്പെടാത്ത ഒരു സേനാധിപതിയാണ് സാത്താൻ. നന്മകൊണ്ടു ഭരിക്കാനൊത്തില്ലെങ്കിൽ തിന്മകൊണ്ട്.

''തിന്മയേ, നീ എൻെറ നന്മയായിരിക്കുക. നിന്നെക്കൊണ്ടു സ്വർഗ്ഗത്തിലെ രാജാവിൻെറ അധികാരത്തിൽ ഞാൻ പങ്കാളിയാകും.—ചിലപ്പോൾ പകുതിയിലധികത്തിനുപോലും.''

ഈ പറഞ്ഞ സിംഹാസനത്തെപ്പററി സാത്താനു യാതൊരു വ്യാമോഹവും ഇല്ല. അതു യാതൊരുസൂയയുമില്ലാതെ പൂർണ്ണമനസ്സോടെ അനുവദിച്ചുകിട്ടിയതാണ്. സ്വർഗ്ഗത്തിൽ സുഖം മാത്രമേയുള്ളു. അതുകൊണ്ട് അവിടെ അധികാരമത്സരമുണ്ടായേക്കാം. നരകത്തിലാകട്ടെ, മിന്നൽപിണരുകളിൽനിന്നു നിങ്ങളെ രക്ഷിക്കുവാനായി ഏററവും വേദനയനുഭവിച്ച് ഉന്നതസ്ഥാനത്തു നില്ക്കുന്നവനോട് ആർക്കാണസൂയ തോന്നുക? മത്സരതത്വങ്ങളെ ഒരു നിമിഷനേരത്തേയ്ക്കു വിസ്മരിക്കാൻ കഴിയുമെങ്കിൽ,

വെറും ശക്തിയെ ഒരാദർശമായിട്ടാരാധിക്കാത്ത നാമും ആ എതിർസിംഹാസനത്തെ കൂടുതൽ സുന്ദരമായി ഗണിച്ചുപോയേക്കും.

### ക്രൂരനല്ലാത്ത ധീരൻ

സാത്താൻെറ രാജകീയധീരതയ്ക്കു കിടനില്ക്കുന്നതാണ വൻെറ ബുദ്ധിശക്തി. ഈശ്വരനോടെതിർക്കുവാൻ ഈശ്വരശക്തിയെ നിഷേധിക്കുകയാണല്ലോ മുഖ്യമാർഗ്ഗം. ഈശ്വരശക്തിയുടെ മർമ്മം, അദ്ദേഹമാണ് പ്രപഞ്ചത്തിൻെറ സ്രഷ്ടാവെന്നതാണ്. ഇക്കാര്യത്തെ സാത്താൻ ചോദ്യം ചെയ്യുന്നു. ദൈവത്തിൻെറ സന്ദേശവാഹകനായ അബ്ദീയേലിനോടു സാത്താൻ കാറിക്കൊള്ളുന്ന ചില ചോദ്യങ്ങളാണ് ചോദിക്കുന്നതു്. ഒന്നാമത്തേതു്, പ്രപഞ്ചസൃഷ്ടിയെപ്പററി ഇപ്പോൾ ഈശ്വരൻ ഉന്നയിക്കുന്ന വാദം ഇതിനു മുൻപു കേട്ടുകേൾവിപോലുമില്ലാത്തതാണെന്നാണ്. തുറന്നുപറഞ്ഞാൽ, ഇപ്പോൾ വാദം ജയിക്കാൻവേണ്ടി പറഞ്ഞുണ്ടാക്കുന്ന കെട്ടുകഥയാണെന്നു സാരം. രണ്ടാമത്തെ ചോദ്യം തെളിവിനെ സംബന്ധിക്കുന്നതാണ്. അബ്ദീയേലിൻെറ സൃഷ്ടിക്ക് അയാൾ സാക്ഷിയായിരുന്നോ? മറേറതെങ്കിലും സാക്ഷികൾ ഈ വസ്തുതയ്ക്കുണ്ടോ? ഉണ്ടാകാനിടയില്ല. ദൈവത്തിൻെറ വാക്കുമാത്രമാണീ അവകാശവാദത്തിനാധാരം. അദ്ദേഹമാകട്ടെ കേസിലെ കക്ഷിയാണ്. സാത്താൻ അവിടെയും നിറുത്തുന്നില്ല. ജീവൻ സ്വമേധയാ ഉത്ഭവിച്ചതാണെന്നുള്ള പരിണാമസിദ്ധാന്തംകൂടി വിശദീകരിച്ചേ സത്താൻ അടങ്ങുന്നുള്ളു. വേദശാസ്ത്രങ്ങളേയും രാഷ്ട്രീയനേതാക്കന്മാരേയും പരാജയപ്പെടുത്തിയ മിൽട്ടൻെറ തക്കശാസ്ത്രപാണ്ഡിത്യം മുഴുവനും സാത്താനു കടം കൊടുത്തിരിക്കുന്നു.

സമരസാമർത്ഥ്യവും ബുദ്ധിശക്തിയുമെല്ലാം സാത്താനു സഹജമാണെന്നു പറഞ്ഞേക്കാം. പക്ഷേ, മിൽട്ടൻെറ സാത്താനു പിന്നെയുമുണ്ടു് ഗുണവിശേഷങ്ങൾ. ലൂസിഫർ ഹൃദയാലുവാണ്. അയാൾ ധീരനെങ്കിലും ക്രൂര

നല്ല. തൻെറ അനുചരന്മാരായ മാലാഖമാർ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളോർത്തു് അയാറം അശ്രു പൊഴിക്കുന്നു. എത്രയോ മനുഷ്യപ്പറ്റുടത്തലവന്മാരേക്കാറം കാരുണ്യവാനാണു് സാത്താൻ. ഏദൻതോട്ടത്തിൽ പാപമില്ലാത്തവരായി പ്രേമലീലകളിൽ ഏർപ്പെട്ടിരിക്കുന്ന ആദാമിനെയും ഹവ്വായെയും കാണുമ്പോറം ലൂസിഫർ പരിതപിക്കുന്നു. ആ മനോഹരസ്വപ്നമുടച്ചുകളയാൻ അയാറംക്കു മനസ്സുവരുന്നില്ല. എന്തൊരു പിശാചു്! മനുഷ്യകഥാനുഗായിയായ ഒരു ദൈവികപിശാചു്!

സാത്താൻെറ പാത്രസൃഷ്ടിയിൽ വന്ന ഈ രൂപാന്തരം മിൽട്ടൻ ഉദ്ദേശിച്ചിരുന്നതല്ല. തൻെറ കലയേക്കാറം മിൽട്ടൻ തൻെറ മതത്തെ മാനിച്ചിരുന്നു. അതുകൊണ്ടാണു സാത്താൻ തൻെറ നിയന്ത്രണത്തിൽനിന്നു വഴുതി ധീരോദാത്തനായിത്തീരുന്ന സന്ദർഭങ്ങളിലെല്ലാം യാതൊരു കാരണവുമില്ലാതെ കവി അവനെ അധിക്ഷേപിക്കുന്നതു്. പക്ഷേ, മിൽട്ടനും കഴിവില്ലാത്ത ഒരുകാര്യമുണ്ടു്. വിശ്വവിശാലമായ ഒരാശയത്തെ കുട്ടികറംക്കുള്ള ഒരു ഗുണപാഠകഥയിലൊതുക്കൽ.

വിമർശകദൃഷ്ടിയിൽ സാത്താൻ ഒരു കുഴഞ്ഞ പ്രശ്നമാണു്. പിശാചിനെ കഥാനായകനാക്കുന്നതു യുക്തിവിരുദ്ധമാണെന്നാണവരുടെ പക്ഷം. പക്ഷേ, പ്രശ്നം യഥാർത്ഥത്തിൽ മിൽട്ടൻെറതല്ല. കേവലനന്മയോ വെറും ദുഷ്ടതയോ ഭാവന ചെയ്യാൻ മനുഷ്യമനസ്സിനു കഴിവില്ല. പോരെങ്കിൽ, സർവ്വശക്തനെ എതിർക്കാൻ ഒരു ശക്തനുണ്ടാവുന്നതിലും വൈരുദ്ധ്യമുണ്ടു്. സാത്താനും, ഈശ്വരനെപ്പോലെതന്നെ അമർത്ത്യനായിപ്പോയി. അതിനു മിൽട്ടനെന്തു ചെയ്യും? സാത്താൻെറ പ്രഥമസ്രഷ്ടാവിനുതന്നെ അവനെ വധിക്കാൻ കഴിവില്ല. പിന്നെ വെറും മനുഷ്യനായ ഒരു പുനർജ്ജന്മകാരി, മററു മനുഷ്യർക്കു മനസ്സിലാകുന്ന കഥ പറയാൻ ചുമതലപ്പെട്ട ഒരു കവി, ആ വിശ്വരൂപത്തെ എങ്ങനെ ഉഴിഞ്ഞുകളയും?

## സഖാവ് കത്തനാർ

ദൈവങ്ങളെക്കൊണ്ട് ഉപദ്രവമില്ല. അവയുടെ സോറം ഏജണ്ടമാരാണ് വിഷമക്കാർ.

പണ്ട് മതത്തിലെ പുരോഹിതന്മാരെക്കൊണ്ടായിരുന്നു പൊറുതികേട്. ഇപ്പോരം രാഷ്ട്രീയപുരോഹിതന്മാരെക്കൊണ്ട്. എവിടെയായാലും ഇവക്ക് അപ്പോസ്തോലിക പിൻതുടർച്ചയും തെററില്ലാവരവും ഉണ്ട്. രണ്ടു കൂട്ടരും കരിശുയുദ്ധങ്ങരംക്ക് മനുഷ്യരെ കണ്ണടച്ച് ബലി കഴിക്കും. സകലതും കഴിയുമ്പോരം കണ്ണുനീരോടെ ശവസംസ്ക്കാരപ്രസംഗവും നടത്തും. രണ്ടുകൂട്ടരും ദൈവത്തെ ക്കാണുന്നുണ്ട്. മനുഷ്യനോടാണ് വെറുപ്പ്. കാണാവുന്ന മനുഷ്യനെ വെറുത്ത് കാണാത്ത ദൈവത്തെ പൂജിക്കുന്ന വർഗ്ഗം ദൈവത്തെ പലപ്പോഴും ഒരു ഊന്നുവടിയായി ഉപയോഗപ്പെടുത്തും—പ്രത്യേകിച്ചും ശിശുമനസ്ഥിതിക്കാക്കും നട്ടെല്ലില്ലാത്തവക്കും. പുരോഹിതനാകട്ടെ, സിൻബാദിൻെറ പിടലിക്ക് കയറിയ കടൽമനുഷ്യനെപ്പോലെ കാല് കഴുത്തിൽ ഇടുകയും ചുമക്കുന്നവൻെറ തലയിൽ താളംപിടിക്കുകയും ചെയ്യും. ദൈവമില്ലെങ്കിലും ഈ ജന്തു ഉണ്ടായിരിക്കും. നിരീശ്വരമതങ്ങരംക്കും പുരോഹിതന്മാരുണ്ട്. വേണ്ടിവന്നാൽ, ബുദ്ധമതത്തിലെപ്പോലെ ദൈവമില്ലെന്നു വന്നാൽ, മരിച്ചുപോയ പുരോഹിതനെ അവർ ദൈവമായി വാഴിക്കും. എന്നല്ല, മതം തന്നെയില്ലെങ്കിലും പുരോഹിതനുണ്ട്, അവൻ അനശ്വരനാണ്, മത്സ്യകൂർമ്മ...എന്നു പറഞ്ഞതുപോലെ പല രൂപത്തിൽ പലപ്പോഴായി ഇവ യുഗാനുസാരം അവതരിക്കുന്നു.

പെ തുവെ ഒരു സ്വഭാവം മാത്രമേ ഇവറ്റുള്ള മനുഷ്യനു വേണ്ട യാതൊരു വേലയുംചെയ്യാതെ സുഖമായി ഭക്ഷണം കഴിക്കുക; പുതിയ സകലതിനേയും എതിക്കുക; പുതിയതിനു് ശക്തി ലഭിക്കുന്ന ഉടനെ പഴയ സകല

തിനേയും എതിക്കുക; അങ്ങനെ എപ്പോഴും ഭൂരിപക്ഷത്തിൻെറ മറ പററിനിന്നു് ന്യൂനപക്ഷത്തിനെ പീഡിപ്പിക്കുക. മന്ത്രവാദി, കാപാലികൻ, ബ്രാഹ്മണൻ, മഹർഷി, ലേവ്യക്കാരൻ, പാതിരി മുതലായവരോടൊപ്പം ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഈ വർഗ്ഗത്തിൻെറ ചരിത്രം വളരെ രസാവഹമാണ്: നീണ്ടതും.

ഭൂതകാലാന്ധകാരത്തിലേക്കു് ചുഴിഞ്ഞുനോക്കിയാൽ ഒരു അഗ്നികുണ്ഡത്തിനകത്തേക്കു എന്തോ ഒക്കെയിട്ടു് പുകയുണ്ടാക്കി, നിരർത്ഥകമായ പദങ്ങളും മന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരു വികൃതരൂപത്തെ കാണാം. മരണത്തിൻേറയും ഇടിവെട്ടുന്നതിൻേറയും, മാംസം വേവുന്നതിൻേറയും രഹസ്യം അവനറിയാമത്രെ. അവൻ സകല രോഗവും ഭേദമാക്കും. മററുള്ളവക്കറിഞ്ഞുകൂടത്തതെല്ലാം അവനറിയാം. അവനാണ് സകല പുരോഹിതന്മാരുടേയും വല്യപ്പൂപ്പനായ മന്ത്രവാദി. അവൻെറ ജീവിതതത്വം ഇതാണ്. അറിയാൻ പാടില്ലാത്തതു് എല്ലാം മഹത്തരമാണ്. സകലമതങ്ങളുടേയും അടിസ്ഥാനം ഇതാണ്. നിർവ്വാണരഹസ്യവും കർബ്ബാനരഹസ്യവും എല്ലാം ഇതു തന്നെ—അന്ധനും അജ്ഞനുമായ മനുഷ്യനെ ഭയപ്പെടുത്തി ഭരിക്കുവാനുള്ള തന്ത്രം. മന്ത്രവാദിയുടെ സന്താനപരമ്പരയിൽ നരബലിക്കാരനായ കാപാലികനും അഹറോൻെറ അനുയായികളും വന്നുകൂടി. ബ്രാഹ്മണമതം ആരംഭകാലത്തിൽ എന്തായിരുന്നാലും നാമറിയുന്ന കാലത്തു് നമ്പൂതിരിയുടെകൂടെ ലൈംഗികകർമ്മം നടത്തുന്ന അന്യജാതി സ്ത്രീകൾക്കു മോക്ഷവിതരണം ചെയ്യാനുള്ള ഒരേ ജൻസിയായിത്തീർന്നിരുന്നു. ക്രിസ്തുവിൻെറ പുറകെ വരുന്നവരുടെ കഥ അതിലും രസകരമാണ്. അവരുടെ പ്രധാനചിന്താവിഷയങ്ങൾ പരിച്ഛേദനം വേണോ വേണ്ടയോ, ഏകത്വത്തിൽ ത്രിത്വമോ, ത്രിത്വത്തിൽ ഏകത്വമോ എന്നൊക്കെയായിരുന്നു. അതുകൊണ്ടു്, പിൽക്കാലങ്ങളിൽ പാളിച്ചയും പിളർപ്പും, റഷ്യയിലെ പുരോഹിതൻെറ 'പ്രഥമരാത്രി' അവകാശവുമൊക്കെ വന്നുചേർന്നു.

ഗാന്ധിജിയും ഒരു മതം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തെക്കൊണ്ട് വലിയ വിഷമമൊന്നുമില്ലായിരുന്നു. അഭിപ്രായങ്ങൾ മാററുന്നതിനും തെററു സമ്മതിക്കുന്നതിനും അദ്ദേഹത്തിനു വലിയ മടിയുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ശിഷ്യന്മാരാണ് യഥാർത്ഥ പുരോഹിതന്മാർ,

കമ്യൂണിസത്തിലും ഉണ്ട് പുരോഹിതന്മാർ. രാഷ്ട്രീയ പുരോഹിതൻ ഇതരപുരോഹിതന്മാരിൽനിന്ന് ഉത്തമനോ അധമനോ അല്ല. ഒന്നുകിൽ അവൻ ഭൂരിപക്ഷം ജനങ്ങൾ അംഗീകരിക്കുന്ന ഒരു ദൈവത്തിൻെറ പൂജാരിയായി പ്രത്യക്ഷപ്പെടും. അല്ലെങ്കിൽ അവൻ ഒരു ദൈവത്തെ സ്വയം സൃഷ്ടിച്ച് അതിൻെറ പരസ്യപ്പലകയായിത്തീരും. അതുമല്ലെങ്കിൽ സ്വയം ഒരു കുട്ടിദൈവമായി മററു പുരോഹിതന്മാരെ ശാന്തിക്കു നിയമിക്കും.

പാരമ്പര്യം പറയുക സകല പുരോഹിതന്മാരുടേയും പതിവാണ്. ക്രിസ്ത്യാനിയുടെ പുരോഹിതൻ പറയും അവനു് വിശുദ്ധ പത്രോസ് മുതലുള്ള നൽവരമുണ്ടെന്ന്. ഏതാനും കോടി സഹസ്രാബ്ദങ്ങൾ പുറകോട്ടു നടന്നാൽ ബ്രഹ്മാവിൻെറ മുഖത്തുതന്നെ ചെന്നെത്താമെന്നാണ് ബ്രാഹ്മണൻെറ പക്ഷം, അവരുടെ അധികാരപട്ടയം ഇവിടെയാരും കൊടുത്തതാണെന്ന് അവർ അവകാശപ്പെടുകയില്ല അതിനു തെളിവൊന്നുമില്ലല്ലോ. കമ്യൂണിസ്റ്റ് നേതാവ് പറയും മാർക്സ് മുതലുള്ള പാരമ്പര്യം ലെനിൻ വഴി ഇങ്ങെത്തിയിട്ടുണ്ടെന്ന്. ഖദർകാരനും പറയും താൻ പണ്ട് വെള്ളരിക്കായും പച്ചവെള്ളവും ഭുജിച്ചുകൊണ്ട് ഗാന്ധിയുടെകൂടെ ഉപ്പുകാച്ചിയിട്ടുണ്ടെന്ന്. ഈ പാരമ്പര്യം പലപ്പോഴും 'നത്തുരാമ'ന് ഗാന്ധിയുടെ പാരമ്പര്യം ലഭിച്ചതുപോലെയിരിക്കും. പുരോഹിതന്മാരെ എതിർത്ത ഒരു മരപ്പണിക്കാരനെ അവർ കൊന്നു. പക്ഷേ, കൊന്നുകഴിഞ്ഞ ഉടനെ അവർ അദ്ദേഹത്തെ പകുതി ദൈവവും പകുതി പുരോഹിതനുമാക്കി. കയാഫാസ് തന്നെ പിന്നീടു ക്രിസ്തുവിനെ ആരാധിച്ചു കാണണം. അതിനു ന്യായങ്ങളുണ്ട്. ഒന്നാമതു് ആ ശവം പുരോഹിതന്മാരെ പിന്നിട്ട് ചീത്തപറയുകയില്ല. രണ്ടാമതു് പഴയ

പെട്ടകത്തിനകത്തെ ദൈവഃത്തക്കാരം ആളകൂട്ടാൻ നല്ല താണ്, കുരിശിൽ തൂങ്ങിക്കിടക്കുന്ന ദൈവം. മൂന്നാമത്തു് ആ ശവത്തിന്മേൽ വീഴുന്ന കാണിക്ക—അവകെട്ടേകളും. നട്ടുച്ചയ്ക്കു സൂര്യനെ തുറിച്ചുനോക്കിയാൽ കണ്ണഞ്ചുമെന്നു കണ്ടുപിടിച്ച ലക്ഷക്കണക്കിനു രൂപാ പിരിക്കുന്ന പുരോഹിതന്മാർ ഇക്കാര്യത്തിൽ പുറകോട്ടു നിൽക്കാൻ വഴിയില്ലല്ലോ.

ഒരു പുരോഹിതനുണ്ടായാൽ മതി ഒരു താവഴി ആരംഭിക്കാൻ. അയാരം പറയുന്ന വിഡ്ഢിത്തമെല്ലാം എഴുതിവച്ച് അതിനെ വേദവാക്യമാക്കാം. പിന്നീടു കാണുന്ന വാസ്തവങ്ങരംക്കെതിരായി അവ ഉദ്ധരിക്കും. ഉദ്ധരണങ്ങളിൽ വൈരുദ്ധ്യം വന്നാൽ ഉടനെ കുതക്കെസെത്തുകരം തുടങ്ങുകയായി. മതപുരോഹിതനും രാഷ്ട്രീയപുരോഹിതനും അവരുടെ ആടുകളെ കുരിശുയുദ്ധങ്ങരംക്കു ബലികഴിക്കാം. വീരസ്വർഗ്ഗം കണ്ട്റോരം വിലയ്ക്കു് അവർ വിതരണം ചെയ്യുന്നുണ്ട്. ചിലർ അതിനു വിശ്വാസസംരക്ഷണം എന്നു പറയും, മററവർ ദേശാഭിമാനം. രണ്ടുകൂട്ടരും കാലൻെറ റിക്രൂട്ടിംഗ് ഏജൻറന്മാരാണ്. ഇവയിലെല്ലാം വിശ്വാസവിരോധികളുണ്ട്, മുടക്കണ്ട്, പീഡയുണ്ട്, സെൻട്രൽ കമ്മററിയുമുണ്ട്.

മതത്തിലെ പുരോഹിതന്മാരെ കണ്ടു പേടിച്ചോടിയ ഒരാരംക്കു ഗാന്ധിമതത്തിലേയും കമ്യൂണിസ്റ്റു മതത്തിലേയും പുരോഹിതന്മാരെ കാണുമ്പോരം പേടിക്കാതെ നിവൃത്തിയില്ല. ക്രൂരതയിലും നീതിയില്ലായ്മയിലും ഇവരെല്ലാം സമന്മാരാണ്. ശത്രുവെന്നു് അവർ സങ്കല്പിക്കുന്നവരെ നശിപ്പിക്കാൻ എന്തായുധവും ആകാമെന്നാണവരുടെ വിശ്വാസം. ഒരു വനത്തോളം മുദ്രാവാക്യങ്ങരംക്കോ തക്ശാസ്ത്രപ്രവാഹത്തിന്നോ ഈ വസ്തുതയെ മറക്കാൻ കഴികയില്ല. തെററു സമ്മതിക്കാത്തവനും, മനുഷ്യനെ സ്നേഹിക്കാത്തവനും മനുഷ്യരല്ല.

പുരോഗതി ഒരിക്കലും യാഥാസ്ഥിതികത്വത്തിൽ നിന്നു വരികയില്ല. വിശ്വാസവിപരീതമാണ് സകല പുരോഗതിയുടേയും അടിസ്ഥാനം. അനുസരണക്കേടാണ്

ഏററവും നല്ല സ്വഭാവം. ഇതു് എതിർപ്പിനുവേണ്ടിയുള്ള എതിർപ്പല്ല. പുതിയതിൻെറ പേററുനോവാണു്.

പക്ഷേ, ഇതൊക്കെ പറഞ്ഞാലും രാഷ്ട്രീയനേതാവു് കുറേക്കാലത്തേക്കു് കൂടിയേ തീരു. അവൻ പുരോഹിതനായിത്തീരുന്നെങ്കിൽ അവൻ മാത്രമല്ല അതിനുത്തരവാദി. അവനെ അനുഗമിക്കുന്നവരും കുററവാളികളാണു്. പഞ്ചപുച്ഛമടക്കി മുണ്ടുമരയ്ക്കുകെട്ടി 'റാൻ' പറഞ്ഞുകൊണ്ടു് കുറേപ്പേർ പുറകേ കൂടിയാൽ ഏതു നേതാവിൻേറയും തല തിരിഞ്ഞുപോകും. അതിനെ തടയുവാനുള്ള ചുമതല പുരോഹിതൻേറതല്ല; വിശ്വാസിയുടേതാണു്.

## ഓണം വേണ്ട

### നിരോധനപ്പൊതികൾ

എത്രകാലമായി ഈ ഫാഷൻ തുടങ്ങിയിട്ടെന്നു നിശ്ചയമില്ല. സചിവോത്തമന്റെ ഭരണകാലത്താണ് ആദ്യമായി കണ്ടതെന്നു തോന്നുന്നു. അന്നു കണ്ടതു് ആദ്യത്തെ പതിപ്പാണോ എന്നറിയാൻ നിവൃത്തിയില്ലെങ്കിലും ആവർത്തനംകൊണ്ടു് അതു മുഷിപ്പനായിത്തീർന്നിരുന്നില്ല. ഇന്നു് ഇതു പ്രചുരപ്രചാരമുള്ള ഒരു രോഗമാണ്—ഓണക്കാലമായാൽ മഹാബലിക്കു് നിരോധം പുറപ്പെടുവിക്കുക എന്ന സാഹിത്യരീതി.

നാട്ടിലെ ദാരിദ്ര്യത്തിലേക്കു് മനുഷ്യരുടെ ശ്രദ്ധയെ ആകർഷിക്കുവാനുള്ള ഒരു പ്രചരണകലാപദ്ധതിയാണിതെന്നാവാം ന്യായം. ദന്തഗോപുരത്തിലിരിക്കുന്ന കവിയോ രാഷ്ട്രീയപ്രമാണിയോ യഥാർത്ഥത്തിൽ ദാരിദ്ര്യമനുഭവിക്കുന്ന മനുഷ്യന്റെ ശ്രദ്ധയെ അതിലേയ്ക്കു കൊണ്ടുവരാൻ ശ്രമിക്കുന്നെന്നു പറയുന്നതുതന്നെ യുക്തിവിരുദ്ധമാണ്. അതു പോകട്ടെ. അതു കൂടിയേ തീരൂ എന്നാണെങ്കിൽത്തന്നെ എല്ലാ കൊല്ലവും പതിവായി ചീവീടു ചിലയ്ക്കുന്നതുപോലെ ഇതുതന്നെ പറഞ്ഞാൽ മതിവരില്ലേ. 'മഹാബലി വരുകില്ല', 'മഹാബലി വരേണ്ട', 'മഹാബലി വന്നില്ല' എന്നിങ്ങനെ കഥയും കവിതയും, ലേഖനവും, ഫലിത(?)വും എല്ലാം കൂടിച്ചേർന്ന ഒരു നരോധനപ്പൊതിയാണ് പുരോഗമനം കാംക്ഷിക്കുന്ന പത്രമാസികകളുടെ ഓണം വിശേഷാൽപ്പതിപ്പുകൾ. മഹാബലിയെപ്പററിയുള്ള ചരിത്രപഠനങ്ങളും ഓണത്തിന്റെ നിഷേധത്തിലവസാനിക്കണമെന്നാണ് നിയമമെന്നു തോന്നുന്നു. സമൃദ്ധിയുടെ ചിഹ്നം ഇന്നു് ദാരിദ്ര്യത്തിന്റെ പര്യായമായിത്തീർന്നിരിക്കുന്നു. ദീർഘകാലത്തെ അടിമത്തവും ദാരിദ്ര്യവും നമ്മെ അങ്ങനെയാണാക്കി

ത്ത''ത്തിരിക്കുന്നതു്. ''ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും...''

## ബോധപൂർവ്വമായ വഞ്ചന

മഹാബലിയെപ്പററി യാതൊരു ശാസ്ത്രീയജ്ഞാനവും എനിക്കില്ല. ഞാൻ ചരിത്രാതീതചരിത്രം പഠിച്ചിട്ടുമില്ല. എങ്കിലും സർവ്വത്ര സുഖം മാത്രമായിരുന്ന ഒരു കാലഘട്ടം മനുഷ്യവർഗ്ഗത്തിനുണ്ടായിരുന്നുവെന്ന ധാരണ കവിസങ്കേതമായിട്ടല്ലാതെ ചരിത്രവാസ്തവമായി ഗണിക്കുന്ന സമ്പ്രദായം, ഇന്നു ലോകത്തിൽ ദാരിദ്ര്യം മാത്രമേയുള്ളു എന്ന അഭിപ്രായത്തോളംതന്നെ അർത്ഥശൂന്യമാണെന്നു സാമാന്യബുദ്ധിയുള്ളവർക്കറിയാം. ഇത്തരമൊരു സ്വപ്നത്തെ ചരിത്രമായി വച്ചുപൂജിക്കുക, അതിൻെറ ആവർത്തനത്തെ പ്രായോഗികമായ ഒരു കർമ്മപദ്ധതിയായി പ്രചരിപ്പിക്കുക, ഇവയ്ക്കു രണ്ടിനുമിടയ്ക്കുള്ള കാലത്തെ മുഴുവനും നാരകീയമാക്കി ചിത്രീകരിക്കുക, ഇതൊന്നും സാഹിത്യമല്ല, രാഷ്ട്രീയപ്രചരണമല്ല. ഒരു വക മാനസികരോഗമോ ബോധപൂർവ്വമായ വഞ്ചനയോ ആണു്.

ഇന്നു് തിരുവോണമാണു്. കാലത്തേ ഒന്നു സെല്ലാൻവേണ്ടി ഗ്രാമവീഥിയിലേക്കിറങ്ങി. സ്ഥലം ഒരു ചെറിയ മോസ്കോയാണെന്നാണു് പ്രസിദ്ധി. പ്രചാരമുള്ള പല പത്രങ്ങളും മഹാബലി വന്നുകൂടെന്നു നിരോധനം പാസാക്കിയിട്ടുണ്ടു്. പക്ഷേ, നാലോ അഞ്ചോ പീടികകളേ തുറന്നിട്ടുള്ളു. അവരാകട്ടെ ഒരു വിദേശീയമതത്തിൻെറയും സംസ്കാരത്തിൻെറയും വിഷജ്വാലയേററു് നാട്ടുകാരല്ലാതായിത്തീർന്നവരാണു്. പുരോഗമനക്കാരായ സാധാരണക്കാരെല്ലാം ഓണമാഘോഷിക്കുന്നു. പീടികകളടച്ചു്, ഓണക്കോടിയുടുത്തു്, സെല്ലിനടന്നു മഹാബലിയെ എതിരേൽക്കുന്നവരുടെയെല്ലാം കൈയിൽ ഓണത്തെ നിഷേധിക്കുന്ന ഓണം വിശേഷാൽ പ്രതികാം!

ദാരിദ്ര്യമില്ലാഞ്ഞിട്ടില്ല മനുഷ്യർ ഓണമാഘോഷിക്കുന്നതു്: ദാരിദ്ര്യമുള്ളതുകൊണ്ടാണ്. എന്നാലും രാഷ്ട്രീയക്കാർ വിടുകയില്ല. ഓണമെന്നല്ല. യാതൊരു ഉത്സവവും പാടില്ല. വിഷുവായാലും തിരുവാതിരയായലും അവർ എതിർക്കും. മററു മതക്കാരുടെ പെരുന്നാളുകളുടെ കഥ പറയാനുമില്ല. അവയെല്ലാം ബഹുജനത്തിന്റെ ദാരിദ്ര്യത്തെ മറച്ചുവെയ്ക്കുന്ന മൂടുപടങ്ങളാണ്. അവരെ കർമ്മവിമുഖരാക്കിക്കളയുന്ന മയക്കുമരുന്നുകളാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ആർക്കും ഓണമുണ്ണാൻ അരിയില്ല. സാധാരണക്കാർ അതാഘോഷിക്കുന്നുവെന്ന പരമാർത്ഥം കാര്യമാക്കാനില്ല. വസ്തുനിഷ്ഠം തത്വസംഹിതയ്ക്കു കീഴടങ്ങിയില്ലെങ്കിൽ, വസ്തുതകൾക്കു്,— ഹാ കഷ്ടം!

## തിടമ്പല്ല, ചിത്രമാണ് പ്രശ്നം

മതപരമെന്നു് വ്യാഖ്യാനിക്കപ്പെടാവുന്ന ഉത്സവങ്ങൾ മാത്രമല്ല നിരോധിക്കപ്പെട്ടിരിക്കുന്നതു്. രാഷ്ട്രീയവും മേല്പടിതന്നെ. ആഗസ്റ്റ് പതിനഞ്ച്, പാടില്ല. റിപ്പബ്ളിക്ക്ദിനം വഞ്ചനയാണ്. ഗാന്ധിയുടെ ഓർമ്മ അമേരിക്കൻ പ്രചരണതന്ത്രമാണ്. ഇത്രയും പറഞ്ഞതുകൊണ്ടു് ഉത്സവങ്ങളൊന്നും വേണ്ട എന്നർത്ഥമില്ല. മേൽ പറഞ്ഞവയൊന്നും പാടില്ലെന്നേയുള്ളു. സ്വന്തം ട്രേഡ്മാർക്കുള്ള ഉത്സവങ്ങളാകാം. ഗാന്ധിദിനം പാടില്ലെങ്കിലും ലെനിൻദിനമാവാം. റിപ്പബ്ളിക്ക് പതിപ്പിനു പകരം ഒക്ടോബർ വിപ്ലവപ്പതിപ്പ്. ഉത്സവം പാടില്ലെന്നല്ല, അവയൊക്കെ രാഷ്ട്രീയമേളകളായിരിക്കണമെന്നാണ് നിയമം. എഴുന്നെള്ളത്താവാം, വാദ്യഘോഷമാകാം, ആനയാകാം, തിടമ്പാകാം—തിടമ്പിലെ ചിത്രമാരുടെ എന്നു മാത്രമേ നോക്കേണ്ടതുള്ളു.

നമ്മുടെ രാഷ്ട്രീയപ്രവർത്തകരിലൊരു വിഭാഗം ഫുൾടൈം വിപ്ലവകാരികളെന്നവകാശപ്പെടുന്നു. വിപ്ലവം തൊഴിലായി (അതിന്റെ എല്ലാ അർത്ഥത്തിലും) സ്വീകരിച്ചവരാണവർ. വളരെ നല്ല കാര്യം.

ക്രിസ്തുവും, ഗാന്ധിയും, പുരോഹിതവർഗ്ഗവും, വിരോധഭാവെയുമെല്ലാം ഓരോ തരം ഫ്യൂഡൽടൈം പ്രവർത്തകരാണ്. പക്ഷേ, ഇവരിൽ ചിലർക്കു് ഒരു തെററു പററിയോ എന്നു് സംശയം. ജനങ്ങളും അവരെപ്പോലെ ഫ്യൂഡൽടൈം പ്രവർത്തകരായിരിക്കുക സാധ്യമല്ലെന്നു് അവരോർമ്മിക്കുന്നില്ല. അവർക്കു് കാലക്ഷേപമാർഗ്ഗം വേറെ നോക്കണം! അതിനിടയിൽ അല്പമൊക്കെ ആനന്ദിക്കുകയും വേണം.

'ഈ ലോകം നശ്വരമാണ്. അതു് അസത്താണ്, അതെത്രവേഗം കഴിച്ചുകൂട്ടുന്നുവോ അത്രയും നന്നു്. ഇന്നത്തെ അനീതി സാരമില്ല. അന്ത്യശിക്ഷാവിധിയിൽ ന്യായമുണ്ടായിരിക്കും. പട്ടിണി വകവെക്കേണ്ട, സ്വർഗ്ഗത്തിൽ സമൃദ്ധിയുണ്ടു്.' എന്നിങ്ങനെ പ്രസംഗിക്കുന്ന മതങ്ങളുണ്ടു്. രാഷ്ട്രീയവിദഗ്ദ്ധാഭിപ്രായമനുസരിച്ചു്, 'ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതി ദുഷിച്ചു നാറിയതാണ്. ഒരു നല്ല നാളെയുണ്ടു്. അന്നുവരെ സുഖമുണ്ടാവില്ല. കിട്ടിയാലും വേണ്ട.' ഇപ്പറഞ്ഞ രണ്ടും തമ്മിൽ ഉള്ള വ്യത്യാസം ഇത്രയേയുള്ളു. ആദ്യത്തേതനുസരിച്ചു പ്രപഞ്ചം ചീത്തയാണ്. പ്രപഞ്ചം ഒക്ടോബർ 7 വരെ ചീത്തയാണ് എന്നു രണ്ടാമത്തേതും. രണ്ടാമത്തേതിൽ നിശ്ചിതവർഷമൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് രണ്ടും തമ്മിൽ കാര്യമായ വ്യത്യാസവുമില്ല

## അവർക്കു് ഉത്സവം വേണം

ലഭിക്കുന്നതെന്തായാലും അതുകൊണ്ടു തൃപ്തിപ്പെട്ടു് മടിയന്മാരായി കഴിയണമെന്ന അർത്ഥത്തിലല്ല ഇതൊക്കെ പറഞ്ഞതു്. മനുഷ്യവർഗ്ഗം നിരന്തരമായി ഉൽകർഷത്തിനുവേണ്ടി യത്നിക്കണം. രാഷ്ട്രീയമെന്നതുപോലെ മററു കാര്യങ്ങളിലും. പക്ഷേ, ഈ പ്രവർത്തനത്തിടയിൽ ആരോഗ്യവാനായ മനുഷ്യനു് ആനന്ദിക്കാനും അവസരമുണ്ടായിരിക്കണം. ജീവിതം ഒരു ദീർഘമായ സദ്യയല്ലെന്നുള്ളതുകൊണ്ടു് അവൻ ഒരിക്കലും രുചിയോടെ ഭക്ഷണം

കഴിച്ചുകൂടാ എന്നില്ല. ഒരു സംഘം പ്രവർത്തകരെ സദാ സമരസന്നദ്ധരാക്കി നിറുത്താൻവേണ്ടി ദോഷൈകദൃക്കുക ളാക്കിത്തീർക്കുന്നതു് ബുദ്ധിപൂർവ്വകമായ ഒരു തന്ത്രമായി രിക്കാം. പക്ഷേ, അതു് ഒരു ജനതയുടെ ദൈനംദിന ജീവിതത്തിനു പററിയ മാർഗ്ഗമല്ല. അതു് മനുഷ്യരുടെ മനസ്സിനെ ദുഷിപ്പിക്കും. ചുരുങ്ങിയ ഈ ജീവിതം വിഷ ലിപ്തമായിത്തോന്നിയാൽ പിന്നെ അവർ നിരാശയി ലേയ്ക്കധഃപതിക്കും.

ഉത്സവങ്ങൾ ആവശ്യമാണ്. വിളവെടുപ്പും വിത്തി റക്കലും വസന്താഗമനവും എല്ലാം ഉത്സവങ്ങളാണ്. നാളെമുതൽ എന്നും ഉത്സവമായിരിക്കും. സുഖം ഹോൾ സെയിലായി വിതരണം ചെയ്യപ്പെട്ടമായിരിക്കാം. പക്ഷേ, അന്നത്തേയ്ക്കു് സുഖിക്കാനുള്ള കഴിവുതന്നെ വിസ്മരിക്കപ്പെടരുതല്ലോ. ഇന്നു് മനുഷ്യർ പലതര ത്തിലും വിഷമിക്കുന്നുണ്ടു്. ശരിതന്നെ. പക്ഷേ, അവർ അവശേഷിക്കുന്നുവെന്നതുതന്നെയാണ് അവർക്കു് ചില പ്പോഴൊക്കെ ഉത്സവം വേണമെന്നതിൻെറ ന്യായം. ജീവിക്കാൻ സന്തോഷം ആവശ്യമാണ്. ഭാവിയിലെ സ്വർഗ്ഗം അനുഭവിക്കാൻ കുറേ പ്രജകൾ വേണമല്ലോ. അതു കൊണ്ടു് ലോകരക്ഷകന്മാരുടെ നിരോധനം ലംഘിച്ചു് മഹാബലിയെ (അല്പം മെലിഞ്ഞ മഹാബലിയാണെ ങ്കിൽക്കൂടി) സ്വാഗതം ചെയ്യാൻ ജനങ്ങളെ അനുവദിക്കൂ.

# ഇടച്ചേരിയുടെ ഭാരം

മേൽച്ചേരിയുടെ ചൂഷണത്തെപ്പററി നിരന്തരമായ പരാതികഠം നാം കേഠംക്കാറുണ്ട്. കൃഷിക്കാരൻെറയും തൊഴിലാളിയുടെയും 'മിച്ചവില' തട്ടിയെടുക്കുന്ന ആളാണല്ലോ മേൽച്ചേരി. ഈ മേൽച്ചേരി-കീഴ്ച്ചേരി സമരത്തിനിടയിൽ ഒളിച്ചു കളിക്കുന്ന ഒരു വർഗ്ഗമുണ്ട്. അതാണ് ഇടച്ചേരി. അവനും സമുദായത്തിൻെറ പൊതുഉത്പാദനത്തിൽ പങ്കു പററുന്നുണ്ട്. പററുന്നതിന്നനുസരിച്ചു സമുദായത്തിലേക്കു സംഭാവനചെയ്യുന്നുണ്ടെന്നു പറയാനും വയ്യ. മേൽച്ചേരി അവനെയും ചൂഷണം ചെയ്യാറുണ്ട്. കീഴ്ച്ചേരിയാണെങ്കിൽ, മേൽച്ചേരിയോടു വീട്ടാൻവയ്യാത്ത പകയെല്ലാം ഇടച്ചേരിയുടെ തലയ്ക്കാണു തീക്കുന്നതും. എങ്കിലും ഈ ഇടച്ചേരിക്കു് ഒട്ടും ലഘുവല്ലാത്ത ഭാരമുണ്ട്. അതു് മുഴുവനും താങ്ങേണ്ടതു കീഴ്ച്ചേരിയാണ്. പലപ്പോഴും ഇടച്ചേരി മേൽച്ചേരിയുടെ വശത്തു നില്ക്കുകയും ചെയ്യും. ഇടച്ചേരിവർഗ്ഗത്തിൻെറ പെരുപ്പമനുസരിച്ചു് ഒരു രാജ്യത്തിൻെറ പൊതുദാരിദ്ര്യം വർദ്ധിച്ചാൽത്തന്നെ അത്ഭുതപ്പെടേണ്ടതില്ല. കാര്യമിങ്ങനെയൊക്കെയാണെങ്കിലും സാമൂഹ്യഘടനയിലെ തകരാറുകഠംക്കു് ഇടച്ചേരിയെ ഉത്തരവാദിയാക്കുക പതിവില്ല. ചുരുക്കം ചില അന്വേഷകന്മാർ ഇവരെ ഇത്തിക്കണ്ണികളായി വർണ്ണിച്ചിട്ടുണ്ട്. വിദ്യാഭ്യാസമുള്ളവർ വിപ്ലവത്തിനു് സഹായിക്കാതിരിക്കുമ്പോഠം അവരെ വിപ്ലവകാരികഠം ചീത്തവിളിക്കാറുമുണ്ട്. എങ്കിലും ഈ ഇടച്ചേരിയുടെ യഥാർത്ഥസാമ്പത്തികസ്വഭാവം എന്താണെന്നതിനെപ്പററി സമുദായപരിഷ്ക്കത്താക്കഠം വളരെയധികം ശ്രദ്ധിച്ചിട്ടുണ്ടെന്നു പറയാവതല്ല. എന്താണിങ്ങനെ വരാൻ കാരണം? പല കാരണങ്ങളിലൊന്നു് ഈ പരിഷ്കത്താക്കഠം പ്രായേണ ആ വർഗ്ഗത്തിൽനിന്നു വരുന്നുവെന്നതായിരിക്കാം. കല്പിച്ചുകൂട്ടി

ഒന്നും ചെയ്യുന്നതല്ല. കണ്ണടയ്ക്കുന്നതുമല്ല. വസ്തുനിഷ്ഠമായ പഠനത്തിൻെറ വ്യഗ്രതയിൽ സ്വന്തം കാര്യം മറന്നു പോകുന്നുവെന്നതുമാത്രമാവാം.

ഇടച്ചേരിയെന്നതു യാതൊരു സാമൂഹ്യഘടനയ്ക്കും ഒഴിച്ചു കൂടാത്ത ഒരു വർഗ്ഗമാണ്. ഏതു സമുദായത്തേയും മൂന്നായി ഭാഗിക്കാം. ബൂർഷ്വാ, പെററിബൂർഷ്വാ, ഭരണകക്ഷിയംഗങ്ങൾ എന്നിങ്ങനെ മേൽച്ചേരി ഭിന്നസാമൂഹ്യഘടനകളിൽ വിവിധ നാമധേയങ്ങളിൽ അറിയപ്പെടുന്നു. കീഴ്ച്ചേരി എവിടെയായാലും 'വിറകു് വെട്ടുകയും വെള്ളംകോരുകയും' തന്നെ. ഇടച്ചേരിയുടെ കഥ ഇതിലൊക്കെ വിചിത്രമാണ്. ഈ വർഗ്ഗത്തെ ഇല്ലായ്മ ചെയ്യുക സാദ്ധ്യമല്ല. കാരണം ഇതിനെക്കൊണ്ടു്, മേൽച്ചേരിക്കും കീഴ്ച്ചേരിക്കും പ്രയോജനമുണ്ട്. പോരെങ്കിൽ ഇവരുടെ മുടക്കുമുതൽ ഒഴിപ്പിക്കാനും നിവൃത്തിയില്ല. സുബുദ്ധിയും കുബുദ്ധിയും മാത്രമാണവരുടെ കച്ചവടസാധനം. ഏതു സാമൂഹ്യഘടനയിലും ദുർഘടംപിടിച്ച പണികൾ ചെയ്തുതീർക്കുവാനുള്ളതു് ഇവ രണ്ടിനുമാണല്ലോ. ഇടച്ചേരിയുടെ ഭാരം മേൽച്ചേരിയുടേതിനേക്കാൾ കൂടുതലോ കുറവോ എന്നു ശാസ്ത്രജ്ഞന്മാർതന്നെ തീരുമാനിക്കട്ടെ. അവർക്കു് ആ പങ്കു ലഭിക്കുവാനുള്ള അവകാശത്തെപ്പററിയും തക്കമില്ല നമ്മുടെ നാട്ടിൽ ഈ വർഗ്ഗത്തെക്കൊണ്ടു് എന്തു ഭാരമുണ്ടു് എന്നു മാത്രമാണ് ഇവിടെ ചർച്ചാവിഷയം. അവർ ഒരു ഭാരമാണെന്ന കഥ നിഷേധിക്കാവുന്നതല്ല. സ്വർണ്ണഭാണ്ഡവും ഭാരംതന്നെയാണല്ലോ.

വിദേശാധിപത്യം അവസാനിച്ചു. മേൽച്ചേരിയുടെ ഭൂരിഭാഗവും നാട്ടുകാരായിത്തീർന്നു. വൈസ്രോയിക്കും കൂട്ടർക്കും പകരം, അവരുടെ ശമ്പളത്തിൻെറ അനേകമടങ്ങു ശമ്പളം പററുന്ന ഒരു മന്ത്രിസൈന്യം വന്നു. അതിനെപ്പററി പരാതിയൊന്നുമില്ല. ഒന്നാമതു് അവർ നാട്ടുകാരാണല്ലോ. രണ്ടാമതു് ജനാധിപത്യത്തിനുവേണ്ടി കൊടുക്കേണ്ട വിലയിൽ ഒരു പങ്കുമാണതു്. അതുകൊണ്ടു് ഈ പുതിയ മേച്ചേരിയെ നമുക്കു് അംഗീകരിക്കുക. അതങ്ങനെ നടക്കട്ടെ. ഈ മാററത്തിന്നനുസരിച്ചു് ഇടച്ചേരിയുടെ

യിടയിൽ എന്തു മാററമാണുണ്ടായതു്? വ്യക്തിപരമായി നോക്കിയാൽ പഴയ ഇടച്ചേരിയുടെ ഭൂരിഭാഗവും ഇന്നും ഇടച്ചേരിയായി അവശേഷിക്കുന്നുണ്ടു്. പക്ഷേ, അവർ അഭിനയിക്കുന്ന ഭാഗങ്ങൾ കുറേയൊക്കെ വ്യത്യസ്തമാണു്. ഈ വർഗ്ഗത്തെപ്പററി പഠിക്കുമ്പോൾ അവർ സമുദായത്തിൽ എങ്ങനെയെല്ലാം ചിതറിക്കിടക്കുന്നുവെന്നറിയേണ്ടതാണു്.

ഇടച്ചേരിയെ, സൗകര്യത്തിനുവേണ്ടി, രണ്ടുതരമായി തിരിക്കാം. ആദ്യത്തേതു സാമൂഹ്യപരമായ സ്ഥാനങ്ങളിലിരിക്കുന്നവർ. ഫാക്ടറിമാനേജർ, നിയമസഭാസാമാജികൻ, ഗുമസ്തൻ, രാഷ്ട്രീയനേതാവു്, തൊഴിലാളിപ്രവർത്തകൻ മുതലായവരെല്ലാം ഈ ഇനത്തിൽ പെടും. വൈദ്യൻ, സാഹിത്യകാരൻ, പത്രാധിപർ, പുരോഹിതൻ, ഗായകൻ മുതലായവർ രണ്ടാമത്തെ ഇനമാണു്. ഈ കൂട്ടർ വിജ്ഞാനം, കല, പ്രത്യേകസിദ്ധികൾ മുതലായവയിൽ ശരണം പ്രാപിക്കുന്നു. ഇതിനെ സാംസ്കാരികവിഭാഗമെന്നു വേണമെങ്കിൽ പറയാം.

സാമൂഹ്യരംഗത്തിലെ ഇടച്ചേരിയെ നോക്കുക. ഒരു ഫാക്ടറിയിൽ മുതലാളിയുടേയും കായികപ്രയത്നം നടത്തുന്ന തൊഴിലാളിയുടേയും ഇടക്കു് എത്രപേരുണ്ടു്! മാനേജർമാർ, മേൽനോട്ടക്കാർ, ഗുമസ്തന്മാർ, യൂണിയൻസെക്രട്ടറി, പബ്ളിസിററി ഡിപ്പാർട്ടുമെൻറുകാർ മുതലായവരൊന്നും നേരിട്ടു ജോലി ചെയ്യുന്നില്ല. അവരെല്ലാം ഇടച്ചേരികളാണു്. അവർക്കെല്ലാം കീഴ്ച്ചേരിയേക്കാൾ ഉയർന്ന ശമ്പളമുണ്ടു്. അവരെല്ലാം കൂടിയാൽ 'മിച്ചവില'യുടെ സിംഹഭാഗവും അപ്രത്യക്ഷമാവും. ഇവർ ജോലിചെയ്യുന്നില്ലെങ്കിലും ജോലിചെയ്യിക്കുന്നുണ്ടു് എന്നൊരു കാര്യമുണ്ടു്. സത്യമാണു്. അവർ ആവശ്യമാണു്. അവർ എന്നുമുണ്ടായിരിക്കുകയുംചെയ്യും. പേരുമാറുന്നതുകൊണ്ടു് ഇടച്ചേരിയില്ലാതായിത്തീരുമെന്നു ധരിക്കാതിരുന്നാൽ മതി. ഇനി രാഷ്ട്രീയരംഗത്തു് ഒന്നു നോക്കു. കോൺഗ്രസ്സ് പ്രസിഡണ്ടുമുതൽ സായുധവിപ്ലവകാരിവരെ എല്ലാം ഇടച്ചേരിയാണു്. എത്ര സർക്കാരുദ്യോഗസ്ഥന്മാരുടെ ഭാര

മാണു കീഴ്ച്ചേരി താങ്ങുന്നതെന്ന് ആരെങ്കിലുമാലോചി ച്ചിട്ടുണ്ടോ? ഈ ഭാരം അടിമഭാരതത്തിലേക്കാൾ അധികം സ്വാതന്ത്ര്യഭാരതത്തിലാണെന്നു തോന്നുന്നുണ്ട്. കണ ക്കൊന്നും ആരുമെടുത്തിട്ടില്ലാത്തതുകൊണ്ട് ഉറപ്പിച്ചുപറ യാൻ ധൈര്യമില്ല. എങ്കിലും സ്വാതന്ത്ര്യത്തിനുശേഷം ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിക്കുകയാണ് ചെയ്ത തെന്നു പറഞ്ഞാൽ തെററില്ലെന്നു തോന്നുന്നു. മുററുശമ്പളം പററുന്ന രാഷ്ട്രീയപ്രവർത്തകർ. ഇന്ന് അനവധിയാണ്. അതിനുംപുറമേ കിട്ടുന്നിടത്തോളം പണം പിരിക്കുന്നു മുണ്ട്. അങ്ങനെ നോക്കിയാൽ സാമ്പത്തികവും രാഷ്ട്രീ യവുമായ രംഗങ്ങളിൽ ഇടച്ചേരിക്കുവേണ്ടി ചെലവാകുന്ന തുക എത്ര ഭാരിച്ചതാണെന്നു മനസ്സിലാക്കാം.

കൃഷിയിൽ ഈ വർഗ്ഗം നേരിട്ടു ചൂഷണം നടത്തുന്നില്ല. ജന്മിയുടെ കാര്യസ്ഥനും കൃഷിനടത്തിപ്പുകാരനും എല്ലാം കൂടിച്ചേർന്നാലും മൊത്തം ഭാരം കുറച്ചേയുള്ളു. മിച്ചവില തന്നെ കൃഷിയിൽ കുറവായതുകൊണ്ടായിരിക്കാം അങ്ങ നെ സംഭവിച്ചതു്. പക്ഷേ, അവിടെയും കൃഷിയുല്പന്ന ങ്ങളം കച്ചവടം ചെയ്യുന്ന ഒരു വർഗ്ഗമുണ്ട്. അവരിൽനി ന്നാണ് കൃഷിക്കാർ ഏററവുമധികം ചൂഷണം സഹിക്കേ ണ്ടതു്. ഇതിലൊരു പ്രത്യേകതയുണ്ട്. സാമ്പത്തിക രംഗത്തു നേരിട്ട് ഇടയാളന്മാരായി നിൽക്കുന്നവരെ ചൂഷ കന്മാരായി ഗണിക്കുക പതിവാണെങ്കിലും അവരെ പ്പോലെതന്നെ പങ്കുപററുന്ന രാഷ്ട്രീയകാരനും കലാകാ രനും നടത്തുന്ന ചൂഷണത്തെ ആരും ഗൗനിക്കുന്നില്ല. അടിമയായിരുന്ന ഇന്ത്യയിൽ യജമാനന്മാർക്കു ഭോഗം കൊടുക്കേണ്ട ചുമതലയേ നമുക്കുണ്ടായിരുന്നുള്ളു. ഇന്നാ ണെങ്കിൽ ഭരിക്കാൻ ചുമതലപ്പെട്ട വർഗ്ഗംതന്നെ അന്ന ത്തേതിൻെറ പത്തുമടങ്ങുണ്ട്. ഒരു ദിവാനു പകരം പത്തു മന്ത്രി. പിന്നെ ജനസംഖ്യയുടെ വലിയൊരു ശതമാനം വരുന്ന നിയമനിർമ്മാതാക്കൾ. സ്വാതന്ത്ര്യത്തെ സംരക്ഷി ക്കുവാൻ വേണ്ട പോലീസിൻെറ സംഖ്യ എത്രയധികമാ യിട്ടുണ്ടെന്നു നോക്കൂ. ആരോടാണോ ഈ പോലീസ് സമരം ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്, അവരും

പോലീസിനെപ്പോലെതന്നെ ഒരു വക ഇടച്ചേരിയാണ്. നിയമപാലകന്മാരും 'വിപ്ലവം തൊഴിലായി സ്വീകരിച്ച വരും' പരസ്പരശത്രുക്കളാണ്. പക്ഷേ, രണ്ടുപേരും നിന്നു സമരംചെയ്യുന്നതു കീഴ്ച്ചേരിയുടെ നെഞ്ചത്താണ്. ചുരു ക്കിപ്പറഞ്ഞാൽ മന്ത്രിക്കും, മറെറാരുത്തൻെറ മന്ത്രിക്ക സേരയ്ക്കു തുരങ്കം വയ്ക്കുന്നവന്നും, മന്ത്രിയാകാൻ കുത്തിത്തി രിപ്പുണ്ടാക്കുന്ന മൂന്നാമതൊരുത്തന്നും എല്ലാം നാം ശമ്പളം കൊടുക്കണം. ഏതെങ്കിലും ശുദ്ധാത്മാവിന്ന് ഇക്കാര്യ ത്തിൽ സംശയം തോന്നുന്നുണ്ടെങ്കിൽ എതിർകക്ഷിയുടെ നേതാക്കൻമാർ പണമുണ്ടാക്കുന്നതെങ്ങനെയാണെന്നു നോക്കൂ.

രണ്ടാമത്തെ വിഭാഗം— സാംസ്കാരികമെന്നു വ്യവഹരിക്കപ്പെട്ട വിഭാഗം—ആണ് ഇനി പരിഗണ നയർഹിക്കുന്നതു്. ഡോക്ടർമാരുടെ സംഖ്യ വദ്ധിക്കുന്നതു നല്ലതാണ്. പക്ഷേ, അവരേയും പോറേറണ്ടതു കീഴ്ച്ചേ രിയാണ്. ആളുകൾ കൂടുതൽ സാഹിത്യാഭിരുചി കാണി ക്കുന്നു എന്നു പറയുമ്പോൾ സാഹിത്യകാരൻ എന്ന ഇത്തി ക്കണ്ണി തഴയ്ക്കുന്നു എന്നാണർത്ഥം. ആസ്ഥാനകവികൾക്ക് അടുത്തൂൺ കൊടുക്കേണ്ടതുതന്നെ. പക്ഷേ, തീപ്പെട്ടിക്കു തീരുവ ചുമത്താതെ അതിന്നു പണമുണ്ടാവില്ല. കലാകാര ന്മാർ, പുരോഹിതന്മാർ, ശാസ്ത്രജ്ഞന്മാർ മുതലായവരെ ല്ലാം ഇടച്ചേരികളാണ്. മതം, സിനിമ, സാഹിത്യവ്യവ സായം, ചിത്രകല, ശാസ്ത്രാഭ്യസനം, വിദ്യാഭ്യാസം മുത ലായവയ്ക്കുവേണ്ടി മുടങ്ങിയിട്ടുള്ള ഭീമസംഖ്യകളുടെ യെല്ലാം മുതലും പലിശയും ലാഭവും കീഴ്ച്ചേരിയല്ലേ കൊടുക്കേണ്ടതു്? ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ഈ ചോർച്ച എത്ര ഭാരിച്ചതായിരിക്കും എന്നാലോചിച്ചു നോക്കുക. കോൺഗ്രസ്സ് ഭരണമെന്നുവച്ചാൽ മേൽച്ചേരി കും കീഴ്ച്ചേരിക്കും പ്രയോജനമില്ലാത്തതാണെന്നും, അതൊരുവക ഇടച്ചേരിസർക്കാരാണെന്നും പക്ഷമുള്ള വരുണ്ടു്. ഏതായാലും യാതൊരു ജോലിയും ചെയ്യാതെ (കിട്ടാഞ്ഞിട്ടായിരിക്കാം) വെള്ളഷർട്ടുമിട്ടു 'സാംസ്കാ രിക' പ്രവർത്തനവുമായി നടക്കുന്ന ചെറുപ്പക്കാരുടെ സംഖ്യ നമ്മുടെ നഗരങ്ങളിലെന്നല്ല, നാട്ടുംപുറങ്ങളിലും

വളരെ വർദ്ധിച്ചിട്ടുണ്ട്. ഇതു രാജ്യത്തിൻെറ ദാരിദ്ര്യത്തെ പൊതുവായി വർദ്ധിപ്പിക്കുമെന്നു തോന്നുന്നു.

പറഞ്ഞുപറഞ്ഞു് കലയും സംസ്കാരവുമൊന്നും വേണ്ടാ എന്ന ഫാഷിസ്റ്റ്സമ്പ്രദായത്തിലാണോ എത്തിച്ചേരുന്നതു്? അല്ല. പട്ടാളവും പ്രചരണക്കാരുമാണു് ഏററവും ഉപയോഗശൂന്യമായ ഇടച്ചേരികൾ; അവക്കു വേണ്ടി അവർ തന്നെ നടത്തുന്ന ഭരണസമ്പ്രദായമാണു് ഫാഷിസം. എന്നല്ല, മേല്പറഞ്ഞ ഇത്തിക്കണ്ണികളിൽ ഒന്നും വേണ്ടെന്നു പറയുന്നുമില്ല. ഈ രോഗത്തിനു യാതൊരു ഔഷധവും ലേഖകൻെറ കൈവശമില്ല. ചില വാസ്തവങ്ങൾ ചൂണ്ടിക്കാണിക്കുകമാത്രമാണു് ലക്ഷ്യം. പുരോഹിതൻ വലിയ ഒരു ചൂഷണക്കാരനാണു്. ശരി തന്നെ. പക്ഷേ, ആ ചൂഷണത്തിൽനിന്നു നമ്മെ രക്ഷിക്കാൻ പാടുപെടുന്ന കമ്യൂണിസ്ററുകാരനും ഇടച്ചേരിയാണു്. തല്ക്കാലത്തേക്കെങ്കിലും പുരോഹിതനു പുറമേ കമ്യൂണിസ്ററിനെക്കൂടി നാം പോറേറണ്ടതായി വന്നിരിക്കുന്നു. കോൺഗ്രസ്സ് അമ്പതുവർഷം സമരം ചെയ്തു. വളരെ നല്ലതു്. പക്ഷേ, ഈ അമ്പതുവർഷവുംകൂടി നാട്ടിനു വേണ്ടി പ്രയത്നിച്ചവരേക്കാൾ വലിയ ഒരു സംഖ്യ ആളുകൾ ഇന്നു് ആ മേൽവിലാസത്തിൽ കുക്ഷിപൂരണം നടത്തുന്നു. പണ്ടു് ഒരു രാമായണം എഴുതപ്പെട്ടുമെന്നോ ഇന്നു് ഒരു വീണപൂവു് രചിക്കപ്പെട്ടുവെന്നോ പറയുന്നതു് അഭിമാനകരമാണു്. പക്ഷേ, ആ ഒരു കാരണംകൊണ്ടു തനി വിഡ്ഢിത്തങ്ങൾ എഴുതി അച്ചടിപ്പിച്ചു വീടു കയറി പണം പിരിക്കുന്ന 'കലാപ്രവത്തകന്മാ'രിൽ ഒരാളെങ്കിലും ഒരു വാല്മീകിയായി പരിണമിക്കുമെന്നു് എനിക്കു വിശ്വാസമില്ല. കലക്കും സംസ്കാരത്തിനും വേണ്ടി നാമിന്നു മുടക്കുന്ന മുതലിന്നു ന്യായമായ യാതൊരു പ്രതിഫലവും കിട്ടുന്നില്ല. ഇന്ത്യൻസിനിമാവ്യവസായം മാത്രംമതി ഈ അഭിപ്രായത്തെ നീതീകരിക്കാൻ. ഈ ഭാരം കുറെയെങ്കിലും കുറഞ്ഞുകിട്ടിയിരുന്നെങ്കിൽ ദാരിദ്ര്യം കുറെ കുറയുമെന്നു വിചാരിക്കാം. സംസ്കാരത്തിനും അതു നല്ലതാണു്. നല്ലതുണ്ടായില്ലെങ്കിലും മൂന്നാംതരത്തിൻെറ ഉത്പാദനം കുറേ കുറയുമല്ലോ.

# ഒരൽഭുതപ്പിറവി

ശക്തിയായി അഭിലഷിച്ചാൽ, സാധാരണയായി അസാദ്ധ്യമെന്നു കരുതപ്പെടുന്ന സംഭവങ്ങൾകൂടി സംഭവിക്കുമെന്നൊരാശയം, പരക്കെയല്ലെങ്കിലും, വളരെക്കാലമായി നിലനിന്നുപോരുന്നുണ്ട്. അതിലെത്രമാത്രം വാസ്തവമുണ്ടെന്നു തീർത്തുപറയത്തക്ക ശാസ്ത്രഗവേഷണം ഇന്നുവരെയുണ്ടായിട്ടില്ല. ഈ വിഷയത്തിൽ ശാസ്ത്രഗവേഷണം സാധ്യമാണോ എന്നു തന്നെയറിവില്ല. എങ്കിലും മനുഷ്യചരിത്രത്തിലെ ചില പ്രത്യേകഘട്ടങ്ങളിൽ ചില മുട്ടും മുട്ടുശാന്തിയും ഏകകാലത്തിലാവിർഭവിച്ചു കാണാറുണ്ട്. അവ തമ്മിൽ കാര്യകാരണബന്ധമുണ്ടെന്നു പറയാൻ ന്യായം കാണുന്നില്ല, ഇന്നറിയപ്പെടുന്ന യുക്തിശാസ്ത്രമനുസരിച്ച്. എങ്കിലും അവയെ പരിശോധിക്കുന്നതു രസകരമാണ്.

പാശ്ചാത്യസാഹിത്യത്തിൽ അതിമാനുഷൻ എന്നൊരാശയം കാണുന്നുണ്ട്. നീത്ഷേ എന്ന ജർമ്മൻ ദാർശനികൻ ഈ ആശയത്തെ ഒരു സിദ്ധാന്തമായി ഉയർത്തുകയും ചെയ്തു. ബർണാർഡ്ഷാ മുതലായി പലരും ഈ ചിന്താഗതി കലാവസ്തുവാക്കി. ഈ ചിന്താഗതിക്കു പൊതുവേയുള്ള സ്വഭാവം അനിതരസാധാരണമായ സിദ്ധികളുള്ള ഒരു പുരുഷോത്തമൻെറ ആവിർഭാവമാണ്. സാധാരണമനുഷ്യൻെറ വ്യക്തിപരമോ സാമൂഹ്യമോ ആയ യാതൊരു പരിശ്രമത്തിന്നും തുടച്ചുമാററാനാവാത്ത ഒരിരുട്ട് കാലക്രമത്തിലുണ്ടാകാറുണ്ടത്രെ. പ്രപഞ്ചഗതി, സബോധപ്രപഞ്ചത്തെസ്സംബന്ധിച്ചിടത്തോളമെങ്കിലും, മന്ദീഭവിച്ചു, നിശ്ചലമായി, ചീയുവാൻ തുടങ്ങുന്ന ഒരവസ്ഥയാണതു്. കാലചക്രത്തെ അന്യാദൃശമായ ഒരു തേജസ്സുകൊണ്ടു പിന്നെയും പ്രവർത്തിപ്പിച്ചു പ്രപഞ്ചഗതിയെ പുനർജ്ജീവിപ്പിക്കുക എന്ന കർമ്മം നിറവേററാൻ

അപ്പോഠ ആരെങ്കിലും അവതരിക്കുന്നു. അവരുടെ കമ്മങ്ങഠ സാധാരണ യുക്തിക്കതീതമാണ്. അവർ പുറമെ കേവലം മനുഷ്യരാണെങ്കിലും മനുഷ്യരിൽനിന്ന് ഒരുപടി കയറിയവരാണ്. ഈശ്വരവിശ്വാസികഠ അവരിൽ ദൈവികത്വം ആരോപിക്കും. മററുള്ളവർ മറേറാരോ ന്യായങ്ങളും. ഇങ്ങനെയാണ് ഗാന്ധിയും വൈഷ്ണവാവതാരങ്ങളും ക്രിസ്തുവുമെല്ലാം. ഈ അഭിപ്രായം ശരിയോ തെറേറാ എന്നതിവിടെ ചർച്ചാവിഷയമല്ല. ഇങ്ങനെയുള്ളവരുടെ ആഗമനവും അതിനുമുമ്പുള്ള പ്രതീക്ഷകളുമാണ് നാം തല്ക്കാലം പരിഗണിക്കുന്നതു്.

ഗാന്ധിയുടെ പിറവിക്കുവേണ്ടി ആരെങ്കിലും നോമ്പു നോററിരുന്നതായി തെളിവില്ല. എങ്കിലും പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാദ്ധം മുതൽ ഇന്ത്യയെ സ്വതന്ത്രയാക്കുന്ന ഒരു ശക്തിക്കുവേണ്ടി അവ്യക്തമായിട്ടെങ്കിലും ഒരു വലിയ സംഖ്യ മനുഷ്യർ അഭിലഷിച്ചിരുന്നുവെന്നു് വിചാരിക്കുന്നതിൽ തെററില്ല. ഗാന്ധിയുടെ പിറവി ആ ആകാംക്ഷയുടെ ഫലമല്ലായിരിക്കാം. ക്രിസ്തുവിൻെറ കഥ ഇതിൽനിന്നു വളരെ ഭിന്നമാണ്. യുഗങ്ങളായി ഒരു ജനതയുടെ സ്വപ്നം സഫലീഭവിച്ചതാണ് ക്രിസ്തു എന്നു കുറെയാളുകഠ വിശ്വസിക്കുന്നു.

## മിശിഹമാർ

യഹൂദവഗ്ഗം എണ്ണത്തിൽ വളരെ വലുതല്ലെങ്കിലും അവക്കു രസകരമായ ഒരു കഥയുണ്ടു്. സുമേരിയായിൽനിന്നു പാലസ്തീൻ നാട്ടിലെത്തിയ അബ്രഹാമിൻെറ സന്തതിപരമ്പരയാണ് യഹൂദവഗ്ഗം. ഇവക്കു് അനേകം അടിമത്തങ്ങളനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യത്തിലേയ്ക്കും തിരിച്ചു് മറെറാരടിമത്തത്തിലേയ്ക്കുമുള്ള പ്രയാണമാണവരുടെ ചരിത്രം. ബാബിലോണിയൻ അടിമത്തകാലത്താണ് അവർ ആദ്യമായി ഉത്തമനായ ഒരു നേതാവിനെ സ്വപ്നം കണ്ടതു്. സ്വാതന്ത്ര്യസമരത്തിനു പ്രയോജനകരമായ ഒരു

മുദ്രാവാക്യമായിട്ടാണ് ഈ ആശയം പൊന്തിവന്നതെന്നു ചിലർ പറയുന്നു. അതെങ്ങനെയായാലും ഈ ആശയം വളരെ ശക്തി പ്രാപിച്ചു. ഈശ്വരൻെറ പ്രത്യേകപ്രീതിക്കു പാത്രീഭവിച്ച ഈ ജനത്തെ രക്ഷിക്കുവാൻ അവിടന്നു സ്വന്തപുത്രനെത്തന്നെ നിയോഗിക്കുമെന്നു് അവർ ഗാഢമായി വിശ്വസിച്ചു. ഈ രക്ഷകനാണ് മിശിഹാ. കാലക്രമത്തിൽ ഈ മിശിഹായുടെ ഗുണഗണങ്ങളെപ്പററിയും ഐതിഹ്യങ്ങളുത്ഭവിച്ചു. യാഥാർത്ഥ്യത്തെക്കാളും ശക്തിയായി കെട്ടുകഥയിൽ വിശ്വസിക്കാനുള്ള ശക്തി മനുഷ്യനുണ്ട്, കഥ സ്വഹിതാനുവർത്തിയാണെങ്കിൽ. അവ്യക്തമായി തുടങ്ങിയ ഒരു ആദർശ പുരുഷൻ യഹൂദമനസ്സിൽ പാറക്കെട്ടുകളേക്കാളും ഉറച്ച ഒരു വിശ്വാസമായിത്തീർന്നു. അടിമത്തത്തിൻെറയും അന്ധകാരത്തിൻെയും ശക്തി വർദ്ധിച്ചതനുസരിച്ചു് അവരുടെ വിശ്വാസത്തിൻെറ ദാർഢ്യവും വർദ്ധിച്ചുവന്നു. അതൊരു വയ്ക്കോൽ തുരുമ്പാണെന്നു് അവക്കു തോന്നിയില്ല. മിശിഹാ സാമൂഹ്യമനസ്സിൻെറ ഭാവനാസൃഷ്ടിയാണെന്നു് അവർ സമ്മതിച്ചില്ല. ഈശ്വരനു മനുഷ്യനായ ഒരു സന്താനമുണ്ടാകുന്നതെങ്ങനെയെന്നും അവർ യുക്തിവിചാരം ചെയ്തില്ല. നാളെയോ മററന്നാളോ അവരുടെയിടയിൽ പ്രത്യക്ഷപ്പെട്ടു് അവരെ സുന്ദരമായ ഒരു ലോകത്തേയ്ക്കു് ഉയർത്തുന്ന നേതാവായിരുന്നു മിശിഹാ. വെറും സ്വപ്നങ്ങൾക്കു വേണ്ടി മനുഷ്യർ മരിക്കാറില്ല.

റോമൻ അടിമത്തകാലത്താണ് ഈ സ്വപ്നം അതിൻെറ മൂർദ്ധന്യത്തിലെത്തിയതു്. ബി. സി. ഒന്നാം ശതകം വിപ്ലവകാരികളുടെ യുഗമായിരുന്നു. പാലസ്തീൻ നാട്ടിൽ അനേക കുരിശുകൾ ഉയർന്നു—ഓരോന്നിലും ഓരോ മിശിഹാമാരും. ഈ വിപ്ലവകാരികൾ ഓരോരുത്തരും മിശിഹയാണെന്നു വിശ്വസിച്ച ജനങ്ങൾ അവരുടെ കൂടെച്ചേർന്നു. പക്ഷേ, റോമൻ ആയുധബലവുമായിട്ടുള്ള ഏററുമുട്ടലിൽ അമാനുഷമോ അതിമാനുഷമോ ആയ യാതൊന്നും അവരിലില്ലെന്നു തെളിയുകയും, അവരുടെ മിശിഹാപ്പട്ടം അതോടെ അസ്തമിക്കയും ചെയ്തു. യൂദാസ്

മക്കാബിയസ് എന്ന വീരനാണ് ഈ ദേശപ്രേമികളിൽ അഗ്രഗണ്യൻ, അദ്ദേഹവും തോററു. പക്ഷേ, സ്വപ്നം പിന്നെയും നിലനിന്നു. സ്നാപകനായ യോഹന്നാനോടും ജനങ്ങൾ ചോദിച്ച ചോദ്യം അദ്ദേഹം മിശിഹായാണോ എന്നായിരുന്നു. ഈ അന്തരീക്ഷത്തിലാണ് ബതൽഹേമിൽവച്ച് ഭർത്തൃസംസർഗ്ഗം നടത്തിയിട്ടില്ലാത്ത ഒരു കന്യക ഒരു ശിശുവിനെ പ്രസവിച്ചതു്.

ആ ശിശു വളർന്നു. മുപ്പതുവയസ്സുവരെ എങ്ങനെയോ ജീവിച്ചു. പിന്നീടുള്ള മൂന്നു വർഷംകൊണ്ടു കുറെയെല്ലാം പ്രവർത്തിച്ചു. മരിച്ചു. അദ്ദേഹം മിശിഹായായി ചരിത്രത്തിൽ ലബ്ധപ്രതിഷ്ഠനമായി. വചനം രൂപമായി. സ്വപ്നം സഫലീഭവിച്ചു.

എല്ലാവരും അംഗീകരിച്ചു എന്നല്ല. ഒരു വിഭാഗം യഹൂദന്മാർ അദ്ദേഹത്തെ അംഗീകരിച്ചില്ല. അവക്കു ബലമായ ചില എതിർപ്പുകളുണ്ടായിരുന്നു. ഒന്നാമതു റോമൻനുകത്തിൽ നിന്നു യഹൂദജനതയെ സ്വതന്ത്രമാക്കുന്ന ഒരു രാഷ്ട്രീയനേതാവിനെയാണവർ ആവശ്യപ്പെട്ടതു്. ''കൈസറിനുള്ളതു കൈസറിനു കൊടുക്കുവാൻ'' പറഞ്ഞ ഒരു അധ്യാത്മവാദിയെ അവരെങ്ങനെ മിശിഹായായി അംഗീകരിക്കും? പോരെങ്കിൽ മിശിഹാ രാജകുലജാതനായിരിക്കണമെന്നാണ് പ്രവചനം. മിശിഹാ ദാവിദ്രാജാവിൻെറ വംശപരമ്പരയിൽ പെട്ടവനായിരിക്കണം. യൗസേഫ് ആ വംശപരമ്പരയിൽ പെട്ടവനായതുകൊണ്ടു് പ്രയോജനമില്ല. അദ്ദേഹം മറിയയെ സ്പർശിച്ചിട്ടില്ലല്ലോ. മറിയ ഏതു വംശമാണെന്ന പ്രശ്നംപോലും യഹൂദസംസ്കാരത്തിൽ സംഗതമല്ല. പാരമ്പര്യക്കാര്യത്തിൽ സെമിററിക് വർഗ്ഗക്കാർ തായ്വഴി വകവയ്ക്കാറില്ല. സാധാരണ ഗതിയിലങ്ങനെയാണെങ്കിൽ മിശിഹയുടെ കാര്യത്തിലെത്രയധികം! യേശുവിൻെറ മിശിഹപ്പട്ടത്തിൽ യഹൂദന്മാക്കു് ഇനിയുമുണ്ടു് അനേകം ആക്ഷേപങ്ങൾ. അവരിൽ ഭൂരിപക്ഷവും യേശുവിനെ അംഗീകരിച്ചില്ല എന്നു പറഞ്ഞാൽ കഴിഞ്ഞു. അവർ ഇന്നും ഒരു മിശിഹയെ പ്രതീക്ഷിച്ചുകഴിയുകയാണ്,

ലഭിക്കുമോ എന്നാരറിഞ്ഞു.

പക്ഷേ, മറെറാരു വിഭാഗത്തിനു യേശു മതിയായ മിശിഹയായിരുന്നു. അവർ അദ്ദേഹത്തെ തങ്ങളുടെ രക്ഷകനായി അംഗീകരിക്കുന്നു.

## സാമൂഹ്യചേതന

മേൽ പറഞ്ഞ യഹൂദസ്വപ്നത്തിനു ദാർശനികമായ അടിസ്ഥാനമുണ്ടോ, ഉണ്ടെങ്കിൽ യേശു യഥാർത്ഥ മിശിഹയാണോ, ഈവക പ്രശ്നങ്ങളൊക്കെ വേദശാസ്ത്ര പ്രശ്നങ്ങളാണ്. അതൊക്കെ ശാസ്ത്രിമാരും മഹാപുരോഹിതന്മാരും തീരുമാനിക്കട്ടെ. സാധാരണക്കാരനു് ആലോചിക്കാൻ രസമുള്ള വിഷയം, ഇങ്ങനെയൊരാശ ഒരു മനുഷ്യശിശുവിൻെറ പിറവിയിൽ അല്ലെങ്കിൽ ഒരു മനുഷ്യൻെറ ജീവിതവൃത്തിയുടെ പരിണാമത്തിൽ, കലാശിക്കുമോ എന്നതാണ്. ഉത്തരം കിട്ടുമെന്നുറപ്പുണ്ടായിട്ടല്ല. സാമൂഹ്യമനശ്ശാസ്ത്രത്തിൽ ഇതുവരെ കയറിക്കൂടിയിട്ടില്ലാത്ത ഒരു സംഗതിയായതുകൊണ്ടുമാത്രം.

മനുഷ്യമനസ്സിനു് അത്ഭുതകരമായ ചില സിദ്ധികളുണ്ടെന്നു പലരും വിശ്വസിക്കുന്നു. മെസ്മറിസം ആ വിശ്വാസത്തിൻെറ പ്രായോഗികപരീക്ഷണമാണല്ലൊ. മന്ത്രവാദം മനശ്ശക്തിയുടെ ഒരു പ്രഭാവവിശേഷമാണെന്നു പക്ഷമുണ്ട്. യോഗാഭ്യാസം, തപസ്സ് മുതലായി പലതും മനസ്സിനെ ആശ്രയിക്കുന്നു. മനുഷ്യശരീരത്തേക്കാൾ ഒട്ടേറെ ശക്തികൂടിയ ഒരു വസ്തുവാണ് മനസ്സ് എന്നു് ആത്മീയവാദികൾ സിദ്ധാന്തിക്കുന്നു. ഇതെല്ലാം വ്യക്തികളുടെ മനസ്സിനെപ്പററി മാത്രമാണ്. ഇപ്പറയുന്നതിൽ ഒരംശമെങ്കിലും വാസ്തവമുണ്ടെങ്കിൽ അനേകലക്ഷം മനുഷ്യരുടെ രൂഢമൂലമായ അഭിലാഷത്തിനും എന്തെങ്കിലുമൊരു ശക്തിയുണ്ടായിരിക്കണമല്ലോ. ഒരത്ഭുതശിശുവിൻെറ പിറവിയല്ല, ഒരു ദൈവത്തിൻെറ സൃഷ്ടിതന്നെ വരുത്തിക്കൂട്ടാൻ മാത്രം ശക്തിയുള്ളതായിരുന്നു യഹൂദവർഗ്ഗത്തിൻെറ വിശ്വാസം.

ക്രിസ്തു ഒരു അത്ഭുതമനുഷ്യനായിരുന്നു എന്നു ഗണിക്കാത്തവർക്കും ഈ പ്രശ്നം ചിന്താർഹമാണ്. ആ പിറവി അത്ഭുതമെന്നിരിക്കട്ടെ. ഉത്തമനായ ഒരു യഹൂദാദ്ധ്യാത്മവാദിയെ സമുദായം ഈ സ്വപ്നത്തിൽ ചുററി പൊതിഞ്ഞതാണെന്നു വിചാരിക്കുന്നവർക്കും അനേകമനേകം രക്തസാക്ഷികളുണ്ടായ ആ നാട്ടിൽ ഈ ഒരു യുവാവിൻെറ ജാതകഫലം മാത്രം ഇങ്ങനെയായിത്തീർന്നതു് എന്തുകൊണ്ടെന്നു് ആലോചിക്കാവുന്നതാണ്. ക്രിസ്തുവിനോടു ബന്ധിച്ചു പറയുന്ന അനേകകഥകൾ, ക്രിസ്തുവിനു മുമ്പ്, ബുദ്ധനോടും മററും ബന്ധപ്പെട്ടു പറയപ്പെട്ടിട്ടുള്ളതാണ്. ക്രിസ്തുവിൻെറ ആശയങ്ങളിൽ പലതും അതിനുമുമ്പു പ്രചരിച്ചിട്ടുള്ളതാണ്. ദാർശനികദൃഷ്ട്യാ നോക്കിയാൽ ക്രിസ്തുവിൻെറ സ്ഥാനം വളരെ ഉയർന്ന ഒന്നല്ല. ഇങ്ങനെയൊക്കെയാണെങ്കിലും ആ പേരിനു ലഭിച്ച അംഗീകാരം വേറെ അധികംപേൎക്കു ലഭിച്ചിട്ടില്ല.

ഒരത്ഭുതപ്രസവം തന്നെ.

# ജനാധിപത്യത്തിന് ഒരു മാപ്പുസാക്ഷി

ഞാൻ ജനങ്ങളിൽ വിശ്വസിക്കുന്നില്ല, എങ്കിലും ജനാധിപത്യത്തിൽ വിശ്വസിക്കുന്നു. പ്രത്യക്ഷത്തിൽ യുക്തിവിരുദ്ധമായ ഈ പ്രസ്താവനയ്ക്കു ന്യായം പറയാമോ എന്നു നോക്കട്ടെ.

ജനങ്ങളിൽ വിശ്വസിക്കുന്നില്ല എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? എന്തുകൊണ്ടാണു ജനങ്ങളിൽ വിശ്വസിക്കാത്തതു്?

മനുഷ്യസംസ്ക്കാരത്തിന്റെ സൂക്ഷിപ്പുകാരനായിരിക്കാൻ ബഹുജനം യോഗ്യരല്ല എന്നതാണ് ആദ്യത്തേതിനുത്തരം. മതം, കല, ശാസ്ത്രം, സമുദായം മുതലായവയുടെ മൂല്യങ്ങളെപ്പററി തീർപ്പുകല്പിക്കാൻ അവർ അശക്തരാണ്. രണ്ടാമത്തെ പ്രസ്താവനയ്ക്കു കാരണം, ഒരാദർശമായിട്ടോ, ദിവ്യാവതാരമായിട്ടോ ആരാധിക്കത്തക്ക ഒന്നല്ല ജനസാമാന്യം എന്നതാണ്. സാധാരണ മനുഷ്യൻ സംസ്ക്കാരത്തിന്റെ വളരെ ചുവട്ടിലത്തെ പടിയിലാണ് നില്ക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ പരിണാമം ആരംഭിച്ചിട്ടേയുള്ളു. അതു ഗണനീയമായ ഒരു നിലയിലെത്തിച്ചേരാൻ ഇനിയും യുഗങ്ങൾ വേണ്ടിവരും. ഭക്ഷണം, സന്താനോത്പാദനം എന്നീകാര്യങ്ങളിൽപ്പോലും മൃഗങ്ങളിൽനിന്നു മനുഷ്യൻ വളരെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ല. അപൂർവ്വം ചില വ്യക്തികൾ സംസ്ക്കാരപരമായി അല്പം ഉയർന്നെന്നുവെച്ച് ഈ വിഭാഗത്തിന്റെ സംസ്ക്കാരനിലവാരം വളരെ ഉയർന്നുവെന്നു ഗണിക്കുന്നതും ശരിയല്ല. ഇതാണു ഞാൻ പഠിച്ചതിലെല്ലാം കണ്ടതു്. അനുഭവത്തിൽനിന്നറിഞ്ഞതും മറെറാന്നല്ല. ഇനി ഇപ്പറഞ്ഞതു വിശദീകരിക്കാം.

## പൊതുജനം കഴുതയാണ്

ചരിത്രത്തിലെ വിലപ്പെട്ട സകലതും പൊതുജനത്തിൻെറ എതിർപ്പിനെ നേരിട്ടുകൊണ്ടാണ് ഉണ്ടായിട്ടുള്ളൂ. പൊതുജനത്തിനു പൊതുവായി ഒരു ചിന്താശക്തിയില്ല, വികാരാവേശം മാത്രമേയുള്ളു. ഈ വികാരം പൊതുക്കാര്യങ്ങളിൽ വിശ്വസിക്കാവുന്ന ഒരു വഴികാട്ടിയല്ല. ഏതെങ്കിലുമൊരാശയം ഉത്ഭവിച്ചുകഴിഞ്ഞാൽ അതു വിജയിച്ച് അതിനു പ്രതിഷ്ഠയും പൂജാരിയും മതവുമെല്ലാം സിദ്ധിച്ചുകഴിഞ്ഞു മാത്രമേ പൊതുജനം അതിനെ സ്വീകരിക്കുന്നുള്ളു. ആദ്യഘട്ടത്തിൽ അസ്തമിക്കാതിരിക്കുന്നെങ്കിൽ അതു പൊതുജനത്തിൻെറ പിന്തുണകൊണ്ടല്ല, അതിനെ കൊല്ലാൻ ജനതയ്ക്കു ശക്തിയില്ലാതെപോയതുകൊണ്ടു മാത്രമാണ് യുക്തിവിചാരം ചെയ്യുകയെന്നതു ജനസാമാന്യത്തിൻെറ പതിവല്ല. രാഷ്ട്രീയകാര്യങ്ങളിൽ തീവ്രമായ വാദപ്രതിവാദങ്ങൾ നടക്കുന്നതു നാം കാണാറുണ്ട്. അതിൻെറ പേരിൽ ആരും കക്ഷിമാറിയതായിട്ടറിവില്ല. സ്വതവേ ദുഷിച്ച അന്തരീക്ഷത്തിൽ, അല്പം വിഷംകൂടി പകരാനേ അത്തരം തർക്കങ്ങൾ സഹായിക്കുകയുള്ളു. മിക്ക മനുഷ്യരും വലുപ്പത്തെയും ശക്തിയേയും ആരാധിക്കുന്നവരാണ്. ഒരു തത്വം ശരിയോ തെററോ എന്ന പ്രശ്നം അവർ അവഗണിക്കുന്നു. അതിനെന്തു പ്രചാരവും ശക്തിയുമുണ്ടെന്നതാണു പ്രധാന കാര്യം. ചില മതങ്ങൾ അവരുടെ എണ്ണം പെരുപ്പിക്കാൻവേണ്ടി ഏതു ദുഷ്കർമ്മവും നടത്തുന്നതും, കമ്യൂണിസ്ററുകാർ സോവിയററു പല്ലവി പാടുന്നതുമെല്ലാം ഈ ചിന്താഗതിയെ ആദരിച്ചാണ്. ''ചേരതിന്നുന്ന നാട്ടിൽ ചെന്നാൽ ചേരയുടെ നടുമുറി തിന്നണം.'' അതാണു ജനകീയ ഫിലോസഫി. ഇന്നലെ ''ദാവിദ് പുത്രനു ഹോശാന!'' എന്നാർത്തട്ടഹസിച്ച യഹൂദജനതതന്നെയാണ് ഇന്ന് ''അവനെ ക്രൂശിക്ക'' എന്നലറുന്നതും. യേശുവിന് ആ ജനക്കൂട്ടത്തെപ്പററി വല്ല വ്യാമോഹവുമുണ്ടായിരുന്നെങ്കിൽ ''കർത്താവേ, അവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ

അവരോടു ക്ഷമിക്കേണമേ,'' എന്നു പ്രാർത്ഥിക്കില്ലായിരുന്നു. ആരെങ്കിലും വങ്കനാണെന്നു പറയുന്നതു ബഹുമാനസൂചകമായിട്ടല്ലല്ലോ. സോഫോക്ലീസും ഷേക്സ്പിയറും ഇബ്സനുമെല്ലാം ഇതിലേറെ കയ്പേറിയ ഭാഷയിൽ ഈ സത്യം പറഞ്ഞിട്ടുണ്ടു്. ഭരണാധികാരിയുടെ മനോഭാവമനുസരിച്ചു്, പൗരന്മാരുടെ നീതിബോധം ആടിയുലയുന്നതു സോഫോക്ലീസ് ചിത്രീകരിച്ചിട്ടുണ്ടു്. ബ്രൂട്ടസ്സിൻെറയും ആൻറണിയുടേയും പുറകേ മാറിമാറി ചാഞ്ചാടുന്ന റോമൻജനതത്തെ ഷേക്സ്പിയർ നൂറുവട്ടം അപഹസിച്ചിട്ടുണ്ടു്. ഇബ്സനിലെത്തിയപ്പോഠം സർവ്വലോകത്തേയും ചെറുത്തുകൊണ്ടു് ഏകാകിയായി എഴുന്നേററു നിന്നു കല്ലേറുകൊള്ളുന്നവൻ മാത്രമാണു് മഹാൻ എന്നുവരെ എത്തി. കലാഭാസങ്ങളെ പുലർത്തുന്നതും, അദ്ധരാത്രിസമയത്തു വണ്ടിയിറങ്ങുന്ന സിനിമാനടനെ കാണാൻ പതിനായിരക്കണക്കിനെത്തുന്നതും ബഹുജനമാണു്. ഭാഗ്യക്കുറിത്തട്ടിപ്പുകളെ പോഷിപ്പിക്കുന്നതവരാണു്. പുണ്യാത്മാക്കളെ അടിച്ചു കൊല്ലുന്നതും അവർതന്നെ. ''പൊതുജനം കഴുതയാണു്.''

മതസ്ഥാപകന്മാരും പരിഷ്കർത്താക്കളും രാഷ്ട്രീയനേതാക്കന്മാരുമെല്ലാം ഈ വാസ്തവം മനസ്സിലാക്കിയവരാണു്. അവരാരും പൊതുജനത്തെ വിശ്വസിക്കുന്നില്ല. പിന്നെ എന്തിനു മററുള്ളവർ ആ സങ്കല്പം പുലർത്തണം? (ജനങ്ങളിൽ വിശ്വസിക്കുന്നുണ്ടെന്നും ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ലെന്നും പറയുന്നവരുണ്ടു്. അവരെപ്പററി ഇവിടെ പ്രതിപാദിക്കുന്നില്ല.) അന്ധമായി ജനതയിൽ വിശ്വസിക്കുന്ന യാതൊരു ചിന്തകനും (ക്രോപോട്കിൻ ഒഴികെ) ലോകത്തിലുണ്ടായിട്ടില്ല. നേതൃത്വവും ശിക്ഷണവും എന്തു കാര്യത്തിനും ആവശ്യമാണെന്ന തത്വത്തിൻെറ അടിയിൽ കിടക്കുന്നതെന്താണു്? ശരിയായി പ്രവർത്തിക്കാൻ ജനതയ്ക്കു് അറിഞ്ഞുകൂടാത്തതു് ഒരു കുററമായി അവർ ഗണിക്കുന്നില്ല. അതൊരു കുറവു് മാത്രമാണു്. ഈ കുറവിനെ അംഗീകരിക്കയും അതിന്നുവേണ്ട പ്രതിവിധി നിർദ്ദേശിക്കുകയും മാത്രമാണു് അവർ ചെയ്യുന്നതു്.

ഈശ്വരനെ ആരാധിക്കുന്നതുപോലും സാധാരണക്കാരന്ന് ചെയ്യാൻ അറിഞ്ഞുകൂടാത്തതുകൊണ്ടാണ് പുരോഹിത വർഗ്ഗമുണ്ടായത്. പുരോഹിതത്തൊഴിൽ ഈശ്വരദത്തമാണെങ്കിൽ അവിടുന്നുപോലും പൊതുജനങ്ങളിൽ വിശ്വസിക്കുന്നില്ലെന്നു സ്പഷ്ടം. പൊതുജനങ്ങളിൽ വിശ്വസിക്കുന്നുവെന്നവകാശപ്പെടുന്ന രാഷ്ട്രീയനേതാക്കന്മാരും ഉറപ്പുള്ള രാഷ്ട്രീയഘടനകളെ പിന്താങ്ങുന്നുണ്ട്. രാഷ്ട്രത്തിൻെറ സുസ്ഥിതിയെടുത്തു പൊതുജനം കരണ്ടകളിച്ചേക്കുമെന്നുള്ള ഭീതികൊണ്ടാണല്ലോ രാഷ്ട്രീയരക്ഷാകവചങ്ങളുണ്ടാക്കുന്നത്. പ്ലേറേറായുടെ ആദർശരാഷ്ട്രത്തിൽപ്പോലും ഭരണച്ചുമതലയുള്ള ഒരു പ്രത്യേക വിഭാഗമുണ്ട്. സ്ഥിതി സമത്വവാദികളാകട്ടെ, സെൻസസ്സിൽ പേരുള്ളവരെയെല്ലാം പൊതുജനമായിട്ടെണ്ണുകയില്ല. 'വർഗ്ഗബോധമുള്ളവർ മാത്രമാണ് ബഹുജനം. ബാക്കിയുള്ളവർ പിന്തിരിപ്പന്മാരും കരിങ്കാലികളുമാണ്. ഫാഷിസത്തിലാണെങ്കിൽ ഈശ്വരനിയോഗമുള്ള ഒരു നേതാവിൻെറ ഉപദേശമനുസരിച്ചാണ് ജനങ്ങൾ പെരുമാറേണ്ടതു്. ജനാധിപത്യഭരണഘടനകളിൽപ്പോലും ജനതയുടെ വീണ്ടുവിചാരമില്ലാത്ത വികാരങ്ങളിൽ നിന്നു രാഷ്ട്രത്തെ രക്ഷിക്കുവാനുള്ള വകുപ്പുകൾ കാണുന്നുണ്ട്. മതവും, കലയും, രാഷ്ട്രവും, ശാസ്ത്രവും ഒന്നും ബഹുജനത്തിൻെറ കൈയിൽ സുരക്ഷിതമല്ല. അതാണ് പൊതുമതം, അതാണനുഭവം. ഈ വാസ്തവത്തിൻെറ മുമ്പിൽ സർവ്വപ്രധാനമായ രാഷ്ട്രത്തെ അവരുടെ കൈയിൽ ഏല്പിച്ചുകൊടുക്കണമെന്നെങ്ങനെ പറയും? അവിടെയാണ് യുക്തിഭംഗം കിടക്കുന്നതു്.

## രാഷ്ട്രം അവരുടേത്

യുക്തിയനുസരിച്ചുള്ള ഒരു നീതീകരണം ജനാധിപത്യത്തിനുണ്ടെന്നെനിക്കു തോന്നുന്നുമില്ല. ഉണ്ടെങ്കിൽ ഞാനതു കണ്ടെത്തിയിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വിശ്വാസം മാത്രമാണ്. ചില ന്യായങ്ങൾ മാത്രം പറയാം.

ഒന്നാമത്തു രാഷ്ട്രം അവരുടെ സമ്പത്താണ്. തറവാട്ടുമുതലാണ്. അതവർക്കുവേണ്ടിത്തന്നെ സംഘടിക്കപ്പെട്ടതുമാണ്. അവരാണതിൻെറ ചട്ടക്കൂടിനുള്ളിൽ ജീവിക്കേണ്ടതു്. അതുകൊണ്ടു് അതെങ്ങനെയായിരിക്കണമെന്നു തീരുമാനിക്കാൻ അവൎക്കവകാശം കൊടുത്തേ കഴിയൂ. അവർ അതു ശരിയായി നടത്തുന്നെങ്കിൽ നടത്തട്ടെ. അല്ലെങ്കിൽ നശിക്കട്ടെ. അറിയാവുന്നവർ അവൎക്കു ബുദ്ധിയുപദേശിക്കുന്നതിൽ തെററില്ല. പക്ഷേ, അവരതു വകവെയ്ക്കുന്നില്ലെങ്കിൽ ബലാല്ക്കാരമായി ആരും അവരെ നന്നാക്കാൻ ശ്രമിക്കരുതു്. അതു രോഗത്തേക്കാളും ഭയങ്കരമായ ഔഷധത്തിലവസാനിക്കും. (ഇതൊന്നും കലമൂത്തലായ കാര്യങ്ങളെപ്പററി ഞാൻ പറയുകയില്ല.) രണ്ടാമതായി ശാസ്ത്രത്തിനും, കലയ്ക്കും മററും വേണ്ടത്ര സംസ്കാരനിലവാരം രാഷ്ട്രീയകാര്യങ്ങൾക്കു് അവശ്യമില്ല. ഉത്തമകലാവസ്തു തെരഞ്ഞെടുക്കുന്നതിനേക്കാൾ എളുപ്പമാണല്ലോ വോട്ടുചെയ്യുന്നതു്. മൂന്നാമത്തു രാഷ്ട്രത്തെ സംബന്ധിച്ചേടത്തോളം ബഹുജനങ്ങൾ എന്തെങ്കിലും നശിപ്പിച്ചുകളയുമെന്നു ഭയപ്പെടാനില്ല. എന്താണ് നശിപ്പിക്കാനുള്ളതു്? ശാശ്വതമായി കാത്തുരക്ഷിക്കേണ്ടയാതൊരു രാഷ്ട്രീയസംഘടനയും മനുഷ്യനിതുവരെ ഉണ്ടാക്കിയിട്ടില്ല, ഒരിക്കലും ഉണ്ടാക്കുകയുമില്ല. നാലാമത്തു് ജനാധിപത്യമെന്നതു് അവർ പരിചയിച്ചു പഠിക്കേണ്ട ഒന്നാണ്. വെള്ളത്തിലിറങ്ങാതെ നീന്താൻ പഠിക്കുകയില്ല. ഒരു കവിൾ വെള്ളം കുടിച്ചാലെന്തു്? ആവശ്യം അവനെ വിദഗ്ദ്ധനാക്കിക്കൊള്ളും. അഞ്ചാമത് ബഹുജനം എല്ലാകാര്യങ്ങളിലും കഴുതയല്ല. പലതിലും അവർ കഴിവുകേടു കാണിച്ചിട്ടുണ്ടെന്നുള്ളതു് ശരിയാണെങ്കിലും അവരുടെ തൊഴിലിൽ അവർ സമൎത്ഥരാണ്. കൃഷിവകുപ്പിലുള്ള സകല ഉദ്യോഗസ്ഥന്മാരേക്കാളും കാര്യമറിയാവുന്നവരാണ് നമ്മുടെ കൃഷിക്കാർ! രാഷ്ട്രീയകാര്യങ്ങൾ അവരുടെ ജീവിതവൃത്തികളിൽ ഒന്നായിക്കഴിയുമ്പോൾ അവരതു പഠിച്ചുകൊള്ളും. ആറാമത് ജനാധിപത്യത്തിൽ ഗൂഢാലോചനയും രഹസ്യചർ

ച്ചകളും അനുവദിച്ചിട്ടില്ല. പൊതുകാര്യങ്ങറം മറയ്ക്ക പിന്നിലേയ്ക്ക കൊണ്ടുപോകുന്നതു് സർവ്വാധിപത്യത്തിനു വഴിതെളിക്കുകയാണ്. ഇതരരാഷ്ട്രീയസമ്പ്രദായങ്ങളിൽ സാധാരണക്കാരനെ വിശ്വസിച്ചു പങ്കാളിയാക്കാൻ വയ്യാത്ത കാര്യങ്ങളുണ്ടു്. ശത്രുക്കളെ വഞ്ചിക്കുവാനെന്ന ഭാവത്തിൽ സ്വന്തം കുഞ്ഞാടുകളെ ചതിക്കുന്ന രംഗങ്ങളാണവ. സകല രാഷ്ട്രീയവഞ്ചനകളും ഇത്തരം രഹസ്യരംഗങ്ങളിൽവെച്ചാണ് രൂപമെടുക്കുന്നതു്. ജനാധിപത്യം ഈ സമ്പ്രദായത്തെ അംഗീകരിക്കുന്നില്ല. അവസാനമായി, ജനതയിൽ തിന്മമാത്രമല്ല ഉള്ളതെന്ന കാര്യം ശ്രദ്ധിക്കണം. ജനതയുടെ രണ്ടു പ്രത്യേകതകറം പരിഗണനാർഹങ്ങളാണ്. അവക്കു പരിഷ്കാരം കുറവാണെങ്കിലും മനുഷ്യത്വം അവരിൽ വളരെയധികം കാണാൻ കഴിയും. ഭൂതദയ, സഹാനുഭൂതി മുതലായ ഗുണങ്ങറം ഉയർന്ന വസ്ത്തുക്കാറം കൂടുതലായി അവരിൽ കണ്ടെന്നുവരും. മറെറാന്നു് അവരുടെ അന്ധമായ ഒരുവക ബുദ്ധിയാണ്. തലമുറകളായി മനുഷ്യൻ അനുഭവിച്ചറിഞ്ഞ കാര്യങ്ങളുടെ കലവറകളാണവർ. പലപ്പോഴും കാര്യകാരണബന്ധമറിയാതെതന്നെ ശരിയെന്തെന്നു് അവർ കണ്ടുപിടിക്കും. പാരമ്പര്യത്തിൻെറ രഹസ്യംതന്നെ ഇതാണ്. ഒരു ജനതയുടെ നിലനില്പിന്നു് അതൊഴിച്ചുകൂടാത്ത സമ്പത്താണ്. ഇതിൽനിന്നുണ്ടാവുന്ന യാഥാസ്ഥിതികമനഃസ്ഥിതി പരിഷ്കത്താവിനൊരു വിലങ്ങുതടിയാണെങ്കിലും സമുദായത്തെ കണ്ണടച്ചു് ഓരോ ആപത്തിലേയ്ക്കു് വലിച്ചിഴയ്ക്കുന്ന കോളിളക്കങ്ങറക്കു് കടിഞ്ഞാണും ഇതുതന്നെയാണ്.

'കഴുത'യായ പൊതുജനത്തെപ്പററി ഇത്ര നല്ലതായി പറയുന്നതു പൂർവ്വാപരവിരുദ്ധമല്ലേ എന്നു ചോദിക്കുന്നവരുണ്ടാകാം. അല്ല എന്നാണു മറുപടി. ശ്രദ്ധിച്ചാൽ ഇവ തമ്മിൽ വൈരുദ്ധ്യമില്ലെന്നറിയാം.

പ്രായോഗികവശത്തുനിന്നു ജനാധിപത്യത്തിനു മറെറാരു നീതികരണമുണ്ടു്. യാതൊരുത്തനും മറെറാരാളെ ഭരിക്കാൻ മാത്രം യോഗ്യനല്ല എന്ന തത്വം തെററാണ്.

പക്ഷേ, അതൊരാദർശമായി അംഗീകരിക്കാതിരുന്നാൽ. ഭരിക്കാൻ യോഗ്യനാരെന്നതിനെക്കുറിച്ചുണ്ടാകുന്ന തർക്കം തീരുമാനിക്കാൻ സമരമല്ലാതെ മററു മാർഗ്ഗമില്ലാതായിത്തീരും. അതു് കുരങ്ങു് അപ്പം പങ്കിട്ടതുപോലെ അവസാനിക്കുകയും ചെയ്യും. സകല സർവ്വാധിപതികൾക്കും, ഏററവും ഭരിക്കാൻ പററിയവർ അവരാണെന്നാണു വിശ്വാസം. ഈ ദുരന്തത്തിൽനിന്നു് ഒരു രക്ഷാമാർഗ്ഗമേയുള്ളു, സമ്മതത്തോടെ ഭരിക്കുകയെന്നതു്. അതിൻെറ ഫലമായി ലഭിക്കുന്നതു സ്വർഗ്ഗമല്ലായിരിക്കാം. പക്ഷേ, സങ്കല്പസ്വർഗ്ഗത്തിനുവേണ്ടി ആരും യഥാർത്ഥലോകം ഉപേക്ഷിക്കാറില്ലല്ലോ.

ആരാധിക്കത്തക്ക ഒരു ദേവതയല്ല ബഹുജനം എന്നു പറഞ്ഞതുകൊണ്ടു് അതിനെ വെറുക്കണമെന്നർത്ഥമില്ല. അവരെ പുച്ഛിക്കുന്നു എന്നുമില്ല. മഹാത്മാക്കൾ മറെറാരു മാർഗ്ഗമാണവലംബിച്ചതു്. അയൽക്കാരനെ സ്നേഹിക്കുവാനാണു് ക്രിസ്തു ഉപദേശിച്ചതു്. അവൻ ശത്രുവായാലും സ്നേഹിക്കണമെന്നു്. ഇതു കാപട്യമില്ലാത്ത ഒരു നിലപാടാണു്. പൊതുജനം ചാണക്യനെക്കാൾ ബുദ്ധിയുള്ളതാണെന്നുപറഞ്ഞു് മിരട്ടി വോട്ടുവാങ്ങി രാഷ്ട്രീയാധികാരം സമ്പാദിക്കുന്നവരോടു് താരതമ്യപ്പെടുത്തിനോക്കിയാൽ ഇബ്സനെപ്പോലുള്ള 'പൊതുജനശത്രുക്കൾ' എത്ര ഭേദമാണു്. വോട്ടു കൈക്കലാക്കാനുള്ള മാർഗ്ഗവും നല്ല മനുഷ്യസമുദായം സൃഷ്ടിക്കാനുള്ള മാർഗ്ഗവും ഒന്നായിരിക്കണമെന്നു നിർബ്ബന്ധമില്ല. മേൽ പറഞ്ഞ മനുഷ്യസ്നേഹത്തിൻെറപേരിലും അസ്വാതന്ത്ര്യം നിലനിറുത്താം. അങ്ങനെയുള്ള മനുഷ്യസ്നേഹികളെയും ഒഴിച്ചുനിറുത്തുന്നതാണു് സമുദായത്തിനു നല്ലതു്. സ്വന്ത സമ്മതത്തിനെതിരായി നിർബന്ധിച്ചു ഭക്ഷണം കഴിപ്പിക്കുന്നതുപോലും അംഗീകരിക്കാവുന്നതല്ല. അല്ലെങ്കിൽ സമുദായം മുഴുവൻ ഭ്രാന്തന്മാരും നേതാക്കന്മാരെല്ലാം വൈദ്യന്മാരുമായിരിക്കണം. അല്ലാത്തിടത്തോളംകാലം നിർബ്ബന്ധിച്ചു നടപ്പിൽ വരുത്തുന്ന സകലതിനെയും എതിർക്കാനുള്ള വാസനയാണു് മനുഷ്യരിൽ വളരുക, സഹകരിക്കാനുള്ള സന്നദ്ധതയല്ല.

ജനാധിപത്യം ഒരാദർശമാണ്. അതൊരിക്കലും പൂർണ്ണമായി നടപ്പാവുകയില്ല. അത് അങ്ങനെ നടപ്പാക്കാൻവേണ്ടിയുള്ളതുമല്ല. സംസ്കാരത്തിലേയ്ക്കുള്ള മനുഷ്യവർഗ്ഗത്തിൻെറ നിരന്തരപ്രയാണത്തിൽ ലക്ഷ്യനിർദ്ദേശം ചെയ്യുന്ന ഒരു പ്രകാശ ഗോപുരമാണത്. അത് അങ്ങനെ ചക്രവാളത്തിനു മുകളിൽ ജ്വലിച്ച് പ്രകാശിക്കും. നാം ചക്രവാളത്തിലെത്തുമ്പോഴ് ആ ദീപശിഖ അതിനപ്പുറത്തെ ചക്രവാളത്തിലേക്കു നീങ്ങിയതായിക്കാണും. അതങ്ങനെ മാടിവിളിച്ചുകൊണ്ട് നീങ്ങിക്കൊണ്ടിരിക്കും. അതിനെ അനുഗമിച്ചു നാം മുന്നോട്ടുപോകും. ഒരിക്കലും അവിടെ എത്തുകയുമില്ല. ഗംഗാജലത്തിലല്ല പുണ്യം, ഗംഗയിലേക്കുള്ള തീർത്ഥയാത്രയിലാണ്.

# പ്രോക്രസ്റ്റസിൻെറ കട്ടിൽ

പണ്ടു് പ്രോക്രസ്റ്റസ് എന്ന പേരായി ഒരു രാക്ഷസ നുണ്ടായിരുന്നു. അയാൾക്കു് ഒരു കട്ടിലുണ്ടായിരുന്നു. അയാൾ വഴിപോക്കരെ പിടിച്ചുകൊണ്ടുപോയി തൻെറ കട്ടിലിൽ കിടത്തും. വഴിപോക്കന്റെ കട്ടിലിനെക്കാൾ നീളം കുറവാണെങ്കിൽ അവനെ അയാൾ വലിച്ചുനീട്ടി ക്കൊല്ലും. നീളം കൂടുതലാണെങ്കിൽ രണ്ടററവും ഛേദിച്ചു കളയും. കട്ടിലിൻെറ നീളം കൃത്യമായിരുന്ന ഹെർക്കു ലീസ് അയാളെ കൊന്നു: എന്നു യവനപുരാണം. അങ്ങ നെ സമത്വത്തിൻെറ ആദ്യത്തെ രക്തസാക്ഷിയുണ്ടായി.

## സമത്വം

സമത്വമെന്ന ആശയം അഥവാ ആദർശം ദാർശനിക മായി അയഥാർത്ഥമാണു്. ഓരോ മനുഷ്യവ്യക്തിയും മററു ള്ളവരെപ്പോലെ പരിഗണന അർഹിക്കുന്നു എന്നാണർത്ഥ മെങ്കിൽ, ആ ലക്ഷ്യം ആദരണീയമാണു്. എന്നാൽ ഈ അർത്ഥത്തിലല്ല, സമത്വം സാധാരണയായി മനസ്സി ലാക്കപ്പെടുന്നതു്, പ്രചരിപ്പിക്കപ്പെടുന്നതും. സമത്വം, തുല്യത എന്നെല്ലാം പറയുന്നതു് ഏകീഭാവത്തെയോ സർവ്വതോമുഖമായ സമത്വത്തെയോ ഉദ്ദേശിച്ചായിരിക്കാ നിടയില്ലല്ലോ. വ്യവഹാരത്തിൽ അങ്ങനെയൊരർത്ഥം കടന്നുകൂടിയതു രാഷ്ട്രീയപ്രചരണവൈകല്യത്തിൻെറ ഫലമാണെന്നു തോന്നുന്നു. രാഷ്ട്രീയ ജനാധിപത്യമാ യാലും, സാമ്പത്തികസമത്വമായാലും, സർവ്വതോമുഖ മായ സമത്വംകൂടാതെ നീതീകരിക്കപ്പെടാവുന്നതാണ്. ഏതു പൗരനും പ്രധാനമന്ത്രിയാകാനുള്ള അവകാശ മുണ്ടെന്നു് പറയുന്നവരാരും ആ മിത്ഥ്യയിൽ വിശ്വസി ക്കുന്നില്ല. സമത്വമെന്നതു് അന്യായമായ അധികാര

ത്തിൽനിന്നും കൈയടക്കത്തിൽനിന്നും സാധാരണ മനുഷ്യനെ രക്ഷിക്കാനുള്ള ഒരു മറയാണ്—ആദർശപരമായ ഒരു മറ. അതിലപ്പുറം അർത്ഥം അതിനു വ്യാഖ്യാനിച്ചുണ്ടാക്കുമ്പോഴ് വരുന്ന ഭവിഷ്യത്തുകൾ ഇന്നത്തെ ലോകം ഒട്ടേറെ അനുവിക്കുന്നുണ്ട്. സമത്വം സഹിഷ്ണുതയുടെ മാതാവാണ്. പക്ഷേ, അതു തലതിരിഞ്ഞുപോയാൽ സഹിഷ്ണുതയല്ല, മൃഗീയമായ മർദ്ദനമായിരിക്കും ഫലം. ശക്തന്മാരിൽ നിന്നു ബലഹീനരെ രക്ഷിച്ചുകൊണ്ടിരുന്നതു സഹിഷ്ണുതയാണ്. ഇന്നു ബലവാനാണ് സഹിഷ്ണുത കൊണ്ടാവശ്യം. ബലഹീനരുടെ ശക്തി അത്രയ്ക്കധികം വർദ്ധിച്ചിട്ടുണ്ട്. ശക്തന്മാർ ചിലപ്പോൾ കാണിക്കാറുള്ള മര്യാദ ബലഹീനൻ കാണിക്കാനുള്ള ഭാവവും കാണുന്നില്ല.

സമത്വം ജനാധിപത്യത്തിൻെറ അടിസ്ഥാന വിശ്വാസമാണ്. എങ്കിലും ജനാധിപത്യവാദികൾ ഇതിനെപ്പററി വളരെയധികം ഒച്ചപ്പാടുണ്ടാക്കുന്നില്ല. എല്ലാ കഴുതകളും കള്ളന്മാരും ദുഷ്ടന്മാരും ബുദ്ധതുല്യരാണെന്ന വിശ്വാസം പ്രചരിപ്പിക്കുന്നതിലും അതു് ഏററവും അനുചിതമായ സ്ഥലത്തു പ്രായോഗികമാക്കുന്നതിലും ജാഗരൂകരായിരിക്കുന്നതു മററു ചിലരാണ്. അതു് എന്തെല്ലാം ഭവിഷ്യത്തുകൾ വരുത്തിവെച്ചാലെന്തു്, ജനസ്വാധീനത്തിനു് അത്തേററവും നല്ല കൈക്കൂലിയായിരിക്കുന്നിടത്തോളം കാലം ആ പരിപാടി നടക്കുകതന്നെ ചെയ്യും. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ, സമത്വത്തെപ്പററിയുള്ള തെററിദ്ധാരണ അറിയാതെ വന്നുകൂടിയ ഒരു പിശകല്ല, ബോധപൂർവ്വം പുലർത്തപ്പെടുന്ന ഒരു വിഷച്ചെടിയാണ്.

## ഒരു പ്രായോഗിക കർമ്മശാസ്ത്രം

രാഷ്ട്രീയജീവികൾക്കു് ഇക്കാര്യത്തിൽ ചില ന്യായങ്ങളും പറയാനുണ്ട്. മനുഷ്യർ ഭിന്നരാണെന്ന അടിസ്ഥാനത്തിൽ യാതൊരു മതവും രാഷ്ട്രവും കെട്ടിപ്പടുക്കാൻ സാദ്ധ്യമല്ല. മനുഷ്യർക്കു് പൊതുവായ സ്വഭാവഗതി

കളും താല്പര്യങ്ങളുമുണ്ട്; അവയാണ് സാമൂഹ്യഘടനയുടെ അടിസ്ഥാനം. വൈവിദ്ധ്യം സമൂഹത്തെ ശിഥിലീകരിക്കുന്ന ഘടകമാണ്; അവയെ മുഴപ്പിച്ചുകാണിക്കുകയല്ല, അവഗണിക്കുകയാണ് വേണ്ടത്— അങ്ങനെ പോകുന്നു ആ വാദഗതി. ഈ ചിന്താഗതിയിൽ ഒട്ടേറെ വാസ്തവങ്ങളും അടങ്ങിയിട്ടുണ്ട്. പ്രായോഗികമായ ഒരു കർമ്മശാസ്ത്രമാണുതാനും അത്. പക്ഷേ, ഈ പ്രായോഗികമതം ആത്യന്തികസത്യമായി അവരോധിക്കുമ്പോഴാണ് കുഴപ്പമാരംഭിക്കുന്നത്. ശരാശരിയോട്ട് ചേരാത്ത മനുഷ്യൻ നശിച്ചതുതന്നെ. പൊതുവാണെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഒരു മാനദണ്ഡമനുസരിച്ചു മനുഷ്യവ്യക്തികളെ നീട്ടാനും കുറുക്കാനും തുടങ്ങുമ്പോൾ ആരംഭിക്കുന്നതു സമത്വമല്ല, സഹിഷ്ണുതയല്ല; മർദ്ദനമാണ്!

മേല്പറഞ്ഞ ആവശ്യത്തെ എടുത്തുപറഞ്ഞു സഹിഷ്ണുതാവാദികളെ പുച്ഛിക്കുന്ന മതിമാന്മാരുണ്ട്. അവരുടെ കണ്ണിൽ സഹിഷ്ണുതാവാദികൾ അഹങ്കാരികളായ അല്പന്മാരാണ്, സ്വാർത്ഥമതികളാണ്. അങ്ങനെ പലതുമാണ്. ആവട്ടെ. യൂറോപ്പിലെ 'ഇൻക്വിസിഷ'നു നീതീകരണം കണ്ടുപിടിച്ച ''നിസ്വാർത്ഥന്മാർ'' ഉണ്ടായിരുന്നല്ലോ. ഇങ്ങനെ വാദിക്കുന്ന സമത്വപ്രവാചകന്മാരോടും സഹിഷ്ണുത പാലിക്കുകതന്നെ.

## വൈവിധ്യങ്ങൾ

വൈവിധ്യം ഒരു വൈകൃതമല്ല. അതു പരിമാണത്തിൻെറ ആത്മാവാണ്. ഒരേ രൂപത്തിലുള്ള ഏകാണുജീവികളിൽനിന്നു പരിണമിച്ചതാണ് ഇന്നത്തെ ജീവിലോകം എന്നാണല്ലോ ശാസ്ത്രം പറയുന്നത്. പുഴവും പുഷ്പവും ഗാന്ധിയും കുരങ്ങുമെല്ലാം ഏകരൂപമല്ല. മനുഷ്യരിൽത്തന്നെയാണെങ്കിൽ ശാരീരികമായി എത്ര സാമ്യമുണ്ടെങ്കിലും മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന കാര്യങ്ങളിൽ ഗണ്യമായ വൈവിധ്യമുണ്ട്. പരിണാമം ശാരീരികം മാത്രമല്ല. രുചി, യുക്തി, കാഴ്ചപ്പാട്, ആവശ്യങ്ങൾ,

ഭീതികരം, വികാരങ്ങരം എന്നിങ്ങനെ പലതും പരിണമിക്കുന്നുണ്ടു്. ഇവയൊന്നും മനുഷ്യവർഗ്ഗത്തിനു പൊതുവായിട്ടില്ല. സൗന്ദര്യബോധം തീണ്ടാതെ ജീവിച്ചു മരിക്കാൻ കഴിയുന്നവരുണ്ടായിരിക്കാം. മിസ്റ്റിക്കുകരംക്കു യുക്തികൊണ്ടൊരു കാര്യവും നേടാനില്ല. ശരീരമെന്ന തൊഴിച്ചുനോക്കിയാൽ ഓരോ മനുഷ്യനും ഓരോ പ്രത്യേക പ്രപഞ്ചമാണെന്നു തോന്നത്തക്ക വൈവിധ്യം കാണാനുണ്ടു്. സമത്വമെന്നും സഹിഷ്ണുതയെന്നും നീതിയെന്നും ഒക്കെപ്പറഞ്ഞതൊന്നും ശാരീരികമല്ലല്ലോ. ഈ വക കാര്യത്തിൽ സാമ്യത്തെക്കാളധികം വൈരുദ്ധ്യമാണ് കാണുന്നതെങ്കിൽ അതിലത്ഭുതപ്പെടാനില്ല. അതാണു പ്രപഞ്ചത്തിൻെറ സൗന്ദര്യം. ഓരോ വ്യക്തിക്കും ഓടാനുള്ള റെയിലുകരം അവൻെറ സ്വന്തമായിട്ടുണ്ടു്. സകലരും ഓടേണ്ട സാർവ്വത്രികറെയിലുകരം നിരത്തുമ്പോരം മർദ്ദനത്തിൻെറ കളമൊരുക്കൽ കഴിഞ്ഞു. പക്ഷേ, ഇതൊന്നും സാമ്യവാദി അനുവദിച്ചുതരികയില്ല. പള്ളിക്കൂടം വിട്ടു കുട്ടികരം നാലുപാടും ചിതറുന്നതു് അവനു് ദുസ്സഹമാണ്. രണ്ടുലക്ഷം പട്ടാളക്കാർ ഓരാററയന്ത്രംപോലെ കവാത്തെടുക്കുന്നതിലാണവൻ സൗന്ദര്യം കാണുന്നതു്. വളഞ്ഞവരകളെല്ലാം വൈകൃതമാണ്. നേർവരകളും ചതുരങ്ങളുമാണ്. സുന്ദരം. അവൻെറ കണ്ണിൽ മനുഷ്യസമുദായം ഒരു ഭീമജീവിയാണ്. ഈ ജീവിയുടെ അംഗങ്ങരം തമ്മിലോ അവയുരംക്കൊള്ളുന്ന ഘടകങ്ങരം തമ്മിലോ വൈചിത്ര്യമുണ്ടാകാൻ പാടില്ല. അവ ഏകയോഗക്ഷേമമായി വളരണമെങ്കിൽ പരിപൂർണ്ണസാമ്യമുണ്ടായിരിക്കണം. സാമ്യമില്ലാതെ ശരീരത്തിലെന്തെങ്കിലും കണ്ടാൽ അതു രോഗാണുവായിരിക്കും. അതിനെ നശിപ്പിക്കുന്നതു് ഒരു വിശുദ്ധകർമ്മവുമാണ്. പക്ഷേ, ഇവിടെ ഒന്നാലോചിക്കാനുണ്ടു്. സ്വയം വിവേചനശക്തിയുള്ള വ്യക്തികരം എങ്ങനെ ഒരു അണുവായിത്തീരും? അതു് ആശാസ്യമാണെന്നിരുന്നാൽത്തന്നെ നടപ്പുള്ളതല്ല. ഒരു കൈയോ കാലോ സ്വയം ചിന്തിക്കുന്നില്ല. പക്ഷേ, മനുഷ്യർ കൂട്ടമായിട്ടല്ല വ്യക്തികളായിട്ടാണ് ചിന്തിക്കുക. അതിനെ

ളുടൻ് അനന്തമായ വൈവിധ്യങ്ങളുമുണ്ടാവുന്നു. പക്ഷേ, ഈ വൈവിധ്യം ചൂണ്ടിക്കാണിക്കുന്നതു് അല്പം കുഴപ്പം പിടിച്ച സംഗതിയാണു്. "നിങ്ങാംക്കു് ഈശ്വരവിശ്വാസം ആവശ്യമായിരിക്കാം. പക്ഷേ, എനിക്കു് അതു കൂടാതെതന്നെ ജീവിക്കാൻ വേണ്ട മനക്കരുത്തുണ്ടു്" എന്നു പറയാൻ ആൎക്കാണു് ധൈര്യമുണ്ടാവുക? "ഈ നോവൽ നിങ്ങളെ രസിപ്പിക്കുന്നുണ്ടായിരിക്കാം. പക്ഷേ, അതു വെറും ഓടസാഹിത്യമാണു്" എന്നു് ആരെങ്കിലും പറയുമോ? അവിടെയെല്ലാം മററുള്ളവരെ ഇടിച്ചുതാഴ്ത്തി എന്നൊരാരോപണമുണ്ടാകും. കാൎയ്യം സത്യമാണെങ്കിലും അതു പറയാൻ ആൎക്കും ഇഷ്ടമില്ല. വൈവിധ്യം യഥാൎത്ഥമാണെങ്കിലും അതംഗീകരിക്കുന്നതുകൊണ്ടു ചില പ്രായോഗികവൈഷമ്യങ്ങാം ഉണ്ടാകും. വ്യക്തികാം തമ്മിലുള്ള വ്യത്യാസം ഉയൎച്ചയോ താഴ്ചയോ ആയി എടുക്കേണ്ട. വെറും വ്യത്യാസം എന്നുമാത്രം വ്യവഹരിച്ചാൽ ഈ പറഞ്ഞ കുഴപ്പത്തിൽനിന്നു കുറച്ചൊക്കെ രക്ഷനേടാം. പക്ഷെ, ഇങ്ങനെ ഒരു രുചിഭേദം വകവെച്ചുകൊടുക്കുന്നതു് ഒരുവക ബുദ്ധിപരമായ അരാജകത്വമാണെന്നാണു് വെപ്പു്. ജീവിതത്തിൽ താന്തോന്നിത്തം കാണിക്കാനുള്ള ഒരു മൂടുപടമായിട്ടാണത്രെ സഹിഷ്ണുത ഉപയോഗിക്കപ്പെടുന്നതു്. വണ്ടിച്ചക്രംപോലെ ആദർശങ്ങാം കറങ്ങിത്തിരിയുന്നവരും സഹിഷ്ണുതയ്ക്കെതിരാണു്! ആത്മാർത്ഥതയുള്ള അസഹിഷ്ണുക്കാം ഇല്ലെന്നല്ല. ഉണ്ടു; വളരെയേറെ. പക്ഷേ, അവർ മതാന്ധന്മാരാണു്. അവനു ലഭിച്ച രക്ഷാമാർഗ്ഗം മററുള്ളവൎക്കു വിതരണം ചെയ്യാനുള്ള വ്യഗ്രതയിൽ, എല്ലാൎക്കും അതു വേണ്ടായിരിക്കാം എന്നവൻ മറന്നുപോകുന്നു. മററുള്ളവരെ സ്നേഹിക്കാനും സഹായിക്കാനുമായിട്ടാണവർ പുറപ്പെടുന്നതു്. പക്ഷേ, അവനുവേണ്ടത്ര സ്വീകരണം ലഭിക്കാതെവരുമ്പോാം അവ മനുഷ്യരെ വെറുക്കാൻ തുടങ്ങുന്നു. മനുഷ്യവിദ്വേഷിയായ ഒരു മർദ്ദകനായിത്തീരാൻ പിന്നെ സമയമധികം വേണ്ട. പിന്നെ അവൻ മനുഷ്യരെ അവരുടെ ഇഷ്ടത്തിനെതിരായി 'സഹായിക്കാൻ' തുടങ്ങുന്നു. ലക്ഷം ഭ്രാന്തന്മാരെ ചികിത്സിക്കുന്ന ഒരു വൈദ്യൻ.

## സമുദായം ഒരു കരടിക്കൂടാവുന്നു

ഈ അപ്പോസ്തലന്മാരാരും അമ്പിളിയെ പിടിച്ചുകൊടുക്കാനാവശ്യപ്പെടുന്ന കുട്ടിയെ ശിക്ഷിക്കുകയില്ല. പിന്നെയെന്തിനു മററു മനുഷ്യരെ ബലം പ്രയോഗിച്ച് സ്വർഗ്ഗത്തിലേററണം—രാഷ്ട്രീയമോ മതപരമോ ആയ സ്വർഗ്ഗത്തിൽ? അവനേയും ഒരു ശിശുവായി ഗണിച്ച് പഠിപ്പിക്കാൻ ശ്രമിച്ചാൽ പോരേ? ബലംപ്രയോഗിച്ചാണ് ആശയങ്ങൾ പ്രചരിപ്പിക്കേണ്ടതെങ്കിൽ, ഇന്ന് ഉൽകൃഷ്ടമെന്ന് ഗണിക്കപ്പെടുന്ന ആശയങ്ങളുടെ ഗുരുക്കന്മാർ എത്ര മുമ്പുതന്നെ വധിക്കപ്പെടുമായിരുന്നു. ഈ സമ്പ്രദായം മിഷ്യനറിവേലയുടെ "സ്പിരിററ്" കുറെ കുറച്ചേക്കുമെന്നുള്ളതു സത്യമാണ്. പക്ഷേ, അതോടൊപ്പം കൂട്ടക്കൊലയുടെ കലവറയും നശിക്കും. മനുഷ്യനെ വെറുക്കാതെ അവനെ നന്നാക്കാൻ ശ്രമിക്കുന്നവൻ മാത്രമേ വിജയം വരിക്കുകയുള്ളു. മതാന്ധന്മാർ പലപ്പോഴും മനസ്സാക്ഷിയെ കൂട്ടുപിടിക്കാറുണ്ടു്. എല്ലാവരുടേയും മനസ്സാക്ഷി ഒരുപോലെയായിരിക്കുമെന്നാണവരുടെ പക്ഷം. മനസ്സാക്ഷി പരിതസ്ഥിതികളനുസരിച്ചു കുറെയൊക്കെ ഭിന്നമായിരിക്കും. അതുകൊണ്ടു സംസാരിക്കുന്നവൻ മനസ്സാക്ഷി മറച്ചുവെച്ചുകൊണ്ടു സംസാരിക്കുകയാണെന്നു ഗണിക്കേണ്ട. ഇതു് അവഗണിച്ചു പ്രവർത്തിക്കുന്നതുകൊണ്ടാണു സമുദായം ഒരു കരടിക്കൂടായിത്തീരുന്നതു്.

മതവും രാഷ്ട്രീയഘടകങ്ങളുമാണ് അസഹിഷ്ണുതയുടെ കുത്തകക്കാർ. അനേകകാലമായി ഇവർ മനുഷ്യനെ വലിച്ചു നീട്ടിയും ചെത്തിക്കുറുക്കിയും അവരുടെ ഭരണം സാധിച്ചുപോരുന്നുണ്ടു്. മനുഷ്യന്റെ വളർച്ചയോടുകൂടി സഹിഷ്ണുതയുടെ ആവശ്യം കൂടുതലായി ബോധപ്പെട്ടിട്ടുണ്ടു് എങ്കിലും ഇന്നു് പരിഷ്കരിച്ച മർദ്ദനമുറകൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു സഹിഷ്ണുത കൂടുതൽ അപകടത്തിലായിരിക്കയാണ്. പണ്ടൊക്കെ ബലപ്രയോഗവും ഭീഷണിയുമായിരുന്നു മർദ്ദനായുധങ്ങൾ. ഇന്നാകട്ടെ അതിനേക്കാൾ ശക്തി കൂടിയ ചിലതാണ്.

ഇന്നത്തെ മർദ്ദകൻ മനുഷ്യവൈവിധ്യം ശരിയായി മനസ്സിലാക്കുന്നുണ്ട്. അടുത്തപടി ഈ വൈവിധ്യമില്ലാതാക്കിത്തീർക്കാനാണ്. എല്ലാ മനുഷ്യരും പട്ടാളക്കാരായിത്തീർന്നാൽ സാമ്യഭാവം വർദ്ധിച്ചിരിക്കും. അതുകൊണ്ടു സമുദായത്തിൽ പൊതുവെ പട്ടാളച്ചിട്ട ഏർപ്പെടുത്തുക. പ്രവർത്തിക്കുന്നതു മാത്രമല്ല ചിന്തിക്കുന്നതും ഒരുപോലെയാക്കിത്തീർക്കുവാനാണു യത്നം. ഇതിനുള്ള ആയുധം മനശ്ശാസ്ത്രമാണ്. ജനങ്ങളെ മെരുക്കി എടുക്കുവാൻ ജർമ്മനിയിലും റഷ്യയിലും ഈ ആയുധം ഉപയോഗിക്കപ്പെട്ടു. പാവ്‌ലോവിൻെറ ഗവേഷണങ്ങൾ ഈ പ്രസ്ഥാനത്തിനു വേണ്ടത്ര ശാസ്ത്രജ്ഞാനവും നല്കി. ഇത്തരം അഭ്യസനത്തിൻെറ ഫലം കഴിഞ്ഞ യുദ്ധത്തിലെ ജർമ്മൻപട്ടാളക്കാരുടെ പെരുമാററംകൊണ്ടറിയാമല്ലോ. (ജർമ്മൻകാരെ കുററപ്പെടുത്തിയാലക്കും പരാതിയില്ല). ഈ പദ്ധതിയിൽ ഒരു കുഴപ്പമേയുള്ളു. ജനസാമാന്യത്തെ ഇടിച്ചുതാഴ്ത്തി നിരപ്പാക്കുവാനേ ഇതിനു കഴിവുള്ളു. ഒരു ജനതയെ മുഴുവനും മൃഗങ്ങളാക്കിത്തീർക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, പാവ്‌ലോവിൻെറ മുഴുവൻ ശക്തിയും പ്രയോഗിച്ചാലും മററൊരു പാവ്‌ലോവിനെ സൃഷ്ടിക്കാൻ കഴിയില്ല. മനുഷ്യൻെറ വളർച്ചയിൽ ആഗ്രഹമുള്ളവർക്ക് ഇങ്ങനത്തെ യാന്ത്രികസമത്വത്തിൽ വിശ്വസിക്കാൻ കഴിയില്ല. വളരാനുള്ള പരിതഃസ്ഥിതിയുണ്ടാക്കിക്കൊടുക്കുക മാത്രമാണ് കർത്തവ്യം. ഒന്നോ രണ്ടോ പേർ കൂടുതൽ വളരുന്നെങ്കിൽ വളരട്ടെ. അസൂയപ്പെടേണ്ട. പരിണാമത്തെ മാററി ഫാക്ടറി ഉല്പാദനം ആരംഭിക്കുന്നതു യുക്തിയുക്തമായിരിക്കുകയില്ല.

സഹിഷ്ണുത ജീവകാരുണ്യപരമായ ഔദാര്യമല്ല. ശാസ്ത്രസമ്മതിയുള്ള ഒരു തത്വംകൂടിയാണ് എന്ന് തെളിയിക്കാനാണ് ഞാനിതുവരെ ശ്രമിച്ചത്.

# കലയും ബഹുജനവും

രാഷ്ട്രീയജനാധിപത്യത്തെപ്പററി എൻെറ വിശ്വാസപ്രമാണം മുന്നൊരു ലക്കം 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ വായിച്ച ഒരു കൊച്ചുസ്നേഹിതൻ, കലയും സാമാന്യജനങ്ങളും എന്ന വിഷയത്തെപ്പററി, അഥവാ പ്രശ്നത്തെപ്പററി, എനിക്കുള്ള അഭിപ്രായമെന്തെന്നന്വേഷിച്ചു. ആ കൊച്ചനുജനുള്ള മറുപടിയാണു ഞാനിവിടെ കുറിച്ചുവെയ്ക്കുന്നതു്. ഇതു യാതൊരു പ്രസ്ഥാനത്തിൻെറയും പ്രകടനപത്രികയല്ല. ഞാനാർക്കും പ്രതിനിധീഭവിക്കുന്നുമില്ല. ഇതെൻെറ വ്യക്തിപരമായ അഭിപ്രായമാണ്. എന്നെസ്സംബന്ധിച്ച മറെറല്ലാമെന്നതുപോലെ തെററാകാവുന്ന ഒന്നു്.

കലയെസ്സംബന്ധിക്കുന്ന സകല ചിന്തയും അവ്യക്തവും, ഏകപക്ഷീയവും, പലപ്പോഴും പൂർവ്വാപരവിരുദ്ധവുമായിരിക്കും. ഈ ലേഖനം ഈ നിയമത്തിന്നൊരു വ്യത്യസ്തമായിരിക്കണമെന്നില്ല. കലാസാമ്രാജ്യത്തിൻെറ പടിവാതില്ക്കൽ യുക്തിവിചാരം നമ്മോടു യാത്ര പറയുന്നു. അവിടെ ചിന്തിക്കുന്നതു് ആത്മാവുകൊണ്ടാണ്, എഴുതുന്നതു വർണ്ണങ്ങൾകൊണ്ടും. സൌന്ദര്യശാസ്ത്രത്തെപ്പററി ഇവിടെ പ്രതിപാദിക്കുന്നില്ല. ജനാധിപത്യം കലയിലെത്രമാത്രം പ്രായോഗികമാണെന്നാണ് ഇവിടെ പാനവിഷയം. ശാസ്ത്രം, തത്വചിന്ത, കല എന്നിവയിൽ ബഹുജനം വിധികർത്താക്കളായിരിക്കുന്നതു് ആശാസ്യമല്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. അഹങ്കാരപരമെന്നു വ്യാഖ്യാനിക്കപ്പെടാവുന്ന ഒരു നിലപാടാണ് അതു്. അതു ഞാൻ ഇപ്പോഴും ആവർത്തിക്കുന്നുണ്ടോ? ഉണ്ടു് — മിക്കവാറും.

ഉത്തമകലയ്ക്കു് ഇന്നു ബഹുജനങ്ങളുടെയിടയിൽ പ്രചാരം കുറവാണ്. ജനകീയാഭിരുചി കുറേക്കൂടി ഉൽകൃഷ്ടമാകുവാൻ എന്തു ചെയ്യണം? — ഇതാണ് കൊച്ചനുജ

ൻെറ പ്രശ്നം. ഈ പ്രശ്നത്തിനു സമ്പൂർണ്ണമായ ഒരു മറുപടി എൻെറ കൈവശമില്ല. ഞാൻ യാതൊരു കലാമതത്തിൻേറയും അപ്പസ്തോലനല്ല. കണ്ടതിൽനിന്നും കേട്ടതിൽനിന്നും ചിലതെല്ലാം തോന്നിയിട്ടുണ്ട്. അവ ഇവിടെ പകർത്താം. അവയിൽനിന്നു നിങ്ങൾക്ക് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞെന്നു വരാം. അഥവാ, ഒരു തീരുമാനം കൂടാതെ കഴിക്കുന്നതുകൊണ്ടു കുഴപ്പമില്ലെന്നു കണ്ടേക്കാം. ഇതുമല്ലെങ്കിൽ, അല്പം ചിന്താകുഴപ്പമുണ്ടായെന്നും വരാം. ഇപ്പറഞ്ഞ മൂന്നാമത്തേതാണു ഫലമെങ്കിൽ ഞാൻ മാപ്പുപറയുന്നു. അതെൻെറ ലക്ഷ്യമല്ല.

## ഉത്തമകല മടുപ്പിക്കുന്നില്ല

ഒന്നാമതായി: ഉത്തമകലക്കു പ്രചാരമില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രചാരത്തെ പരിശോധിക്കുന്നതു് ഏതെങ്കിലുമൊരു കലാവസ്തുവും ആരെങ്കിലുമൊരു മനുഷ്യനും തമ്മിൽ യാദൃച്ഛികമായി സമീപിക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതിയെ അളന്നുനോക്കിയിട്ടല്ല. എല്ലാ കലയും എല്ലാവക്കും വേണ്ടിയല്ല. അന്ധനായ ഒരു ഗായകനു ചിത്രകലയെപ്പററി മതിപ്പുണ്ടാവാൻ നിവൃത്തിയുണ്ടോ? മാനസികമായ അന്ധത ചില മണ്ഡലങ്ങളിൽ ഉണ്ടാവുകയെന്നതു സാധാരണമായ ഒരു മനുഷ്യസ്വഭാവം മാത്രമാണ്. കലയും മനുഷ്യനും തമ്മിലുള്ള ബന്ധം സോഡിയവും വെള്ളവും തമ്മിലുള്ളതുപോലെയല്ല. സോഡിയം വെള്ളത്തിലിട്ടാലെന്നപോലെ, ചുരുക്കമായിട്ടേ കല മനുഷ്യഹൃദയത്തിലെത്തുന്നതോടെ പൊട്ടിത്തെറിക്കാറുള്ള. ചിലപ്പോൾ കല ഫലവത്താകാൻ, സഹൃദയനു രസം കൊടുക്കാൻ, കുറച്ചധികം സമയമെടുത്തെന്നു വന്നേക്കാം. എന്നാൽത്തന്നെ എല്ലാ കലയും എല്ലാവരേയും രസിപ്പിച്ചെന്നു വരികയില്ല. അഭിരുചിയാണിതിനൊക്കെ നിദാനം. അതു ഭിന്നമായിരിക്കുന്നിടത്തോളം കാലം ഊർജ്ജതന്ത്രത്തിലെ നിയമങ്ങളെപ്പോലെ കൃത്യമായ കലാതത്വമുണ്ടാവുക വയ്യ. നല്ല കലാസൃഷ്ടി

ആരെങ്കിലും കുറേപ്പേരെ രസിപ്പിക്കും. പക്ഷേ, രസിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കുമ്പോൾ ചില വാസ്തവങ്ങൾ ഓർമ്മയിരിക്കേണ്ടതാണ്. ഉദാഹരണമായി ട്ടെട്ടുക്കുന്ന കലാസൃഷ്ടി ഉത്തമകലയാണോ? വെറും പ്രചാര വിജയംകൊണ്ടു കലയുടെ നിലവാരം തിട്ടപ്പെടുത്തരുത്. കലയ്ക്കുള്ള മാനദണ്ഡങ്ങൾ വേറെയാണ്. പ്രചാരമുള്ളതു് ഉത്തമകലയെന്നു ഭ്രമിച്ചു് അന്വേഷണം നടത്തരുത്. പൊതുവേ ഉത്തമം എന്നു ഗണിക്കപ്പെട്ടിട്ടുള്ള കൃതിയെടുത്താണ് ഈ പ്രശ്നത്തെ പരിഗണിക്കേണ്ടതു്. പിന്നീടു സഹൃദയനും പ്രസ്തുത കലാവസ്തുവുമായി എത്ര പരിചയമുണ്ടെന്നു ശ്രദ്ധിക്കണം. ബീഥോവൻെറ സംഗീതം ഗോപാലകൃഷ്ണയ്യങ്കാർക്കു രസിച്ചില്ലെങ്കിൽ ബീഥോവനും അയ്യങ്കാർക്കും ബലഹീനതയില്ല. പരിചയമാണ് കലാസ്വാദനത്തിനു്, പ്രത്യേകിച്ചു് ഉത്തമകലാസ്വാദനത്തിനു് വഴി തെളിക്കുന്നതു്. ഉത്തമകലയുടെ മാററുരച്ചറിയുന്നതും പരിചയത്തിന്മേലാണ്. പരിചയംകൊണ്ടു മുഷിവുവരാത്തതു മിക്കവാറും ഉത്തമകലയായിരിക്കും. മറെറാരു കാര്യം: വിശദീകരണം ആവശ്യമുള്ള കലാസൃഷ്ടിയാണെങ്കിൽ അനുവാചകനു് അതു ലഭിച്ചിട്ടുണ്ടോ എന്നു നോക്കണം. കലാസൃഷ്ടി പഞ്ചാരമിഠായിയല്ല. അതു ദഹിക്കണം. ഇങ്ങനെ സാധാരണഗതിയിൽ കലാസ്വാദനക്ഷമമായ ബഹുജനഹൃദയത്തിൽ ഉത്തമകലയ്ക്കു് എന്നും സ്വാഗതമുണ്ടായിരിക്കുമെന്നാണ് വിചാരിക്കേണ്ടതു്. (പ്രചാരംകൊണ്ടു വിലയിരുത്താതെ, ഉത്തമമായതിൻെറ പ്രചാരം പരിശോധിക്കുമെങ്കിൽ.) അതുകൊണ്ടാണു രാമായണം ഭാരതീയരെ രസിപ്പിക്കുന്നതു്; ഗ്രീക്കുഭാഷ വശമുള്ളവർ ഹോമറെ ആരാധിക്കുന്നതു്; വാൻഗോഗ് വിമർശകരുടെ കണ്ണിലുണ്ണിയായിരിക്കുന്നതും. മേല്പറഞ്ഞ അനുവാചകരെല്ലാം ഒരുതരത്തിൽ പറഞ്ഞാൽ ബഹുജനമാണ്—രാഷ്ട്രീയജനാധിപത്യത്തിൻെറ തോതുവെച്ചല്ലെങ്കിലും.

## ശതാബ്ദങ്ങൾ കാത്തിരിക്കുക

രണ്ടാമത്തു്: ഉത്തമകലയ്ക്കു് പ്രചാരമില്ലെന്നു പരാതി പറയുന്നതു പലപ്പോഴും രണ്ടാംതരം കലാകാരന്മാരാണു്. അവരുടെ കഷായങ്ങൾ, ലോകോത്തരകൃതികളാണെന്നാണവരുടെ വിശ്വാസം. എങ്കിലും അവയ്ക്കു പ്രചാരവും അവക്കു പണവും ലഭിക്കുന്നില്ല. ആ കയ്പോടുകൂടി അവർ ബഹുജനത്തെയും വിമർശകനെയുമെല്ലാം ശകാരിക്കുന്നു. ബഹുജനം കലാഭാസങ്ങളെ പ്രോത്സാഹിപ്പിക്കാറുണ്ടു്. വിമർശകന്മാരുടെ വിലയിരുത്തൽ തെററാകാറുമുണ്ടു്. എങ്കിലും ഇക്കൂട്ടരെയെല്ലാം അടിച്ചിറക്കിയിട്ടോ ഉയർത്തിനിർത്തിയിട്ടോ കലാസൃഷ്ടി നടത്തുക സാദ്ധ്യമല്ല. ഉത്തമകലയാണെങ്കിൽത്തന്നെ അതു ബഹുജനങ്ങളുടെമേൽ ഒട്ടിപ്പിടിക്കാൻ സമയമെടുക്കും. അഭിരുചി പണിതുണ്ടാക്കാവുന്നതല്ല; അതു സ്വയം വളരേണ്ടതാണു്. അതു സസ്യങ്ങളെപ്പോലെയാണു്. അതിനു വെള്ളമൊഴിക്കാനും വളമിടാനും നമുക്കു കഴിയും. വളർച്ചയിൽ ചില വ്യതിയാനങ്ങൾ വരുത്താനും. ഒരു സുപ്രഭാതത്തിൽ ലോകത്തിലെ അസമത്വങ്ങൾ നീങ്ങുമായിരിക്കും. പക്ഷേ, ഒരുദിവസം എല്ലാവരും ഭാരതീയശില്പകല ആസ്വദിച്ചുതുടങ്ങുമെന്നു പറഞ്ഞുകൂടാ. ടാററായുടെ സകല യന്ത്രങ്ങളും മുതലും മുടക്കിയാലും ഒരു ചെറിയ പനിനീർപ്പൂവുണ്ടാക്കാൻ കഴികയില്ല. രുചി വളരണം. അതിനു സമയമെടുക്കും. അതുകൊണ്ടു കലാകാരൻ ക്ഷമയോടെ കാത്തിരിക്കണം; ചിലപ്പോൾ ശതാബ്ദങ്ങൾതന്നെ. എൽഗ്രെക്കോയുടെ ചിത്രങ്ങളും ഡോണെയുടെ കവിതകളും അനുവാചകരെ സമ്പാദിച്ചതു് ശതവർഷങ്ങൾക്കുശേഷമാണു്. അതു കലാകാരൻെറ തൊഴിലിൻെറ വിധിയാണു്. ദ്രുതഫലസിദ്ധിയാണവൻെറ ലക്ഷ്യമെങ്കിൽ തൊഴിൽ വേറെ അന്വേഷിക്കണം.

'ശരാശരി' സ്സിദ്ധാന്തമാണു് മൂന്നാമത്തേതു്. സാധാരണക്കാരനെ ഉയർത്തുവാൻവേണ്ടി കലാകാരൻ കുറെ താഴോട്ടിറങ്ങിച്ചെല്ലണ്ടേ? ഇതൊരു നല്ല നിർദ്ദേശമായി

ക്കാണാൻ കഴിയുന്ന മായനുമാത്രമേ അതിലടങ്ങിയിരിക്കുന്ന ധാർഷ്ട്യം കാണാതിരിക്കാൻ കഴിയൂ. ഇതു കേട്ടാൽ തോന്നും കലാസ്വാദനം ഒരുവക പിച്ചയെടുക്കലാണെന്ന്. കൊമ്പത്തു നില്ക്കുന്ന കലാകാരൻ കുനിഞ്ഞു കാലണ ഇട്ടുകൊടുക്കുന്നു. ബഹുജനം ആദരപൂർവ്വം പെരുവിരലിൽനിന്ന് അതേററുവാങ്ങുന്നു! വാല്മീകിയും ഹോമറും ഇങ്ങനെ 'ഔദാര്യം' കാണിച്ചതായി ചരിത്രം പറയുന്നില്ല. ബീഥോവൻ തൻെറ സംഗീതയന്ത്രത്തിൻെറയും കഴിവിന്നപ്പുറത്തുമുള്ള രാഗങ്ങളാണ് രചിച്ചതു്. അവ പ്രകടിപ്പിക്കുവാൻ വേണ്ട ഉപകരണംതന്നെ അതിനു ശേഷമാണുണ്ടായതു്. എങ്കിലും ഇവരുടെയെല്ലാം കല ഉത്തമമെന്നു് അംഗീകരിക്കപ്പെട്ടു. അവ പ്രചരിക്കയും ചെയ്തു—കാലാന്തരത്തിൽ. തൻെറ കലാഭിക്ഷ സെൻസസ്സിൽ പേരുള്ളവരെല്ലാം പററിക്കൊള്ളണമെന്നു ശഠിക്കുന്ന പിഗ്മിയാണു് കലയുടെ നിലവാരം താഴ്ത്തി ബഹുജനങ്ങളെ പൊക്കാൻ വരുന്നതു്. 'ഈ തത്വം' പലപ്പോഴും പ്രചാരത്തിനുവേണ്ടി ഓടസ്സാഹിത്യമെഴുതുന്നവരുടെ സ്വയം നീതീകരണമാണ്—അറിയാതെയോ അറിഞ്ഞുകൊണ്ടോ ചെയ്യുന്നതു്. ഉത്തമകല ഇന്നല്ലെങ്കിൽ നാളെ അതിൻെറ അനുവാചകനെ നേടിക്കൊള്ളും. അതാണ് അനുഭവം. ഇടനിലക്കാരെ കടന്നുപോവാനാണ് കല വിഷമിക്കുന്നതു്—വിമർശകനെ, സംഘാടകനെ, അധികാരിവർഗ്ഗത്തെ.

നാലാമതു്: സൗന്ദര്യബോധം ജീവൻെറ ഒരു ധർമ്മമാകുന്നു മിനക്കെട്ടിരിക്കുന്ന സമയത്തെ ഒരു നേരമ്പോക്കാണിതെന്നാണൊരുമതം. തല്ക്കാലത്തേക്കു നമുക്കു മനുഷ്യനെ വിടുക. സുന്ദരനായ കോഴിപ്പൂവനെ അനുഗമിക്കുന്ന പിടക്കോഴിയേയും വിടുക. എന്നാലും പുഷ്പിക്കുന്ന ചെടികളവശേഷിക്കുന്നുണ്ടല്ലോ. സൗന്ദര്യശാസ്ത്രം പഠിച്ച ചെടിയിലല്ല പൂവുണ്ടാകുന്നതെന്നു സമ്മതിക്കാം. പക്ഷേ, അതിലേയ്ക്കാകർഷിക്കപ്പെടുന്ന വണ്ടിനു അല്പമൊരു സൗന്ദര്യബോധം വകവെച്ചുകൊടുക്കാതെ നിവൃത്തിയില്ല. മനുഷ്യൻെറ സൗന്ദര്യബോധത്തിൽ നിന്നു

ഭിന്നമായിരിക്കാം അതു്. പക്ഷേ, പലപ്പോഴും ഭിന്നമല്ലാതെയും കണ്ടിട്ടുണ്ടല്ലോ. അല്ല, സൗന്ദര്യബോധം ഒരു വെച്ചുകെട്ടലല്ല—വിശപ്പടക്കലും ലൈംഗികാസക്തിയും പോലെ ഒരു ജീവിതധർമ്മമാണു്. എല്ലാ ജീവജാലങ്ങളിലും ഇതിന്റെ വിവിധരൂപങ്ങൾ കണ്ടെത്താം. നിറം, രൂപം, മണം, സ്പർശം, ശ്രുതി, അംഗവിക്ഷേപം ഇങ്ങനെ നിരവധിയാണല്ലോ സൗന്ദര്യബോധത്തിന്റെ വിഷയങ്ങൾ. ഇവയിലേതെങ്കിലുമൊന്നിൽ രസിക്കാത്തവർ ചുരുങ്ങും. അതുകൊണ്ടു സൗന്ദര്യബോധവും വളരും, വികസിക്കും, മററു ധർമ്മങ്ങൾപോലെതന്നെ—ചിലപ്പോൾ സാവധാനമായിട്ടും. ഏതായാലും അടിസ്ഥാനമുറച്ചതായതുകൊണ്ടു് കലോപാസകൻ നിരാശപ്പെടേണ്ട കാര്യമില്ല.

## ആത്മാക്കളുടെ സുഹൃത്സമ്മേളനം

ഇതിനോടുചേർന്നു് അഞ്ചാമതായിട്ടാണു് ജനാധിപത്യത്തിന്റെ കാര്യം ആവിർഭവിക്കുന്നതു്. കലയിൽ യാതൊരു ജനാധിപത്യവും ആവശ്യമില്ല. അതില്ലാത്തതിന്നു വേണ്ടത്ര വില കലാകാരൻ കൊടുക്കുന്നുണ്ടു്. ജനകീയപ്പിന്തുണ അവകാശപ്പെടാൻ കലാകാരനു കാര്യമില്ല. ജനകീയതീരുമാനമനുസരിച്ചല്ല അവൻ ഈ തൊഴിൽ സ്വീകരിച്ചതു്. വിജയം വേണമെങ്കിൽ അവനതു സ്വയം നേടിക്കൊള്ളണം. അല്ലെങ്കിൽ അവൻ പുറന്തള്ളപ്പെടും. പരാജയമടഞ്ഞ കച്ചവടക്കാരനെയോ നേതൃത്വം നഷ്ടപ്പെട്ട രാഷ്ട്രീയപ്രവർത്തകനെയോപോലെ മാത്രമേ അവനു പരാതിപ്പെടാൻ വകയുള്ളു. അത്തരം പരാജയങ്ങളൊന്നും ബഹുജനങ്ങളുടെ നിർദ്ദേശമനുസരിച്ചു കലാസൃഷ്ടി ചെയ്യുന്നതുകൊണ്ടു് പരിഹരിക്കാവുന്നതല്ല. (ബഹുജനങ്ങളുടെ തീരുമാനമെന്നുപറഞ്ഞാൽ, യഥാർത്ഥത്തിൽ അവരെ ഏററവും വിജയകരമായി കബളിപ്പിക്കുന്ന വിക്രമന്മാരുടെ ആജ്ഞയെന്നർത്ഥം.) ഇതേ കാരണംകൊണ്ടു തന്നെയാണു് കലയ്ക്കു രാഷ്ട്രത്തിന്റെ സഹായം

ലഭിക്കാത്തതും. ഭരണകൂടത്തെ കലയുടെ രക്ഷാധികാരിയാക്കുക എന്നുവെച്ചാൽ ആത്മാക്കളുടെ സുഹൃത്സമ്മേളനത്തിൽ അധികാരദുർമ്മോഹികൾ അദ്ധ്യക്ഷത വഹിക്കുക എന്നു മാത്രമാണ്.

ആറാമതായി: ജനങ്ങൾക്കുവേണ്ടി കലാവിമർശനം നടത്തുവാൻ ചിലതാലോചിക്കണം. അവർ ആകട്ടെ കിലും പ്രതിനിധിഭവിക്കുന്നുണ്ടോ? ഇതു് അവകാശം സ്ഥാപിക്കാനോ നിഷേധിക്കാനോ വേണ്ടി ഉന്നയിക്കുന്നതല്ല. പലപ്പോഴും പറയുന്ന അഭിപ്രായങ്ങൾ വ്യക്തിപരമായ രുചികളെമാത്രമടിസ്ഥാനപ്പെടുത്തിയുള്ളതായതുകൊണ്ടാണു്. താൻ ജനങ്ങൾക്ക പ്രതിനിധീഭവിക്കുന്നു എന്നു് ഒരു ധാരണ ഒരുവനു് ഉണ്ടാകാവുന്നതാണ്. അതു വളരെ ആത്മാർത്ഥവുമായിരിക്കും. പക്ഷേ, അങ്ങനെയൊരാളിൻെറ അഭിരുചി ഭൂരിപക്ഷാഭിപ്രായമായിക്കൊള്ളണമെന്നു നിർബ്ബന്ധമില്ല. എല്ലാ രുചികളെയും കലാകാരൻ ഒരേസമയം തൃപ്തിപ്പെടുത്തുക ദുഷ്കരമാണു്. കൂടാതെ, കലാകാരൻ തൻെറ സൃഷ്ടി ആരുടേയും മേൽ അടിച്ചേല്പിക്കുന്നില്ല. രസം തോന്നുന്നില്ലെങ്കിൽ അതിനെ ഉപേക്ഷിക്കാം. വ്യക്തമായിട്ടും അനാശാസ്യമെന്നു ബോദ്ധ്യമായാൽമാത്രം അതിനെ നശിപ്പിച്ചാൽ മതിയാകുന്നതാണ്. ഒന്നുകൂടി. സാധാരണയായി നാം രജകനെയും ക്ഷുരകനെയും രാഷ്ട്രീയനേതാവിനെയും പുരോഹിതനെയും അയാളുടെ പണി പഠിപ്പിക്കാറില്ല. അത്രയുമെങ്കിലും പ്രവർത്തനസ്വാതന്ത്ര്യം കലാകാരനനുവദിച്ചുകൂടേ?

ഏഴ്: കലാസമിതികൾ. നല്ലൊരു പരിപാടിയാണിതു്. കലാപ്രകടനങ്ങൾക്കു യുക്തമായ പ്രോത്സാഹനം, സംഘടന എന്നിവ ഇതുകൊണ്ടുണ്ടാകും. പക്ഷേ, ഇത്തരം സമിതികൾ കലാസൃഷ്ടിക്കു മുതിരുമ്പോൾ പാകപ്പിഴകൾ വരാറുണ്ടു്. ഇടുങ്ങിയ 'സ്ഥല'ചിന്ത ഇവിടെ മുന്നിട്ടുനില്ക്കും. എല്ലാ ഗ്രാമത്തിലും ഒരു സംഗീതകവി ഉണ്ടായിക്കൊള്ളണമെന്നില്ല. 'നമ്മുടെ കവി' 'നമ്മുടെ ചിത്രകാരൻ' എന്ന പോക്കു പലപ്പോഴും പരാജയത്തിലെത്തിക്കും. കുറെ ജനങ്ങളുടേയും ഒരു സംഘടനയുടേയും

സംരക്ഷണംകൊണ്ടല്ല നല്ല കലാസൃഷ്ടി ഉദയം ചെയ്യുന്നതു്. 'തരംതാണാലും സ്വന്തം ഗ്രാമത്തിന്റേതുതന്നെ മതി' എന്ന മനസ്ഥിതി കലാരംഗത്തു ദ്രോഹമാണു്.

## പ്രചരണത്തെപ്പററി

പ്രചരണാംശത്തെപ്പററിയാണ് എട്ടാമത്തെ കാര്യം. കലാസൃഷ്ടിയിൽ ആവശ്യമുള്ളിടത്തോളം പ്രചരണം കത്തിത്തിരുകിക്കൊൾക. പക്ഷേ, അതിന്റെ കലാമൂല്യം നിർണ്ണയിക്കുന്നതു് ഈ പ്രചരണത്തിന്റെ അടിസ്ഥാനത്തിലായിരിക്കയില്ല. സുബ്രഹ്മണ്യഭാരതിയുടെ ഗാനങ്ങൾ പ്രചരണമുണ്ടെന്നുള്ളതുകൊണ്ടു നല്ലതല്ലെന്നു വരുന്നില്ല. പക്ഷേ, അതുകൊണ്ടു് അവ ത്യാഗരാജകീർത്തനങ്ങളേക്കാൾ മെച്ചമാവുന്നുമില്ല. കല കയ്പ്പുള്ള ഗുളികയുടെ പുറത്തു പുരട്ടുന്ന മധുരപദാർത്ഥമല്ല. അതിൽനിന്നും വളരെ ഉൽകൃഷ്ടമായ ചില ലക്ഷ്യങ്ങൾ കലയ്ക്കുണ്ടു് എന്നു നാം കണ്ടിട്ടുണ്ടു്. എന്നു തന്നെയല്ല, പ്രചരണത്തിന്റെ തോതു വർദ്ധിക്കുന്നതനുസരിച്ചു കലാസൗന്ദര്യം കുറഞ്ഞുകൊണ്ടിരിക്കുന്നതായി അനുഭവപ്പെട്ടാലും അതിലത്ഭുതപ്പെടേണ്ട. കുരുക്ഷേത്രത്തിന്റെ നടക്കു് ആരാമമവശേഷിക്കുകയില്ലല്ലോ. സാമൂഹ്യപ്രതിഫലനമല്ല കല. സ്ഥിതിവിവരക്കണക്കുകളാണതിനു നല്ലതു്. ഒരു കലാസൃഷ്ടിയിൽ അതു മാത്രം കാണാൻ കഴിയുന്നവൻ എല്ലാവിധ സൗന്ദര്യത്തിനും അന്ധനാണ്. രാവണന്റെ വിമാനം യാതൊരു സാമൂഹ്യവാസ്തവത്തെയും പ്രതിഫലിപ്പിക്കുന്നില്ല. (അല്ലെങ്കിലന്നു വിമാനമുണ്ടായിരുന്നുവെന്നു സമ്മതിക്കണം.) വിമാനമെന്ന ആ ആശയം വെറും ഭാവനയുടെ ചിറകടിയാണ്. അതു കലയുമാണ്—യഥാർത്ഥ വിമാനനിർമ്മിതിയേക്കാൾ ഉൽകൃഷ്ടമായ മനുഷ്യസിദ്ധി.

ഒന്നുകൂടി; ഒമ്പതാമതായി: കലയ്ക്കും ബഹുജനങ്ങൾക്കുമിടയ്ക്കു് ഒരനംഗീകൃതശൃംഖലയുണ്ടു്—വിമർശകൻ. ഇന്നു വായനക്കാരും കലാകാരന്മാരും ഇവരെ ഒരുവക

പരോപജീവികളായിട്ടാണു കാണുന്നതു്. അത്ര സത്യമല്ല. വിമർശകർ ഉപദേശിമാരാണ്, കലയുടെ സന്ദേശവും ചുമന്നു നടക്കുന്നവർ. കലയോടു കൂടിത്തന്നെ വിമർശവും ജനിച്ചു. ചിലപ്പോൾ കളപറിക്കൽ, ചിലപ്പോൾ വിലയിരുത്തൽ, ചിലപ്പോൾ വെള്ളമൊഴിക്കൽ, മററു ചിലപ്പോൾ വിശദീകരണം എന്നിങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ ഒരു വിമർശകനു ചെയ്യാനുണ്ടു്, ഇതിൽ ചിലതു ചിലപ്പോൾ നമുക്കു പ്രയോജനപ്പെട്ടെന്നുവരും. മിന്നാമിനുങ്ങുകളുള്ളതുകൊണ്ടു നക്ഷത്രങ്ങളൊന്നുമില്ലെന്നുവരുന്നില്ല.

ഞാൻ യാതൊരു വേദാന്തവും ഉന്നയിച്ചിട്ടില്ല. യാതൊന്നും തെളിയിച്ചിട്ടുമില്ല. കണ്ടതിൽ ചിലതു കുറിച്ചുവെന്നു മാത്രം. ചിലതിലെങ്കിലും പലർ എന്നോടു യോജിക്കുമായിരിക്കും. അല്ലെങ്കിൽത്തന്നെ കുഴപ്പമില്ല. ഏകരൂപമായ ഒരു ലോകത്തെ ഞാനിഷ്ടപ്പെടുന്നില്ല. പ്രത്യേകിച്ചു കലാലോകത്തെ.

# ശവത്തിൻെറ വില

ഈ ലേഖനം കമ്യൂണിസ്റ്റ്കാരെ ആക്ഷേപിക്കാനെഴുതുന്നതല്ല. പക്ഷേ, ആക്കെങ്കിലും അങ്ങനെ ദുർവ്യാഖ്യാനം ചെയ്യണമെന്നുണ്ടെങ്കിൽ എനിക്കു വിരോധവുമില്ല. കീഴ്നടവടിയനുസരിച്ചുള്ള പുലഭ്യാദികളും സ്വാഗതംതന്നെ. യഥാർത്ഥത്തിൽ ഇവിടെ ഒരു ഉദ്ദേശ്യമേയുള്ളു: ഒരാദർശത്തിൻെറ നീതീകരണമായി 'യാതന' പൊക്കിപ്പിടിക്കുന്ന സമ്പ്രദായം ന്യായമല്ലെന്നു ചൂണ്ടിക്കാണിക്കുക മാത്രമാണതു്. കമ്യൂണിസത്തിൻെറ തത്വങ്ങളോടു്, അല്ലെങ്കിൽ പ്രവൃത്തികളോടു്, അതുമല്ലെങ്കിൽ സോവിയററു റഷ്യയോടു്, എന്തെങ്കിലും അഭിപ്രായഭിന്നതയുള്ളവരെ തോല്പിക്കാൻ പററിയ ഒരു ഉപകരണമായിട്ടാണ് മേല്പറഞ്ഞവയ്ക്കുവേണ്ടി മരിച്ചവരുടെ ശവങ്ങൾ ഉപയോഗിക്കപ്പെടുന്നതു്. ഈ സമ്പ്രദായത്തിനു പല ഗുണങ്ങളുണ്ടു്. ഒന്നു്: മരിച്ചവർ നമ്മുടെ വാദഗതിക്കു് എതിരായി യാതൊന്നും പറയുകയില്ല. ആദ്യം ശവം കൈയിൽ കിട്ടുന്നവനു് അതിൻെറ മേൽവിലാസത്തിൽ എന്തും പറയാം. രണ്ടു്: ഒരു രക്തസാക്ഷിയുടെ പേരു പറഞ്ഞുകഴിഞ്ഞാൽ പിന്നെ അന്തരീക്ഷം ക്ഷുഭിതമായി. അവിടെപ്പിന്നെ യുക്തിക്കു സ്ഥാനമൊന്നുമില്ല. വികാരഭരിതമായ ആ സന്ദർഭത്തിൽ പോക്കററടിക്കുകയോ, പോക്കററിൽ പാമ്പിനെ ഇടുകയോ ചെയ്യാം. മര്യാദയെക്കരുതിയെങ്കിലും നാം മൗനം ദീക്ഷിച്ചേ പററൂ. മൂന്നു്: എന്തെങ്കിലും എതിരുപറഞ്ഞാൽ നാം ആ ശവത്തെ കുത്തുന്നതായി ചിത്രീകരിക്കപ്പെടാൻ എളുപ്പമാണു്.

## ചരിത്രത്തിൽ ശവം

ചരിത്രപ്രസിദ്ധമായ സകല ബഹുജനപ്രകടനങ്ങളിലും ശവങ്ങൾ അഭിനയിച്ച ഭാഗം അതിപ്രധാനമാണു്. ന്യായവാദംകൊണ്ടും വാചാലതകൊണ്ടും എത്രതന്നെ

പരിശ്രമിച്ചാലും ഇളകാത്ത ഒരു ജനക്കൂട്ടം, ചോരയൊലിപ്പിച്ചുകൊണ്ടുപ്രവേശിക്കുന്ന ഒരു ശവത്തിൻെറ മുമ്പിൽ കൊടുമ്പിരിക്കൊള്ളും. ഷേക്സ്പിയറുടെ 'ജൂലിയസ് സീസർ' എന്ന നാടകത്തിന് ആ പേരിട്ടതു് ശരിയായില്ലെന്നൊരു വാദമുണ്ടു്. നേരത്തെതന്നെ അദ്ദേഹം മരിക്കുന്നതുകൊണ്ടാണിങ്ങനെ പറയുന്നതു്. പക്ഷേ, അവർ മറന്നുപോകുന്നു, കഥയുടെ ഭാക്കി ഭാഗം മുഴുവനും സീസറുടെ ശവമാണു ഭരിക്കുന്നതെന്നു്. ആൻറണിയുടെ പ്രസംഗം മുഴുവനും സീസറുടെ ശവത്തിന്മേൽ നിന്നാണ്. സത്യം പറഞ്ഞാൽ ഇക്കാര്യത്തിൽ കമ്യൂണിസ്ററുകാർ ശുണ്ഠിയെടുക്കേണ്ട കാര്യമില്ല. കമ്യൂണിസത്തിൻെറ മാത്രമല്ല, മററു മതങ്ങളുടേയും വില്പനച്ചരക്ക് ശവംതന്നെയാണ്. ക്രിസ്തുമതം ക്രിസ്തുവിൻെറയും പുണ്യവാളന്മാരുടേയും ശവങ്ങളിന്മേലാണ് പണിതിരിക്കുന്നതു്. ഓരോ പ്രത്യേകക്രിസ്തീയവിഭാഗത്തിനും സ്വന്തമായി ഓരോ ശവക്കൂമ്പാരങ്ങളുണ്ടു്. അവരുടെ ത്യാഗത്തിൻെറ മഹിമയാണ് വിശ്വാസത്തിനു നിറം പിടിപ്പിക്കുന്നതു്. ജീവൻവരെ ഒരാളെക്കൊണ്ടു ത്യജിപ്പിക്കാൻ കഴിയുന്ന ഒരു തത്വം സത്യമായിരിക്കണം എന്നാണ് വിശ്വാസം. ഇതിനുംപുറമേ ശവത്തിന് എന്തോ ഒരു മാന്ത്രശക്തിയുണ്ടെന്നു് ഒരു ധാരണയുണ്ടു്. ചില പാലങ്ങളുടെ കാലുറയ്ക്കാൻ ആരെയെങ്കിലും 'കുരുതി' കഴിക്കേണ്ടതാണെന്നു് ഒരു വിശ്വാസം എത്രകാലമായി നടപ്പിലുള്ളതാണ്! ഈ സ്വഭാവത്തിനു മതപരമായ ഒരു കാതലുണ്ടു്. ബലികഴിക്കുന്നതിനെപ്പററിയുള്ള വിശ്വാസമാണതു്. ഒരു ക്രൈസ്തവസഭയുടെ വിശ്വാസം നോക്കുക: 'സൃഷ്ടിയുള്ള കാലമെല്ലാം ബലിയർപ്പണമുണ്ടായിരിക്കണം.' 'രക്തച്ചൊരിച്ചിൽ കൂടാതെ പാപമോചനമില്ല.'* ബലിമൃഗത്തിൻെറ ശവം ഈശ്വരനു നിവേദ്യമാണ്. അതു പുരോഹിതൻ ഭക്ഷിക്കുകയും വേണം. ഇതൊക്കെയാണ് ശവത്തിൻെറ അതുല്യസിദ്ധികരം.

* സിറിയൻ കത്തോലിക്കരുടെ കർബ്ബാനക്രമം.

## രണ്ടു പങ്കാളികൾ

ഈ കച്ചവടത്തിൽ രണ്ടു പങ്കാളികളുണ്ടു്; ശവം വില്ക്കുന്നവനും, ശവവും. ഈ രണ്ടുകൂട്ടരുടേയും മാനസികാവസ്ഥകൾ പരിശോധിക്കേണ്ടതാണ്. ആദ്യത്തെ കൂട്ടർ സാധാരണക്കാരാണ്. അവക്കു് അധികാരമോ, അങ്ങനെ എന്തെങ്കിലുമോ വേണം. അതിനുവേണ്ടി മററാളുകളെ കരുക്കളായിട്ടുപയോഗിക്കുന്നു. സ്വയം അതിൽനിന്നും മാറിനില്ക്കുന്നതു് നയതന്ത്രപരമായ കാരണങ്ങൾകൊണ്ടാണ്. തല അപകടത്തിലാക്കിയെങ്കിലും സോവിയററു ഭരണത്തെ തകക്കണമെന്നു സോവിയററിൽ ജീവിക്കുന്ന വിശ്വാസികൾക്കു് സോവിയററിനു പുറത്തു ജീവിക്കുന്ന മതാദ്ധ്യക്ഷൻ ഉത്തരവു കൊടുക്കുന്നു. മഹനീയമായ ഒരു ലക്ഷ്യത്തിനു വേണ്ടി മറെറാരുത്തൻ മരിക്കുന്നതു് നല്ലതാണല്ലോ. മുതലാളിത്വം തകക്കാൻവേണ്ടി വീരസ്വർഗ്ഗം പ്രാപിക്കണമെന്നു മോസ്കോയും ആഹ്വാനം നല്കുന്നു. ഈ രണ്ടുകൂട്ടക്കും ഒരു നല്ല സംഖ്യ ശവം കിട്ടിയേ തീരൂ. ഇനി രണ്ടാമത്തെ കൂട്ടർ. ഈ വർഗ്ഗത്തിൽ വളരെ വലിയ ഒരു വിഭാഗം ആദർശശാലികളാണ്. കമ്യൂണിസം നശിപ്പിക്കുക, മതത്തെ ഉന്മൂലനം ചെയ്യുക, സോഷ്യലിസം നടപ്പാക്കുക—അങ്ങനെ പല ആദർശങ്ങളും ജീവനേക്കാളേറെ വിലയുള്ളതാണ്. അതുകൊണ്ടു് അതിനുവേണ്ടി മരിക്കാൻ തയ്യാറാകണം. ആവശ്യമോ അനാവശ്യമോ എന്നു തീരുമാനിക്കുന്നതു നേതാവാണ്. ഇക്കൂട്ടക്കു് ഒരാദർശം കൈയിൽ കിട്ടിയാൽ പിന്നെ മറെറാന്നും വേണ്ട. ആ ആദർശത്തിൻെറ മറവിൽ നടത്തുന്ന സകല കൊള്ളയും അവർ വിഴുങ്ങിക്കൊള്ളും. ആവശ്യത്തിൻെറ പേരിൽ അന്ധതയെ നീതീകരിക്കയും ചെയ്യും. അങ്ങനെ മുദ്രാവാക്യത്തിനു വേണ്ടി കുരുതിക്കു തയ്യാറാകുന്നവരാണവർ. പക്ഷേ, ഇവരിൽ എല്ലാവരും ആദർശശാലികളാണെന്നോ, ത്യാഗത്തിനു സന്നദ്ധരാകുന്നതുകൊണ്ടുമാത്രം അവർ ആദർശശാലികളായിത്തീരുന്നെന്നോ ധരിക്കേണ്ടതില്ല. പട്ടാളത്തിൽ ചേരുന്നവനറിയാം, ചിലപ്പോൾ മരിക്കേണ്ടിവരു

ംമെന്നു്. അവിടെ ശമ്പളത്തിൽ കവിഞ്ഞ ആദർശമൊന്നും കാണാനില്ല. ചാരപ്രവൃത്തി ചെയ്യുന്നവരുടെ ജീവിതം ആണ് ലോകത്തിലേററവും അപകടകരമായതു്. എന്നിട്ടും അതിന്നു് ആളുണ്ടാവുന്നുണ്ടു്. അതുകൊണ്ടു ശത്രുക്കളിൽനിന്നുണ്ടാവുന്ന ഏതു മർദ്ദനവും സഹിക്കുവാനുള്ള കഴിവുകൊണ്ടുമാത്രം ഒരു തത്വം നീതീകരിക്കപ്പെടുന്നില്ല. അവർ ജന്മനാ വിശ്വാസികളാണ്. എന്നുവച്ചാൽ മുറുകെ പിടിക്കാൻ ഒരു വിശ്വാസം വേണമെന്നല്ലാതെ എന്തു വിശ്വാസം വേണമെന്നു് അവൎക്കു നിർബ്ബന്ധമില്ലെന്നർത്ഥം. സ്വയം ചിന്തിക്കാനുള്ള കഴിവു കുറവോ, മടിയോ ആണ് അവരുടെ അടിസ്ഥാനസ്വഭാവം. യുക്തിയിലുള്ള കുറവിനെ വിശ്വാസതീക്ഷ്ണതകൊണ്ടു നികത്താമെന്നാണവർ ഗണിക്കുന്നതു്. കമ്യൂണിസത്തിന്നുവേണ്ടി എന്തു കഷ്ടതയും സഹിക്കുന്ന ഒരുവൻ കമ്യൂണിസ്ററുനയം എത്ര മറിച്ചിൽ മറിഞ്ഞാലും അതിനെല്ലാം അനുസരിച്ചു വിശ്വാസം മാററിക്കൊള്ളും. ക്രിസ്തുമതത്തിൻേറയും കഥയിതുതന്നെ. പരിണാമസിദ്ധാന്തത്തെ എതിൎക്കുമ്പോഴും അംഗീകരിക്കുമ്പോഴും വിശ്വാസി വിശ്വാസി തന്നെ. എന്തിലാണ് വിശ്വസിക്കുന്നതെന്ന ചോദ്യം അപ്രസക്തമാണ്. ആദ്യം വിശ്വസിച്ചതിന്നു യാതൊരു യുക്തിയും വേണ്ടിയിരുന്നില്ലെങ്കിൽ മറെറാരെണ്ണം സ്വീകരിക്കാനും യുക്തി ആവശ്യമില്ലല്ലോ. ഇക്കൂട്ടർ അങ്ങനെ ഓരോ വിശ്വാസത്തിൻെറ അടിമകളായി കഴിയുകയേയുള്ളു. അവർ ജീവിച്ചാലും മരിച്ചാലും അവരുടെ ഉടമകൾക്കു പ്രയോജനപ്പെടും.

സ്വയം എന്തു് അപകടത്തേയും നേരിടുന്ന നേതാക്കന്മാർ എന്തുകൊണ്ടങ്ങനെ ചെയ്യുന്നുവെന്നൊരു ചോദ്യമുണ്ടു്. അവരുടെ ആദൎശശാലിത്വമാകാം അവരെ പ്രചോദിപ്പിക്കുന്നതു്, കുറെയൊക്കെ വീരസാഹസികത്വവുമുണ്ടാവാം. പക്ഷേ, ഏററവും പ്രധാനമായ കാരണം അധികാരപ്രമത്തതയാണ്. അപകടം നേരിടാത്ത യാതൊരു പരാക്രമിയും ചരിത്രത്തിലുണ്ടായിട്ടില്ല. അലക്സാണ്ടർ, ജെങ്കിസ്ഖാൻ, നെപ്പോളിയൻ— അവരെല്ലാം സുഖം

ത്യജിച്ച് അപകടം വരിച്ചു. ആദർശങ്ങൾക്കുവേണ്ടി യാണെന്നു നാം സമ്മതിക്കണമെന്നില്ല, അവരുടെയൊക്കെ അധികാരഭ്രമം ആദർശമല്ലെങ്കിൽ. നെപ്പോളിയൻ പറഞ്ഞതു് സുഖിക്കാൻ അദ്ദേഹത്തിനു സമയമില്ലെന്നാണ്. നെപ്പോളിയൻ രക്തസാക്ഷിയല്ലതാനും.

## ഭക്ത ടാർസൻ

ഈ പ്രശ്നത്തോടു ബന്ധപ്പെട്ടു്, ഇവയിലെല്ലാം പ്രധാനമായിട്ടൊരു കാര്യമുണ്ടു്. ശവം വളരെ അത്യാവശ്യമായതുകൊണ്ടു്, സാധാരണഗതിയിൽ ഒന്നുണ്ടായില്ലെങ്കിൽ ഒന്നുണ്ടാക്കുക എന്ന സമ്പ്രദായമാണതു്. ചില ദേവതകളുണ്ടു്, മനുഷ്യർ ഏററവും പ്രിയപ്പെട്ട വസ്തുക്കൾ ബലികഴിച്ചാൽ മാത്രം പ്രസാദിക്കുന്നവരായിട്ടു്. ആഗമെമ്നൻെറ പുത്രി ഇഫിജനിയെ ബലികഴിക്കണമെന്നു് ആർത്തെമിസ്ദേവി ആവശ്യപ്പെട്ടു. യഹോവയാണെങ്കിൽ അബ്രഹാമിൻെറ ഏകപുത്രനായ ഇസഹാക്കിനെ കിട്ടണമെന്നു ശഠിച്ചു. ചില തത്വസംഹിതകളുമിങ്ങനെയാണ്. ജീവിതം വൈരുദ്ധ്യാത്മകമാണ്. അതുകൊണ്ടു സംഘട്ടനങ്ങൾ കൂടിയേ കഴിയൂ. എപ്പോഴെങ്കിലും മനുഷ്യൻ മടിയനായി സംഘട്ടനങ്ങളിൽനിന്നു് ഒഴിഞ്ഞു നില്ക്കുകയാണെങ്കിൽ, നേതാവിൻെറ ചുമതലയാണ് കുറെ സംഘട്ടനങ്ങൾ ഉണ്ടാക്കുകയെന്നതു്. അതിനിടയിൽ രണ്ടു പേർ മരിച്ചാലും നഷ്ടമില്ല. ജീവനുള്ള ഒരു ഭടനെക്കാളേറെ വിലയുള്ളതാണ് ത്യാഗമനുഷ്ഠിച്ചു മരിച്ച ഒരു ശവം. രണ്ടാമത്തേതിനെ പുണ്യവാനാക്കാം. കുറെ രക്തസാക്ഷികളുണ്ടെങ്കിൽ ഒരു തത്വം സ്ഥിരീകൃതവുമായി.

ഇനി മറെറാന്നുകൂടിയുണ്ടു്: രക്തസാക്ഷികളില്ലാത്ത തത്വങ്ങളെല്ലാം കളവാണ്! പക്ഷേ, ഇതിലും വലിയ കഴമ്പൊന്നുമില്ല. സൂര്യൻ കിഴക്കാണുദിക്കുന്നതു്. പക്ഷേ, ഈ സത്യം സ്ഥാപിക്കാൻവേണ്ടി യാതൊരു മനുഷ്യനും പോലീസുകാരുടെ ഇടികൊണ്ടിട്ടില്ല. അതു

കൊണ്ട് അതു കളവാണെന്നുവരുന്നില്ലല്ലോ. 'ഭക്ത ടാർസൻ' എന്ന തമിഴ ചിത്രം കാണാൻ തിക്കി ക്കൂടിയ ജനങ്ങളിൽ മൂന്നുപേർ ഞെങ്ങിമരിക്കുകയും അഞ്ചുപേർ ബോധശൂന്യരാകയുംചെയ്തു എന്നിരിക്കട്ടെ. ആ തമിഴ ചിത്രം നല്ലതാണെന്നു് അതുകൊണ്ടു തെളി യുന്നുവെന്നാരും പറയുകയില്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ കുറെ ആളുകൾ ഒരു കാര്യത്തിനുവേണ്ടി മരിക്കുന്നതു കൊണ്ടു മററുള്ളവർ അതിനെ ആദരിക്കണമെന്നില്ല. അവർ തെററിദ്ധാരണയുടെ ഇരകളാണെന്നുവരാം. വരാൻ പോകുന്ന ത്യാഗം അവർ അറിഞ്ഞിരുന്നില്ലെന്നുതന്നെയും വരാം. അവരുടെ ആത്മാൎത്ഥതയെ ചോദ്യംചെയ്യാതെ തന്നെ അവരുടെ വിശ്വാസത്തെ നിഷേധിക്കാം.

# ഡാർവിന്നു് ഒരനുബന്ധം

എനിക്കു 'ബഹുജന'ത്തെ വലിയ മതിപ്പില്ല. വ്യക്തികളോടു് കുറച്ചൊക്കെ സ്നേഹമുണ്ടു്. പക്ഷേ, മനുഷ്യസമുദായത്തെ ഒരു ദേവതയായി ഉയർത്തത്തക്ക ജനാധിപത്യബോധം എനിക്കില്ല. ഭരണഘടനപ്രകാരം ഓരോ വോട്ടുള്ള സകലരേയും ബഹുമാനിക്കുക എന്നതു് അത്ര എളുപ്പമായ കാര്യമല്ല. എല്ലാ മനുഷ്യരും സമന്മാരല്ല എന്നു പറഞ്ഞാൽ, പറയുന്നയാരം എല്ലാവരേക്കാരം മേലേക്കിടയിലാണെന്നു് അതിന്നർത്ഥമില്ലെങ്കിലും, ആ അഭിപ്രായം എല്ലാവർക്കും രസിച്ചില്ലെന്നുവരും. അതിനു ഫാഷിസ്റ്റ്തത്വചിന്തയുടെ ഒരു ചുവയുണ്ടെന്നു തോന്നുകയും ചെയ്യും. നിർഭാഗ്യവശാൽ ഇപ്പറഞ്ഞതൊക്കെയാണ് ഇവിടത്തെ പ്രമേയം.

മനുഷ്യവർഗ്ഗത്തിൽ പല ഇനമുണ്ടെന്നുള്ള ആശയം എൻെറ സ്വന്തമല്ല. അതു വളരെ പണ്ടേയുണ്ടു്. പുരാണത്തിലെ കഥാപാത്രങ്ങളെ ദേവാസുരമാനുഷരായി തരംതിരിച്ചിരിക്കുന്നതു് അതുകൊണ്ടായിരിക്കണം. പുനർജ്ജന്മതത്വവും ഒരു തരത്തിൽ ഈ ആശയത്തോടു ബന്ധപ്പെട്ടതാണ്. ബുദ്ധൻെറ ഉപദേശങ്ങളിൽ (ധർമ്മപദം) ഒരു ഭാഗത്തു, മനുഷ്യനിൽ കോഴിയുടേയും പാമ്പിൻെറയും പന്നിയുടേയും അംശങ്ങരം അവശേഷിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു്. കോഴി കാമത്തിൻെറയും, പാമ്പു് ക്രോധത്തിൻെറയും, പന്നി ബുദ്ധിശൂന്യതയുടേയും പ്രതീകങ്ങളാണ്. ഇവയിൽ ആദ്യത്തെ രണ്ടു ലക്ഷണങ്ങളും നശിച്ചുകഴിഞ്ഞാൽത്തന്നെയും അതിലേറെ ഭയങ്കരമായ മൂന്നാമത്തെ സ്വഭാവം അവശേഷിക്കാറുണ്ടെന്നും ബുദ്ധൻ അഭിപ്രായപ്പെടുന്നു. ഡാർവിനും ഇതിനോടു യോജിച്ച ഒരു ചിന്താഗതിയുണ്ടു്. ഡാർവിൻെറ പ്രതീകങ്ങരം കുരങ്ങും വ്യാഘ്രവും കഴുതയുമാണെന്നേ വ്യത്യാസമുള്ളു. ഇതു കൂടാതെ പല

മതങ്ങളിലും മാലാഖമാർ, പിശാചുക്കൾ, യക്ഷികൾ, അപ്സരസ്സുകൾ, ഗന്ധർവ്വന്മാർ മുതലായി പല ജീവികളേയും കാണാറുണ്ട്. അടിസ്ഥാനപരമായിത്തന്നെ മനുഷ്യൻ വിഭിന്നനിലകളിലാണു പരിണാമം പ്രാപിക്കുന്നത് എന്ന അവ്യക്താശയത്തിൻെറ പ്രത്യക്ഷഭാവങ്ങളാണ് ഇവയെല്ലാം. ക്രിസ്തുമതമനുസരിച്ചു മനുഷ്യൻെറ ആദർശം മാലാഖയായിത്തീരുകയാണ്. അങ്ങനെ ശരീരസംബന്ധിയല്ലാത്ത ഘടകങ്ങളിൽ പരിണാമം സംഭവിച്ചു വിഭിന്ന മനുഷ്യവർഗ്ഗങ്ങൾ ഉണ്ടാവുന്നു എന്നൊരഭിപ്രായം പണ്ടുമുതലേയുണ്ട് എന്നു വേണമെങ്കിൽ പറയാം. പക്ഷേ, ഈ ചിന്താഗതി ശാസ്ത്രീയമായി അപഗ്രഥിക്കുവാൻ ആരും തുനിഞ്ഞിട്ടുള്ളതായി എൻെറ പരിമിതമായ അറിവിൽ പെട്ടിട്ടില്ല. എനിക്കു് അതിനു കഴിവില്ല. അന്വേഷണത്തിനൊരുമാർഗ്ഗം ചൂണ്ടിക്കാണിക്കുക മാത്രമാണ് ലേഖനോദ്ദേശ്യം.

## വാസനയും ചിന്തയും

കുറച്ചുനാൾ മുമ്പു തൃശ്ശൂർവച്ചു നടന്ന ഒരു സമ്മർക്യാമ്പിൽവെച്ച് ഒരു പ്രശ്നം പൊന്തിവന്നു. മനുഷ്യൻെറ ജന്മവാസനയോ ചിന്താശക്തിയോ ഏതാണ് ആദ്യം വളർച്ച പ്രാപിച്ചതു് എന്നതായിരുന്നു അതു്. തീർത്തുപറയാൻ കഴിവുള്ള ആരുമവിടെ ഉണ്ടായിരുന്നില്ല. കുറച്ചാലോചിച്ചപ്പോൾ തോന്നി, ഡാർവിൻെറ പരിണാമസിദ്ധാന്തത്തിനു് ഒരനുബന്ധം ആവശ്യമാണെന്നു്. ഡാർവിൻ ശാരീരികപരിണാമത്തെപ്പററിമാത്രമേ പ്രതിപാദിക്കുന്നുള്ളു. ശരീരത്തോളം തന്നെ പ്രധാനവും യഥാർത്ഥവുമായ ജന്മവാസന, വികാരം, ചിന്ത, ആത്മാവു് എന്നിവയുടെ ഉത്ഭവവും, വളർച്ചയും, പരസ്പരബന്ധങ്ങളും ഇന്നും അജ്ഞാതനാടാണ്. അവയുടെ പരിണാമരഹസ്യം കണ്ടുപിടിച്ചാൽ മാത്രമേ മനുഷ്യസ്വഭാവത്തിലെ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും മനസ്സിലാക്കാൻ കഴിയൂ.

ഓരോ പ്രത്യേക പരിതസ്ഥിതികളിൽ ഓരോ

ഘടകം വളർച്ചപ്രാപിച്ചാണു് പറക്കുന്ന ജന്തുക്കളും, ഇഴയുന്ന പാമ്പും, ചിന്തിക്കുന്ന മനുഷ്യനുമെല്ലാമുണ്ടായതു്. കഴുകനു പാമ്പിന്റെ വിഷമില്ല; പാമ്പിനു പറക്കാൻ കഴിയുകയില്ല; ഇവ രണ്ടിനും ചിത്രം വരയ്ക്കാനും കഴിയുകയില്ല. എന്നുവച്ചാൽ പല സിദ്ധികളും പലയിടങ്ങളിലായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നർത്ഥം. പരിണാമത്തിൽ ഉയൎന്നതു് എന്നു സാധാരണ ഗണിക്കപ്പെടുന്ന ജന്തുക്കൾ എല്ലാവിധ വൈഭവങ്ങളിലും പരമമായ വളർച്ച പ്രാപിച്ചു എന്നു വിചാരിക്കണ്ട. കഴുകന്റെ കണ്ണുകളോ സിംഹത്തിന്റെ ശക്തിയോ മനുഷ്യനില്ല. ഏതാണ്ടു് ഒരേതരം ജീവികളിൽനിന്നാണു് ഇന്നത്തെ സകല ജീവജാലങ്ങളും പരിണമിച്ചതു് എന്നാണു് ശാസ്ത്രമതം. ഓരോ പ്രത്യേക പരിതസ്ഥിതികളിലാണു് പല ജന്തുക്കൾ തമ്മിൽ വ്യത്യാസമുണ്ടായിത്തീൎന്നതു്. ശാരീരികരംഗത്തു നിന്നു മാനസികരംഗത്തിലേയ്ക്കു് കടന്നുനോക്കിയാൽ, അവിടെയുള്ള പരിതസ്ഥിതികളനുസരിച്ചു് ഒരു വർഗ്ഗത്തിൽത്തന്നെയുള്ള ജന്തുക്കൾ പല നിലകളിൽ പരിണാമം പ്രാപിച്ചിരിക്കുന്നതായി കാണാം. പുല്ലും പുലിയും തമ്മിലുള്ള വ്യത്യാസത്തിലധികം വ്യത്യാസം രണ്ടു മനുഷ്യർ തമ്മിലുണ്ടാവുക എന്നതു്, അങ്ങനെ, അസാധ്യമല്ലാതായിത്തീരുന്നു.

ജന്മവാസന പല നിലകളിലായി സകല ജീവജാലങ്ങൾക്കുമുണ്ടു്. ഇഷ്ടമില്ലാത്തതും ഉള്ളതും തിരിച്ചറിയാൻ സസ്യങ്ങൾക്കും കഴിവുണ്ടെന്നാണു് വച്ചിരിക്കുന്നതു്. അതിപുരാതനമായ ഒരു കാലത്തു ജന്മവാസന മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു വിചാരിക്കാം. വളരെ യുഗങ്ങൾക്കുശേഷമാണു് ബുദ്ധി, അഥവാ ചിന്താശക്തി, ഉത്ഭവിച്ചതു്. ജന്മവാസനയുടെ ഒരു ഉയൎന്ന രൂപമാണു് ചിന്താശക്തി എന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. ജന്മവാസന തലമുറകളായി കൈമാററം ചെയ്യപ്പെടുമ്പോൾ, ഓരോ ജീവിയും ബുദ്ധി ജനനത്തിനുശേഷം സമ്പാദിക്കേണ്ടതായിട്ടാണു കാണുന്നതു്. ഇത്ര ഭിന്നമായ രണ്ടു വൈഭവങ്ങളിൽ ഒന്നു മററതിൽനിന്നു പരിണമിച്ചു

എന്നു വിചാരിക്കുക വിഷമമാണ്. പിന്നെ, എങ്ങനെ അതുണ്ടായി എന്ന ചോദ്യത്തിനു് ഒന്നേ പറയാനുള്ളു. ജീവനില്ലാത്ത ഒരു ഗോളത്തിൽ ജീവനുത്ഭവിച്ചതു പോലെയുള്ള ഒരത്ഭുതമാണ് ചിന്തയുടെ ആവിർഭാവവും. അതെങ്ങനെയുണ്ടായി എന്നാർക്കും അറിഞ്ഞുകൂടാ. ബുദ്ധി ജന്മവാസനയിൽനിന്നു ഭിന്നമായ ഒരു വൈഭവമാണെന്നു മാത്രം തല്ക്കാലം പറയാം. പലപ്പോഴും ഈ ജന്മവാസന ബുദ്ധിയെക്കാൾ ഉയർന്നതായിക്കാണാം. കാലാവസ്ഥയെപ്പററിയും മററും നിരക്ഷരനായ കൃഷിക്കാരൻ പറയുന്ന അഭിപ്രായങ്ങൾ, ശാസ്ത്രജ്ഞന്റേതിനേക്കാൾ ശരിയാവാറുണ്ട്. ഒരു പ്രത്യേകതയുള്ളതു് ഇതാണ്. സാധാരണയായി ചിന്താശക്തികുറഞ്ഞ ജന്തുക്കളിലാണ് ജന്മവാസന കൂടുതലായി ശോഭിക്കുന്നതു്. ബുദ്ധി വളരുമ്പോൾ ജന്മവാസന കുറയുമെന്നുപോലും തോന്നുന്നുണ്ട്.

## ചിന്ത—പല പതനത്തിൽ

ചിന്ത എന്ന വൈഭവം കൂടുതലായി വളർച്ചയെത്തിയിരിക്കുന്നു എന്നതാണ് മനുഷ്യൻ മററു ജീവികളെക്കാൾ ഉയർന്നവനാണെന്നവകാശപ്പെടാനുള്ള ന്യായം. സ്വന്തം അസ്തിത്വത്തെപ്പററിയുള്ള ബോധം മനുഷ്യനു മാത്രമേയുള്ളു എന്നാണ് വെപ്പ്. ഇതു തത്വമെന്ന നിലയ്ക്കു് ശരിയായിരിക്കാം. പക്ഷേ ഇവിടെ വളരെ സൂക്ഷിക്കേണ്ട ഒരു കാര്യമുണ്ട്. ബുദ്ധിയുടെ വളർച്ച മനുഷ്യവർഗ്ഗത്തിലെ എല്ലാ അംഗങ്ങൾക്കും ഒരേ തരത്തിലായിക്കൊള്ളണമെന്നില്ലല്ലോ. അതുകൊണ്ട് അസ്തിത്വബോധത്തിലും വ്യത്യാസങ്ങളുണ്ടാകാം. മദിരാശി പട്ടണത്തിലെ ബഹളംപിടിച്ച തെരുവുകളുടെ മദ്ധ്യത്തിൽക്കൂടി യാതൊരു ക്ലേശവുമില്ലാതെ സംസാരിച്ചുനടന്നു, 'മോർച്ചുവറി'യിലവസാനിക്കുന്ന തമിഴത്തികളെ ഓർമ്മിക്കുമ്പോൾ തോന്നുന്നു, ഈ അസ്തിത്വബോധം എന്നു പറയുന്നതുള്ള മനുഷ്യർ ഒരു ചെറിയ ശതാംശം മാത്രമാണെന്നു്. ചിന്ത പൊതുവേ മനുഷ്യവർഗ്ഗത്തിനൊരു സിദ്ധിയായിക്കഴിഞ്ഞിട്ടുണ്ടെന്നു

തോന്നുന്നില്ല. അതു കാണുന്നിടത്തുതന്നെ അത്രയധികം മൂപ്പെത്തിയിട്ടുമില്ല. ജന്മവാസനയുടെയും ചിന്തയുടെയും തീരുമാനങ്ങൾ പലപ്പോഴും വിരുദ്ധമായിരിക്കും. അത്തരം സന്ദർഭങ്ങളിൽ ചിന്തയെമാത്രമേ അംഗീകരിക്കാവൂ എന്നു പറയാൻ ആൎക്കും ധൈര്യമുണ്ടാകുകയില്ല. ചിന്ത അറിവിന്മേലാണ് നിലനില്ക്കുന്നതു്. അറിവു് ഏററവും പരിമിതവുമാണ്. അതുപ്പോൾ അതിനു തെററാതിരിക്കു വാനുള്ള വരമൊന്നുമില്ല. ജന്മവാസനയുടെ യഥാൎത്ഥ സ്വഭാവമെന്തെന്നു തീർച്ചയില്ലാത്തതുകൊണ്ടു് അതിനെ തള്ളാനും കൊള്ളാനും നിവൃത്തിയുമില്ല.

മേല്പറഞ്ഞ രണ്ടിൽനിന്നും ഭിന്നവും എന്നാൽ അവയു മായി കുഴഞ്ഞുമറിഞ്ഞു കിടക്കുന്നതുമായ ഒരു സിദ്ധി യാണ് വികാരം. ജീവികൾക്കെല്ലാം ഇതുണ്ടെന്നു വിചാ രിക്കാം. ഇതിൻെറ രൂപഭേദങ്ങൾ നിരവധിയാണു്. യുക്തിക്കപ്പുറമായതുകൊണ്ടു സാധാരണ ഗതിയിലുള്ള ഗവേഷണത്തിൻെറ പരിധിയിൽ അതു പെടുകയില്ല. യുക്തിക്കതീതമായ ചിന്ത (ആ പ്രയോഗം ശരിയാണെ ങ്കിൽ) ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വികാരം പ്രയോ ജനപ്പെടും. ഒരു തരത്തിൽ പറഞ്ഞാൽ കവിതയും, മറെറാരു തരത്തിൽ സർറിയലിസവും ഈ അഭിപ്രായ ത്തെ സാധൂകരിക്കുന്നുണ്ടു്. നല്ല കവിതയിൽ സാധാരണ യുക്തികൊണ്ടു പറഞ്ഞൊപ്പിക്കാൻ വയ്യാത്ത ആശയ മുണ്ടായിരിക്കും. സർറിയലിസത്തിൽ, ചിന്തയും വികാ രവും മററു് ആദ്ധ്യാത്മികസിദ്ധികളും എല്ലാം കൂടി കുഴഞ്ഞ ഒരു മണ്ഡലത്തിലാണ് കലാകാരൻ വിഹരി ക്കുന്നതു്.

ഇപ്പറഞ്ഞ സിദ്ധികളുടെ വളച്ച്യനുസരിച്ചു മനു ഷ്യനെ തരംതിരിക്കുക സാദ്ധ്യമല്ലായിരിക്കാം. പക്ഷേ, ഈ സിദ്ധികളുടെ വളർച്ചയനുസരിച്ചു ഭിന്നവൎഗ്ഗങ്ങൾ മനുഷ്യവൎഗ്ഗത്തിൽത്തന്നെ ഉണ്ടാകാം. കവികളും കാമുക ന്മാരും വികാരവിഭാഗത്തിൽ പെട്ടവരാണു്. പക്ഷേ, അങ്ങനെ തൊഴിൽപരമായ ഭാഗങ്ങൾ ഓരോ വൎഗ്ഗമായി പരിണമിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നുവരെ

മനുഷ്യനിൽ ഒരു വർഗ്ഗവ്യത്യാസമേ ഉണ്ടായിട്ടുള്ളു. സ്ത്രീയും പുരുഷനും. അവ തമ്മിലുള്ള ശാരീരികവ്യത്യാസം തുച്ഛമായതുകൊണ്ടാണല്ലോ അവ രണ്ടും ഒരു വർഗ്ഗത്തിൽ ചേർക്കാൻ കാരണം. പക്ഷേ, ശരീരത്തിന്നു പുറമെയുള്ള മനുഷ്യസ്വഭാവങ്ങളെടുത്തുനോക്കിയാൽ വലിയ വ്യത്യാസം കണ്ടെന്നുവരാം. ഒരു വിദൂരഭാവിയിൽ ഇക്കൂട്ടരിൽ ഒന്നിനു വികാരമെന്നൊന്നില്ലാതേയും മറേറതിന്നു ചിന്തയെന്നൊന്നില്ലാതേയും പരിണമിച്ചാൽ അതിലത്ഭുതത്തിനവകാശമില്ല. പരിണാമത്തിൻെറ വൈചിത്ര്യം അത്രയധികമാണ്.

ഇതുവരെ പറഞ്ഞ കാര്യങ്ങളിൽ അഭിപ്രായഭിന്നതയുണ്ടാകാൻ വഴിയില്ല. എന്നാൽ 'ആത്മാവ്' എന്ന പദം വന്നു ചേരുന്നതു് ഒരു വലിയ ആരവത്തോടുകൂടിയാണ്. രംഗവും ക്ഷുഭിതമാകും. "ഒന്നിനു പുറകെ ഒന്നായി എത്ര പിന്തിരിപ്പൻ ആശയങ്ങളാണു തട്ടിവിടുന്നതു്!" അവരുടെ സമാധാനത്തിനുവേണ്ടി നേരത്തെ പറഞ്ഞേക്കാം, മതക്കാർ 'ആത്മാവ്' എന്ന പദം കൊണ്ടുദ്ദേശിക്കുന്നതൊന്നുമല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. ഞാനുദ്ദേശിക്കുന്നതു ജന്മവാസനയിലോ, ചിന്താശക്തിയിലോ, വികാരത്തിലോ കണ്ടെത്താൻ കഴിയാത്ത ഒരു പ്രത്യേകസിദ്ധിയെയാണ്. നന്മയെ ആഗ്രഹിക്കുക, സൗന്ദര്യത്തെ സ്നേഹിക്കുക മുതലായ ആദർശങ്ങൾ എങ്ങനെയുണ്ടായി? സാധാരണ ഗതിയിൽ കണ്ടുപിടിക്കാനോ നിർവ്വചിക്കാനോ എളുപ്പമല്ലാത്ത എന്തോ ഒരു ഘടകം മനുഷ്യനിലുണ്ടെന്നു് (എല്ലാവരിലും വേണമെന്നില്ല) വിചാരിക്കാൻ ന്യായമുണ്ട്. ആ പ്രത്യേക സ്വഭാവത്തെ 'ആത്മാവ്' എന്നു സൗകര്യത്തിനുവേണ്ടി പേരു വിളിക്കുകയാണ്. ഇതു ബുദ്ധനും ബർനാർഡ്ഷായ്ക്കും ഉണ്ടായിരുന്നു എന്നു തോന്നുന്നു. ഈ ഘടകവും എങ്ങനെയോ ഉണ്ടായി വളർന്നുകൊണ്ടിരിക്കുന്നു. പല വ്യക്തികളിലും പല നിലകളിലായി കാണുകയും ചെയ്യാം.

ഈ നാലു സിദ്ധികളെപ്പററിയും പറഞ്ഞതു മനുഷ്യജന്തുവിനു ശരീരത്തിനു പുറമേ പ്രധാനമായ ചില ഘടക

ങ്ങളുണ്ടെന്നു ചൂണ്ടിക്കാണിക്കാനാണ്. ഇവ പരിണാമത്തിന്റെ ഓരോ ഘട്ടത്തിലായി ഉണ്ടായി. പിന്നീടുള്ള പരിണാമത്തെ അവ സ്വാധീനമാക്കുകയും ചെയ്യുന്നു. വെറും ശരീരം മാത്രം എണ്ണമററ പരിവത്തനങ്ങളിൽക്കൂടി കടന്നു് ഇന്നു ലോകത്തിലുള്ള വിവിധ ജീവജാലങ്ങൾ ഉണ്ടായി. അങ്ങനെയെങ്കിൽ ശരീരത്തിനു പുറമേയുള്ള ഘടകങ്ങളുടെയും അവയുടെ കെട്ടിമറിച്ചിലുകളുടെയും ഫലമായി എന്തെല്ലാം മാററങ്ങൾ ഉണ്ടായിരിക്കാം! ഇതുവരെ എണ്ണിപ്പറയത്തക്ക മനുഷ്യവർഗ്ഗങ്ങളെ ഒന്നിനെയും ഇവിടെ ചൂണ്ടിക്കാണിച്ചു എന്നു വിചാരിക്കുന്നില്ല, എങ്കിലും അത്തരം കാര്യങ്ങൾ സംഭവ്യതയുടെ പരിധിയിലാണെന്നു തെളിഞ്ഞു എന്നാണു വിശ്വാസം.

അത്രയ്ക്കു ശാസ്ത്രീയമല്ലെങ്കിലും യഥാർത്ഥജീവിതത്തിലെ ചില അനുഭവങ്ങൾ ഉദാഹരണമായി പരിശോധിച്ചുനോക്കാവുന്നതാണ്. ഏതു ക്രൂരകൃത്യവും ചെയ്യാൻ മടിയില്ലാത്തവരും, യുദ്ധം ഒരാദർശമായി സ്വീകരിക്കുന്നവരും, ഭക്ഷണമല്ലാതെ മറെറാന്നിനേയും ബഹുമാനിക്കാത്തവരും, ജീവിതം മുഴവനും ഗവേഷണത്തിനു ചെലവാക്കുന്നവരുമെല്ലാം ഒരു വർഗ്ഗത്തിൽ പെട്ടവരാണെന്നും അവർ സമന്മാരാണെന്നും വിശ്വസിക്കാൻ പ്രയാസം. സിംഹവും പുലിയും പൂച്ചയും ഒരേ കുടുംബക്കാരാണെങ്കിലും അവ തമ്മിൽ വ്യത്യാസമുണ്ടു്. അതുപോലെ തന്നെ മനുഷ്യവർഗ്ഗത്തിലും പല ഇനങ്ങളുണ്ടു്. ഈ വ്യത്യാസത്തിന്നടിസ്ഥാനം ശരീരഘടനയോ ദേശവർഗ്ഗാദികളോ ആയിരിക്കണമെന്നു നിർബ്ബന്ധമില്ല. (കാലാവസ്ഥയ്ക്കും മററു ഭൂമിശാസ്ത്രഘടകങ്ങൾക്കും പരിണാമത്തിലുള്ള സ്വാധീനം വെച്ചുനോക്കുമ്പോൾ അങ്ങനെ ആവുകയും ചെയ്യാം.) ഇതു്, ഈ വൈചിത്ര്യം, എങ്ങനെ പ്രത്യക്ഷപ്പെട്ടാലും, മറഞ്ഞിരുന്നാലും, അങ്ങനെ എന്തോ ഒക്കെ ഉണ്ടെന്ന അഭിപ്രായത്തിലേക്കാണ് അനുഭവങ്ങൾ വഴി കാണിക്കുന്നതു്. ഇപ്പറഞ്ഞതിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ ഞാനെഴുതിയ ആദ്യവാചകത്തിനു മാപ്പുപറയേണ്ട ആവശ്യവുമില്ല.

# ബൈബിൾ

ചിത്രകാരൻെറ ഇഷ്ടിക രൂപമാണ്. ഗായകൻെറ ശബ്ദഘടനകളാണ് കലാവസ്തു. ഇവസ്തു സമമായി സാഹിത്യകാരന് ആവശ്യമായ ധ്വനികൾ നല്കുന്നതു് ഇതിഹാസ പശ്ചാത്തലമാണ്. ഈ അന്തരീക്ഷത്തിൽ മിന്നിത്തിളങ്ങുന്ന പ്രകാശരശ്മികളെക്കൊണ്ടല്ലാതെ സാഹിത്യദീപം കൊളുത്താൻ കഴികയില്ല. ഒരു ജനതയുടെ ദീർഘകാല ചരിത്രത്തിന്നിടയിൽ അടിഞ്ഞുറഞ്ഞുണ്ടാവുന്നതാണ് ഈ രശ്മിപ്രഭാവം. ജനതയുടെ വിസ്തൃതിയും പ്രായവും അനുസരിച്ച് അതിൻെറ വൈവിധ്യവും വൈശിഷ്ട്യവും കൂടിയിരിക്കും. അതിനെ ആശ്രയിച്ചാണ സാഹിത്യത്തിൻെറ മേന്മയും നിലനില്ക്കുന്നതു്. ഈ ഇതിഹാസ സമ്പത്ത് 'യുഗേ യുഗേ' അവതരിക്കും—ഭിന്നരൂപങ്ങളിൽ. ചിലപ്പോൾ കഥകളായി, മററു ചിലപ്പോൾ കഥാപാത്രങ്ങളായിട്ടും. അർത്ഥഗർഭമായ സന്ദർഭങ്ങളായും അവ അവിടവിടെ മിന്നിത്തെളിയും. ഹനുമാൻെറ വാലും, ഉർവ്വശീ ശാപവും, ഭഗീരഥപ്രയത്നവും മററുംകൊണ്ടാണ സാഹിത്യമുണ്ടാവുന്നതു്. സാഹിത്യമെന്നുവച്ചാൽ പദഘടന മാത്രമല്ലല്ലോ. ധ്വനിയില്ലാത്ത പദസഞ്ചയം കുത്തഴിഞ്ഞ നിഘണ്ടു മാത്രമേയാവൂ. പഴയതിൻെറ പൂപ്പലെല്ലാം മാററിനിർത്തിയാൽ അവശേഷിക്കുന്നതു ചളി കളഞ്ഞ മണ്ണായിരിക്കും; കടപ്പുറത്തെ മണൽപോലെ ശുദ്ധധവളമായ മണ്ണ്, അതുപോലെതന്നെ നിർഗ്ഗുണവും. ചരിത്രത്തിൽ അറിയപ്പെടുന്ന ഏതു സംസ്കാരത്തിനും പശ്ചാത്തലമായി വിശിഷ്ടമായ ഒരു ഇതിഹാസസമ്പത്തുണ്ടു്. കാലക്രമേണ ആ സംസ്കാരംതന്നെ അനന്തര തലമുറകൾക്ക് ഇതിഹാസമായി പരിണമിക്കുകയും ചെയ്യു. സീതയുടെ മോതിരത്തിനകത്തുകൂടി ഭീമസേനനു കടന്നുപോകാമായിരുന്നുവത്രെ. ഭീമനാകട്ടെ നിഘണ്ടു

നിമ്മാതാവിനു 'ഭീമാകാരം' സംഭാവനചെയ്കയും ചെയ്തു.

ഇത്തരത്തിലൊരു സമ്പത്തു നമുക്കുണ്ട്. ('നമുക്കു' എന്നു പ്രയോഗിച്ചപ്പോയതിൽ യഥാത്ഥഭാരതീയർ ആരും നെററി ചുളിക്കരുതേ. ഇതെഴുതുന്നയാളിൻെറ പൂർവ്വികന്മാർ ഒരു വിദേശിദൈവത്തെ സ്വാഗതംചെയ്ത കുററത്തിനു് ആ, വംശപരമ്പരകളെ മുഴുവനും രാജ്യഭ്രഷ്ടരാക്കേണ്ട കാര്യമില്ലല്ലോ.) വേദങ്ങരം മുതൽ ജാൻസിറാണി വരെയുള്ള ആ ഇതിഹാസപ്പരപ്പു്, വേണമെങ്കിൽ, വിശേഷോത്തരമാണെന്നുതന്നെ നമുക്കു് അഭിമാനിക്കാം. പക്ഷേ, 'മതി; ഇനി വേണ്ട' എന്നു പറയത്തക്ക ഒരു നിലയിൽ നാമെത്തിയിട്ടില്ല. ഈ വിഷയത്തിൽ അങ്ങനെയൊരു ഘട്ടം ഉണ്ടാകയുമില്ല. ചക്രവാളത്തിനപ്പുറത്തുള്ളതും ലോകംതന്നെയാണു്. (പരിമിതപ്രപഞ്ചം ഗണിതശാസ്ത്രത്തിൽ മാത്രമേയുള്ളു.) നമ്മുടെ ലോകത്തിൽ കാണാത്ത പലതും ചക്രവാളത്തിനപ്പുറം കണ്ടെന്നുവരാം. ഹരിജനത്തിന്നു (ക്രിസ്ത്യാനിക്കല്ല) ക്ഷേത്രം തുറന്ന ഇക്കാലത്തെങ്കിലും സമുദ്രം കടന്നാലുള്ള ഭ്രഷ്ടു നമുക്കൊന്നവഗണിക്കാം.

## ചരിത്രത്തിലെ അച്ചടിപ്പിഴകൾ

എൻെറ വിഷയം ബൈബിളിലെ ഭാവനാപ്രപഞ്ചമാണു്. പുച്ഛത്തോടെ വർജ്ജിക്കപ്പെട്ടിരിക്കുന്ന ഒരു ലോകമാണതു്. രണ്ടായിരം വർഷമായി ക്രിസ്തുമതം നിലവിലിരിക്കുന്ന ഒരു ഭൂവിഭാഗത്തിൽ നിന്നുകൊണ്ടാണിതു പറയേണ്ടിവന്നിരിക്കുന്നതു്. ഒരുപക്ഷേ, ഈ മതം ഇത്രകാലം ഒരു സ്വതന്ത്രമതമായും സമുദായമായും നിലനിന്നതുകൊണ്ടുതന്നെയായിരിക്കാം ഈ അന്യഥാത്വമുണ്ടായതു്. ഒരു സാധാരണഹിന്ദുവിനു പെറുവിലെ ഇങ്കാമാരോടും മെക്സിക്കോവിലെ അസ്റ്റെക്കുകളോടുമുള്ളത്ര പരിചയംപോലും അബ്രാഹമിനോടും എസ്തേറിനോടുമില്ല. സ്വന്തം അയല്ക്കാരായ ബഹുലക്ഷങ്ങളുടെ ഇതിഹാസം

ഇന്നും പള്ളികൾ പുറത്തിറങ്ങിയിട്ടില്ല. നമ്പ്യാരും നമ്പിഷ്യാതിരിയും തമ്മിലുള്ള വ്യത്യാസം അറിയാവുന്ന ക്രിസ്ത്യാനികളുണ്ട്. പക്ഷേ, പഴയകൂറുകാരും പുത്തൻ കൂറുകാരും തമ്മിലുള്ള വ്യത്യാസമറിയാവുന്ന ഹിന്ദുക്കൾ ചുരുക്കമാണ്. (വെറും കൃഷിക്കാർക്കറിയാമായിരിക്കാം. പക്ഷേ, അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്നവർക്കറിയില്ല. യൂറോപ്യൻചരിത്രവും ഇബ്സനും മുഴുവൻ ഹൃദിസ്ഥമാക്കിയ ബിരുദധാരിക്കിന്നും കത്തോലിക്കും ക്രിസ്ത്യാനിയും പര്യായപദങ്ങളാണ്.) ഘടോൽക്കചൻ എന്നുച്ചരിക്കാൻ യാതൊരു വിഷമവുമില്ലാത്ത ചില നടന്മാർ ദാവീദ് എന്ന പേരിനുമുമ്പിൽ മാംസംകണ്ട പശുവിനെപ്പോലെ മണപ്പിച്ചുനില്ക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഇപ്പറയുന്നതു വർഗ്ഗീയത്വമാണെങ്കിൽ ആ കുററം ഞാൻ സസന്തോഷം ശിരസാ വഹിക്കുന്നു. പക്ഷേ, നമ്മുടെ ഈ മനോഭാവം സഹിഷ്ണുതയ്ക്കു നാം സമ്പാദിച്ച കീർത്തിയെ ചോദ്യം ചെയ്യുന്നുണ്ട്. ക്രിസ്ത്യാനിയുടെ മതഭ്രാന്താണീ അവഗണനയ്ക്കു കാരണം എന്നൊരു പക്ഷമുണ്ട്. അതു കുറെയൊക്കെ ശരിയാണ്. പക്ഷേ, താലികെട്ടും പുലകുളിയും ശ്രാദ്ധവും തോടയം പുറപ്പാടും എല്ലാം അംഗീകരിച്ച ഒരു വർഗ്ഗത്തോട് എന്തിനു വെറുപ്പു കാണിക്കണം? വാസ്കോഡിഗാമയ്ക്കു മുമ്പുള്ള ഇന്ത്യൻക്രിസ്തുമതം ഹിന്ദുസംസ്കാരത്തിൻെറ ഒരു വകഭേദം മാത്രമാണ്. എണ്ണമററ ദേവകൾക്കു വിശ്രമമരുളുന്ന 'ഒളിമ്പസ്സി'ലേക്കു ഒരു ദൈവത്തെക്കൂടി സ്വാഗതം ചെയ്തതു് വലിയൊരധർമ്മമല്ലല്ലോ. ഇന്നും യൂറോപ്പിലെ ഏക അപരിഷ്കൃതവർഗ്ഗമായ പോർട്ടുഗീസുകാർ ഇവിടെ വന്നു കാട്ടിക്കൂട്ടിയ വികൃതികൾക്കു മാപ്പു പറയാതെ നിവൃത്തിയില്ല. പക്ഷേ, ആ സംഭവത്തിനു പതിനഞ്ചു ശതാബ്ദം മുമ്പാണ് ആ നസറേത്തുകാരൻ അശാരിച്ചെക്കൻ കേരളത്തിലെത്തിയതു്. ഈ പുതിയ ബൗദ്ധന്മാരുടെ കൈവശം ഒന്നുമുണ്ടായിരിക്കയില്ലെന്നു നാം മുൻവിധിയെഴുതി. അധമതാബോധംകൊണ്ടു നാണിച്ച അവരാകട്ടെ, പൂർവ്വികസ്വത്തിൽ അവർക്കവകാശമില്ലെന്നു ഭയന്നു് ഒളിച്ചോടി സ്വയം ബഹിഷ്കൃത

ർ‌യി. സ്വന്തം പാനകളും വേറേ നാട്യരംഗവും അവര നിർമ്മിച്ചു. ഇതിനാരെയാണു കുററപ്പെടുത്തുക? ആരെയും കുററപ്പെടുത്തേണ്ട. ഇവയൊക്കെ ചരിത്രത്തിലെ അച്ചടിപ്പിഴകളാണ്. നമുക്കു മുന്നോട്ടാണല്ലോ പോകേണ്ടതു്, ഭൂതകാലപ്രേതങ്ങളെയെല്ലാം നമുക്കവഗണിക്കാം.

## ദൈവവും പിശാചും

ഇനി ബൈബിളിലൂടെ നമുക്കൊരു സവാരി നടത്താം. മഴ നനഞ്ഞൊലിച്ച പച്ചക്കാടു പുതച്ചുനില്ക്കുന്ന നമ്മുടെ കുന്നുകളിൽനിന്നു വളരെ വ്യത്യസ്തമായ ഒരു ലോകമാണതു്. സൂര്യാതപമേററു കത്തിജ്ജ്വലിക്കുന്ന വിശാലമണൽക്കാടുകളാണധികവും. ഇടയ്ക്കിടയ്ക്ക് ഈത്തപ്പനത്തോപ്പുകളും അരുവികളും നിറഞ്ഞ ശാദ്വല പ്രദേശങ്ങൾ. ചെമ്മരിയാടും അജപാലഗായകരും. ഈജിപ്ത്, പലസ്തീൻ—പാലും തേനും ഒഴുകുന്ന വാഗ്ദത്ത നാടു്! ഭൂമിശാസ്ത്രപരമായി ശരിയാണെങ്കിലും, എത്ര ചമൽക്കാരമുള്ള പ്രയോഗം! ഭീമമായ ഒരു ജനതയുടെ പ്രയാണം നമുക്കിവിടെ കാണാം. നാല്പതു ദീർഘവത്സരങ്ങൾ നീണ്ടുനിന്ന ഒരു പ്രയാണം. മനുഷ്യചരിത്രത്തിലെ ആദ്യത്തെ പൊതുപണിമുടക്കം, ദൈവത്തിൻെറ സ്വന്തജനത്തിനു വഴിമാറിക്കൊടുക്കുന്ന കടലുകൾ, മന്നാ പൊഴിയുന്ന ആകാശം. യുദ്ധാവസാനംവരെ അസ്തമനം ദീർഘിപ്പിക്കുന്ന സൂര്യൻ, പകൽ മേഘത്തൂണായും രാത്രിയിൽ പ്രകാശനാളമായും പ്രത്യക്ഷപ്പെടുന്ന ഈശ്വരൻ—അങ്ങനെ എന്തെല്ലാം! ശതാബ്ദവിസ്തൃതമായ കുരുക്ഷേത്രങ്ങളും, മനുവിൻേറതിനെക്കാളും നിഷ്കൃഷ്ടമായ നിയമാവലികളും അവിടെയുണ്ടു്. ഭീമസേനനു് അവിടെച്ചെന്നാൽ ശിംശോൻ എന്നൊരു സഖാവനെ ലഭിക്കും. മുരളീധരനെപ്പോലെതന്നെ പാടുന്ന ഒരു പടവാളാണു് ദാവീദ്. ഗോപാലനല്ലെങ്കിൽ അജപാലനാണ്. ഭൂചലനംകൊണ്ടു ദ്വാരക തിരോഭവിക്കുന്നെങ്കിൽ അവിടെ സോദോംനഗരം ആകാശാഗ്നികൊണ്ടു

ചാവുകടലായിത്തീരുന്നുമുണ്ട്. എന്നുവെച്ച നമുക്കുള്ളതിനെല്ലാം പ്രതിരൂപം അവിടെക്കാണുമെന്നർത്ഥമില്ല. പക്ഷേ, നമുക്കില്ലാത്തതെന്തൊക്കെയുണ്ടെന്നു നോക്കുക. ലോകത്തിൻെറ പുത്രിമാർ—പ്രായം തികഞ്ഞിട്ടും വിവാഹത്തിനു വഴികിട്ടാത്ത കന്യകമാർ—എന്തുചെയ്തുവെന്നറിയേണ്ടതാണ്. ഗൗതമൻ ഇന്ദ്രനു കൊടുത്ത ശാപം അവിടെയില്ല. എങ്കിലും ബത്ത്ശേബയുടെ ജലക്രീഡയും അനന്തരസംഭവങ്ങളും മനസ്സിലാക്കാമല്ലോ. യോനാഥനും ദാവീദും, ലോകോത്തരമായ ആ സൗഹാർദ്ദകഥ, അച്ഛനെ ധിക്കരിച്ചും സ്നേഹിതനുവേണ്ടി സ്വന്തം കിരീടംവെച്ചൊഴിയുന്ന ആ മഹാകാവ്യം, അവിടെയാണുള്ളതു്. ലോകോല്പത്തിമാത്രം മതിയായി മിൽട്ടണ് ഒരു മഹാകാവ്യം രചിക്കാൻ. ആദിമനുഷ്യനായ ആദാമിനു് ഈശ്വരൻ ഹവ്വായെന്നൊരു സഖിയെ സൃഷ്ടിച്ചുകൊടുത്തു. എന്നിട്ട് എന്തോ ചിലതു ചെയ്യരുതെന്നു് ഒരു നിരോധവും. സ്വാഭാവികമായി ആ നിരോധം ലംഘിക്കപ്പെട്ടു. രണ്ടുപേക്കും നാണംവന്നു. അവിടംമുതല്ക്കാണത്രേ ലോകത്തിലെ കുഴപ്പങ്ങളെല്ലാം ആരംഭിക്കുന്നതു്. അവർ ഇലകൊണ്ടു നാണംമറച്ചു. ഭൂമിയിൽ വേലചെയ്തു നെററിയിലെ വിയപ്പോടുകൂടി ആഹാരം കഴിച്ചു. എന്നിട്ടും ഫലമില്ല, പാപത്തിൻെറ കൂലി മരണമാണെന്നു സ്ഥാപിച്ചേ ആ ഈശ്വരൻ അടങ്ങിയുള്ളു. കുപിതനായ ആ ദൈവം ഒരു മഹാപ്രളയവും വരുത്തിവച്ചു. എങ്കിലും തൻെറ പ്രിയപ്പെട്ട നോഹയ്ക്കും കുടുംബത്തിനും രക്ഷപ്പെടാൻ ഒരു കെട്ടുവള്ളം കൊടുത്തിരുന്നു. അതു കഴിഞ്ഞു് അദ്ദേഹം പശ്ചാത്തപിച്ചു. ഇനി പ്രളയമുണ്ടാക്കുകയില്ലെന്നു പ്രതിജ്ഞചെയ്തു. അതിനു സാക്ഷിയായി മഴവില്ലും ഉണ്ടാക്കി. എന്തൊരു ദൈവം! നമ്മുടെ ദേവകോടികളിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ദൈവം. ആ ഈശ്വരൻ സ്വയം ജനിച്ച്, വളന്നു്, പരിണാമ പ്രാപിച്ച് മനുഷ്യവർഗ്ഗത്തിൻെറ സ്നേഹമുള്ള പിതാവ യി പരിണമിക്കുന്നതും നമുക്കവിടെ കാണാം. ഈശ്വരനെ മാത്രമല്ല, മനുഷ്യനെ ദേവതുല്യനായിട്ടും അതേസമയം

പിശാചിൻെറ ഗുരുവായിട്ടും കാണാം. അതു പറഞ്ഞപ്പോഴാണോർമ്മവന്നതു്, പിശാചു്. അങ്ങനെയൊരു രൂപം നമ്മുടെ പുരാണങ്ങളിലെങ്ങുമില്ല. അസുരന്മാരും കാളികൂളികളുമൊന്നും ആ മഹാരൂപത്തിനു കിടനില്ക്കുകയില്ല. നമ്മുടേതിൽനിന്നു ഭിന്നമായി ലോകത്തെ നോക്കിക്കാണുന്ന ഒരു വീക്ഷണകോണമാണവിടെ. തൊടുന്നതെല്ലാം ഭസ്മീകരിക്കുന്ന സന്മാർഗ്ഗപ്രഭാഷണങ്ങൾ, നിസർഗ്ഗസുന്ദരമായ പ്രേമകഥകൾ, ലോകത്തിൽ മററാരും പാടിയിട്ടില്ലാത്ത സങ്കീർത്തനങ്ങൾ, ഇവയെല്ലാം അവിടെയുണ്ടു്. ഇതെല്ലാം പഴയ നിയമത്തിലെ കഥകളാണു്. (പഴയ നിയമം യഹൂദനും ക്രിസ്ത്യാനിക്കും മുസ്ലിമിനും പൊതുമുതലാണു്.) പുതിയ നിയമത്തിലേക്കു കടന്നാലോ? അതാ നോക്കൂ, ഹേറോദേസ് രാജാവിൻെറ കൊട്ടാരത്തിൽ ഒരു നൃത്തം നടക്കുകയാണു്. ശലോമിയുടെ നേർത്ത ആ വസ്ത്രശകലംകൊണ്ടു 'വനത്തിൽ വിളിച്ചുപറയുന്നവൻെറ ശബ്ദം' അമർത്താമെന്നാണു് അവിടെ നോക്കിനില്ക്കുന്ന രാജകീയവേശ്യ മോഹിക്കുന്നതു്. യോഹന്നാൻ മരിച്ചു. പക്ഷേ, ആ ശബ്ദം പൂർവ്വവൽ മുഖരിതമായി മുഴങ്ങി. ഇക്കുറി ഒരു വെറും കമ്മാളയുവാവിൽനിന്നു്. ആ അത്ഭുതമനുഷ്യൻെറ ജീവചരിത്രം, പഞ്ചതന്ത്രത്തെ ജയിക്കുന്ന കഥാരത്നങ്ങൾ, അദ്വിതീയമായ ലേഖനങ്ങൾ, ഭാവനയുടെ സകല അതിർത്തികളെയും ലംഘിക്കുന്ന ഒരു സ്വപ്നം ഇവയെല്ലാം പുതിയ നിയമത്തിലുണ്ടു്. ഇവയെല്ലാം വായിക്കുന്നതുകൊണ്ടു നമ്മുടെ സാഹിത്യത്തിൻെറ ധ്വനിശക്തി വർദ്ധിക്കുമെന്നാണു് എൻെറ പ്രമേയം.

ഒന്നുമാത്രമുണ്ടു്. ബൈബിൾ വായിക്കുന്നതു് വേദഗ്രന്ഥമായിട്ടല്ല. (വേദമായി വായിച്ചാൽ അഹല്യാമോക്ഷവും പരിച്ഛേദനകർമ്മവുമെല്ലാം ആഭാസമായി ത്തോന്നും.) ഒരു വലിയ ജനതയുടെ ദീർഘകാലജീവിതത്തിൻെറ സാംസ്കാരികരേഖയാണു് ബൈബിൾ. അതിലപ്പുറമുള്ളതു കയ്യാപ്പാസിനും കൂട്ടർക്കും വിട്ടേക്കുക.

എതിർക്കുന്നതിനുമുമ്പു തെല്ലിട ഒന്നു വായിച്ചുനോക്കൂ.

എന്നിട്ടും വിശ്വാസമായില്ലെങ്കിൽ ഞാനാണപരാധി!

## ഭാഷ മോശമല്ല

ഒരു പൂർവ്വപക്ഷംകൂടി പറഞ്ഞിട്ടവസാനിപ്പിക്കാം. മലയാളബൈബിളിലെ ഭാഷ വളരെ മോശമാണെന്നൊരഭിപ്രായമുണ്ട്. ഞാനും ഒരു കാലത്തു വിശ്വസിച്ചിരുന്നു. മലയാള ഗദ്യശൈലിയുടെ പ്രശ്നങ്ങളെപ്പററി ഒരു തുമ്പുമില്ലാതിരുന്ന കാലത്ത്. ബൈബിൾ ഒരു പരിഭാഷയാണ്. ഒരു വേദഗ്രന്ഥം വിവർത്തനം ചെയ്യുമ്പോൾ മൂലത്തിലെ അർത്ഥത്തിൽനിന്നു വ്യതിചലിക്കാതിരിക്കാൻ വളരെയേറെ നിഷ്കർഷിക്കേണ്ടിയിരിക്കുന്നു. ആ പരിമിതിക്കകത്തുനിന്നുകൊണ്ടു, പദദരിദ്രമായ മലയാളത്തിലേക്ക് ഒരിംഗ്ലീഷ് ഗ്രന്ഥം പരിഭാഷപ്പെടുത്തുമ്പോൾ, അതും ഏതാണ്ടു മൂലത്തിൻെറ വലുപ്പത്തിൽ ത്തന്നെ ലളിതമായ ശൈലിയിൽ പരിഭാഷപ്പെടുത്തുമ്പോൾ, ഉത്ഭവിക്കുന്ന പ്രശ്നങ്ങളെപ്പററി പഠിച്ചിട്ടുള്ളവർ തീരുമാനിക്കട്ടെ, ബൈബിളിൻെറ ഭാഷ എത്ര അധമമാണെന്ന്. ഒരുദാഹരണം പറയാം; അനുഭവത്തിൽ നിന്ന്, 'ഓ! യീസ് ക്രൈബ്സ് ആൻഡ് ഫാരിസീസ്' എന്നൊരു സംബോധന ബൈബിളിലുണ്ട്. അതു പരിഭാഷപ്പെടുത്തിയിരിക്കുന്നതു 'ശാസ്ത്രിമാരും പരീശന്മാരുമേ' എന്നാണ്. ഇതു വ്യാകരണദൃഷ്ട്യാ തെററാണ്. അതുകൊണ്ടു 'ശാസ്ത്രിമാരേ' പരീശന്മാരേ' എന്നോ 'ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ' എന്നോ ആക്കിയാലെന്താണ്? എന്താണെന്നു് ഒന്നു വായിച്ചു നോക്കി തീരുമാനിക്കയേ കഴിയൂ. ഭാഷ വ്യാകരണത്തിനു വേണ്ടിയാണെങ്കിൽ തിരുത്തലാവശ്യമാണ്. അല്ലാത്ത പക്ഷം മേല്പറഞ്ഞ പ്രയോഗംകൂടി ഉൾപ്പെടത്തക്കരീതിയിൽ വ്യാകരണം പുതുക്കി വ്യാകരണവും ഭാഷയും സമ്പന്നമാക്കുക. ദേശ്യവും ക്ളിഷ്ടവുമായ പദങ്ങൾ വളരെയേറെ പ്രയോഗിച്ചിട്ടുണ്ടെന്നുള്ളതാണ് മറെറാരു ചാർജ്ജ്. സ്വന്തം സന്തതികളെ തറവാടിത്തം പറഞ്ഞു നിഷ്കാ

സനം ചെയ്ത സംസ്കൃതപദങ്ങളെ കുട്ടിരിപ്പിനു ക്ഷണി ക്കുകയാണല്ലോ ചിലരുടെ ദൃഷ്ടിയിൽ, ഉത്തമം. 'ബോയി ലിംഗ് പോയിൻറി'നുപകരം 'കാഥനാങ്ക'ത്തെ അംഗീ കരിക്കുന്നവർ ആ പക്ഷക്കാരായിരിക്കും. അതിനു മറുപടി പറയുക സാദ്ധ്യമല്ല; അതാവശ്യവുമല്ല. ഇത്രയും പറ ഞ്ഞതുകൊണ്ടർത്ഥമാക്കുന്നതു ബൈബിളിലെ ഭാഷ ഇനിയും മെച്ചമായിക്കൂടെന്നല്ല. ആ ഗ്രന്ഥത്തെ നിഷി ദ്ധമാക്കത്തക്കവണ്ണം പ്രാകൃതമല്ല അതെന്നുമാത്രം. പരി പൂർണ്ണമല്ലാത്ത യാതൊന്നിനെയും നാം തീണ്ടുകയില്ലെന്നു വ്രതമെടുത്തിട്ടില്ലല്ലോ. പോരെങ്കിൽ ബൈബിൾ പരി ഭാഷപ്പെടുത്തപ്പെട്ടിട്ടു കാലം കുറെ കഴിഞ്ഞെന്നും മറക്കാ വതല്ല. ആ അടിത്തറയിൽ പണിതുയർത്തിയതാണ് അക്ബറും മാർത്താണ്ഡവർമ്മയുമെല്ലാം; മറിച്ചല്ല.

# തകർച്ചകളുടെ കാലം

ശ്രീ. എം. ഗോവിന്ദന്റെ 'അന്വേഷണത്തിന്റെ ആരംഭം' എന്ന ഗ്രന്ഥം വായിച്ചിട്ട് (അതോ വായിക്കാതെയോ?) ഒരു മാന്യസുഹൃത്ത് അഭിപ്രായപ്പെട്ടു: ''ഇവരൊക്കെ കൺഫ്യൂഷൻ പരത്തുകയാണ്!'' ആരൊക്കെ? ശ്രീ. എം. ഗോവിന്ദനും അദ്ദേഹത്തെപ്പോലെ ചിന്തിക്കുന്നവരുമായിരിക്കണമല്ലോ. ഞാനും ഏറെക്കുറെ അക്കൂട്ടത്തിൽ പെടുന്നയാളാണ്. അതുകൊണ്ട് എന്റെ പങ്ക് കൺഫ്യൂഷനുംകൂടി സംഭാവന ചെയ്യാമെന്നു വിചാരിക്കുകയാണ്. (ആ ഗ്രന്ഥത്തെ നീതീകരിക്കുവാൻ വേണ്ടിയല്ല, അതിന് അതിന്റെ സ്വന്തം കാലിൽ നില്ക്കുവാൻ കഴിയും; കൺഫ്യൂഷൻ എവിടെയാണെന്നു മനസ്സിലാക്കുവാൻവേണ്ടിത്തന്നെ.) എന്തു കൺഫ്യൂഷൻ പരത്തുന്നുവെന്നാണാക്ഷേപം?

അതിന് ഏററവും യോജിച്ച മാർഗ്ഗം ആ പുസ്തകത്തിന്റെ ഉള്ളടക്കമെന്താണെന്നു പരിശോധിക്കുകയാണല്ലോ. ഒഴുക്കൻ മട്ടിൽ പറഞ്ഞാൽ, നിലവിലുള്ള സകല മൂല്യങ്ങളുടേയും പരാജയം. കുറച്ചുകൂടി പരത്തിപ്പറഞ്ഞാൽ, മുതലാളിത്തത്തിന്റേയും ജനാധിപത്യത്തിന്റേയും കമ്യൂണിസത്തിന്റേയും അധുനാതനസന്മാർഗ്ഗസംസ്കാരങ്ങളുടേയും പരാജയം. ഇതിനും പുറമേ വിശ്വസിച്ചു മുറുകെ പിടിക്കാവുന്ന ഒരു പുതിയ സുവിശേഷത്തിന്റെ അഭാവം. ഒരു അന്ധകാരയുഗത്തിന്റെ ആരംഭംതന്നെയാണ് ശ്രീ. ഗോവിന്ദൻ ചൂണ്ടിക്കാണിക്കുന്നതെന്നു പറഞ്ഞാലും വലിയ തെററുണ്ടാകയില്ല. ഇതിലെന്താണ് കൺഫ്യൂഷൻ?

ഇവയൊന്നും പരാജയപ്പെട്ടിട്ടില്ലെന്നാണോ ഭാവം? അതോ ഇനി ഇവയിലേതെങ്കിലും ആശയ്ക്കു വകയുണ്ടെന്നാണോ? അതു രണ്ടുമല്ലെങ്കിൽ, ഇപ്പറഞ്ഞതെല്ലാം വാസ്തവമാണെങ്കിൽ പോലും അക്കാര്യം തുറന്നു പറഞ്ഞുകൂടന്നാ

യിരിക്കുമോ? ആയിരിക്കാം. അഭിപ്രായങ്ങരം പലതര ത്തിലാണല്ലോ. എങ്കിലും മുതലാളിത്തവ്യവസ്ഥയിൽ മത്സനവും പട്ടിണിയും ഭൂരിപക്ഷത്തിൻെറ ജാതകഫലമാ ണെന്നു് ഇനിയും തെളിയിക്കേണ്ട ആവശ്യമുണ്ടോ? എങ്കിൽ പിന്നെ ധർമ്മസ്ഥാപനങ്ങളും നീതിന്യായക്കോട തികളുമെല്ലാം നിറുത്തൽ ചെയ്യാമല്ലോ! ഇല്ല. നിലവി ലുള്ള സാമ്പത്തികഘടന ഉത്തമമാണെന്നു് ഉറപ്പിച്ചു പറയുന്നവരെ ഇന്നു കണ്ടെത്താൻ വിഷമമാണ്. പോരെ ങ്കിൽ കൺഫ്യൂഷൻ പരത്തുന്നവരെന്നു പരാതിപ്പെട്ടു ന്നവർ ഇക്കാര്യത്തിൽ ഗ്രന്ഥകാരൻെറ ചിന്താഗതിക്കാ രുമാണ്. പിന്നെയെവിടെയാണ് കുഴപ്പം? ജനാധിപത്യ ത്തിൻെറ കാര്യത്തിലും ഭിന്നാഭിപ്രായങ്ങരംക്കു വകയില്ല. നമ്മുടെ നാട്ടിലെ തെരഞ്ഞെടുപ്പുകരം കണ്ടിട്ടുള്ളവർക്കു് ജനാധിപത്യമെന്ന ആശയംതന്നെ ദഹിക്കാതെ വന്നേയ്ക്കും. അതുകൊണ്ടായിരിക്കണമല്ലോ ചിലർ ജനകീയജനാധി പത്യമെന്നും മററും പുനരുക്തിപ്രയോഗം നടത്തുന്നതു്. അപ്പോരം അവിടെയും കുഴപ്പമില്ല. സംസ്കാരം, സന്മാ ർഗ്ഗം, കല മുതലായതുകളെപ്പററിയും ഇക്കാലത്തു വലിയ വ്യാമോഹങ്ങരം ഉണ്ടാവാൻ നിവൃത്തിയില്ല. അത്ഭുതദർ ശനങ്ങളും, അമേരിക്കൻ അർദ്ധനഗ്നകളും മററുമാണ് ഇവയുടെ കുത്തക ഏറെറടുത്തിരിക്കുന്നതു്. ഇങ്ങനെ നില വിലുള്ളതിനെ ഓരോന്നോരോന്നായി എടുത്തു പറഞ്ഞിട്ടു കാര്യമില്ല. അവ ഓരോന്നായി തകരുകയാണ്. അവയെ തകക്കുവാൻ ബദ്ധകങ്കണരായ വിഗ്രഹധ്വംസകന്മാരും ഉണ്ടു്; കാലക്രമേണ അവയെല്ലാം തകന്നുകൊള്ളും. അവി ടെയെങ്ങും കൺഫ്യൂഷനില്ല. പിന്നെയെവിടെ?

തകന്നാൽ പോരാ, തളിക്കുകയും വേണമല്ലോ. എന്തെങ്കിലും തളിത്താൽ പോരാതാനും. സോഷ്യലിസ മെന്നു പൊതുവെ നിർവ്വചിക്കാവുന്ന ഒന്നാണ് തളിക്കേ ണ്ടതെന്നു് ഒരു ധാരണ സാർവ്വലൗകികമായിത്തീന്നി ട്ടുണ്ടു്. അക്കാര്യവും ശ്രീ. ഗോവിന്ദൻ പരിശോധിക്കു ന്നുണ്ടു്. അതിലെന്തോ ഒരു കുഴപ്പം ശ്രീ. ഗോവിന്ദൻ കാണുന്നുണ്ടു്. പലരും ഇതിനുമുമ്പു് കണ്ടിട്ടുണ്ടു്. പുതിയ

മതത്തിലെ ഉൾപ്പിരിവുകളും, തൊഴുത്തിൽ കുത്തും, തത്വവും പ്രയോഗവും തമ്മിലുള്ള അന്തരവും മററും പലരേയും അമ്പരപ്പിച്ചിട്ടുണ്ട്. ചിലരൊക്കെ അതു് തുറന്നു പറയുകയും ചെയ്തു. അവരെയെല്ലാം പിന്തിരിപ്പന്മാരെന്നു് മുദ്രകുത്തി കശാപ്പിനയക്കുകയായിരുന്നു പണ്ടത്തെ ഫാഷൻ ഇന്നു്—അതായതു് യൂഗോസ്ലാവ്യയും, മാവോസ്സും, ഹൈദരാബാദിനുശേഷം—അങ്ങനെ അടച്ചു മുദ്രകുത്തുക അസൗകര്യമായിത്തീൎന്നിട്ടുണ്ടു്. ഇന്നലെ വരെ മുതലാളിത്തത്തിന്നുള്ളിലെ പരസ്പരവൈരുദ്ധ്യങ്ങൾ മാത്രമായിരുന്നു പ്രശ്നം. ഇന്നാകട്ടെ കമ്യൂണിസത്തിനകത്തെ പരസ്പരവൈരുദ്ധ്യങ്ങൾകൂടി ചർച്ചാവിഷയമായിത്തീൎന്നിരിക്കുന്നു. അവിശ്വാസികളുടെ ഭാഷയിൽ പറഞ്ഞാൽ സോഷ്യലിസം, ഒരു സനാതനസത്യമെന്ന നിലയിൽനിന്നു് ഒരു രാഷ്ട്രീയകക്ഷി എന്ന നിലയിലേയ്ക്കു് മാറിയിരിക്കുന്നു എന്നർത്ഥം. ഇക്കാര്യം ശ്രീ. ഗോവിന്ദൻ ഉദാഹരണസഹിതം വരച്ചു കാണിക്കുന്നുണ്ടു്. ഇവിടെയാണു് 'കൺഫ്യൂഷ'ന്റെ ആരംഭം. ശ്രീ. ഗോവിന്ദനു് കൺഫ്യൂഷനില്ലെങ്കിലും ചില വായനക്കാൎക്കു കൺഫ്യൂഷൻ ഉണ്ടാകുന്നുവത്രേ.

എന്തു പററീ, അങ്ങനെ സംഭവിക്കാൻ! ഒരുകട്ടത്ത മതവിശ്വാസിക്കു്, പുരോഹിതൻ വേദഗ്രന്ഥം മോഷ്ടിക്കുന്നതു കണ്ടാൽ കൺഫ്യൂഷനുണ്ടാകും. ഭൂമി സൂൎയ്യനെ ചുററുകയാണെന്നു് ആദ്യമായി മനസ്സിലാകുന്നവനു കൺഫ്യൂഷനുണ്ടാകും. യൂഗോസ്ലാവ്യയെപ്പററി ദീർഘമായി ചിന്തിക്കുന്ന കമ്യൂണിസ്റ്റിനും കൺഫ്യൂഷനുണ്ടാകും. അതേ, എന്തെങ്കിലും അന്ധമായി വിശ്വസിക്കാൻ വേണമെന്നു ശഠിക്കുന്നവരാണു് ഈ 'ആൻറി കൺഫ്യൂഷന്മാർ.' കമ്യൂണിസമുൾപ്പടെയുള്ള സകല മതങ്ങളുടേയും കഥയതാണു്. അവൎക്കു് എന്തെങ്കിലും വിശ്വസിക്കാൻ വേണം. അങ്ങനെയൊരു വിശ്വാസമുണ്ടാകുന്നതു് എല്ലാവൎക്കും സ്വീകാൎയ്യമാണു്. പക്ഷേ, ഇക്കൂട്ടൎക്കു് ഒരു പ്രത്യേകതയുണ്ടു്. തെററാണെങ്കിൽപ്പോലും ഒരു വിശ്വാസമുണ്ടായിരിക്കണമെന്ന നിൎബ്ബന്ധമാണതു്. കണ്ണു തുറക്കാ

തിരുന്നാൽ മതിയല്ലൊ, തെററു കാണാതെയിരിക്കുവാൻ. എന്തിനെയെങ്കിലും ചാരിനില്ക്കാതെ അവക്ക് നില്ക്കുള്ളിയില്ല. സ്വയമായി എന്തിനെയെങ്കിലും അന്വേഷിച്ച് കണ്ടെത്താൻ ത്രാണിയില്ല. അഥവാ ത്രാണിയുണ്ടെങ്കിൽ അങ്ങനെയൊരു പരിശ്രമത്തിലേർപ്പെടാൻ അവക്ക് മടിയാണ്. പിന്നെയെന്താ ചെയ്യുക? നിലവിലുള്ള ഒന്നിനെ കണ്ണടച്ച് മുറുകെപ്പിടിക്കുക. ഏതിനെയെന്നതു തീരുമാനിക്കുന്നതു്, അവരല്ല; സാഹചര്യങ്ങളാണ്. ഈ സമ്പ്രദായത്തെ നീതീകരിക്കുവാൻ പററിയ ഒരു ഫിലോസഫിയുണ്ടവക്ക്. ചിന്ത തലച്ചോറെന്ന വസ്തുവിൻെറ ഒരു ഭാഗമാണ്. തലച്ചോറ് ഉണ്ണുന്ന ചോറിൻെറ ഫലമാണ്. ഉണ്ണുന്ന ചോറ് സമുദായം ഉണ്ടാക്കുന്നതാണ്. അതുകൊണ്ട്? ഉത്തരം എളുപ്പത്തിൽ കിട്ടി. നമ്മുടെ ആശയങ്ങളും ആശങ്ങളുമെല്ലാം സമുദായം ഉണ്ടാക്കിത്തീർത്തതാണ്. (തെററിയാലെന്താ പാട്, താനല്ലല്ലോ തീരുമാനിച്ചതു്, സമുദായമല്ലേ?) ഇങ്ങനെ ചിന്തയുടെ ഉത്തരവാദിത്വംപോലും സമുദായത്തിൻെറ പുറത്തുകെട്ടിവെച്ച കൈയിൽ കിട്ടിയ വിശ്വാസത്തേയും മുറുകെപ്പിടിച്ച് അവർ ഇരിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം അന്വേഷണങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു. സനാതനസത്യം കണ്ടെത്തിയിരിക്കുന്നു. അതു ചോദ്യംചെയ്യപ്പെട്ടാലും അവക്കു കുലുക്കമില്ല. ചൂടുപററി ഇരിക്കാൻ കൊള്ളാവുന്ന ഒരു വിശ്വാസംകൂടി അവർക്കു ലഭിച്ചുകഴിഞ്ഞു. ഇനി അതു് ശരിയോ തെറേറാ എന്നു പരിശോധിക്കുന്നതിനേക്കാരം പ്രധാനം ആ ചൂട് നഷ്ടപ്പെടുത്താതെ ഇരിക്കുക എന്നതാണ്. വികൃതമായ സത്യങ്ങളെക്കാരം നല്ലതു് സുന്ദരമായ വ്യാമോഹങ്ങളാണ്. ആരെങ്കിലും ആ വ്യാമോഹങ്ങളെ ചോദ്യം ചെയ്താൽ, ആരെങ്കിലും വികൃതവും കയ്പുള്ളതുമായ സത്യങ്ങളെ പുറത്തെടുത്തിട്ടാൽ, ഉടനെ പരാതിയായി, 'കൺഫ്യൂഷൻ പരത്തുന്നു'.

ഇതുതന്നെയാണ് ഇന്നത്തെ കുഴപ്പം: കുഴപ്പമുണ്ട് എന്ന വാസ്തവം മനസ്സിലാക്കാൻതന്നെയുള്ള കഴിവി

ല്ലായ്മ. ഓരോ വിശ്വാസങ്ങളും രൂപീകരിക്കാൻ ചെല വാക്കിയ ചിന്തയുടെ അനേകമിരട്ടി അവ പ്രചരിപ്പിക്കു വാൻവേണ്ടി ചിലവാക്കപ്പെട്ടു. അവയ്ക്കു് അംഗീകാരം കിട്ടി. ശ്രദ്ധ തത്വത്തിൽനിന്നു പ്രചരണത്തിലേയ്ക്കു തിരിഞ്ഞു. കുറെ കഴിഞ്ഞപ്പോറം അതെന്താണെന്നു് വിററ വനും വാങ്ങുന്നവനും അറിഞ്ഞുകൂടാ. പക്ഷേ, അതു കുറെ മനുഷ്യമനസ്സുകളിൽ ഉറഞ്ഞുപിടിച്ചുകഴിഞ്ഞു. ആരെങ്കിലും അതിലെ ചളി കുത്തിയിളക്കിയാൽ, അയാറം കൺഫ്യൂഷൻ പരത്തുകയാണ്!

ആരോ പറഞ്ഞിട്ടുണ്ടു്: മനുഷ്യൻ സ്വതവേ യാഥാ സ്ഥിതികനാണെന്നു്. മടിയനാണെന്നു പറയാനാണെനി ക്കിഷ്ടം. പുതിയ ഒന്നിനെപ്പററി ചിന്തിക്കുവാൻ കുറച്ചു് ആയാസം ആവശ്യമാണ്. അതു പലക്കും അത്ര ഇഷ്ടമല്ല. ഭൂമി ഉരുണ്ടതാണെന്നു് ഒരു മഠയൻ പറയുന്നു. കൺഫ്യൂഷ നില്ലാത്തവൻ, കൺഫ്യൂഷനെ വെറുക്കുന്നവൻ പ്രതിവചി ക്കും: ഹേ ഭ്രാന്തഗോപുരക്കാരാ, നീ പുറത്തിറങ്ങി ചുററും നോക്കൂ. ഭൂമി പരന്നിരിക്കുന്നതു കാണുന്നില്ലേ? നിൻെറ പിന്തിരിപ്പൻ തലയുമായി വന്നു് ഈ നല്ല ഭൂമി ഉരുണ്ടതാ ണെന്നു് പറയുന്നതു് എന്തൊരു ധിക്കാരമാണ്, വാസ്തവവി രുദ്ധമാണ്! എന്താ കാര്യം എളുപ്പമല്ലേ? 'കരതലാമലകം!'

ഇനി മറെറാരു കൂട്ടരുണ്ടു്. സോഷ്യലിസമൊക്കെ വരാൻ പോകുന്നല്ലേ ഉള്ളു; അതിനു് ഇപ്പോഴേ വിമർശി ക്കുന്നതു് തെററല്ലേ? അതു് കൺഫ്യൂഷൻ പരത്തുക യാണ്. അഥവാ ഒരു വഴിക്കിറങ്ങുമ്പോഴേ മുന്നറിയി പ്പുകറം കൊടുക്കുന്നതെന്തിനാണ്, കുഴിയിൽ ചാടിയിട്ടു് ഉപദേശം കൊടുത്താൽ പോരേ എന്നു്. സോഷ്യലിസ ത്തിനു് പരസ്പരം കലഹിക്കുന്ന ഒരു ലക്ഷം ഉറംപ്പിരി വുകളും, ഓരോ ഉറംപ്പിരിവിനു് നിമിഷംതോറും കറങ്ങി ത്തിരിയുന്ന നയവ്യതിയാനങ്ങളും കാണുന്ന ഇക്കാലത്തും ശാന്തമായ ഉപദേശങ്ങളെ കൺഫ്യൂഷനായി തള്ളുന്നതു മനുഷ്യൻെറ അന്ധതയല്ലെങ്കിൽ പിന്നെ എന്താണ്?

മനുഷ്യവർഗ്ഗം ഒരു പുതിയ അന്ധകാരത്തിൻെറ വക്കത്തെത്തിയിരിക്കുകയാണ്, എളുപ്പത്തിൽ ഉത്തരം

പറയാനോ പരിഹരിക്കാനോ സാധ്യമല്ലാത്ത പ്രശ്നങ്ങളാണ് മനുഷ്യനെ തുറിച്ചു നോക്കുന്നത്. ഈ സന്ദർഭത്തിൽ മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നവർ എല്ലാം ചിന്തിച്ചുപോകും, എന്താണ് മനുഷ്യന്റെ ഭാവിയെന്നു്. മനുഷ്യൻ മൗലികമായി നല്ലവനാണ്. മനുഷ്യവർഗ്ഗം നിരന്തരമായി പുരോഗമിക്കയാണോ? കമ്യൂണിസം പുരോഗതിയുടെ കൊടുമുടിയാണോ? ഈ വക കാര്യങ്ങൾ ശരിക്ക് ആലോചിച്ചല്ലാതെ മുന്നോട്ടു പോവുക സാധ്യമല്ലാത്ത ഒരു പതനത്തിലാണ് നാമിന്നു നില്ക്കുന്നത്. ഈ ആലോചന ഒരു പുതിയ അന്വേഷണമാണ്. അനേകം അന്ധവിശ്വാസങ്ങളുടെ ഇടയിൽക്കൂടിവേണം ആ അന്വേഷണം പുരോഗമിക്കാൻ. അങ്ങനെയൊരു പരിശ്രമത്തിലാണ് ശ്രീ. എം. ഗോവിന്ദൻ ഏർപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ അഭ്യൂഹങ്ങളോടു നമുക്കു വിയോജിക്കാം. പക്ഷേ, സ്ഥാപിതവിശ്വാസങ്ങളെ ചോദ്യം ചെയ്യുന്നത്, കൺഫ്യൂഷൻ പരത്തുകയാണെന്നു പറഞ്ഞു കണ്ണടച്ചിരിക്കുന്നതു് മുന്നോട്ടുള്ള ഗതിയല്ല.

പുസ്തകത്തിന്റെ അവസാനഭാഗത്തോടുകൂടി അവ്യക്തമായ ചില സൂചനകൾ ഗ്രന്ഥകാരൻ കൊണ്ടുവരുന്നുണ്ടു്. നിശ്ചിതമായ ഒരു വിശ്വാസസംഹിത അദ്ദേഹം ഉന്നയിക്കുന്നില്ലെന്നതു് വാസ്തവമാണ്. പക്ഷേ, ഇന്നത്തെ നിലയിൽ അതു് ഒരു വലിയ തെററല്ല; കുറവുമല്ല; അവ്യക്തരൂപത്തിലെങ്കിലു, ചിലതു പറയുന്നല്ലോ എന്നാണെനിക്കത്ഭുതം. മനുഷ്യത്വത്തെ അവഗണിച്ച് ആചാരങ്ങളുടെ പുറകേ പോകുന്നതു് തെററാണെന്നു് അദ്ദേഹം തെളിയിച്ചു. മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കാൻ ഒരു പരിശ്രമവും നടത്തി. ഇനി അതിനു് എന്തു ചെയ്യണം എന്നതാണ് അവശേഷിക്കുന്ന പ്രശ്നം. അക്കാര്യം പരിചിന്തനാർഹമാണ്. ഗ്രന്ഥകാരനെസംബന്ധിച്ചിടത്തോളം ഇതു് അന്വേഷണത്തിന്റെ ആരംഭം മാത്രമേ ആയിട്ടുള്ളു. കളമൊരുക്കൽ; കള പറിച്ചുള്ള കളമൊരുക്കൽ. അതുവരെ, എന്നെ സംബന്ധിച്ചിടത്തോളം യാതൊരു കൺഫ്യൂഷനും കാണാൻ കഴിഞ്ഞിട്ടില്ല.

# നമ്മുടെ യജമാനന്മാർ

ഇന്ത്യയുടെ ഇന്നത്തെ മഹാവ്യാധി അതിൻെറ രാഷ്ട്രീയദൈന്യത്വമാണ്. കല്ലെറിഞ്ഞ കാലത്തു് അവരോധിക്കപ്പെട്ട ഒരു നേതൃവർഗ്ഗം അധികാരസ്ഥാനത്തു് കയറിപ്പററിയിട്ടും പഴയ തൊഴിൽതന്നെ തുടരുകയാണ്. അധികാരസ്ഥാനം എന്നുപറയുന്നതു് മന്ത്രിക്കസേര മാത്രമല്ല, അവിടെ കയറിക്കൂടാൻ തിരക്കുകൂട്ടുന്നവരുടെ ചവിട്ടുപടികളും അവിടെനിന്നു് ഗളഹസ്തം ചെയ്യപ്പെട്ടവരുടെ ഉപധാനങ്ങളുമാണ്. ദീർഘകാലം നാം വിദേശാധിപത്യത്തോടു് എതിർത്തു കല്ലെറിഞ്ഞു. ദേശീയസ്വാതന്ത്ര്യത്തിനു് അതാവശ്യവുമായിരുന്നു. ആ പ്രസ്ഥാനം വിജയകരമായപ്പോഠം ആ അടവിൻെറ ആവശ്യം കഴിഞ്ഞു. പക്ഷേ, ഒന്നുകിൽ ഈ നേതാക്കന്മാൎക്കു് അക്കഥ മനസ്സിലായില്ല, അല്ലെങ്കിൽ മനസ്സിലായിട്ടും അതു് പ്രവൃത്തി പദ്ധതിയിൽ കൊണ്ടുവരാൻ വേണ്ടത്ര കഴിവു് അവൎക്കുണ്ടായില്ല. രാഷ്ട്രീയപ്രവർത്തനമെന്നു പറഞ്ഞാൽ അവരുടെ നിഘണ്ടുവിലെ അർത്ഥം കല്ലെറിയുക എന്നുമാത്രമാണ്. ആരെയാണെറിയുക? സായിപ്പു പോയി. പിന്നെയുള്ളതു് ഇതര രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. സൗകൎയ്യമായി അവരെ കിട്ടിയില്ലെങ്കിൽ കക്ഷിക്കകത്തുതന്നെ പരസ്പരം കല്ലെറിയുക. മററൊരു കൂട്ടർ, സ്വാതന്ത്ര്യം കിട്ടിയിട്ടേയില്ലെന്നു വാദിച്ചു്, സായിപ്പുണ്ടെന്നു സങ്കല്പിച്ചു്, ചുമ്മാ കല്ലെറിയുന്നു. കൊള്ളുന്നതെവിടെയെങ്കിലുമാകട്ടെ; കല്ലെറിഞ്ഞു എന്നു സമാശ്വസിച്ചാൽ മതി. പിന്നെ ചില കൂട്ടർ ഏതെങ്കിലും വിരുദ്ധശക്തികളെ സങ്കല്പിച്ചുണ്ടാക്കി, സങ്കല്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ സാധാരണക്കാരനെ കുററംവിധിച്ചു്, അവരോടു് ഏററുമുട്ടാൻ വഴി നോക്കുന്നു. ഈ കൂട്ടരെല്ലാം ഒരു കാൎയ്യത്തിൽ യോജിക്കുന്നവരാണ്. രാഷ്ട്രീയമെന്നു പറഞ്ഞാൽ സമരമാണ്, സമരം

മാത്രമാണ്—ആരോടെങ്കിലുമാവാം, എന്തിനുവേണ്ടി എന്നു് നിർബ്ബന്ധവുമില്ല. അവരുടെ ഭാഷാശൈലിതന്നെ അത്തരത്തിലുള്ളതാണു്. 'അണിമുറിയാതെ' 'മുന്നേറണം' 'രക്തംകൊണ്ടു ചിത്രമെഴുതണം' 'തത്വസംഹിത പടവാളാണ്'. വലിച്ചുപൊളിക്കുന്നതും തല്ലിത്തകർക്കുന്നതും അവരുടെ മനോഗതത്തിൽനിന്നും മാറിയിട്ടില്ല. കെട്ടിപ്പണിയുന്ന കാര്യം അവിടെ ബീജാവാപം ചെയ്തിട്ടില്ല. കണ്ണിനുമുമ്പിൽ നടക്കുന്ന സൃഷ്ടിപരമായ പ്രവർത്തനത്തെയെല്ലാം വായിൽത്തോന്നിയതു പറഞ്ഞു് അധിക്ഷേപിച്ചു് അതിലുള്ളതും ഇല്ലാത്തതുമായ കുറവുകളെ കണ്ടുപിടിച്ചു് 'പൊളിച്ചു കാട്ടുന്ന'താണ് ചിലരുടെ രാഷ്ട്രീയ പ്രവർത്തനം. അത്തരം കാര്യങ്ങളിൽ പരീക്ഷാർത്ഥമെങ്കിലും പങ്കെടുത്തുനോക്കണമെങ്കിൽ, ജീവിതത്തിൽ ഏതെങ്കിലും രംഗത്തു് എന്തെങ്കിലും സർഗ്ഗപരമായ പ്രവർത്തനം നടത്തുന്നതിന്റെ ഈററുനോവു് അറിഞ്ഞിട്ടുണ്ടായിരിക്കണമല്ലോ. കല്ലേറു്, തീവെപ്പു്, മൈതാനപ്രസംഗം, ബഹുജനവഞ്ചന, പണപ്പിരിവു്, ഗൂഢാലോചന, ഭീകരപ്രവർത്തനം മുതലായവയിൽ വാർത്തെടുത്ത നേതൃത്വത്തിനു് പ്രയോജനകരമായ പ്രവൃത്തികളിൽ മനസ്സു ചെല്ലുകയില്ല. 1942--ൽ കമ്പിമുറിച്ചവനു് ഇന്നും ഏതെങ്കിലും കമ്പി മുറിക്കണമെന്നാണു് ജ്വരം. ഗാന്ധിയുടെ സിദ്ധാന്തത്തിന്റെ അപ്രായോഗികവശം മാത്രം ഗ്രഹിച്ചവൎക്കു് കമ്പിയേ വേണ്ട. റഷ്യൻകമ്പിമാത്രമേ കമ്പിയാവൂ എന്നു പറയുന്നവരങ്ങനെ. ഇവരെല്ലാം വീരശൂരന്മാരായ സമരനേതാക്കളാണു്. മൂന്നു ശത്രുക്കളേയും അവർ കണ്ടുപിടിച്ചിട്ടുണ്ടു്. ഒന്നാമത്തെ ശത്രു, നിലവിലുള്ള ഗവണ്മെൻറു്. അതിന്റെ ലേബൽ എന്തായാലും ചന്തയിലെ മററു കച്ചവടക്കാർ അതിനെ എതിർക്കും. അവർ ബക്കുണിൻ (Bakunin) പക്ഷക്കാരായ അരാജകവാദികളായതു കൊണ്ടല്ല. വിദേശഗവർമ്മേൻറിനോടുള്ള എതിർപ്പുമാത്രമാണ് ജനസ്വാധീനത്തിന്റെ ആധാരം എന്ന പഴയ നില അവർ തുടരുന്നു എന്നു മാത്രമേയുള്ളു. ഇതരരാഷ്ട്രീയകക്ഷികളാണ് രണ്ടാമത്തെ ശത്രുവൎഗ്ഗം. അധി

കാരത്തിലുള്ളവർ ശത്രുവർഗ്ഗത്തെ പ്രത്യേകം സ്നേഹിക്കുന്നു. അങ്ങനെയൊരു ഇമ്പാച്ചിയില്ലെങ്കിൽ അവരുടെ സിംഹാസനങ്ങൾ ഉറച്ചുനിൽക്കയില്ല. മററു പാർട്ടികളുടെ തെററുകളെക്കാൾ സ്വന്തകക്ഷിയുടെ കാര്യക്ഷമതയാണ് സ്വാധികാരത്തിൻെറ നീതീകരണം എന്നവർ വിശ്വസിക്കുന്നില്ല. മററുള്ളവനെക്കാളും മെച്ചമാണ് താനെന്നു പറയുന്നതിനേക്കാൾ അവരിഷ്ടപ്പെടുന്നതു് അപരൻ തന്നെക്കാൾ വഷളനാണെന്നു തെളിയിക്കാനാണ്. ഭാഷതന്നെ 'ചീത്ത'യുടെയാണ്, 'നല്ല'തിൻെറയല്ല. മൂന്നാമതുമുണ്ടൊരു ശത്രുവർഗ്ഗം. നേതാക്കന്മാർ പറയുന്നതിനൊക്കെ അനുസരണത്തോടെ താളം കൊട്ടാത്ത സാധാരണക്കാർ. 'പിൻതിരിപ്പൻ' കവിതയെഴുതുന്ന കവി, 'മനസ്സിലാകാത്ത' ചിത്രം വരയ്ക്കുന്നവൻ, മാർക്സിനോടുകൂടി (അഥവാ ഗാന്ധിയോടുകൂടി) മനുഷ്യൻെറ ചിന്താശക്തി നശിച്ചെന്നു് വിശ്വസിക്കാത്തവർ, ഇവരും അക്കൂട്ടത്തിൽ പെടും. അവരോടും സമരം ചെയ്യേണ്ടതാണ്—ആശയസമരം. (തരം കിട്ടിയാൽ കത്തിയും.) അക്കൂട്ടക്ക് കൊടുക്കാനുള്ള ബഹുമതിബിരുദങ്ങളുമുണ്ട്—മൂരാച്ചി, മോസ്കോ ഏജൻറ്, വത്തിക്കാൻ ഏജൻറ്, വിരുദ്ധൻ, വ്യക്തിവാദി—അങ്ങനെ അങ്ങനെ. ഏതു വഴിക്കു പോയാലും ആരെയെങ്കിലും എതിർക്കുക എന്നതു മാത്രമാണ് തത്വസംഹിത. കോൺഗ്രസ്സ് എന്നു പറഞ്ഞാൽ കമ്യൂണിസ്ററുകാരെ എതിർക്കുവാനുള്ള ഒരു സംഘം എന്നാണ് ഇന്നത്തെ അർത്ഥം. കമ്യൂണിസത്തെ എതിർക്കുന്നതിനെക്കാൾ പ്രധാനപ്പെട്ടതു് ജനാധിപത്യം പുലർത്തുകയെന്നതാണെന്നു് അറിയാവുന്ന പത്തുപേർ കോൺഗ്രസ്സിൽ ഉണ്ടായിരുന്നെങ്കിൽ ആ സംഘടന ഇന്നത്തെ നിർഭാഗ്യാവസ്ഥയിൽ എത്തിച്ചേരുമായിരുന്നില്ല. തെരഞ്ഞെടുപ്പിൻെറ സമയത്തല്ലാതെ കോൺഗ്രസ്സ് എന്ന പ്രസ്ഥാനം എന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതു് ഉപജാപം മാത്രമാണ്. പുറത്താരോടും സമരം ചെയ്യാനില്ലാത്തതുകൊണ്ടു് അകത്തുതന്നെയുള്ള കിടമത്സരം. എന്തിനെയുമെതിർക്കുന്ന കമ്യൂണിസ്ററുകാർക്കു് തെരഞ്ഞെടുപ്പുകൾ കൂടാതെ പണിമുടക്കെന്നൊരു സമരരംഗംകൂടി

യുള്ളതുകൊണ്ടു് (വിദ്യാർത്ഥികളുടെ പണിയും മുടക്കം) കുറേക്കൂടി സജീവമായിരിക്കാൻ കഴിയും. പ്രവർത്തനത്തിന്റെ സ്വഭാവം നോക്കുമ്പോഴം 'ശങ്കരൻ പിന്നെയും തെങ്ങേലാണെ'ന്നുമാത്രം. മൂന്നാമതൊരു പാർട്ടിയുള്ളതിന്നു് കോൺഗ്രസ്സിനെയും കമ്യൂണിസ്ററുകാരെയും ഒരുമിച്ചെതിർക്കുക എന്നതല്ലാതെ കർമ്മപരിപാടിയൊന്നുമില്ല.

മേല്പറഞ്ഞ ദുഃസ്ഥിതിക്കു് സ്വാഭാവികമായ ഒരു ന്യായമുണ്ടു്. ഇന്നലെ കല്ലെറിഞ്ഞുവന്ന പാരമ്പര്യം മാത്രമല്ല ഇവരെ പ്രയോജനശൂന്യരും ജനദ്രോഹികളുമാക്കിത്തീർക്കുന്നതു്. അവർക്കു ഒരു തൊഴിലുമറിഞ്ഞുകൂടാ. നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ വക്കീലന്മാർ ആണു് ആദ്യമായി നേതൃത്വം വഹിച്ചതു്. ചിലപ്പോഴം അവർ കേസുള്ളവരായിരുന്നു. പക്ഷേ, ഭൂരിപക്ഷവും കഥ മറിച്ചാണു്. സ്വതന്ത്രഇന്ത്യയിൽ അനേക മന്ത്രിപദങ്ങൾ ഉണ്ടായിട്ടു്, ഡോക്ടറന്മാർ, എഞ്ചിനീയറന്മാർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരുടെയിടയിൽനിന്നു് മന്ത്രിയായവരെത്രയോ ചുരുക്കം. കൃഷിയും വ്യവസായവും മററു തൊഴിലുകളും അറിയാവുന്നവരുടെ കഥ അതിലും കഷ്ടം. അവിടവിടെയായി ചില തൊഴിലാളിത്തലവന്മാർ കയറിക്കൂടിയില്ലെന്നില്ല. അവരുടെ താൽപര്യം മററുള്ളവരുടേതിൽനിന്നു് ഭിന്നമല്ലായിരുന്നെന്നുമാത്രം. ബഡ്ജററുണ്ടാക്കുവാൻ ധനശാസ്ത്രജ്ഞന്മാരില്ല. പൊതുജനാരോഗ്യം നോക്കേണ്ടതു്, ഒരു രാഷ്ട്രീയരക്തസാക്ഷി; വിദ്യാഭ്യാസത്തിന്റെ മേധാവി, കള്ളക്കേസുവിദഗ്ദ്ധനായ ഒരു വക്കീൽപ്രമുഖൻ. (മന്ത്രിപദങ്ങളുടെ മാത്രം പ്രശ്നമല്ല ഇതു്. ഇൻഡ്യയിലെ ഒരു സർവ്വകലാശാലയിൽ ലോകത്തിലെ യാതൊരുഭാഷയിലും പ്രാവീണ്യമില്ലാത്ത ഒരു പ്രമാണി പൗരസ്ത്യസംസ്കാരവകുപ്പിന്റെ തമ്പുരാനായിക്കഴിയുന്നുണ്ടു്.) ഇക്കൂട്ടർക്കു് നല്ലതു് എന്തെങ്കിലും ചെയ്‌വാൻ കഴിവില്ലെന്നുമാത്രമല്ല എന്താണു നല്ലതെന്നും അറിഞ്ഞുകൂടാ. വ്യക്തികളെ പരാമർശിക്കുന്നതു് ശരിയല്ലെന്നു വച്ചിട്ടുള്ളതുകൊണ്ടു് ഉദാഹരണങ്ങൾ കൊടുക്കുന്നില്ല. ഉദാഹരണങ്ങൾ ആവശ്യവുമില്ല. മിക്കവാറും എല്ലാ മന്ത്രി

മാരും ഉദാഹരണങ്ങളാണ്, അവരിലാർക്കുംതന്നെ അവർ വലിഞ്ഞുകയറി തട്ടിയെടുത്ത ചുമതലകാം നിറവേററാനുള്ള കഴിവില്ല. (കൂട്ടത്തിൽ പറയണമല്ലോ, തത്തൽ സ്ഥാനങ്ങാംക്കുവേണ്ടി മത്സരിച്ച എതിർകക്ഷിക്കാരും ഇതേവഞ്ചിയിൽത്തന്നെ.)

എന്തു കുറവു ചൂണ്ടിക്കാണിച്ചാലും ഉടനെ മരുന്നു പറഞ്ഞുകൊള്ളണമെന്നു് ഒരു നിയമം സ്ഥാപിതമായിട്ടുണ്ടല്ലോ. ഈ രോഗത്തിനുള്ള ഒററമൂലി എന്റെ കൈവശമില്ല. ഇതിന്റെ ഫലമെന്തായിരിക്കുമെന്നുമാത്രം ചൂണ്ടിക്കാണിക്കാം. അതു് മററു രാജ്യങ്ങളുടെ അനുഭവത്തിൽനിന്നു് ഉള്ള അനുമാനമാണ്. ഫ്രാൻസിനു് മന്ത്രിമാരെക്കൊണ്ടു് വളരെ പ്രയോജനമുണ്ടായിട്ടില്ല. അവർ സമർത്ഥന്മാരായിരിക്കാം. പക്ഷേ, ദീർഘകാലം ഇരിക്കുന്നിടത്തിരിക്കാൻ അവക്കിടകിട്ടാറില്ല. ഇതിന്റെ ഫലമായി ഒരുവക ഉദ്യോഗസ്ഥഭരണമാണ് ഫ്രാൻസിൽ നിലവിലുള്ളതു്. അതുതന്നെയാണ് ഇൻഡ്യയിലുമുണ്ടാകാൻ പോകുന്നതു്. ഒന്നും തിരിയാത്ത മന്ത്രിമാർ, മടിയന്മാരായ മന്ത്രിമാർ, കള്ളന്മാരായ മന്ത്രിമാർ ഇവരെല്ലാം നിരന്തരം മാറിക്കൊണ്ടിരിക്കയും—എന്നുവെച്ചാൽ ദൈനംദിനഭരണം മാത്രമല്ല നയരൂപീകരണംതന്നെ ഉദ്യോഗസ്ഥകൂടത്തിന്റെ കൈയിലെത്തുമെന്നർത്ഥം. ചില കാര്യങ്ങളിൽ അതു നല്ലതായിരുന്നേക്കാം. പക്ഷേ, ജനാധിപത്യത്തിന്റെ ലക്ഷ്യം അതല്ലല്ലോ.

ജനാധിപത്യസമ്പ്രദായത്തിൽ ഈ നില അനിവാര്യമാണോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ടു്. അല്ലെന്നാണ് ഇംഗ്ലണ്ടിന്റെ അനുഭവം തെളിയിക്കുന്നതു്. അവിടെ മന്ത്രിയാകുന്നവക്ക് അവരുടെ ചുമതലയിലുള്ള വിഷയങ്ങളെപ്പററി അല്പം പരിജ്ഞാനം കാണുന്നുണ്ടു്. അവിടെ എതിർകക്ഷിയെ വിമർശിക്കാൻ മെനക്കെടുത്തുന്ന സമയത്തിലധികം സ്വന്തകാര്യം പഠിക്കാനും അതിലൊരു നയം രൂപീകരിക്കാനും ചെലവാക്കുന്നുണ്ടെന്നു തോന്നുന്നു. നമ്മുടെ നിർഭാഗ്യം ഇവിടെ യാതൊരു പാർട്ടിക്കും ഈ മനോഭാവം ഇല്ലെന്നതാണ്. അധികാരത്തെ

മുറുകെപ്പിടിച്ച് ഗാന്ധിയുടെ നാമംചൊല്ലി ലാത്തി കൊണ്ടടിച്ചാൽ ചികിത്സാദുർഘടങ്ങൾ പരിഹരിക്കപ്പെട്ടു മെന്നാണ് ഒരു മതം. മോസ്കോ എന്നു ജപിച്ചു പിന്തിരിപ്പന്മാരെ 'പൊളിച്ചുകാട്ടി'യാൽ ഗണിതശാസ്ത്രം പഠിക്കാതെതന്നെ അണുകെട്ടുകളുയർന്നുകൊള്ളുമെന്നു് മററൊരു മതം. സ്വന്തമായി പഠിക്കേണ്ട ആവശ്യമുണ്ടെന്നു യാതൊരു രാഷ്ട്രീയനേതാവും പറഞ്ഞിട്ടില്ല. വാർധാ, മോസ്കോ, ലോഹിയാ ഇങ്ങനെ ചില രാഷ്ട്രീയഗായത്രികൾ ആണ് വിജ്ഞാനത്തിൻെറ ഉറവിടം. എന്തബദ്ധമാണെങ്കിലുംഅതു നമ്പൂതിരി പറഞ്ഞെന്നോ, നെഹ്റു പറഞ്ഞില്ലെന്നോ പറഞ്ഞേച്ചാൽ മതി. ഇന്നു നമ്മുടെ ഒരൊററപ്പാർട്ടിയിലെങ്കിലും രാഷ്ട്രീയ നയരൂപീകരണത്തിൽ കീഴ്ഘടകങ്ങൾ പങ്കെടുക്കുന്നില്ല. ഇടത്തരം രാഷ്ട്രീയനേതാക്കന്മാരെല്ലാം ഒരു വക ഇൻഷ്വറൻസ് ഏജൻറന്മാരാണ്. ഉപരിഘടകത്തെ നിഷ്കൃഷ്ടരായി അനുസരിക്കുന്നതാണ് സ്വന്തതാൽപര്യമെന്നവർക്കറിയാം. രാഷ്ട്രീയനേതൃത്വം ഒരു ബിസിനസ്സല്ലാതായിത്തീർന്നിരുന്നെങ്കിൽ ഇക്കൂട്ടർ സ്വന്തപാർട്ടിയുടെ വിശ്വാസാപാരങ്ങളെപ്പററി ശ്രദ്ധിക്കുമായിരുന്നു

കഴിവുള്ളവർ രാഷ്ട്രീയരംഗത്തു വരുന്നില്ല എന്നതാണ് കുഴപ്പം എന്നൊരു പക്ഷമുണ്ട്. അതു കുറെയൊക്കെ ശരിയുമായിരിക്കാം. പക്ഷേ, അതുമാത്രമല്ല കാര്യം. ഒന്നാമത്ത് അങ്ങനെ കഴിവുള്ളവരെ യാതൊരു രാഷ്ട്രീയ കക്ഷിക്കും പൊറുപ്പിക്കുവാൻ വയ്യ. വോട്ടുപിടുത്തം, സേവ മുതലായവയ്ക്കൊന്നും അവർ തയാറാവുകയില്ല. രണ്ടാമതായി, ഇന്നത്തെ നേതൃത്വത്തിൽത്തന്നെ കഴിവുള്ളവരില്ലെന്നാരുപറഞ്ഞു? എല്ലാ കക്ഷികളിലും അങ്ങനെയുള്ളവരുണ്ട്. പക്ഷേ, നേതാക്കന്മാർ പലപ്പോഴും കാര്യമറിയാൻ ശ്രമിക്കാതിരിക്കുന്നുവെന്നും അറിയാൻ പാടില്ലാത്തതിനെപ്പററി ആത്യന്തികവിധികളെഴുതുന്നുവെന്നും ആണ് ആരോപണം. ലോകചരിത്രത്തിലെ ഏററവും പ്രാമാണികമായ ഒരു സാമ്പത്തികാസൂത്രണപദ്ധതിയെപ്പററിയും, 1955-ലെ ഇന്ത്യൻ വിദേശനയത്തെപ്പററിയും ആചാര്യ

വിനോബഭാവെ തീർപ്പുകല്പിക്കാൻ തുടങ്ങിയാൽ മറുപടി പറയാൻ വിഷമമാണ്. ഗാന്ധിയുടെകൂടെ നടന്നെന്നോ, പതിനഞ്ചുപോലീസുകാരുടെ ഇടികൊണ്ടെന്നോ ഉള്ളതു് ഒരു മനുഷ്യനെ വിജ്ഞാനിയാക്കുന്നില്ല. അവരുടെ ആത്മാർത്ഥതയ്ക്കു വന്ദനം. പക്ഷേ, ആ ആത്മാർത്ഥത തുടരാനവരുദ്ദേശിക്കുന്നുണ്ടെങ്കിൽ ഇടികൊണ്ടു ധനശാസ്ത്രം പഠിക്കാൻ കഴികയില്ലെന്നു സമ്മതിക്കുമല്ലോ. ഇടി വല്ലാത്ത ഒരു രാഷ്ട്രീയ ആയുധമായിത്തീർന്നിട്ടുണ്ടു്. ഇടികൊണ്ടവനാണെങ്കിൽ അയാറം പറയുന്നതെല്ലാം നാം മൂളിക്കേൾക്കണം. അല്ലെങ്കിൽ—പിന്നെപ്പറയണ്ട. ശാന്തമായി അവരെ പറഞ്ഞു മനസ്സിലാക്കാൻ കഴിയുമോ? അവർ തലകൊണ്ടല്ല ചിന്തിക്കുന്നതു്, അവരുടെ വ്രണങ്ങൾകൊണ്ടാണ്. അവർക്കു വെറുപ്പും വിദ്വേഷവും അടികൊണ്ടവൻെറ ഹീനമായ തണ്ടും മാത്രമേയുള്ളു. രക്തസാക്ഷിയുടെ കുപ്പായം അണിഞ്ഞിരിക്കുന്നതുകൊണ്ടു് അവനെ എതിർക്കാനും വയ്യത്രെ.

അങ്ങനെ തൊഴിലില്ലാത്ത വക്കീലും പുനർജ്ജന്മം സിദ്ധിച്ച നാട്ടുപ്രമാണിയും കങ്കാണിമാരും മരിക്കാത്ത രക്തസാക്ഷികളുംകൂടി നമ്മെ ഭരിക്കട്ടെ. ജനാധിപത്യമെന്തെന്നു നമ്മുടെ ജനത മനസ്സിലാക്കുന്നതുവരെ ഈ വൈകൃതം തുടരും.

PC Library & Research Center

## ധിക്കാരിയുടെ കാതൽ

### സി. ജെ. തോമസ്

കേരളത്തിലെ സ്വതന്ത്ര ചിന്തകന്മാരിൽ പരമപ്രധാനിയായ സി. ജെ. യുടെ കാതലേറിയ ചിന്തകളാണ് 'ധിക്കാരിയുടെ കാതലി'ൽ സമാഹരിച്ചിട്ടുള്ളത്. ഒത്തുതീർപ്പിന്നു തയ്യാറില്ലാത്ത ഒരു മനസ്സായിരുന്നു സി. ജെ. ചങ്ങലക്കിടാൻ കഴിയാത്ത ധീരതയായിരുന്നു അദ്ദേഹത്തിൻെറ ചിന്ത. ജനാധിപത്യത്തിൻെറയും പുരോഗതിയുടെയും അടിസ്ഥാനമായി അദ്ദേഹം ക്ഷോഭിക്കുന്ന വ്യക്തിയെയും അനുസരിക്കാത്ത ചിന്തയെയും കണ്ടു. അനുസരണക്കേടാണ് ഏററവും നല്ല സ്വഭാവമെന്നും, വിശ്വാസ വിപരീതമാണ് സകല പുരോഗതിയുടെയും അടിസ്ഥാനമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. പുരോഹിതൻെറ ളോഹയൂരി കമ്മ്യൂണിസ്ററും, കമ്മ്യൂണിസ്റ്റിൻെറ കൊടി വലിച്ചെറിഞ്ഞു് ജനാധിപത്യ വിശ്വാസിയും ആയി മാറിയ സി. ജെ. യുടെ ജീവചരിത്രം തുടച്ച്യായ നിഷേധങ്ങളുടെയും ധീരമായ അന്വേഷണങ്ങളുടെയും പാതയായിരുന്നു: ക്ഷീണിക്കാത്ത അന്വേഷണതൃഷ്ണയുടെയും വിസ്ഫോടകമായ വിഗ്രഹ ഭഞ്ജനത്തിൻെറയും നാടകീയമായ ചിന്തയുടെയും നിറഞ്ഞ ദൃഷ്ടാന്തങ്ങളാണ് ഈ സമാഹാരത്തിലെ ഓരോ ലേഖനവും.

പൂർണ്ണാ പബ്ളിക്കേഷൻസ്, കോഴിക്കോട്